ഷാജി എഡ്വേർഡും സിൽവിയയും
മികച്ച ദമ്പതികൾ

ഐസിസ് പൗലോസ് മിസ് ഫോമാ;
സിദ്ധാർത്ഥ് ശ്രീധർ മിസ്റ്റർ ഫോമാ

ഖസാക്കിലെ
ഇതിഹാസ ഭൂമി തേടി...

# മലയാളി.com magazine 2022

SEPTEMBER | VOL.1 | ISSUE 9




# മാവേലി മെക്സിക്കോയിൽ

ഫോമാ കൺവൻഷൻ, കാൻ കുൻ, മെക്സിക്കോ

ToyotaCity

NissanCity
of Port Chester

# Are you looking for a PRE-OWNED OR NEW

# Toyota or Nissan







## Meet Your Friend
## GENUINE THOMAS
Pre-Owned
NEW Cars Sales Manager

**1-845-461-5832**

VERY SPECIAL DEALS AVAILABLE NOW!

മലയാളി.com Magazine

DIGITAL MAGAZINE

2022 SEPTEMBER
VOL/01
ISSUE/09

Contact: mag@emalayalee.com | www.emalayalee.com

# നായയെ വീട്ടിൽ വളർത്തുക; തെരുവിൽ വേണ്ട

ബ്രിട്ടനിലെ ഗ്രാമഫോൺ റെക്കോർഡ് കമ്പനിക്കാർ അവരുടെ കച്ചവടമുദ്രയായി ഒരു ഉച്ചഭാഷിണിക്ക് മുന്നിൽ തല ചെരിച്ചിരിക്കുന്ന ഒരു നായയുടെ പടം സ്വീകരിച്ചിരുന്നു. ഉച്ചഭാഷിണിയിലൂടെ വരുന്ന ശബ്ദം തന്റെ യജമാനന്റെ ആണെന്ന ഭാവത്തിൽ ഇരിക്കുന്ന നായയുടെ ചിത്രം പരക്കെ ജനപ്രീതിയും പ്രചാരവും നേടി. നായ വിശ്വസ്തതയുടെ, കറയറ്റ സ്നേഹത്തിന്റെ പ്രതീകമായിരുന്നു. ഇപ്പോഴും ആണ്. ദൈവത്തിന്റെ നാട് എന്ന പേരിൽ അറിയപ്പെടുന്ന കേരളത്തിൽ ഒഴികെ. അവിടെ നായ ജനങ്ങൾക്ക് ഭീഷണിയായിരിക്കുന്നു. നായ വീട്ടിൽ വളർത്തുന്ന മൃഗം എങ്ങനെ തെരുവിൽ അലഞ്ഞു തിരിയുന്ന ഒരു ജന്തുവായി? കുറച്ചുകാലം പുറകോട്ട് പോയാൽ കാണുന്നത് കേരളത്തിലെ എല്ലാ വീടുകളിലും നായയെ വളർത്തിയിരുന്നു എന്നാണ്. അന്നൊക്കെ തെരുവിൽ വളരെ ദുർലഭമായേ നായ്ക്കളെ കണ്ടിരുന്നുള്ളൂ. അഥവാ കണ്ടാൽ തന്നെ അവ ആക്രമിക്കാൻ വന്നിരുന്നില്ല. അല്ലെങ്കിൽ ഒരു കല്ലെടുത്ത് എറിഞ്ഞാൽ ഓടിപോയിരുന്ന സാധു ജീവിയായിരുന്നു. സാമ്പത്തിക അഭിവൃദ്ധിയും ജീവിതസൗകര്യങ്ങളും ജനങ്ങളെ പൗരബോധത്തിൽ നിന്നും അകറ്റി. സമൂഹത്തോടുള്ള കടപ്പാടും കടമയും മറന്നു അവർ അവരുടെ ലോകത്തിൽ ജീവിക്കാൻ തുടങ്ങിയപ്പോൾ പല പ്രശ്നങ്ങളും പൊട്ടിപ്പുറപ്പെട്ടതിൽ ഒന്നാണ് മാലിന്യനിർമ്മാർജ്ജനത്തിനുള്ള സാഹചര്യങ്ങൾ ഇല്ലാതെ പോയത്.

മാലിന്യങ്ങൾ കൂമ്പാരം കൂടിയപ്പോൾ തെരുവ്നായ്ക്കൾ അതിനു ചുറ്റും കൂടി വിശപ്പടക്കി. അങ്ങനെ അവരുടെ എണ്ണം നാൾക്കുനാൾ വർധിച്ചു. ആവശ്യത്തിന് തീറ്റ കിട്ടാതായപ്പോൾ അവയൊക്കെ അക്രമാസക്തരായി. മനുഷ്യരെ കടിച്ചുപൊളിച്ചാലും ആരും ചോദിക്കാനില്ലെന്നു മനസിലാക്കാനുള്ള ബുദ്ധിയുള്ളപോലെ ശുനകൻ അവന്റെ സാമ്രാജ്യം വികസിപ്പിച്ചുകൊണ്ടിരുന്നു. പ്രായ ഭേദമെന്യേ എല്ലാവരെയും കടിക്കുക. അങ്ങനെ മനുഷ്യരെ പേടിപ്പിച്ച് നിറുത്തുക.

മൃഗങ്ങളോടുള്ള ക്രൂരത തടയൽ എന്ന നിയമത്തിന്റെ തണലിൽ കുറേപേർ നായ്ക്കളെ കൊല്ലുന്നത് തടയുമ്പോൾ അവിടെയുള്ള മനുഷ്യരുടെ ജീവിതം അപകടകരമായിക്കൊണ്ടിരിക്കുന്നു. ക്രൂരജന്തുക്കളെ നമ്മൾ കൊന്നുകളയുകയാണ് പതിവ്. അല്ലെങ്കിൽ അവയെ കാട്ടിൽ കൊണ്ട് തള്ളുന്നു. എന്നാൽ നായ മനുഷ്യരുടെ പ്രിയ ചങ്ങാതിയാണ്. ഇപ്പോൾ ഈ അക്രമസ്വഭാവം കാണിക്കുമ്പോൾ ശിക്ഷയാണ് കൊടുക്കേണ്ടത്. ഒരിക്കൽ വാലാട്ടി സ്നേഹപ്രകടനങ്ങൾ നടത്തിയിരുന്നുവെന്ന കാരണത്താൽ അവർ ദയ അർഹിക്കുന്നില്ല. ഒരു പട്ടിയുടെ ജീവനേക്കാൾ എപ്പോഴും മനുഷ്യരുടെ ജീവന് തന്നെയാണ് വില കല്പിക്കേണ്ടത്. തങ്ങൾക്ക് ഒരിക്കലും നായയുടെ കടി കൊള്ളില്ലെന്നുറപ്പുള്ള രാഷ്ട്രീയക്കാർ പ്രായോഗികമല്ലാത്ത പ്രതിവിധികൾ പറഞ്ഞുകൊണ്ടിരിക്കുന്നു. നായ്ക്കളെ വന്ധീകരണം ചെയ്യിക്കുക എന്നതാണ് ഒരു പ്രതിവിധി. ഇങ്ങനെ നായ്ക്കളെ വന്ധീകരണം ചെയ്യിച്ച് അവയുടെ വംശം ഒടുങ്ങുന്ന വരെ മനുഷ്യർ കാത്തിരിക്കുക എന്നത് എത്രയോ ബുദ്ധി ശൂന്യമായ പ്രതിവിധിയാണ്. സുരേഷ് ഗോപിയുടെ കഥാപാത്രം പറയുന്ന പോലെ മരുന്ന് കമ്പനിക്കാരുടെ ഉച്ഛിഷ്ടവും അമേധ്യവും കൂട്ടിക്കുഴച്ച് മൃഷ്ടാന്നം കഴിക്കുന്നത് ജനസേവനത്തേക്കാൾ നല്ലതെന്ന് തല തിരിഞ്ഞ രാഷ്ട്രീയ നേതാവിന് തോന്നിയാൽ അവിടെ ഭരണം അലങ്കോലമാകും.


സർക്കാർ ആദ്യം ചെയ്യേണ്ടത് മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ ആരംഭിക്കയാണ്. കേരളത്തിൽ മനുഷ്യജീവന് വിലയില്ലെന്ന് അവിടത്തെ ആസ്പത്രികൾ സാക്ഷ്യം വഹിക്കുന്നുണ്ട്. പട്ടിദംശനം ഒരു ചെറിയ വിഭാഗത്തിന്റെ പ്രശ്നമാണിപ്പോൾ. എന്നാൽ ഇത് വലുതായി മനുഷ്യരാൽ നിയന്ത്രിക്കാൻ സാധിക്കാത്ത വിധത്തിൽ വർധിക്കും. പട്ടികൾ ഇല്ലാത്ത കേരളം എന്നർത്ഥമാക്കുന്നില്ല. പട്ടികൾ വീടുകളിൽ വളരട്ടെ. തെരുവിലല്ല. അതേസമയം മാലിന്യനിർമാർജന പ്രവർത്തനവും ആരംഭിക്കട്ടെ. വീട്ടിൽ വളർത്തിയിരുന്ന ഒരു ജന്തു തെരുവിൽ പെറ്റുപെരുകി മനുഷ്യജീവന് ഭീഷണിയായി എന്നത് എത്രയോ ലജ്ജാകരം. മൃഗസ്നേഹികളുടെ മുതലക്കണ്ണീർ ഒപ്പാൻ പോകണ്ട. അവർ ഒഴുക്കട്ടെ. ഒരു ജീവൻ രക്ഷിക്കാൻ സാധിച്ചെങ്കിൽ അതാണ് വിജയം.

**പത്രാധിപസമിതി**

EDITORIAL BOARD

| George Joseph | Sunil Tristar | P.S. Joseph | Antony Kanayamplackal | Anju | Abhi |
| --- | --- | --- | --- | --- | --- |
| Editor-in-Chief | Managing Editor | Executive Editor | Senior Editor | Design | Cover |

# CONTENTS




05 വിജയ് സി. എച്ച്
'ഇമ്മിണി ബല്ല്യേ' സുൽത്താൻ!

11 മിനിക്കഥ: ദീപ വിഷ്ണു, ബോസ്റ്റൺ
കറിവേപ്പിലകൾ

13 കഥ: സാം നിലമ്പള്ളിൽ
ഗോവിന്ദസ്വാമി വന്നതെന്തിന്?

15 കവിത: ശ്രീലേഖ എൽ കെ
അവൻ മഴ.. അവൾ വെയിൽ

17 കഥ: ദേവേന്ദു ദാസ്
ഫാദേഴ്സ് ഡേ

19 കഥ: അനിൽകുമാർ സി. പി.
സൊഡാക്സ്

23 അഭിമുഖം: ശ്രീദീപ് ചേന്നമംഗലം
പക്ഷം പിടിക്കലല്ല, പക്ഷം വിടർത്തലാണ് വായനയുടെ ധർമ്മം

27 കഥ: മനു മുരളി
ഏകയായ്

29 കവിത: ബി ഷിഹാബ്
മേഘം

31 കഥ: വി വി കുമാർ
ഒറ്റവയ്ക്കോൽ വിപ്ലവം


35 കഥ: വി. എസ്. അജിത്ത്
അനന്തരം അവൾ സുഖമായുറങ്ങി നമ്മടെ കാര്യം മൂന്നീസം...

37 പുസ്തകലോകം: പി എസ് ജോസഫ്
നിഴൽക്കളങ്ങൾ

41 കവിത: സോയ നായർ
ഓർമ്മയീ ഓണം..!

44 കഥ: T. K ശശികുമാർ
ചരിത്രത്തിന്റെ ഉപ്പ്

47 കഥ: അനിൽ നാരായണ
മരുഭൂമിയിൽ ഒരു കുട്ടി


49 കഥ: സൂന കുമാർ
ഒരു ഗംഭീര മോഷണം

53 കവിത: സതീശൻ എടക്കുടി
കവി

55 കഥ: രേഖ തോപ്പിൽ
മൺ പുതപ്പ്

57 കവിത: മുംതാസ് പടമുഗൾ
തീണ്ടാപ്പാട്

59 കഥ: മിനി മോഹൻ
മാർഗ്രെറ്റയുടെ സമരം

65 ലേഖനം: അഡ്വ. സി. സുധാകരക്കുറുപ്പ്
ഇന്ത്യയിൽ വധശിക്ഷ അനിവാര്യമോ?

67 കവിത: ബി എസ് ഉണ്ണിക്കൃഷ്ണൻ
ഓർമ്മകളില്ലാത്ത മനുഷ്യൻ

69 കഥ: ചന്ദ്രബാബു പനങ്ങാട്
കാഴ്ചപ്പണ്ടം

73 ഫോമാ വാർത്തകൾ






**പ്രശസ്ത മലയാളം സാഹിത്യകാരനായിരുന്ന ഒ. വി. വിജയന്റെ 93 – ആം ജന്മദിനാഘോഷ പരിപാടികൾ തസ്രാക്കിലുള്ള സ്മാരകത്തിൽ ഈയിടെ അരങ്ങേറി. കഥാകാരന്റെ പ്രഥമ നോവലായ 'ഖസാക്കിന്റെ ഇതിഹാസം' പിറവികൊണ്ട തസ്രാക്ക് എന്ന ഗ്രാമം ഇന്ന് കേരളത്തിലെ ഏറ്റവും പ്രിയമേറിയ ലിറ്റററി ട്രാവൽ ഡെസ്റ്റിനേഷനായി മാറിയത് സ്വാഭാവികം!**

# ഖസാക്കിലെ
# ഇതിഹാസ ഭൂമി തേടി...

**വിജയ് സി. എച്ച്**

**രവി ബസ് ഇറങ്ങി. കൂമൻകാവിലെ അവസാന സ്റ്റോപ്പിൽ. വടക്ക് അകലെ ഒരു ആശ്രമത്തിൽ നിന്നു തുടങ്ങിയ രവിയുടെ യാത്ര അവസാനിച്ചത് അവിടെയാണ്. ജീവിതത്തിൽ വിരക്തി തോന്നി, ഓണേഴ്സ് ഡിഗ്രിയും, ഗോളോർജ്ജതന്ത്ര പഠനവും ഉപനിഷത്തുക്കളും തമ്മിൽ ഒരു താരതമ്യപഠനത്തിനു ഒരു അമേരിക്കൻ യൂനിവേഴ്സിറ്റി വാഗ്ദാനം ചെയ്ത ഫെലോഷിപ്പും ഉപേക്ഷിച്ചു, പ്രണയിനി പത്മയേയും വിട്ടു, ഖസാക്കിൽ രവിയെത്തുന്നു, സ്വയം ശുദ്ധീകരിക്കാൻ.**



ഇതിഹാസത്തിലെ ആ ഖസാക്കിലേക്കുള്ള യാത്രയാണ്. ടണലുകൾ വന്നെങ്കിലും, കുതിരാനിൽ നാലുവരിപ്പാതയുടെ നിർമിതി ഇനിയും തീർന്നില്ല. തൃശ്ശൂരിൽ നിന്നു പുറപ്പെട്ട ഞങ്ങൾ കുതിരാനിലെ കുരുക്കു കഴിഞ്ഞു കിണാശ്ശേരിയിൽ എത്തുമ്പോൾ, മൂന്നു മണിക്കൂറെങ്കിലും

ഡ്രൈവ് ചെയ്തു കാണും.

രവി ഇറങ്ങിയ കൂമൻകാവ് ബസ് സ്റ്റോപ്പ് ഖസാക്കിലാണ്, കിണാശ്ശേരിയിലില്ല. ഇതിഹാസത്തിലെ കൂമൻകാവ് തിരക്കി, കിണാശ്ശേരിയിലെത്തുന്നവർ അനേകമാണത്രെ! ഈ വിവരത്തിനു ഞാൻ, കിണാശ്ശേരി പാതയോരത്തു പന്തലിട്ടു നിൽക്കുന്ന പേരാലിൻ ചുവട്ടിൽ കായ്കനി വിൽക്കുന്ന ഒരു സ്പെഷ്യൽ സ്റ്റാളുകാരന് കടപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തോടാണ് ഞാൻ കനാൽ പാലം ബസ് സ്റ്റോപ്പ് അന്വേഷിച്ചത്.







രവിയ്ക്ക് കൂമൻകാവും പരിസരവും, പടർന്നു പന്തലിച്ചു നിൽക്കുന്ന മാവുകളും ഏറുമാടങ്ങളും പരിചിതമായിരുന്നു. തുമ്പികളായ് വരുന്ന ചിതലിമല ആത്മാക്കളെയും, അശാന്തരായ ഇഫിരീത്തുകളെയും തിരിച്ചറിയാമായിരുന്നു. പാമ്പിൻ പുറ്റുകൾ പോലും സാധാരണ കാഴ്ച്ച.

എന്നാൽ, കനാൽപാലം തന്നെ ഞങ്ങൾ ആദ്യം കാണുകയായിരുന്നു. ഉള്ളോട്ട് ഇനിയും പോയാലാണ് തസ്രാക്ക്. രവിയ്ക്ക് അനുഭവപ്പെടാത്ത ഒരു ആകുലത സ്വാഭാവികമായും അവിടെ ഞങ്ങളെ ഗ്രസിച്ചിരുന്നു.

തസ്രാക്കിലേക്കു പോകാൻ കനാൽപാലം ബസ് സ്റ്റോപ്പിൽ നിന്ന് ഇടത്തോട്ടാണ് ഞാ9 കാർ തിരിച്ചത്. തൃശ്ശൂർ-പാലക്കാട് ഹൈവേയിൽ നിന്നു തുടങ്ങിയ ഈ റോഡ്, കനാൽപാലവും പിന്നിട്ട് പെരുവമ്പ് വഴി ചിറ്റൂരിലേക്ക് പോകുന്നു. മലമ്പുഴ ഡാമിൽ നിന്ന് വരുന്ന കനാലിന്റെ അരികിലൂടെയുള്ള നടപ്പാത ഇപ്പോൾ ഒരു ടാറിട്ട റോഡായി മാറിയിട്ടുണ്ട്. എതിർ ദിശയിൽ നിന്ന് വാഹനമൊന്നും വന്നില്ലെങ്കിൽ റോഡിന്റെ അവകാശം നമുക്കു മാത്രം!

വഴിയമ്പലവും, കനാൽപാലം കമാനവും കടന്ന് ഞങ്ങൾ കുറച്ചു ദൂരം നീങ്ങിക്കഴിഞ്ഞു. ഇരുവശത്തു നിന്നും വഴിയിലേയ്ക്ക് ചാഞ്ഞു കിടന്നിരുന്ന മിഥുന മാസത്തിലെ ചെടികൾ ഈ നിരത്തിന്റെ ചാരുത അൽപം വർദ്ധിപ്പിച്ചതു പോലെ.

പൂപ്പലോടിയ ഇലക്ട്രിക് പോസ്റ്റുകളിൽ ഉരയ്ക്കാതെ, പച്ചപ്പിനെ തുളച്ചു വഴി കണ്ടുപിടിച്ചു വാഹനം ഓടുന്നത് മിക്കവാറും ഫസ്റ്റ് ഗീറിൽ തന്നെയാണ്. ജി. പി.എസ് ഉപയോഗിച്ചുള്ള റൂട്ട് ഗൈഡൻസ് മകൾ പറഞ്ഞു കൊണ്ടിരുന്നതിനാൽ ശരിയായ ദിശയിൽ തന്നെയാണ് സഞ്ചാരമെന്ന് ഉറപ്പ് വരുത്താനായി.

അതാ, സുന്ദരനായൊരു മുയൽ റോഡുമുറിച്ചോടി പൊന്തക്കാട്ടിൽ മറഞ്ഞു. പാതയിൽ 'മേഘങ്ങളുടെ നിഴലുകൾ പാണ്ടിപ്പയ്ക്കളെപ്പോലെ മേഞ്ഞു മേഞ്ഞു പോകുന്നു'. ഇൻസ്പെക്റ്ററും രവിയും കഥകൾ പറഞ്ഞു നന്നാരി സർവ്വത്ത് കുടിച്ച സ്ഥലമോ, അലിയാരുടെ ചായക്കടയോ, കുപ്പുവിന്റെ കള്ളു ഷാപ്പോ ആ വഴിയിൽ ഞങ്ങൾ കണ്ടില്ല. വാസ്തവത്തിൽ, സാഹിത്യ തീർത്ഥയാത്രക്കാരുടെ സൗകര്യാർത്ഥം ആ പ്രദേശത്ത് ഒന്നും തന്നെ ഒരുക്കിയതായി കാണാനായില്ല.

ഓണമുണ്ണാൻ ഊക്കോടെ വളരുന്ന നെല്ലിന്റെ ശ്യാമളത മനോഹരമായി പരന്നു കിടക്കുന്നു. കുന്നിൻച





രിവുകൾ അത്ര ദൂരെയല്ലാതെ എല്ലായിടത്തും. പാലക്കാടൻ പ്രവിശ്യയുടെ പൊതു സൗന്ദര്യ മാണെങ്കിലും, ഒ. വി. വിജയന്റെ പ്രതിരൂപമെന്ന് പലരും വിശേഷി പ്പിയ്ക്കുന്ന ഓജസ്സുള്ള കരിമ്പ നകൾ അങ്ങിങ്ങായി കാണാൻ തുടങ്ങിയപ്പോൾ, ഒറ്റപ്പെട്ടു നിൽ ക്കുന്ന ഗ്രാമാന്തരീക്ഷം ഞങ്ങളെ അൽപ്പം അലോസരപ്പെടുത്താതി രുന്നില്ല.

അപരിചിതമായ വഴിയരികിലേ ക്കിറങ്ങി തലയെടുപ്പുള്ള കരിമ്പ നകളുടെ സൗന്ദര്യം കേമറയിൽ പകർത്തുന്ന തിരക്കിൽ, 'മൺകട്ട കൾക്കിടയിൽ പാമ്പുകൾ ഒളിച്ചി രിക്കുന്നുണ്ടെന്ന്' ഞാൻ ഓർത്ത തേയില്ല. കരിമ്പനപ്പൊത്തുകളിൽ നിന്ന് പത്തിവിടർത്തിയാടുന്ന കരിനാഗങ്ങളും അവയുടെ പ്രണയമർമ്മരങ്ങളും ഇവിടങ്ങളി ലൊക്കെ പതിവാണെന്നും ചിന്ത യിലെത്തിയില്ല.

നീലാകാശവും വെള്ളിമേഘ ങ്ങളും കാവ്യാത്മകം -- വിജയ ന്റെ പ്രചോദനം! മഴ ചെറുതായൊ ന്നു ചാറി. രണ്ടു മിനിറ്റു മാത്രമേ വൈപ്പർ ഇട്ടുള്ളൂ. ഈ വീഥിയി ലെവിടെയോ വെച്ച് ഞങ്ങൾ വീണ്ടും തസ്രാക്കുവിട്ട് ഖസാ ക്കിൽ ചെന്നെത്തി. തസ്രാക്കും ഖസാക്കും തമ്മിലുള്ള സാമ്യവും, രവിയും വിജയനും തമ്മിലുള്ള ഭിന്നതയും കൂടിയും കുറഞ്ഞുമി രിയ്ക്കുന്ന ഒരു മാസ്മര ഭൂമിക യിൽ!

തലയിൽ തട്ടനിടാതെ, നീല ഞരമ്പോടിയ കൈകളിൽ കരിവ ളയിട്ട്' മനോഹരിയായ മൈമൂന ഇവിടെ രവിയ്ക്കും വിജയനും, പത്മയുടെ പകരക്കാരിയായിരു ന്നു.

ഇന്ന്, ഇത് വിജയന്റെ സ്മാ രകഭൂമി! സഹോദരി ശാന്തയ്ക്ക് തസ്രാക്കിലെ ഏകാധ്യാപക വിദ്യാലയത്തിൽ ജോലി കിട്ടിയ പ്പോൾ, വാടകക്കെടുത്ത ഞാറ്റു പുരയിൽ അവരുടെ കുടുംബ











ത്തോടൊപ്പം താമസിക്കാൻ, തൊഴിൽ നഷ്ടപ്പെട്ടു വെറുതെ വീട്ടിലിരുന്നിരുന്ന വിജയനും എത്തിയിരുന്നു. ശാന്തയുടെ ശി ക്ഷക ജോലി തന്നെയാണ് ഖസാ ക്കിലെത്തി രവിയും ഏറ്റെടുത്തു ചെയ്തത്. തസ്രാക്കിലെ വിജയ ന്റെ അനുഭവമാണ് ഖസാക്കിലെ രവിയുടെത്.


എന്നാൽ, നിഗൂഢ സ്വഭാവ മാണ് ഖസാക്കിന്. യഥാർത്ഥ ത്തിൽ, സ്വത്വം തേടിയാണ് രവി ഇവിടെ എത്തിയത്. രവി തീർത്ത 'Shangri-La' യിൽ വിജയന്റെ നവീകരണം നടക്കുന്നു. അതുവ രെ ഉള്ളിലേറ്റിയ ആശയത്തോട് വേദനയോടെ വിട പറയുകയായി രുന്നു. പന്ത്രണ്ടു വർഷത്തെ തീ വ്രമായ ചിന്തനങ്ങൾക്കൊടുവിൽ പരിവർത്തനം പൂർത്തിയായി. മലയാള സാഹിത്യ ചരിത്രത്തി ലെ പ്രഥമ മേജിക്കൽ റിയലിസം പെറ്റു വീണു -- ഖസാക്കിന്റെ ഇതിഹാസം!

ഇത് അതുവരെയുണ്ടായിരുന്ന സകല മലയാള സാഹിത്യസങ്കൽ പ്പങ്ങളെയും മാറ്റിമറിച്ചു. പ്രമേയ വും അതു പറഞ്ഞ രീതിയുമാണ് ഒരു സാഹിത്യ സൃഷ്ടിയുടെ ഉൽകൃഷ്ടങ്ങളെങ്കിൽ, ഇതിഹാ സത്തിന് മലയാള ഭാഷയിൽ സമാനതകളില്ല. മുന്നെ കേട്ടിട്ടി ല്ലാത്തതൊന്ന്, മുന്നെ കേട്ടിട്ടി ല്ലാത്തൊരു ഭാഷയിൽ. ഏറ്റവും ലളിതമായ രീതിയിൽ ഇതിഹാ സത്തെ ഇങ്ങനെ നിർവചിക്കാം. ഒരൊറ്റ ഇതിവൃത്തമല്ല, നൂറുകണ ക്കിനു കഥാപാത്രങ്ങളുടെ ജീവി തവുമായുള്ള ഏറ്റുമുട്ടലുകളുടെ ഒരു പരമ്പരയാണ് ഈ ഇതിഹാ സം. ഐക്യരൂപമില്ലാത്ത ശ്ലഥചി ത്രങ്ങൾ.

ഞാറ്റുപുരയിലും, തസ്രാക്കി ലെ നാട്ടുമ്പറമ്പിലും, മൈലാഞ്ചി ചെടികൾ വളരുന്ന പാടവരമ്പ ത്തും, കാളവണ്ടികൾ അരിച്ചു നീ ങ്ങുന്ന ഇടവഴികളിലും വിജയൻ കണ്ടതും കാണാതെ അറിഞ്ഞതു







മാണ് ആധാരഭൂതമായ ദ്രവ്യമെങ്കിലും, മിത്തും, ഫോക്കും, സങ്കൽപ്പവും, വൈരുദ്ധ്യവും, വിചിത്ര ഭാവനയും, ഗൂഢാർത്ഥങ്ങളുമെല്ലാം വേണ്ടുവോളമുണ്ട് ഇതിഹാസത്തിൽ. എന്നാൽ, കാൽപനികതയുടെയും യാഥാർത്ഥ്യത്തിന്റെയും ഇടയ്ക്ക് വിജയന്റെ അതിസൂക്ഷ്മമായ പോക്കുവരവ് അറിയണമെങ്കിൽ വായനക്കാരനും ഇതിഹാസ സ്രഷ്ടാവിന്റെയത്ര ക്രാഫ്റ്റ്മാൻഷിപ്പ് കാലിബർ ഉണ്ടായിരിയ്ക്കണം. വിജയന്റെ പ്ലോട്ടുകളിൽ സഹജമായി കാണുന്ന mystical charm എന്ന മനം കവരുന്ന സവിശേഷത, അദ്ദേഹത്തിന്റെ ഈ വൈദഗ്ദ്ധ്യത്തിൽ നിന്ന് ജന്മം കൊണ്ടതാണ്.

കേരളത്തിലെ ഏറ്റവും പ്രിയമേറിയ ലിറ്ററി ട്രാവൽ ഡെസ്റ്റിനേഷനാണ് ഇന്ന് തസ്രാക്ക് എന്നറിഞ്ഞപ്പോഴാണ് സന്ദർശിക്കാൻ തീരുമാനിച്ചതെങ്കിലും, അവിടെ ഒരു 'high-tech' ഞാറ്റുപുരയല്ല പ്രതീക്ഷിച്ചിരുന്നത്! ഞാറ്റിൻ കെട്ടുകളും, വയ്ക്കോൽ കൂനകളും, നെൽ ചാക്കുകളും, അരിവാളും, കൈക്കോട്ടും, നിലം തല്ലിയും മറ്റുമൊക്കെയുള്ള ഒരു കളപ്പുര ആയിരുന്നു മനസ്സിൽ. ഏറെ തിരഞ്ഞതിന് ശേഷമാണ് കുറച്ച് മുറങ്ങൾ മാത്രം ഞാറ്റുപുരയുടെ പിൻഭാഗത്ത്, വെളിയിൽ തൂക്കിയിട്ടിരിക്കുന്നത് കണ്ടത്. ഞാറ്റുപുരയുടെ ആകെയുള്ള തിരുശേഷിപ്പുകൾ.

കെട്ടിടത്തിന്റെ കോലായയും, തിണ്ണയും, ചായിപ്പുമൊക്കെ പഴയതുപോലെത്തന്നെ നിലനിർത്തിയിട്ടുണ്ടെങ്കിലും, ഞാറ്റുപുരയ്ക്കകത്ത് ഞങ്ങൾ കണ്ടത്, ലേ



പ്ടോപ്പും, പ്രോജക്റ്ററും, ഹോം തിയേറ്റർ സ്ക്രീനും, സർവൈലൻസ് കേമറകളും, CCTV യും, എയർകണ്ടീഷനറുമൊക്കെയാണ്!

പ്രതീകാത്മകമായെങ്കിലും കാർഷികോപകരണങ്ങൾ ഞാറ്റുപുരയിലും പരിസരത്തും ഇല്ലാതെ പോയതിലെന്തോ അനൗചിത്യം തോന്നി. തേവാരത്തു ശിവരാമൻ നായരിൽനിന്നും വിജയന്റെ സഹോദരി വാടകക്കെടുത്ത ഞാറ്റുപുര ഇങ്ങനെയായിരുന്നില്ലല്ലൊ. നവീകരണമാകാം, പക്ഷെയത് പൂർവ്വകാലത്തെ ചുരണ്ടിക്കളഞ്ഞിട്ടാവരുത്.


അറബിക്കുളത്തിലേക്കുള്ള ടൈൽ വിരിച്ച നടപ്പാതയിപ്പോൾ കഥാപാത്രങ്ങളുടെയും കഥാസന്ദർഭങ്ങളുടെയും ഒരു കലാശാലയാണ്. ശിൽപവനവും, ഫോട്ടോ ഗാലറിയും, കാർട്ടൂൺ ഗാലറിയും, ലൈവ് തിയേറ്ററും ചേലൊത്ത് പണിതതിന്റെ കൂട്ടത്തിൽ, ഞാറ്റുപുരയുടെ മൗലികതയും കുറച്ചൊക്കെ പരിഗണിക്കാമായിരുന്നു.

''രവിയുടെ പണിക്കാരി ആബിദ വന്ന് തുണി മുക്കി തുടയ്ക്കാൻ തുടങ്ങിയതിനുശേഷമാണ് ഇവിടെ നിന്ന് ഞാറ്റിന്റെയും ചളിയുടെയും മണം ആദ്യമായകന്നത്,'' വിജയന്റെ നോവലിൽ ഞാറ്റുപുരയെ വിശേഷിപ്പിച്ചത് ഇങ്ങനെയാണ്. ആരും മറന്നുകാണില്ല.

തുമ്പിയും, പാമ്പും, മയിലും, ഓന്തും, ചിലന്തിയും, മാധവൻനായരും മുതൽ അള്ളാപ്പിച്ച വരെയുള്ള കഥാപാത്രങ്ങൾ, താന്താങ്ങളുടെ കല്ലിൽ കൊത്തിവെച്ച രൂപത്തിൽ നിന്ന്, ഖസാക്കിൽ ഏറ്റവും ഒടുവിലെത്തിയ അതിഥികളെ കിഴക്കെ അതിർത്തിയിൽ നിന്ന് ഊഷ്മളമായി ഉറ്റുനോക്കിയപ്പോൾ, ഞങ്ങളും അൽപ്പ സമയം അവരുടെ സാമ്രാജ്യത്തിലെ ആരൊക്കെയൊ ആയിത്തീർന്നു. 'ബാല്യമോ യൗവനമോ വാർദ്ധക്യമോ മുഖത്തു തെളിയാത്ത' അപ്പുക്കിളിയുടെയും, ദീനം വന്ന്, ആദ്യം മകൻ കുഞ്ഞുനൂറിനേയും, പിന്നീട് മകൾ ചാന്തുമുത്തുവിനെയും നഷ്ടമായ ചാന്തുമ്മയുടെയും ശോകങ്ങൾ മനസ്സിലെവിടയൊ തളംകെട്ടിനിന്നു. അവരോട് എന്തെങ്കിലും സാന്ത്വന വാക്കുകൾ പറയാ൭ കഴിഞ്ഞിരുന്നെങ്കിൽ...

മൈമൂന 'അങ്ങനെയൊക്കെ' ആയിരുന്നുവെങ്കിലും, അവളുടെ ശിൽപം തേടി കണ്ണുകൾ അവിടെയെല്ലാം അലയാതിരുന്നില്ല. അവൾ, 'ആ ഉടലിന്റെ ധാരാളിത്ത





ത്തിന് പൊന്ന് വേണ്ടെന്ന് കണ്ടവരെല്ലാവരും പറഞ്ഞ ഖസാക്കിലെ യാഗാശ്വം'!

ഇന്നത്തെ പോലെ സ്ത്രീപക്ഷവാദം എന്ന പദം നാഴികയ്ക്കു നാൽപ്പതു വട്ടം പുരുഷന്മാർ ഉരുവിടാൻ തുടങ്ങാത്ത ഒരു കാലത്ത്, ജീവിതം തനിയ്ക്കു നൽകിയ വിണ്ടു കീറിയ യാഥാർത്ഥ്യങ്ങൾക്കു മുന്നിൽ പതറാതെ പിടിച്ചു നിന്ന മൈമൂനയെക്കുറിച്ച് മിണ്ടാതിരിക്കുന്നതാണ് ഉത്തമം ഏന്നാണെങ്കിൽ പറയട്ടെ, രവി എന്ന പേർ ഉരുവിടുന്നത് ആദ്യമേ നിർത്തണമായിരുന്നു! കൃശഗാത്രനെങ്കിലും കരുത്തുള്ള ആ ധിക്കാരിയ്ക്കു നാം കൊടുക്കുന്ന ആനുകൂല്യത്തിന്റെ ചെറിയ ഒരംശമെങ്കിലും, കീഴടങ്ങേണ്ടി വന്ന പാവം മൈമൂനയ്ക്ക് അനുവദിച്ചുകൂടേ?

കൂമൻകാവിലെ രാഗരൂപിണി, കോയമ്പത്തൂരിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നത്, അന്വേഷണം ബാക്കിനിൽക്കേ, എന്റെ ഒരു കേട്ടറിവാണ്. അന്വേഷിയ്ക്കും, അവിടെയും പോകും.

അവർക്കിപ്പോൾ മരിച്ചുപോയ എന്റെ മാതാവിന്റെ യത്ര പ്രായം കാണുമല്ലോ. എന്തൊക്കെ ആയാലും, കഥാപാത്രങ്ങളുടെ സാർവലൗകികത എന്നതൊന്നല്ലേ വിജയന്റെ പുസ്തകത്തെ ഒരു best-selling ഇതിഹാസമാക്കിയത്, അമ്പതു വർഷത്തിനകം അറപതു തവണ അച്ചടിയ്ക്കാൻ അവസരമുണ്ടാക്കിയത്.

ഗഹനമായതെല്ലാം നിസ്സാരമായി ചെയ്യുന്ന നൈസാമലിയെപ്പോലെ പാതിരായ്ക്ക് വേണ്ട, പാനീസ് വിളക്കും വേണ്ട, പകൽ വെളിച്ചത്തിൽ തന്നെ, എല്ലാം നനച്ചു അറബിക്കുളത്തിൽ ഒന്നു മുങ്ങിക്കുളിച്ചാലോ, മനസ്സു മന്ത്രിച്ചു. മൈമൂന കുളിച്ചു കയറി നിന്ന ആ പടവുകളിൽ അൽപ നേരം ഇരിയ്ക്കണം...

ഇപ്പോൾ തയ്യാറെടുപ്പില്ല, അടുത്ത വരവിലാകാം. ഞങ്ങൾ ഇവിടെ ഇനിയും വരും... വരണം!

ഒരു പുസ്തകത്തിന്റെ പേരിൽ ലോകം മുഴുവൻ അറിയപ്പെടുന്ന ഈ ഊരിൽ ഓരോ വരവിലുമുണ്ടാകും ഒരോന്നറിയാൻ. നിമഗ്നമായി നിരവധി തവണ വായിച്ചാലും ഗ്രഹിക്കാനാവാത്തവയാണ് വിജയൻ വാർത്തെടുത്ത ബിംബങ്ങൾ.

ഒരു ജീവിതം ജീവിച്ച്, സന്ദിഗ്ദ്ധമായതിനെല്ലാം സമാധാനം ലഭിച്ച്, ഇവിടെ നിന്നുള്ളതിൽനിന്നെല്ലാം മുക്തിയും നേടി, എന്നെന്നേക്കുമായി മറ്റൊരു ലോകത്തേയ്ക്ക് പോകാൻ ഒരു വിഷസർപ്പത്തിന്റെ സഹായം കാംക്ഷിക്കുന്ന രവിയുടെ പരമാനന്ദാവസ്ഥയിൽ നമുക്കിതുവരെയും എത്താനായില്ലല്ലൊ.

മഴ പെയ്യുന്നു...

മഴ മാത്രമേയുള്ളൂ. കാലവർഷത്തിന്റെ വെളുത്ത മഴ. മഴ ഉറങ്ങി. മഴ ചെറുതായി. രവി ചാഞ്ഞു കിടന്നു.

കൂമൻകാവിലെ മൺകട്ടകൾ കാലുകൊണ്ട് നമുക്കുമൊന്നു ഇളക്കി നോക്കേണ്ടേ?



# നിങ്ങൾക്ക് ഹോം ലോൺ
# അല്ലെങ്കിൽ ഇൻവെസ്റ്റ്മെന്റ് ലോൺ

## ആവശ്യമെങ്കിൽ ബന്ധപ്പെടുക



loanDepot

#1 Retail Lender in Volume | Per Scotsman Guide

**Dhan Thomas**

**NMLS# 1987022**

**Loan Consultant**

**(267) 475-3410**

Dhanmt@gmail.com


dhanthomas@loandepot.com

https://www.loanDepot.com/dhanthomas

Scan QR Code

മിനിക്കഥ

ദീപ വിഷ്ണു, ബോസ്റ്റൺ



# കറിവേപ്പിലകൾ

അവളുടെ ഓർമ്മയിൽ,
അവന്റെ ഉത്സാഹത്തിമർപ്പിനും തിളങ്ങുന്ന കണ്ണുകൾക്കുമപ്പുറം
അവൻ ഒളിപ്പിച്ചിരുന്ന വേദനകൾ...
അവൾ മാത്രം കേട്ടിരുന്നു
അവന്റെ മനസ്സിന്റെ നൊമ്പരങ്ങൾ..
അവന്റെ വാക്കുകൾ,
'ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതെയാണ്
ഞാൻ ആവുന്നപോലെ സഹായിക്കുന്നത്; എന്നും എല്ലാറ്റിനുമൊടുവിൽ
വേദനിക്കുന്നത് ഞാനായിരിക്കും.'
അവർക്കിടയിലുമതങ്ങനെ
ആവരുതെന്ന് അവൾക്ക് നിർബന്ധമുണ്ടായിരുന്നു.
അവനിലേക്ക് തന്നിലെ സ്നേഹം മുഴുവനായും
ചൊരിയണമെന്ന് അവളുടെ മനസ്സിലിരുന്ന് ആരോ പറഞ്ഞു.
മനസ്സുകൊണ്ട് അവന്റെ മനസ്സ് ചേർത്തുപിടിച്ച്,
ആ കൈകളിൽ തന്റെ കൈകൾകൊടുത്ത്,
അവൾ നടന്നു അവന്റെ ഇരുട്ടിലേക്ക്.
എന്നിട്ടിപ്പോൾ, ഒരുപാട് മുന്നോട്ട് നീങ്ങിക്കഴിഞ്ഞപ്പോൾ,
താൻ പ്രായോഗികമായി ചിന്തിക്കണമെന്ന്, അവൻ.

'നിനക്ക് എന്നും ദുരിതം മാത്രം തരാനേ എനിക്കു കഴിയൂ.ഞാനോ, മറ്റുള്ളവർക്കായിജീവിതം കളഞ്ഞവൻ; നീയും നിന്റെ ജീവിതം കളയരുത്.'

'എനിക്കു ജീവിക്കേണ്ട ജീവിതം ഇതുമാത്രമല്ലേ?'

അവളുടെ വെറുങ്ങലിച്ചു ശബ്ദമില്ലാതെ പോയ വാക്കുകൾ അവനുകേൾക്കുന്നുണ്ടായിരുന്നില്ല..

തന്റെ ചിന്തകൾതന്നെ ചിന്തിക്കുന്നവൻ,
തന്നെ പറയാതെത്തന്നെ അറിയുന്നവൻ എന്നൊക്കെ
ധരിച്ചത് മിഥ്യയോ??
അവന്റെ സംവേദനക്ഷമതയായിരുന്നു ഏറ്റവും കൂടുതലായി
അവളെ അവനിലേക്ക് അടുപ്പിച്ചത്. എന്നിട്ടിപ്പോൾ..?
ഉപാധികൾ വെക്കാനറിയാതെ സ്നേഹിച്ചുപോവുന്നതു കൊണ്ടാവാം,
പലരും തങ്ങളുടെ ജീവിതങ്ങളിൽ കറിവേപ്പിലകളാക്കപ്പെടുന്നത്!



# ഇ-മലയാളി
# കഥാമത്സരം

## 2022-ലേക്ക് കഥകൾ ക്ഷണിക്കുന്നു

പ്രിയ എഴുത്തുകാരുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് 'ഇ-മലയാളിയുടെ 2022 കഥാമത്സരത്തിനുള്ള' കഥകൾ അയക്കേണ്ട അവസാന തിയ്യതി നവംബർ മുപ്പതാം തിയ്യതിയിലേക്ക് നീട്ടുകയാണ്. ഇങ്ങനെ കൂടുതൽ സമയം അനുവദിക്കുന്നതുകൊണ്ടു കൂടുതൽ കഥാകൃത്തുക്കൾക്ക് പങ്കുചേരാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. 2022 ഡിസംബർ മാസത്തിൽ വിജയികളെ പ്രഖ്യാപിക്കും. 2022 നോട് വിട പറയുന്നത് കുറെ നല്ല എഴുത്തുകാരെ മലയാളഭാഷയ്ക്ക് പരിചയപ്പെടുത്തിക്കൊണ്ടാകാൻ എല്ലാവരും സഹകരിക്കുക. നിങ്ങളുടെ രചനകൾ അയച്ചു തരിക. താഴെക്കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് മാറ്റമില്ല, തിയ്യതികൾക്കൊഴികെ.

*സസ്നേഹം* ഇ-മലയാളി

• • •

സാഹിത്യ പ്രേമികളുടെ പ്രിയപ്പെട്ട ഓൺലൈൻ മാധ്യമം ഇ-മലയാളി www.emalayalee.com ലോക മലയാളികൾക്കായി സംഘടിപ്പിക്കുന്ന രണ്ടാമത്തെ കഥാമത്സരത്തിലേക്ക് കഥകൾ ക്ഷണിക്കുന്നു. കഴിഞ്ഞ വർഷം നടത്തിയ മത്സരത്തിനു ലോകമെങ്ങു നിന്നും വലിയ പ്രതികരണമാണ് ലഭിച്ചത്. സമ്മാനാർഹരെ നിഷ്പക്ഷമായി തെരഞ്ഞെടുക്കാനും അവർക്ക് പ്രഖ്യാപിച്ച സമ്മാനങ്ങൾ യഥാസമയം നൽകുവാനും കഴിഞ്ഞു.

ഈ വർഷവും ഒന്നാം സമ്മാനാർഹമായ കഥക്ക് 50,000 രൂപ സമ്മാനമായി നൽകും. 10,000 രൂപ വീതം അഞ്ച് രണ്ടാം സമ്മാനങ്ങളാണ് ഇത്തവണത്തെ പ്രത്യേകത.

അയച്ചു തരുന്ന കഥകൾ പ്രസിദ്ധീകരിക്കുന്ന പക്ഷം പ്രതിഫലം നൽകും.

കഥകൾ 10 പേജിൽ കവിയരുത്. യൂണി കോഡ് ഫോർമാറ്റിൽ mag@emalayalee.com എന്ന വിലാസത്തിൽ അയക്കുക. കഥയോടൊപ്പം കഥാകൃത്തിനെ സംബന്ധിച്ച ചെറു വിവരണവും ഫോട്ടോയും അയക്കണം.

**കഥകൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 30**

പ്രായപരിധി പതിനെട്ട് വയസുമുതൽ;
കഴിഞ്ഞ തവണ അയച്ച കഥകൾ അയക്കരുത്.

2022 ഡിസംബർ മാസത്തിൽ വിജയികളെ പ്രഖ്യാപിക്കും

**Contact: editor@emalayalee.com; 9173244907; 9176621122**

കഥ

സാം നിലമ്പള്ളിൽ
samnilampallil@gmail.com

# ഗോവിന്ദസ്വാമി വന്നതെന്തിന്?

അമ്മിണി അമ്മായീടെ സംഭാരംകുടിക്കാനാണ് രമേശൻ എന്നും ഉച്ചക്ക് അവരുടെ വീട്ടിൽ കയറിച്ചെല്ലുന്നത്. ഇഞ്ചിയും, പച്ചമുളകും, ഉള്ളിയും കറിവേപ്പിലയുമെല്ലാം ചതച്ചിട്ട് മൺകലത്തിൽവെച്ച് തണുപ്പിച്ച സംഭാരംകുടിച്ചാൽ ഉച്ചവെയിലിന്റെ ഉഷ്ണംമൊത്തം പമ്പകടക്കുമെന്ന് അവനറിയാം. സംഭാരംകുടിക്കാൻ മാത്രമല്ല അവൻ ഈ സമയംനോക്കിവരുന്നതെന്ന് അമ്മായിക്കും നിശ്ചയമുണ്ട്. വീട്ടിലെ ചില്ലറപണികളൊക്കെചെയ്ത് അമ്മായിയെ സഹായിച്ചിട്ട് ഉച്ചയൂണുംകഴിഞ്ഞേ അവൻ പോകത്തുള്ളു. അതുകൊണ്ട് ഊണിന് നാഴിയരി അവർ കൂടതലിടും.

അമ്മായീടെ കൂട്ടാനൊക്കെ നല്ലരുചിയാണെന്ന് അവൻ വീട്ടിൽ പറയാറുണ്ട്. 'ജയൻ ഭാഗ്യവാനാ.' അതു കേൾക്കുമ്പോൾ അവന്റെ അമ്മക്ക് ദേഷ്യംവരും. 'എന്നാപ്പിന്നെ നീ അവടെ വീട്ടിത്തന്നെയങ്ങ് താമസിച്ചോടാ, നന്ദികെട്ടവനെ. നിനക്കും നിന്റെ തന്തക്കും വെച്ചുവിളമ്പിത്തരുന്ന എന്നെ പറഞ്ഞാമതി.'

'എന്റെകാര്യം എന്നതാ പറഞ്ഞത്, മാധവീ?' അഛൻ ഉമ്മറത്തിരുന്നുകൊണ്ട് ചോദിക്കും.

'എന്റെ ഗതി പരഗതിയാണെന്ന് പറഞ്ഞതാണേ; അല്ലാതെന്നാ എനിക്ക് പറയാനുള്ളത്?' അമ്മ പരിതപിക്കുന്നത് കേട്ടുകൊണ്ടായിരിക്കും രമേശൻ അമ്മായീടെ വീട്ടിലേക്ക് പോകുന്നത്. അഛന്റെ അകന്നബന്ധത്തിൽപെട്ട സ്ത്രീയാണ് അമ്മിണി അമ്മായി. പിള്ളാരെല്ലാം അമ്മായീന്ന് വിളിക്കുന്നതുകേട്ട് അവനും വിളിച്ചുപരിചയിച്ചതാണ്. അവനേക്കാൾ ഇരുപത്തഞ്ച് വയസിനെങ്കിലും മൂപ്പുള്ള സ്ത്രീയെ അങ്ങനെവിളിക്കുന്നതിൽ തെറ്റില്ലെന്ന് അവനുംതോന്നി. മധ്യവയസ് കഴിഞ്ഞെങ്കിലും അവരിന്നും സുന്ദരിയാണ്. മുഖത്തിനും ശരീരത്തിനും ഉടവൊന്നും സംഭവിച്ചിട്ടില്ല. രമേശൻ ചിലപ്പോൾ അവരെത്തന്നെ നോക്കിയിരിക്കും.

'എന്താടാ നീയിങ്ങനെ നോക്കുന്നത്?' അവന്റെ നോട്ടംകണ്ടിട്ട് അവർ ചോദിക്കും.

'അമ്മായി ചെറുപ്പത്തിൽ എത്ര സുന്ദരിയായരുന്നെന്ന് ആലോചിക്കുകയായിരുന്നു.'

'അമ്മായി സുന്ദരി ആയിരുന്നെടാ. ആരുകണ്ടാലും ഒന്ന് നോക്കുമായിരുന്നു. അതുകൊണ്ടാണല്ലോ നിന്റണ്ണൻപോയി ട്രെയിനിന് അടവെച്ചത്.'

അമ്മായി കല്ല്യാണംകഴിച്ചത് ഗോവിന്ദനണ്ണനെ ആയിരുന്നു. പലചരക്കുകട നടത്തിയിരുന്ന അണ്ണൻ അരിയും സാമാനങ്ങളുംതൂക്കി പത്രക്കടലാസിൽ പൊതിഞ്ഞ് ചണച്ചരടുകൊണ്ടുകെട്ടി പറ്റുകാർക്ക് കൊടുക്കുമ്പോഴും, അവരുമായി കൊച്ചുവർത്തമാനങ്ങൾ പറയുമ്പോഴും മനസ് വീട്ടിലായിരുന്നു. 'വീട്ടിൽ അമ്മിണി എന്തെടുക്കുന്നു' എന്നായിരിക്കും മൂപ്പരുടെ ചിന്ത. ഭാര്യ വേണ്ടെന്ന് പറഞ്ഞിട്ടും, പെങ്ങടെ മക്കളെ മിഠായിയും ബിസ്ക്കറ്റും നൽകി പ്രലോഭിപ്പിച്ച്, കൂട്ടിനുവെച്ചത് അവളെ വിശ്വാസമില്ലാഞ്ഞിട്ടാണ്. കുട്ടികൾ എങ്ങോട്ടെങ്കിലും ഓടിപ്പൊക്കളയുമോ എന്നായിരുന്നു അണ്ണന്റെ ഭയം. അല്ലെങ്കിൽ അവൾ അവരെ ശകാരിച്ച് ഭയപ്പെടുത്തി പറഞ്ഞുവിട്ടാലോ? രണ്ടേക്കർ തെങ്ങിൻപുരയിടത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന വീട്ടിൽ എന്തു സംഭവിച്ചാലും ആരും അറിയില്ല. അമ്മിണിക്ക് തന്നെ വിവാഹംചെയ്യാൻ തീരെ താൽപര്യമില്ലായിരുന്നെന്ന് അയാൾക്ക് അറിവുള്ളതാണ്. തന്റെ സ്വത്തുക്കൾ കണ്ടിട്ടാണ് മനസില്ലാമനസ്സോടെ കഴുത്ത് നീട്ടിത്തന്നതെന്നും അറിയാം. സ്കൂളിൽ പഠിക്കുന്ന കാലംതൊട്ടേ അവൾക്ക് പലകാമുകന്മാർ ഉണ്ടായിരുന്നു എന്നുള്ളതും അറിഞ്ഞുകൊണ്ടുതന്നെയാണ് താലികെട്ടിയത്. വേണ്ടായിരുന്നു എന്ന് തോന്നിത്തുടങ്ങിയത് പിന്നീടാണ്.

ഒരുമകൻ ജനിച്ചപ്പോൾമുതലാണ് ഗോവിന്ദനണ്ണന് ഹാലിളക്കം തുടങ്ങിയത്. കുഞ്ഞിന് ഗോവിന്ദന്റെ അതേഛായ എന്ന് അമ്മിണീടമ്മ പറഞ്ഞത് അണ്ണൻ വിശ്വസിച്ചില്ല. രാവിലെ കടതുറക്കാൻ പോകുന്നതിന് മുൻപും വൈകിട്ട് വീട്ടിൽവന്നതിന് ശേഷവും അയാൾ കുഞ്ഞിനെ സസൂക്ഷ്മം വീക്ഷിച്ചു. അവസാനം നിഗമനത്തിൽ എത്തുകയായിരുന്നു, 'തന്റേതല്ല.'

പിന്നാരുടേത്? ഹൈസ്കൂളിൽ അവളുടെ കാമുകന്മാരായിരുന്ന ഗോപകുമാറിനേയും, അബ്ദുൾ റസാക്കിനേയും തേങ്ങയിടാൻവരുന്ന നാണുമൂപ്പനേയുംവരെ സംശയിച്ചു. സംശയം രോഗമായി മാറിയപ്പോൾ കടയിൽ പോകാതായി. എന്താ കടതുറക്കാത്തതെന്ന് ചോദിച്ച ഭാര്യയുടെനേരെ ചീറ്റപ്പുലിയെപ്പോലെ പാഞ്ഞടുത്തു. 'ആരുടേതാടി ഈ കൊച്ച്?'

അമ്മിണി അമ്മായിക്ക് ചോദ്യം മനസിലായില്ല. 'എന്റേത്, അല്ല നിങ്ങടേത്, അല്ല നമ്മുടേത്' എന്നൊക്കെ പറയാൻ വന്നതാണ്. ഭർത്താവിന്റെ കണ്ണിൽനിന്ന് തീപ്പൊരിചിതറുന്നത് കണ്ടപ്പോൾ പറയാൻവന്ന വാക്കുകൾ വിഴുങ്ങിപ്പോയി. ഇയാൾക്ക് ഇതെന്തുപറ്റിയെന്ന് ആലോചിച്ചു.

ഗോവിന്ദനണ്ണൻ ജീവിതത്തിൽ ആദ്യമായി കള്ളു കുടിച്ചു. പിന്നീട് കുടിനിറുത്തിയിട്ട് കാഷായവസ്ത്രം അണിഞ്ഞു; താടി നീട്ടിവളർത്തി. സംസാരം തീരെയില്ലാതായി. എന്താടാ നിന്റെ ഉദ്ദേശമെന്ന് രമേശന്റെ അഛൻ ചോദിച്ചതിന് മറുപടി പറഞ്ഞില്ല. ഒരുദിവസം അണ്ണനെ കാണാതായി. എവിടെയോ പോയതായിരിക്കുമെന്ന് അമ്മായി വിചാരിച്ചു. ദിവസങ്ങൾ കഴിഞ്ഞിട്ടും ആളെപ്പറ്റി വിവരമില്ലാതായപ്പോൾ വീട്ടുകാരും നാട്ടുകാരും അന്വേഷിച്ചിറങ്ങി. വരിക്കച്ചക്ക വിളയുന്ന പ്ളാവിന്റെ മണ്ടയിൽ തൂങ്ങിനിൽപുണ്ടോയെന്ന് നോക്കി. കിണറ്റിലും കുളത്തിലും തപ്പി. അവസാനം അമ്മിണിതന്നെയാണ് കണ്ടുപിടിച്ചത്, ഒരു കുറിപ്പ്. 'ഞാൻ പോകുന്നു, അന്വേഷിക്കരുത്. തിരിച്ചുവരില്ല.'

ഗോവിന്ദനണ്ണൻ പോയിട്ട് പന്ത്രണ്ട് വർഷങ്ങളായെന്ന് രമേശൻ ഓർത്തു. അമ്മിണി അമ്മായീടെ മകൻ ജയനും അവനും ഒരേ പ്രായക്കാരാണ്. രണ്ടുപേർക്കും പതിനെട്ട് വയസായിരിക്കുന്നു. ജയൻ പട്ടണത്തിലെ കോളജിൽ പഠിക്കുന്നു. രമേശൻ വയറിങ്ങും.

'ഇവൻ പഠിച്ചിട്ടും കാര്യമില്ല,' അഛൻ പറയും. 'ഒരു തൊഴില് പഠിച്ചാലും ജീവിക്കാം. വയറിങ്ങ് പഠിച്ച് ഗൾഫിൽപോയ കൃഷ്ണൻകുട്ടി പണക്കാരനായില്ലേ? രമേശൻ കാശുകാരനായില്ലെങ്കിലും ജീവിക്കാൻ പഠിച്ചാൽ മതിയായിരുന്നു.'

എന്നാൽ ജീവിക്കാനും അവൻ പഠിച്ചിട്ടുണ്ടായിരുന്നില്ല. അമ്മിണി അമ്മായിക്ക് വിറകുവെട്ടിക്കൊടുത്തും വെള്ളംകോരിയും വയറുനിറയെ ചോറുണ്ടും പോത്തുപോലെ ഉറങ്ങിയും അവൻ കാലംകഴിച്ചുകൂട്ടി. കൂട്ടുകിടക്കാൻവരുന്ന അവന്റെ കൂർക്കംവലികേട്ട് അർദ്ധരാത്രിയിൽ അമ്മായി ഞെട്ടിയുണർന്നു. പിന്നീട് ഉറക്കമില്ലതെകിടന്ന് പലതും ആലോചിച്ചു. ഭർത്താവ് പിണങ്ങിപ്പോകാൻതക്ക തെറ്റൊന്നും താൻ ചെയ്തിട്ടില്ല. എല്ലാം അയാളുടെ സംശയങ്ങളായിരുന്നു. സ്കൂളിൽ പഠിക്കുന്നകാലത്ത് ഒന്നുരണ്ട് കാമുകന്മാർ ഉണ്ടായിരുന്നു എന്നുള്ളത് നേരാണ്. സുന്ദരിയായ അമ്മിണിയെകണ്ട് ആൺകുട്ടികൾ ഭ്രമിച്ചിരുന്നു. പലരുടേയും ഉറക്കം നഷ്ടപ്പെടാൻ അവൾ കാരണക്കാരിയായിത്തീർന്നു. പ്രേമലേഖനം എഴുതിക്കൊടുക്കാൻ ധൈര്യപ്പെട്ട ഗോപകുമാറിനേയും അബ്ദുൾ റസാക്കിനേയും അവൾ നിരാശപ്പെടുത്തിയില്ല. ഒടുവിൽ ക്ലാസ്സ്ടീച്ചർ തന്റെ പുസ്തകത്തിൽനിന്നും ലേഖനം കണ്ടുപിടിച്ചതോടുകൂടിയാണ് സംഗതി പുറത്തായത്. അഛനും അമ്മയും മാറിമാറി തല്ലിയതുകൊണ്ട് എഴുത്തും പഠിത്തവും നിറുത്തി. താമസിയാതെ ഗോവിന്ദനെക്കൊണ്ട് താലികെട്ടിക്കുകയായിരുന്നു.

ഇഷ്ടത്തോടെയല്ല ഗോവിന്ദനെ ഭർത്താവായി സ്വീകരിച്ചത്. ഒരു മുശ്ശടൻ എന്നായിരുന്നു അവളുടെ അഭിപ്രായം, സംശയരോഗി. അയാൾ സംശയിച്ചതുപോലെ അവൾക്ക് പരപുരുഷ സംസർഗ്ഗമൊന്നും ഇല്ലായിരുന്നു. സുന്ദരിയായഭാര്യ ഇടത്തോട്ടോ വലത്തോട്ടോ നോക്കിയാലും, ആരെയെങ്കിലുംനോക്കി ചിരിച്ചാലും അയാൾക്ക് സംശയമായിരുന്നു. കാമുകന്മാരുടെ ആരുടെയെങ്കിലും മുഖഛായ അവളുടെ കുഞ്ഞിനുണ്ടോ? ഭർത്താവുമായി സംഗമത്തിൽ ഏർപ്പെടുമ്പോളെല്ലാം പഴയകാമുകന്മാരെ അവൾ ഓർത്തെന്നുള്ളത് സത്യമാണ്. ഗോവിന്ദന്റെ സംശയം അമ്മിണിപറഞ്ഞ് രമേശന്റെ അമ്മ അറിഞ്ഞു. അവരത് ഭർത്താവിനോട് പറഞ്ഞു.

'അടിച്ചുനിന്റെ കരണക്കുറ്റി പൊട്ടിക്കുകയാ വേണ്ടത്. അവന്റെയൊരു സംശയം. നാണമില്ലല്ലോടാ നിനക്ക്?' രമേശന്റെ അഛൻ അണ്ണന്റെനേരെ ചൂടായി.

അണ്ണൻ മറുപടിയൊന്നും പറയാതെ നടന്നു. പഞ്ചായത്തിന്റെ അതിർത്തിയും കടന്ന് മുൻപോട്ട് പോയി. പിന്നെ ഏതോ ആൾക്കൂട്ടത്തിൽ അലിഞ്ഞ് ഇല്ലാതായി. ഗോവിന്ദസ്വാമിയെ ടൗണിൽ കണ്ടെന്ന് ചിലർപറഞ്ഞു. രാമേശ്വരത്ത് തീർത്ഥയാത്രപോയ ഒരുസംഘം അവിടെവെച്ചു കണ്ടെന്നുപറഞ്ഞതും അമ്മിണി അമ്മായി വിശ്വസിച്ചില്ല. ഒരു കാഷായവസ്ത്രധാരി ട്രെയിനിന്റെ മുമ്പിൽചാടി ചത്തെന്ന് കേട്ടതുകൊണ്ട് രമേശന്റെ അഛനും അമ്മിണി അമ്മായിയും കാണാൻചെന്നു. തുണിയിൽ പൊതിഞ്ഞു കെട്ടിയ ശരീരം ഭർത്താവിന്റേതുതന്നെയാണെന്ന് അമ്മായി സ്ഥിരീകരിച്ചതുകൊണ്ട് ഏറ്റുവാങ്ങി സംസ്കരിച്ചു; പതിനാറടിയന്തിരവും നടത്തി.

പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷം ഒരുസ്വാമി ആൽത്തറയിൽ പ്രത്യക്ഷപ്പെട്ടത് ചത്തുപോയ ഗോവിന്ദനല്ലേയെന്ന് അമ്പലത്തിൽ തൊഴാൻപോയ ചിലസ്ത്രീകൾ കുശുകുശുത്തത് രമേശനും കേട്ടു. അവൻ ആരോടും ഒന്നുംപറയാതെ സ്വാമിയെ കാണാൻപോയി. പന്ത്രണ്ട് വർഷങ്ങൾക്കുമുൻപ് കണ്ട ഗോവിന്ദനണ്ണന്റെമുഖം അവന് നല്ലഓർമയില്ലായിരുന്നു. അതുകൊണ്ട് പിറ്റേന്ന് അമ്മിണി അമ്മായിയേം കൂട്ടിക്കൊണ്ട് ആൽത്തറയിലിരിക്കുന്ന സ്വാമിയെ കാണാൻപോയി. ജഡയും ദീക്ഷയുംകൊണ്ട് മൂടിയമുഖം ശരിക്കുകാണാൻ സാധിക്കാഞ്ഞതിനാൽ അവിടിരിക്കുന്നത് തന്റെ ഭർത്താവാണെന്ന് തീർത്തുപറയാൻ അവർക്കും സാധിച്ചില്ല.

പിന്നീടാണ് രമേശന്റെ അഛൻ സ്വാമിയെ കാണാൻ ചെന്നത്. 'ഗോവിന്ദനല്ലേടാ അത്; നീ എവിടെയായിരുന്നു ഇത്രനാളും?' ചെന്നപാടെ അഛൻ ചോദിച്ചു.

സ്വാമി ഞെട്ടിയുണർന്ന് അഛനെനോക്കി. എന്നിട്ട് ഭാണ്ഡവും എടുത്തുകൊണ്ട് നടന്നു.

'കള്ളക്കഴുവേറി, നിക്കടാ അവിടെ.' അഛൻ പിന്നാലെ ചെന്നു. ഒരു സ്വാമി ജീവനുംകൊണ്ട് ഓടുന്നതും രമേശന്റെ അഛൻ പുറകെപായുന്നതും ജനം അത്ഭുതത്തോടെ നോക്കിനിന്നു.

കവിത

ശ്രീലേഖ എൽ കെ



# അവൻ മഴ.. അവൾ വെയിൽ

മഴ അതിഷ്ടമല്ലെന്നോ.. അതിശയമാണ്??.
ചിത്രത്തിലെ മഴ നല്ലതാണ്.
പക്ഷെ ശരിക്കും മഴ നല്ലതല്ല
എവിടെ പെയ്യുന്നു, ആരു നനയുന്നു എന്നതിൽ
വ്യത്യാസം കാണും പോലെ അല്ലെ ഇഷ്ടവും ഇഷ്ടക്കേടും
മഴ എപ്പോഴും കൊണ്ട് വരുന്നത്...
പുറത്തിറങ്ങാൻ കഴിയാത്ത പകലുകൾ
നനഞ്ഞ രാത്രി..

ഓ.. നിർത്തു.
വെയിലോ?
പൊടി, ഉണങ്ങിയ ചുണ്ട്, ഉഷ്ണക്കാറ്റ്
പ്രപഞ്ചത്തിന് ഉടമയാവുമെങ്കിൽ ഞാൻ ആദ്യം
മഴ നിരോധിക്കും
മഴയിലും വെള്ളത്തിലുമത്രേ ജീവൻ തുടങ്ങിയത്
ഉടമ അതോർക്കണേ.
പക്ഷെ മഴ എപ്പോഴും ക്രൂരതയാണ്..
ആരെയോ ഒലിപ്പിച് കൊണ്ട് പോകാൻ ഒഴുക്കി
വിടും പോലെ വെള്ളം
ഞാൻ മഴയുടെ വക്കീലല്ല
ഞാൻ വെയിലിനു വേണ്ടി വാദിക്കുന്നു
മഴയുടെ നിർഭാഗ്യം

ഒരിടത്തിരുന്ന് അത്ര വെറുപ്പോടെ ഒരു സ്ത്രീ
അതിനെ മായ്ക്കുന്നല്ലോ
മഴയുടെത്  പാട്ട്.. വെറുപ്പു ചെവിയിൽ അലർച്ച
ആവുന്നെന്നേ ഉള്ളു.
ആവട്ടെ.. എനിക്കത് കാണാൻ  തന്നെ വയ്യ..
കൂടാതെ ഒച്ചയിൽ അലറും പോലെ,
ചെവിക്കുള്ളിൽ പിന്നെയും പെയ്യും..
മണ്ണിനെ മദിപ്പിച്ച്.. അതിനുള്ളിലെ പാമ്പുകളെ
പുറത്തു നൃത്തം ചെയ്യിക്കും അവർ..
പാമ്പുകളും വെറുക്കപ്പെട്ട വരുടെ കൂട്ടത്തിലാണ്?
എനിക്കവരെ അറപ്പാണ്..
ഭൂമിയിൽ പിറക്കാൻ മനുഷ്യന് കാരണമായവർ..
ഇല്ലെങ്കിൽ ഒരു സ്വർഗം തന്നെ സ്വന്തമായിരുന്നില്ലേ..
മന്ദബുദ്ധികൾ പോലെ അവിടെ ജീവിക്കുന്നതിനെ
ക്കാൾ നന്നല്ലെ ഉണർവുകളോടെ അറിവിന്റെ
കനി ഭക്ഷിച്ച് ഇവിടെ ജീവിക്കാൻ നോക്കുന്നത്?
ചിന്തിക്കാതിരിക്കാമായിരുന്നു..
ഓർക്കാതെയും  കാണാതെയും  കഴിയുമായിരുന്നു..
ഒന്നുമറിയാത്ത സ്വാതന്ത്രത്തിൽ ഉന്മത്തൻ
ആവാമായിരുന്നു.
ഒന്നുമറിയാത്തവർ സ്വാതന്ത്ര്യത്തെയും അറിയുന്നില്ല.
ആർക്കു വേണം സ്വാതന്ത്ര്യം
പരമമായ ആനന്ദം അല്ലാതെ

എനിക്ക് ചിരി വരുന്നു.
എന്തിന്?
ഈ വാദത്തിൽ എനിക്ക് ജയിക്കാൻ തോന്നുന്നില്ല
എന്നോർത്തിട്ട്.
സഹതാപം ആണോ..എന്താണ് ജയിക്കാൻ
തോന്നാത്തത്..??  പറയു.
ജയിക്കുന്നില്ല.തോറ്റു തന്നിട്ടുമില്ലല്ലോ.കൂട്ടിരുന്നതാണ്.
ഇന്ന് മുഴുവൻ പലപ്പോഴായിഞാൻ  മഴ നനഞ്ഞ
പോലെ .
പക്ഷെ,  മഴയായിരുന്നിട്ടും  ഞാൻ അറിഞ്ഞത്
വെയിലാണ്. മഴത്തണുപ്പുള്ള വെയിൽ .






അക്ഷയമായത്
അക്ഷരം മാത്രം

Winner
National Awards for
Excellence in Printing

www.aloisgraphics.com

Park Lane, Kottayam-686 001, India
Mobile +91 94470 69847, +91 98862 95247
aloisgraphics@gmail.com, info@aloisgraphics.com

THREE DECADES OF
BONDAGE WITH
LETTERS AND GRAPHICS

Alois Graphics
PROFESSIONAL PRINTERS

DEDICATED TO EXCELLENCE IN PRINTING SINCE 1995

- DIE PUNCHING
- STICKER SCORING
- FOILING
- EMBOSSING
- LAMINATION
- SCREEN PRINTING
- SPOT UV
- UV LAMINATION
- UV DRIP OFF
- PASTING

DUPLEX CARTONS - FOOD, PHARMA, PRODUCT •
DANGLER •
LABEL •
ENVELOPES •

HIVE
PACKS




Thottakad, Kottayam, India
+91 94470 67847, +91 89211 11732
sales@hivepacks.com www.hivepacks.com

DELIVERING PACKAGES OF EXCELLENCE

കഥ

ദേവേന്ദു ദാസ്



# ഫാദേഴ്സ് ഡേ

ഹസ്രത്ത് നിസാമുദ്ദീൻ സ്റ്റേഷന്റെ അഞ്ചാം നമ്പർ പ്ലാറ്റ്ഫോമിൽ എത്തിയപ്പോൾ എൻറെ ഡഫൾ ബാഗിന്റെ വള്ളി പൊട്ടി. ഞങ്ങൾ എത്തേണ്ട പ്ലാറ്റ്ഫോമിൽ എത്തിയതിന്റെ ആശ്വാസം ഉണ്ടായിരുന്നെങ്കിലും ബാഗിനി എങ്ങനെ കൊണ്ടുനടക്കുമെന്ന് ചിന്തിച്ചു ഞങ്ങൾ -അതായത് ഞാനും എൻറെ മോളും -ഒഴിഞ്ഞു കിടന്ന ബെഞ്ചിൽ സ്ഥലംപിടിച്ചു. അപ്പോൾ കൃത്യമായി അയാൾ അവിടെ എത്തി. അയാളുടെ തോളിൽ ഒരു വലിയ സഞ്ചിയും കയ്യിലൊരു ചെറിയ ലെതർ ബാഗുമുണ്ടായിരുന്നു. നരകയറിത്തുടങ്ങിയ താടിയും മുടിയും നാ ൽപതുകളുടെ മദ്ധ്യേ പ്രായമുള്ള ഒരാൾ . പഴയതെങ്കിലും വൃത്തിയുള്ള വസ്ത്രം ധരിച്ചിരുന്നു അയാൾ .

'ബാഗ് ഠീക്ക് കരേഗേ ...' അയാൾ ബാഗിന് അടുത്തായി ഇരുപ്പുറപ്പിച്ചു. അത് പൊട്ടി എന്നും എന്തായാലും ശരിയാക്കണമെന്നും അയാൾ ഉറപ്പിച്ചതിനോട് യോജിക്കാൻ പറ്റാത്തതും അതുപോലെ ഏത് കച്ചവടക്കാരോടും ആദ്യം തന്നെ 'വേണ്ട വേണ്ട' എന്ന് പറയുന്ന ശീലം ഉള്ളതിനാലും ഞാൻ ആദ്യം 'നഹി നഹി' എന്ന് പറഞ്ഞെങ്കിലും നന്നാക്കിയേ തീരൂ എന്ന തിരിച്ചറിവിൽ 'കിതനാ ഹോഗാ ?' എത്രയാകും അയാളോട് ചോദിച്ചു. അയാൾ 200 എന്ന് പറഞ്ഞു. എന്നാൽ പിന്നെ പുതിയ ഒരെണ്ണം വാങ്ങരുതോ എന്നൊക്കെ ഉറക്കെ ആത്മഗതം ചെയ്തുകൊണ്ട് 150 ആണെങ്കിൽ ആവാം എന്ന എൻറെ പറച്ചിലിന് അയാൾ അപ്പോൾ തന്നെ സമ്മതിച്ചു .ട്രെയിൻ പുറപ്പെടാൻ മുക്കാൽ മണിക്കൂർ കൂടിയുണ്ട്. ഞങ്ങൾക്ക് പോകേണ്ട രാജധാനി എക്സ്പ്രസ്സ് പുറപ്പെടുന്നത് ഈ സ്റ്റേഷനിൽ നിന്നാണ് .ടിക്കറ്റ് ചാർജ് ലേശം കൂടുതലാണെങ്കിലും വേഗം ഓടിയെത്തും എന്ന പ്രത്യേകത കണക്കാക്കിയാണ് രാജധാനി എക്സ്പ്രസ് തെരഞ്ഞെടുത്തത്.

തറയിൽ വിസ്തരിച്ചിരുന്ന് , സഞ്ചിയിൽ നിന്ന് പണിയായുധങ്ങൾ (സൂചിയും മറ്റും) എടുത്ത് , അയാൾ ജോലി തുടങ്ങി. പുറപ്പെടാൻ കാത്തു കിടക്കുന്ന ട്രെയിനിലാണ് അയാളുടെ കണ്ണുകൾ വീണ്ടും വീണ്ടും പോകുന്നത്. എൻറെ മോൾ എന്നോട് പറയുകയാണ് 'ഈ മാമൻ എന്തോ ചെയ്തിട്ടാണ് നമ്മുടെ ബാഗ് പൊട്ടിയതെന്ന് തോന്നുന്നു.ബാഗ് പൊട്ടിയപ്പോൾ തന്നെ ഈ മാമൻ പ്രത്യക്ഷപ്പെട്ടത് കണ്ടോ .എനിക്ക് തോന്നുന്നു ഈ മാമന് ബ്ലാക്ക് മാജിക് അറിയാമെന്ന്.'

'ബ്ലാക്ക് മാജിക് ആണോ മാജിക് ആണോ ?'

'ബ്ലാക്ക് മാജിക്കിനെ കുറിച്ച് അമ്മയ്ക്ക് അറിയാമോ ...' അവൾ ബ്ലാക്ക് മാജിക്കിനെ കുറിച്ച് വിസ്തരിക്കാൻ ഒരുങ്ങുമ്പോൾ അയാൾ അവളെ കൗതുകത്തോടെ നോക്കി പുഞ്ചിരിച്ചു. 'ഗുഡിയ കോൺസി ക്ലാസ് മെ ഹെ?'അവൾ ആറാം ക്ലാസ് - സിക്സ്ത്ത് എന്ന് പറഞ്ഞു. അയാൾക്ക് മനസ്സിലാകാത്തതു കൊണ്ട് ഛട്ടി ക്ലാസ് എന്ന ആവർത്തിച്ചു. അയാൾ അവളെനോക്കി ആത്മാർത്ഥമായി ചിരിച്ചു.

'ആപ് കഹാം കേ രഹനേ വാലേ ഹേ ?'

'തിരുവനന്തപുരം'.

'ത്രിവന്ത്രം' അയാൾ ആവർത്തിച്ചു. 'യേ ഗാഡി ത്രിവന്ത്രം ജാത്തി ഹേ ... മേരി ബേട്ടി ഇസീ ഗാഡീ സേ ഗയി.' അയാളുടെ കണ്ണുകൾ നിറയുകയും ഗദ്ഗദത്താൽ വാക്കുകൾ നഷ്ടപ്പെടുകയും ചെയ്തു. അയാളോട് ഒന്നും ചോദിക്കാതെ ഞാൻ ഇരുന്നു. കരയുന്ന അയാളെ നോക്കി എൻറെ മോളും ഇരുന്നു .കരയുന്ന ആ കണ്ണുകൾ ഇടയ്ക്ക് അവളെയും പുറപ്പെടാൻ വേണ്ടി നേരത്തെ വന്നു കിടന്ന രാജധാനി എക്സ്പ്രസ്സിന്റെ ഉള്ളിലേക്കും നോക്കിക്കൊണ്ടിരുന്നു. സങ്കടപ്പെട്ട് കരയുന്ന ആളുകളോട് എന്തെങ്കിലും പറഞ്ഞ് ആശ്വസിപ്പിക്കാനുള്ള കഴിവ് എനിക്ക് തീരെ പോരായിരുന്നു. ഞാൻ എന്തെങ്കിലും പറഞ്ഞാൽ അവരുടെ സങ്കടം കൂടുമോ കുറയുമോ എന്ന വല്ലാത്ത ആശങ്ക എന്നെ അലട്ടും. അതുകൊണ്ട് ഞാൻ നിശ്ശബ്ദയായ് ഇരുന്നു. അൽപം കഴിഞ്ഞ് ശാന്തനായി അയാൾ പറഞ്ഞു 'ഇസീ ഗാഡീ സേ മേരീ ബേടീ ചലീ ഗയി.' ഈ വണ്ടിയേൽ എന്റെ മകൾ പോയി എന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്ക് ആദ്യം മനസ്സിലായില്ല. പിന്നീട് അയാൾ ആ കഥ വിശദീകരിച്ചു. അയാളുടെ പേര് ഗംഗുറാം . നിസാമുദ്ദീൻ റെയിൽവേ സ്റ്റേഷനിൽ നിന്ന് രണ്ട് കിലോമീറ്റർ അകലെ താമസിക്കുന്നു. അഞ്ചു വർഷങ്ങൾക്ക് മുമ്പത്തെ സംഭവമാണ് . അയാൾ പോക്കറ്റിൽ നിന്നും ന്യൂസ് പേപ്പറിൽ പൊതിഞ്ഞ ചെറിയ ചതുരപ്പൊതിയിൽ നിന്നും നിറം മങ്ങിയ ഒരു ഫോട്ടോ എടുത്തു കാണിച്ചു. വിടർന്ന ചിരിയോടെ നിൽക്കുന്ന ഒരു ബാലികയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ . അയാളുടെ നാലു വയസ്സുകാരി മോൾ . മഞ്ഞ ഫ്രോക്കിട്ട കുട്ടി. 'സോന മേരി ഗുഡിയ...' അയാൾ അവളെ തുടർന്നുള്ള പറച്ചിലിൽ പലപ്പോഴും അരുമയോടെ അങ്ങനെ സംബോധന ചെയ്തു. ബാഗും ചെരുപ്പും നന്നാക്കുന്ന ജോലിയായിരു

ന്നു അക്കാലത്തും അയാൾക്ക് . അന്നവൾ ബാബയുടെ കൂടെ വരുമെന്ന് നിർബന്ധം പിടിച്ച് അയാളോടൊപ്പം വന്നതാണ്.. പുറത്ത് അധികമൊന്നും കൊണ്ടുപോകുമായിരുന്നില്ല എന്നതിനാൽ അവൾക്ക് റെയിൽവേ സ്റ്റേഷൻ ഒരു മായികലോകമായിരുന്നു. അവൾ ചെരുപ്പൂരി വെച്ചിട്ട് ആ പ്ലാറ്റ്ഫോമിലൂടെ അങ്ങോട്ടുമിങ്ങോട്ടും പറന്നു നടന്നു. അവൾ തൻറെ കൺവെട്ടത്ത് ഉണ്ടെന്ന് അയാൾ ഇടയ്ക്കിടെ ഉറപ്പുവരുത്തുന്നുണ്ടായിരുന്നു. അന്ന് ഇതേ പ്ലാറ്റ്ഫോമിൽ – പ്ലാറ്റ്ഫോം നമ്പർ അഞ്ചിൽ അയാൾക്ക് ചെരുപ്പിന്റെ വാറ് പിടിപ്പിക്കാൻ കിട്ടിയിരുന്നു. മുന്നിൽ ഇതുപോലെ രാജധാനി എക്സ്പ്രസ് വിടാൻ കാത്തുനിൽക്കുന്നുണ്ടായിരുന്നു. തന്റെ മുന്നിൽ ചെരുപ്പ് പൊട്ടി നിന്ന് ആൾ രാജധാനി എക്സ്പ്രസിൽ കയറാൻ നിൽക്കുന്ന ആളാണെന്നാണ് ഗംഗുറാം വിചാരിച്ചത് .ഏതോ നിമിഷം പഴയ ചെരിപ്പിന് പുതിയ വാർ പിടിപ്പിക്കുന്നതിൽ അയാൾ മുഴുകിപ്പോയി. രാജധാനി എക്സ്പ്രസ് പുറപ്പെടുന്നത് അയാൾ ശ്രദ്ധിച്ചില്ല. ആളുകൾ നേരത്തെ കയറി ഇരുന്നതിനാൽ അങ്ങനെ ഒരു തിരക്കും അനുഭവപ്പെട്ടുമില്ല. ട്രെയിൻ പോയതിനാൽ മുന്നിൽ വീണ അധിക പ്രകാശത്തിലേക്ക് , പാളത്തിലേക്ക് അലക്ഷ്യമായി നോക്കിയപ്പോൾ അയാൾ മകളെ ഓർത്തു .അപ്പോഴും അവൾ അവിടെ എവിടെയോ കാണുമെന്ന് വിചാരിച്ചു. നന്നാക്കിയ ചെരിപ്പ് കൊടുത്തതും പ്രതിഫലം വാങ്ങിയതും യാന്ത്രികമായിട്ടായിരുന്നു . പിന്നെ 'സോനാ ബേട്ടേ സോനാ ബേട്ടേ'എന്നു വിളിച്ചു കൊണ്ട് അയാൾ പരക്കം പാഞ്ഞു . ഗംഗുറാം അനുഭവകഥ വിവരിക്കുമ്പോൾ നെഞ്ചിൽ മുഴങ്ങുന്ന വെള്ളിടിയുമായി അയാൾ പ്ലാറ്റ്ഫോമിലൂടെ അങ്ങോട്ടുമിങ്ങോട്ടും പായുന്നത് എനിക്ക് കാണാമായിരുന്നു. കടന്നുപോയ ട്രെയിനിൽ തന്റെ പൊന്നുമോൾ കയറിയോ ഇല്ലേ എന്ന് ഒരു ഉറപ്പുമില്ലാതെ അയാൾ സ്റ്റേഷന്റെ മുക്കും മൂലയും അരിച്ചുപെറുക്കി. അയാൾ അവിടെ കണ്ടുമുട്ടിയ ഓരോരുത്തരോടും തൻറെ മോളെ കണ്ടോ എന്ന് കരഞ്ഞുകൊണ്ട് ചോദിച്ചു. റെയിൽവേ പോലീസിനോടും , പോട്ടർമാരോടും , ഗാർഡ്മാരോടും ,സ്റ്റേഷൻമാസ്റ്ററോടും നിലവിളിച്ചുകൊണ്ട് സഹായമഭ്യർത്ഥിച്ചു . പോലീസ് സ്റ്റേഷനിൽ കമ്പ്ലൈന്റ് എഴുതാനും രാജധാനി എക്സ്പ്രസ്സിലെ ഒരു TTE യോട് വിളിച്ചു ചോദിക്കാനും റെയിൽവേ സ്റ്റേഷനിലെ ഒരു ബാബു തന്നെ സഹായിച്ചു എന്ന് അയാൾ പറഞ്ഞു.അന്ന് തുടങ്ങിയ അന്വേഷണമാണ്. അഞ്ചു വർഷങ്ങൾ കടന്നുപോയി .പക്ഷേ ഇതുവരെ മകളെക്കുറിച്ച് ഒരു വിവരവുമില്ല . രാജധാനി എക്സ്പ്രസ്സ് ട്രിവാൻഡ്രത്തേക്ക് പോകുന്നത് കൊണ്ട് അങ്ങോട്ടേക്കുള്ളവരോട് ഈ ഫോട്ടോ കാണിച്ച് ഈ കുട്ടിയെ കണ്ടിട്ടുണ്ടോ ?കണ്ടുപിടിക്കാൻ സഹായിക്കാമോ എന്ന് ചോദിക്കും. പതിവായി എല്ലാവരും കൈമലർത്തും. ഇന്നയാൾ ആ ചോദ്യം എന്നോടാണ് ചോദിച്ചിരിക്കുന്നത് .അത് ഒരു വെറും ചോദ്യമായിരുന്നില്ല .ഒരു മനുഷ്യൻറെ കാത്തിരിപ്പും പ്രത്യാശയും പ്രതീക്ഷയും ഘനീഭവിച്ച വാഗ് രൂപമായിരുന്നു.

ഞാൻ അയാളോട് ഒരിക്കൽ കൂടി ഫോട്ടോ കാണിക്കാമോ എന്ന് ചോദിച്ചു . അയാൾ വീണ്ടും പൊതി നിവർത്തി . ഞാൻ എൻറെ മൊബൈൽ ഫോണിൽ ആ ഫോട്ടോ എടുത്തു. തീർച്ചയായും അന്വേഷിക്കാം എന്നും തിരുവനന്തപുരത്ത് ഈ പെൺകുട്ടി ഉണ്ടെങ്കിൽ എങ്ങനെയേലും കണ്ടുപിടിക്കാം എന്നും ഞാൻ അയാൾക്ക് വാക്ക് കൊടുത്തു. അയാളുടെ മുഖത്ത് പ്രത്യാശയുടെ പൂത്തിരി കത്തി . ആരും ഇതുവരെ ഇത്ര പോലും അയാളുടെ വിഷമം കേൾക്കാൻ നിന്നിട്ടില്ല . അറിയില്ല എന്ന് ഒറ്റവാക്കിൽ മറുപടി പറഞ്ഞവരാണ് എല്ലാവരും .ഞാൻ അയാളുടെയും ചിത്രം പകർത്തി. അയാളുടെ ഫോൺ നമ്പർ വാങ്ങി.ബാഗ് നന്നാക്കിയതിന്റെ ഇരുന്നൂറ് രൂപ ഞാൻ അയാൾക്ക് നീട്ടി .അയാൾ ആദ്യം വാങ്ങാൻ കൂട്ടാക്കിയില്ല. നിർബന്ധിച്ച് പിടിച്ചേൽപ്പിച്ചപ്പോൾ അൻപത് രൂപ തിരികെ തന്നു .ഞാനത് വേണ്ട എന്ന് പറഞ്ഞപ്പോൾ അത് പറ്റില്ല എന്നയാൾ ശഠിച്ചു.

ട്രെയിൻ പുറപ്പെടാറായി. ഞാനും മോളും ട്രെയിനിൽ കയറി . അയാൾ കൈവീശി നടന്നകന്നു. എങ്ങനെ ഈ പെൺകുട്ടിയെ കണ്ടെത്താനാവും എന്ന സമസ്യ എന്നെ കുഴക്കാൻ തുടങ്ങി . തിരുവനന്തപുരത്തെ എല്ലാ ചാരിറ്റി ഹോം ... പോലീസ് സ്റ്റേഷൻ ... എവിടെ ചോദിച്ചാൽ പറ്റും ....? അഞ്ചു വർഷങ്ങൾ ഈ കുട്ടിയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ ....ദൈവമേ അവൾ ജീവിച്ചിരിപ്പുണ്ടാവുമോ?...എന്തെങ്കിലും അപകടം. . . ആയിരമായിരം സാധ്യതകളുടെ ചുഴിയിൽ ഞാനകപ്പെട്ടു. സോഷ്യൽ മീഡിയയിൽ ഇട്ടാലോ ...? വാട്സാപ്പ് ... ഫേസ്ബുക്ക്...എല്ലാ ജില്ലകളിലെയും ഫേസ്ബുക്ക് ഗ്രൂപ്പുകൾ ഉണ്ടല്ലോ. പലതിൽ ആയിരമായിരം അംഗങ്ങളും ഉണ്ട് . ആരെങ്കിലുമൊക്കെ ഷെയർ ചെയ്യുമോ? ട്രെയിൻ വിട്ടു . അയാൾ പ്ലാറ്റ്ഫോമിലെങ്ങാനും ഉണ്ടോ എന്ന് നോക്കി . ഇല്ല കണ്ടില്ല.. ഫേസ്ബുക്ക് തുറന്നു... ചിലരുടെ പോസ്റ്റുകൾ ഓടിച്ചു നോക്കി .ഇന്ന് ഫാദേഴ്സ് ആണെന്ന് മനസ്സിലായി. വാട്സ്ആപ്പ് ഗ്രൂപ്പുകളിലും അച്ഛനെ കുറിച്ചുള്ള സ്നേഹ സന്ദേശങ്ങൾ . വായനാദിനവും ഫാദർസ് ഡേയും ഒന്നിച്ചു വന്ന ഒരു ദിവസം ... സോഷ്യൽ മീഡിയയിൽ രണ്ടുമിട്ട് ആഘോഷിക്കുന്നവർ ...ഞാൻ ഫോട്ടോ ഗാലറിയിൽ പോയി ഗംഗൂറാമിന്റെ ചിത്രത്തിലേക്ക് നോക്കി. മകൾക്കായി ഉരുകി ഉരുകി കാത്തിരിക്കുന്ന ഒരച്ഛൻ !ആ കാത്തിരിപ്പിന്റെ ഇടവേളകളിൽ മിഴിയൊന്ന് ചിമ്മി ജാഗ്രത്തിലെത്തുന്ന അച്ഛൻ! മകളുടെ രൂപസാദൃശ്യമുള്ള കുട്ടികളെ കാണുമ്പോൾ ആകാംക്ഷയോടെ ഓടിപ്പോയി നോക്കുന്ന അച്ഛൻ! ആ നിശ്ചല ചിത്രത്തിൽ പോലും ഞാൻ അയാളുടെ പിടച്ചിൽ തിരിച്ചറിഞ്ഞു.

* * *

**ദേവേന്ദു ദാസ്**

ചെറ്റച്ചൽ ജവഹർ നവോദയ വിദ്യാലയത്തിൽ ലൈബ്രേറിയൻ. റിനി ദാസ് എന്നാണ് യഥാർത്ഥ നാമം. പ്രണയതല്പം എന്ന നോവൽ ഉൾപ്പെടെ നാലു പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. 2012 ലെ കമലാ സുരയ്യ പ്രത്യേക ജൂറി പുരസ്ക്കാരം, കനിവ് നോവൽ പുരസ്ക്കാരം, കെ പങ്കജാക്ഷിയമ്മ പുരസ്ക്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

കഥ

അനിൽകുമാർ സി. പി.



# സൊഡാക്സ്

മിസിസ് തെരേസ ആൽവിൻ, നിങ്ങൾ ആകുലപ്പെടേണ്ടതില്ല. ഇത് നമുക്ക് ശരിയാക്കാം. നിങ്ങളുടെ കുട്ടി എന്ത് പറഞ്ഞാലും സോഡാക്സ് എന്ന് പറയുന്നത് വലിയൊരു പ്രതിഭാസമായി കാണരുത്. അതിനെ അതിന്റെ വഴിക്ക് വിടുക. അങ്ങനെയൊരു വാക്ക് ഉച്ചരിക്കുന്നതുകൊണ്ട് കുട്ടിക്ക് എന്തെങ്കിലും നേടാൻ കഴിയുന്നില്ലെങ്കിൽ അവനത് സ്വാഭാവികമായി ഉപേക്ഷിക്കും, ഒട്ടും വൈകാതെ. നിങ്ങളെന്താണ് ഇപ്പോൾ നിങ്ങളുടെ മുഖത്തിന് ഏറ്റവും യോജിക്കുന്ന വട്ടപ്പൊട്ടും കൈകൾക്ക് അലങ്കാരമായേക്കാവുന്ന തളവളയും ഇടാത്തത്? ഫേഷ്യലിന്റെ കുറവ് മുഖത്ത് പ്രതിഫലിക്കുന്നുണ്ട് കേട്ടോ!

ഡോക്ടറുടെ ശ്രംഗാരത്തെക്കാളും അയാൾ പറഞ്ഞ വരികളാണ് അവളുടെ കാതുകളിൽ ഹുങ്കാരമായി മുഴങ്ങിയത്. അതായത്, അതൊരു പ്രതിഭാസമായി കാണരുതെന്ന്! അതൊരു പ്രതിഭാസമായി മാറിക്കഴിഞ്ഞിരിക്കുന്നു പ്രിയ ഡോക്ടർ. അതുകൊണ്ടാണല്ലോ ഞാൻ അങ്ങയെ കാണാൻ വന്നത്. അതെന്റെ നെഞ്ചകം പിളർത്തുന്നു. റൊമേനിയയിൽ നിന്നും ഇടയ്ക്കിടെ ഫ്രെഡറിക് ആൽവിൻ എന്ന എന്റെ ഭർത്താവ് വിളിച്ചു ക്ഷേമാന്വേഷണം നടത്തുന്നതിനിടയ്ക്ക് ഞാൻ ഇതും പറഞ്ഞിരിക്കുന്നു. നമ്മുടെ കുട്ടി ഇപ്പോൾ എന്ത് പറഞ്ഞാലും സോഡാകസ് എന്ന് പറയുന്നു. ഉദാഹരണത്തിന്, അമ്മേ എനിക്കിന്ന് ഹോംവർക്ക് ചെയ്യാൻ വയ്യ, സോഡാക്സ്. അമ്മേ ടി. വി.യുടെ റിമോട്ട് എവിടെപ്പോയി, സോഡാക്സ്. അമ്മേ മീരാന്റി വിളിക്കുന്നു, സോഡാക്സ്! ആ വാക്കാണ് എന്നേ ഭയപ്പെടുത്തുന്നത് ഡോക്ടർ. അതെന്റെ കഴുത്തിന് കുത്തിപ്പിടിക്കുന്നു, എനിക്ക് ശബ്ദിക്കാനാവുന്നില്ല. എനിക്കൊന്നും കാണാനാവുന്നില്ല, എനിക്ക് ദഹിക്കുന്നതുപോലെ തോന്നുന്നു. എനിക്ക് ശ്വാസം മുട്ടുന്നു.

അവളുടെ മുഖത്ത് വിയർപ്പ് പൊടിഞ്ഞു. ശബ്ദമുണ്ടാക്കി കറങ്ങുന്ന ഫാനിന് കാറ്റ് തീരെ പോരെന്ന് അവൾക്കു തോന്നി. ഉള്ളംകാലിലെ മാടും വിയർപ്പുതിർന്ന് ചെരുപ്പും കാലും തമ്മിലുള്ള ബന്ധം അറ്റുപോകുന്നതുപോലെ. ഡോക്ടർ, അങ്ങ് എന്തെങ്കിലും പറയൂ.

മിസിസ് തെരേസ ആൽവിൻ, നിങ്ങൾ ആകുലപ്പെടേണ്ടതില്ല. ഞങ്ങൾ അതിനെ 'എക്കൊലാലിയ' എന്നു വിളിക്കും. അത് ഓട്ടിസത്തിന്റെ സൂചനയാണോ എന്ന് ചോദിച്ചാൽ പറയാൻ കഴിയില്ല. പക്ഷേ, നിങ്ങൾ വിചാരിക്കുന്നതുപോലെ വലിയൊരു പ്രതിഭാസമായി അതിനെ കാണരുത്. കുട്ടികൾ ചിലപ്പോൾ നേരമ്പോക്കിനാവും അത്തരമൊരു പേര് ഉപയോ

ഗിക്കുന്നത്. നിങ്ങൾ ഈ സാരിയിൽ മനോഹാരിയായിരിക്കുന്നു. എനിക്ക് ഈ പർപ്പിൾ സാരി എന്തിഷ്ടമായെന്നോ. നിങ്ങളുടെ ജന്മദിനം എന്നെ അറിയിച്ചാൽ ഇതിനേക്കാൾ മനോഹരമായ നല്ല ഹാൻഡ്ക്രാഫ്റ്റഡ് ഡിസൈൻ പർപ്പിൾ സാരി വാങ്ങിത്തരുന്നുണ്ട് ഞാൻ. ആട്ടെ, നിങ്ങൾക്കിഷ്ടം ഷിഫോൺ ആണോ, അതോ സിൽക്കോ?

അവൾക്ക് ഇറങ്ങി ഓടണമെന്ന് തോന്നി. താനൊരു വലിയ നടുക്കടലിലാണ്. അത് എന്താണ് ഡോക്ടർ മനസ്സിലാക്കാത്തത്. അങ്ങനെയൊരു നെഞ്ചിടിപ്പ് ഇല്ലായിരുന്നുവെങ്കിൽ ഇദ്ദേഹം പറഞ്ഞതിനെ താൻ വല്ലാതെ ആസ്വദിച്ചേനെ. അതിനു മറുപടിയായി മന്ദഹാസങ്ങൾ നൽകിയേനെ. അതിനെ പ്രോത്സാഹിപ്പിക്കാനായി ഊർന്നിറങ്ങുന്ന സാരി പലപ്പോഴായി മാറിടം മറയ്ക്കാനെന്ന വ്യാജേന വലിച്ചുകയറ്റിയേനെ. പക്ഷേ, ഇപ്പോൾ അതല്ലല്ലോ സ്ഥിതി. എന്റെ കുട്ടി സ്ഥിരമായി സോഡാക്സ് എന്ന വാക്ക് ഉപയോഗിക്കുന്നു. ആ വാക്കാണ് എന്നെ ഭയപ്പെടുത്തുന്നത്. അവൻ ഒരോ തവണയും ആ വാക്ക് ഉപയോഗിക്കുമ്പോൾ ഞാൻ തളരുന്നു. ഉദാഹരണത്തിന്, അമ്മേ, എനിക്കിന്ന് ന്യൂഡിൽസ് മതി, സോഡാക്സ്. അമ്മേ, എനിക്ക് ഈ മാത്സ് പഠിച്ചു അടുത്തു, സോഡാക്സ്. അമ്മേ, നിർമ്മല ടീച്ചർ പഠിപ്പിക്കുന്നത് മനസ്സിലാവുന്നില്ല, സോഡാക്സ്. ഡോക്ടർ, ഞാനൊരു വലിയ പ്രതിഭാസത്തിന്റെ നടുവിലാണ്. എന്നെ രക്ഷിക്കാൻ നിങ്ങൾക്ക് മാത്രമേ ഇപ്പോൾ കഴിയൂ. കാരണം, എന്റെ ഭർത്താവ് വൈകാതെ എത്തിച്ചേരും.

മിസിസ് തെരേസ ആൽവിൻ, നിങ്ങളിങ്ങനെ വിഷമിക്കാതെ. ഇത് ഓട്ടിസം സ്പെക്രം ഡിസോർഡർ ആവാനാണ് സാധ്യത. കുട്ടികളിൽ ഇത് സാധാരണ കാണും. പക്ഷെ വൈകാതെ അത് അപ്രത്യക്ഷമാകും. വിരയുടെ അസുഖം എന്നൊക്കെ നമ്മൾ പറയില്ലേ, അത്ര നിസ്സാരമായി ഇതിനെ കണ്ടാൽ മതി. നിങ്ങൾ പറയുന്നു, അവൻ എല്ലായ്പോഴും ആ വാക്ക് ഉച്ചരിക്കുന്നുവെന്ന്. അതിനെ നമുക്ക് ശാസ്ത്രീയമായി ഒന്ന് വിലയിരുത്തിയാലോ? അതായത്, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പറാക്ടിവിറ്റി ഡിസോർഡർ തലത്തിലേക്ക് അത് ഉയരുന്നുണ്ടോയെന്ന് നിങ്ങൾ സൂക്ഷ്മമായി വിലയിരുത്തണം. നിങ്ങളുടെ നെയിൽ പോളീഷ് ഇളകിത്തുടങ്ങിയിരിക്കുന്നു. നിങ്ങളുടെ മൃദുവായ കരങ്ങളിൽ ഇതാ കാലാവസ്ഥ വികൃതി കാട്ടിത്തുടങ്ങിയിരിക്കുന്നു. നിങ്ങളെന്താണ് ലാക്രീം ഉപയോഗിക്കാത്തത്? നിങ്ങൾ വളരെ ചെറുപ്പമാണ്, സൗന്ദര്യം സൂക്ഷിക്കേണ്ട സമയത്ത് അത് ചെയ്യുന്നില്ലെങ്കിൽ അത് പുരുഷോന്മത്തം കുറച്ചുകളയും.

അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പറാക്ടിവിറ്റി ഡിസോർഡർ അഥവാ എ ഡി എച്ച്  ഡി-യെക്കുറിച്ചു ഗൂഗിളിൽ കണ്ടതാണ്. ഒരേ വാക്ക് പറയുകയും, ആ വാക്കിനൊപ്പിച്ചു ചിലപ്പോൾ എന്തെങ്കിലും നശിപ്പിക്കുകയും മറ്റ് ചിലപ്പോൾ അത് ജീവനുതന്നെ ഭീഷണിയാവുകയും ചെയ്യുന്ന രീതി. അത്... ഇതിനെക്കുറിച്ചു ഡോക്ടർ പറയുന്നു, താൻ സൂക്ഷ്മമായി വിലയിരുത്താൻ. അവൻ എന്നെ കൊല്ലുമോ, അതോ അവൻ തനിയെ ...? ഡോക്ടർ ഞാൻ എന്തുചെയ്യണം? എന്റെ മകനൊരു രോഗിയാണോ?

കഴുത്തിൽ നിന്നും ഊർന്നിറങ്ങിയ സാരി വലിച്ചുകയറ്റിയിടാൻ മെനക്കെടാതെ അവൾ ഭയന്നുവിറച്ചു, വിറങ്ങലിച്ചു ചോദിച്ചു.

ഡോക്ടറുടെ നോട്ടം മുഖത്തുനിന്ന് ഒലിച്ചിറങ്ങി കഴുത്തിലൂടെ ഒരു വിയർപ്പുചാലായി നോവുന്നത് അവൾ അറിഞ്ഞില്ല. അയാളുടെ വിരലുകൾ തന്റെ വിരലുകളെ ആശ്വസിപ്പിക്കാനെന്നവിധം സ്വരുക്കൂട്ടുന്നത് അവൾ അറിഞ്ഞില്ല! അയാളുടെ കാൽവിരലുകൾ അറിയാതെയെന്നവിധം അവളുടെ കാലിന് മുകളിൽ സ്പർശിച്ചത് അവൾ അറിഞ്ഞില്ല. അവൾ വിവശയായി, നെറ്റിയിൽ അലോസരപ്പെടുത്തി പുഷ്പിച്ചുനിന്ന സ്വേദകണങ്ങളെ വാനിറ്റിബാഗിൽ വിശ്രമിച്ചിരുന്ന കൈലേസെടുത്ത് ഒപ്പനൊന്നും മെനക്കെട്ടില്ല. അവൾ ഡോക്ടറുടെ കൈക്കുമ്പിളിലുണ്ടായിരുന്ന കൈ വലിച്ചെടുത്ത് നെറ്റി തുടച്ചു. ഇത്തവണ, അവൾ അപേക്ഷിക്കാനെന്ന വിധം അയാളുടെ കൈകളെ ചൂഴ്ന്നുപിടിച്ചു.

ഡോക്ടർ, സോഡാക്സ് ഒരു വെറും വാക്കല്ല!

അവളുടെ കണ്ണുകൾ, ധ്രുവദീപ്തി ആദ്യമായിക്കണ്ടയൊരു കൗമാരക്കാരിയെപ്പോലെ വിടർന്നുവന്നു. കളർ പെൻസിൽ കാണാതെപോയപ്പോൾ ഏങ്ങിയേങ്ങി കരയുന്ന മകന്റെ ശബ്ദം പോലെ ഫാൻ ഒരു പ്രത്യേകരീതിയിൽ  ശബ്ദമുണ്ടാക്കി കരയുകയായിരുന്നു. ഇരുവരുടെയും ഫോൺ സൈലന്റ് മോഡിലായിരുന്നു. അതിൽനിന്നു സ്പോട്ട്ലൈറ്റുകൾ കണക്കെ ഇടയ്ക്കിടെ വെളിച്ചം പതഞ്ഞു പൊന്തിക്കൊണ്ടിരുന്നു. അവൾ മുരടനക്കി, ശബ്ദിക്കാൻ പ്രയാസപ്പെട്ട് വല്ലവിധേനയും പറഞ്ഞൊപ്പിച്ചു.

ആ വാക്കിന് പിന്നിലൊരു ജീവിതമുണ്ട്. അന്ന്, എന്റെ മകൻ പിറന്നിട്ടില്ല, ഞാനന്ന് വിവാഹിതയുമല്ല. സ്വീഡനിൽ ജോലിയുണ്ടായിരുന്ന കാലം. ആൽഫ്രഡ് എന്റെ കാമുകനായിരുന്നു. ഞങ്ങൾ വളരെ ഗൗരവക്കാരായ കാമുകീകാമുകന്മാർ ആയിരുന്നു. സല്ലാപങ്ങളോ, സാന്ത്വനങ്ങളോ എന്തിന്, ഒരു ചുംബനത്തിനുപോലും സമയം നഷ്ടപ്പെടുത്താത്ത, സമയത്തിന് ഒരു തണുപ്പിന്റെ വിലയുണ്ടെന്ന് കരുതിയിരുന്നവർ. ആൽഫ്രഡിനൊപ്പം അയാളുടെ സ്വകാര്യസ്ഥലങ്ങളിൽ വെച്ച് വാരാന്ത്യങ്ങളിൽ ഞങ്ങൾ ശരീരം പങ്കിട്ടിരുന്നു. രതിമൂർച്ഛയിൽ ഞാൻ അലറിവിളിക്കുമ്പോൾ അയാളെന്റെ വായും മൂക്കും പൊത്തിപ്പിടിച്ചു പറഞ്ഞിരുന്ന ഒരു വാക്കുണ്ടായിരുന്നു – സൊഡാക്സ്! അന്ന് ഞാൻ ശ്വാസത്തിനുവേണ്ടി പിടയുമ്പോൾ അയാളെന്റെ അടിവയറ്റിലേക്ക് ഒരു പ്രത്യേകരീതിയിൽ കയറിവരുമായിരുന്നു. അയാളുടെ വെളുത്ത കരതലം എന്റെ തൊണ്ടക്കുഴിയിൽ കുത്തിപ്പിടിക്കുമ്പോൾ ഞാൻ ജീവന്റെയൊരിറ്റ് ശ്വാസത്തിനുവേണ്ടി തുടയടക്കം കട്ടിലിൽ അടിച്ചിട്ടുണ്ട്. പലപ്പോഴും, അല്ല മിക്കപ്പോഴും – അതായിരിക്കാം ശരി, ഞാൻ കണ്ടിട്ടുണ്ട്, അയാളുടെ കരതലത്തിലെ നീലിച്ച ഞരമ്പുകൾക്കിടയിൽ ആ വാക്ക് തെളിഞ്ഞുവരുന്നത്, സൊഡാക്സ്!

അവൾ വല്ലാതെ കിതച്ചു. വിയർത്തുകുളിച്ചു നഗ്നയായി വെളുത്ത വിരിപ്പിട്ട മെത്തയിൽ കിടക്കുമ്പോൾ അവൾ ശ്വാസത്തിന്റെ വില അറിയുകയാണ്. പുറത്തെ മഞ്ഞു  തണുപ്പിനെ വകഞ്ഞുമാറ്റി മറ്റൊരു തലത്തിലേക്ക് മാറുന്നു. ആൽഫ്രഡ് തിരിഞ്ഞുകിടക്കുന്നു. അവൾ അറിയാതെ ഉച്ചരിക്കുകയാണ്, സൊഡാക്സ്! പുറത്ത് ജനാലയിലേക്ക് ചെറുകാറ്റ് വീശുന്നുണ്ട്, ജാലകവിരി ശബ്ദമുണ്ടാക്കി പറയുന്നു, സൊഡാക്സ്! വിരിപ്പിലെ നനവിൽ പതിവായിക്കാണുന്ന ചോരപ്പാടുകളിൽ കൈവിരലുകൾ മുക്കി അവൾ അറിയാവുന്ന വിധത്തിൽ സൊഡാക്സ് എന്നെഴുതി. അതിന്റെ ഭംഗി കണ്ട്, ആശ്വാസം തീർത്ത് അവൾ മയങ്ങി. ഉറക്കത്തിൽ അവളൊരു സ്വപ്നം കണ്ടു, അവൾ മാതൃരാജ്യത്തേക്ക് തിരിച്ചുവന്നിരിക്കുന്നു. തൃശൂരുകാരൻ ഫ്രഡറിക് ആൽവിനെ അവൾ വിവാഹം കഴിച്ചിരിക്കുന്നു. അയാൾ റൊമാനിയയിൽ ഹോട്ടൽ വാടകയ്ക്കെടുത്തു നടത്തുന്നു. അവളിവിടെ അലങ്കാരമൽസ്യങ്ങൾ വളർത്തുന്നതിന് ചെറുക്ലാസ്സുകൾ നയിക്കുന്നു. ഒപ്പം, താനൊരു അഞ്ചുവയസ്സുകാരന്റെ അമ്മയായിരിക്കുന്നു. അവൾ മകനെ ചേർത്തിരുത്തി വാത്സല്യപൂർവ്വം താലോലിക്കുന്നു, അവന്റെ മുഖത്തേക്ക് നോക്കുന്നു. സ്വീഡനിലെ മൽമോയിലെ മഞ്ഞപ്പൂക്കൾക്കിടയിൽ ഒറ്റപ്പെട്ടുനിൽക്കുന്ന ഒരു പുഷ്പം പോലെ അവന്റെ മുഖം വിടർന്ന് പരിലസിക്കുന്നു. അവൾ മന്ദഹസിക്കുന്നു. അപ്പോൾ അവളെ കൂടുതൽ രസിപ്പിക്കാനെന്നവിധം അവൻ അത്രമേൽ മൃദുവായി മൊഴിയുന്നു, സൊഡാക്സ്!

മിസിസ് തെരേസ ആൽവിൻ, ഉണരൂ. നിങ്ങൾ വീട്ടിൽ അല്ല. ഇതെന്റെ ക്ലിനിക്കാണ്. വസ്ത്രം നേരേയാക്കൂ.

ഞാൻ നിങ്ങൾക്കെന്തെങ്കിലും കുടിക്കാൻ പറയട്ടേ? നോക്കൂ, സൊഡാക്സ് ഒരു വലിയ പ്രതിഭാസമല്ല, അത് നമുക്ക് ശരിയാക്കാം, ഉണരൂ... പഴയതുപോലെ സംസാരിക്കൂ. എനിക്കൊരു പരാതിയുണ്ട്, നിങ്ങളുടെ മാറിടത്തെ ആ മറുക് നിങ്ങൾ മായ്ക്കേണ്ടിയിരുന്നില്ല. അത് നിങ്ങൾക്ക് നൽകിയിരുന്ന അഭൗമികമായൊരു സൗന്ദര്യമുണ്ട്, സൊഡാക്സ് എന്ന് പറയുന്നതുപോലെ... മൽമോയിൽ മഞ്ഞപ്പൂവ്, വിരിയുംമുന്നേ സൂര്യനോട് ചോദിക്കില്ലേ, ഞാനിന്ന് പൂവിട്ടോട്ടേയെന്ന്, അതുപോലൊരു സൗന്ദര്യം, സൊഡാക്സ്! ചേതോഹരമായ ആ സൗന്ദര്യത്തിനുമുന്നിൽ കണ്ണുകൾ മറ്റൊന്നും കാണുന്നില്ല, സൊഡാക്സ്! നിങ്ങളുടെ മാറിടത്തിന്റെ തുടിപ്പുകൾ പോലും ആ മറുകിന്റെ സൗന്ദര്യത്തെ ധ്വനിപ്പിക്കാനായിരുന്നു, സൊഡാക്സ്! ആ കറുത്ത പൊട്ടിന് നിങ്ങളുടെ ചുണ്ടുകളേക്കാൾ, ഒരു പക്ഷെ, അല്ലെങ്കിൽ അതിലധികവും ആകർഷണീയത ഉണ്ടായിരുന്നു, സൊഡാക്സ്!

അവൾ വാനിറ്റിബാഗ് തുറന്നു. മിറാക്യൂൾ  ടാബ്ലെറ്റിന്റെ വലിയൊരു സ്ട്രിപ്പിനിടയിൽ കുടുങ്ങിക്കിടന്ന കൈലേസെടുത്ത് ആശ്ചര്യത്തോടെ നോക്കി. അതിലൊരു ചോരപ്പാടോ, സൊഡാക്സ് എന്ന എഴുത്തോ ഉണ്ടോയെന്ന് അവൾ വെപ്രാളത്തോടെ പരതി. ഫാൻ ഏങ്ങിയേങ്ങി കരച്ചിൽ തുടർന്നുകൊണ്ടേയിരുന്നു.

* * *


**അനിൽകുമാർ സി.പി**

പ്രവാസി എഴുത്തുകാരിൽ ശ്രദ്ധേയൻ. ഓർമ്മകളുടെ ജാലകം, അബ്സൊല്യൂട്ട് മാജിക്, എന്നീ ചെറുകഥാ സമാഹരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുരുഷാരവം എന്ന ചെറുകഥാ സമാഹാരം എഡിറ്റ് ചെയ്തിട്ടുണ്ട്.


Now Open to Serve You!
Newly Redesigned Restaurant Interior
We Specialize Indoor and Outdoor Catering
Dil ar
INDIAN RESTAURANT
In An Elegant Atmosphere
Authentic Indian Cuisine
248-08 UnionTpke, Bellrose, NY
Tel:1-718-347-3900 | Cel: 1-646-500-2057

അഭിമുഖം

ശ്രീദീപ് ചേന്നമംഗലം



# പക്ഷം പിടിക്കലല്ല, പക്ഷം വിടർത്തലാണ് വായനയുടെ ധർമ്മം



## അഭിമുഖം : ശാന്താതുളസീധരൻ

സാഹിത്യത്തിന്റെ ബഹുമുഖ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുക എന്നത് ഒരു ഭാഗ്യമാണ്. ഒരേപോലെ എഴുത്തിന്റെ പല വീക്ഷണകോണുകൾ വഴങ്ങുക എന്നത് ഒരു അസുലഭതയും. ശാന്താതുളസീധരൻ എന്ന എഴുത്തുകാരി തന്റെ തൂലികയിലൂടെ, അക്ഷരങ്ങളിലൂടെ നമുക്ക് പല വ്യത്യസ്ത അനുഭവങ്ങളും ഭാവങ്ങളും അറിവുകളും തന്നിട്ടുണ്ട്. കവിതയിൽ നിന്നു കഥയിലേക്കും നോവലിലേക്കും വിശദമായ പഠനങ്ങളിലേക്കും വളരെ അനായാസതയോടെ എഴുത്തുലോകം ചലിപ്പിക്കുന്നു ടീച്ചർ. എന്നിരുന്നാലും മലയാളസാഹിത്യം വേണ്ടപോലെ ടീച്ചറെ അംഗീകരിച്ചിട്ടില്ല എന്ന വസ്തുത ഭാവിയിലെങ്കിലും തിരുത്തപ്പെടേണ്ട ഒരു കാര്യമാണ്. സമൂഹത്തിൻറെ എല്ലാ മേഖലകളിലുമുള്ള വായനക്കാരിലും ടീച്ചറുടെ എഴുത്തുകൾ സ്പർശിച്ചിട്ടുണ്ട് എന്നുള്ളത് മാത്രം മതി അവരുടെ എഴുത്തിന്റെ വ്യാപ്തിയും വാക്കുകളുടെ ശക്തിയും അവരെ ഇനിയും വായിക്കേണ്ടതിന്റെ ആവശ്യകതയും ബോധ്യമാകാൻ. പക്ഷം പിടിക്കലല്ല, പക്ഷം വിടർത്തലാണ് വായനയുടെ ധർമ്മം എന്ന് ടീച്ചർ ഉറക്കെപ്പറയുന്നു. തന്റെ എഴുത്തുകളെക്കുറിച്ചും നിലപാടുകളെക്കുറിച്ചും അനുഭവങ്ങളെക്കുറിച്ചും ടീച്ചർ സംസാരിക്കുന്നു.

**1. കഥ, കവിത, നോവൽ, യാത്രാവിവരണം, പഠനങ്ങൾ, ബാലസാഹിത്യം – ഒരു മഴവില്ലിൻറെ നിറങ്ങൾ പോലെ വ്യത്യസ്തമായ എഴുത്തുമേഖലകളിൽ പയറ്റിത്തെളിഞ്ഞിട്ടുണ്ട് ടീച്ചർ. എങ്ങനെയാണ് ഇത്രയും വൈവിധ്യമാർന്ന ഒരു എഴുത്തുലോകത്തേക്ക് കടന്നുവന്നത്?**

എന്റെഎഴുത്തുജീവിതം ആരംഭിക്കുന്നത് കവിതയിലാണ്. 1995ൽ ആദ്യകവിത കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ചു. നല്ല പ്രതികരണമാണ് ലഭിച്ചത്. ലക്ഷണമൊത്ത കവിത (ഇന്ന് അങ്ങനെയൊന്നില്ല) എന്ന് വായനക്കാരിൽനിന്ന് അറിഞ്ഞു. തുടർന്ന് ധാരാളം കവിതകളെഴുതി. ഇടയ്ക്ക് ചില കഥകളും പുറത്തുവന്നു. എനിക്കു പറയാനുള്ളത് പറയാൻ കവിത മതിയാകുന്നില്ലെന്ന തോന്നലും കുറച്ചുകൂടി വ്യത്യസ്തമായ ഒരു ക്യാൻവാസ് വേണമെന്ന ചിന്തയുമാണ് കഥയിലേക്കും തുടർന്നു നോവലിലേക്കും എൻറെ ആവിഷ്കാരമാധ്യമം ചുവടുറപ്പിക്കാനിടയാക്കിയത്.

യാത്ര എന്റെ ദൗർബല്യമാണ്. കണ്ണും കാതും മാത്രമല്ല, മനസ്സും തുറന്നിട്ടാണ് യാത്രകൾ പോകാറുള്ളത്. നഗരമോടികളൊന്നും ഒട്ടും ആകർഷിക്കാറില്ല എന്ന തി

**എന്റെ എഴുത്തിൽ ആരെങ്കിലും സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് തോന്നുന്നില്ല. ഒരുപക്ഷെ, ആദികവി മുതൽ എല്ലാപേരും സ്വാധീനിച്ചിട്ടുണ്ടാവാം. അനുകരിക്കാനോ ആ വഴിയേ സഞ്ചരിക്കാനോ ശ്രമിച്ചിട്ടില്ല.**

രിച്ചറിവാണ് ഗ്രാമങ്ങളിലേക്കും കാടുകളിലേക്കും നയിച്ചത്. അവിടെ കണ്ടതൊക്കെ പച്ചയായ ജീവിതമായിരുന്നു. വനാതിർത്തികളിലും ഉൾക്കാടുകളിലും ജീവിക്കുന്ന ആദിവാസിഗോത്രജരുടെ ജീവിതം എന്റെ കാഴ്ചപ്പാടുകളിൽ വലിയ മാറ്റം വരുത്തി. വേറിട്ട നിലപാടുകളിലേക്ക് മാറ്റിനിർത്തിയത് അരികുവൽക്കരിക്കപ്പെട്ടവരുടെ ജീവിതാവസ്ഥകളാണ്. ഇന്ത്യയിൽ അങ്ങോളമിങ്ങോളം ദളിത്, ആദിവാസി വിഭാഗങ്ങളിൽപ്പെട്ട മനുഷ്യരുടെ ദുരിതങ്ങളും അവഗണയും പലപ്പോഴും പ്രകോപിതയാക്കി. വഞ്ചിക്കപ്പെടുന്നത് സഹജീവികളാണെന്ന ബോധം വല്ലാതെ വേദനിപ്പിച്ചതാണ് അവരുടെ ജീവിതത്തിലേക്ക് ആഴത്തിൽ സഞ്ചരിക്കാൻ പ്രേരിപ്പിച്ചത്. ആശയങ്ങളും അനുഭവങ്ങളും ആവിഷ്കരിക്കാൻ, കണ്ടതും അറിഞ്ഞതും മറ്റുള്ളവരിലേക്ക് എത്തിക്കാൻ ഏത് മാർഗവും  കഥ, കവിത, നോവൽ - സ്വീകരിക്കാനാവും. വഴങ്ങുന്ന ഭാഷയും വേറിട്ട കാഴ്ചയും കാഴ്ചപ്പാടും ഒപ്പം സമൂഹത്തോടുള്ള പ്രതിപത്തിയും സഹജീവിസ്നേഹവും വറ്റാത്ത ആർദ്രതയും അതാണെന്റെ മൂലധനം.

**2. ചരിത്രവും സംസ്കാരവും രേഖപ്പെടുത്തുന്നത് അതിന്റെ മൂലമായ ആദിവാസികളെ മറന്നുകൊണ്ടാവരുത് എന്ന ധ്വനിക്ക് ഏറെ പ്രസക്തിയുണ്ട്. എന്തുകൊണ്ടാണ് മനുഷ്യന് ആദിവാസികളുടെ അനുഭവങ്ങൾ, ചരിത്രപഥം, സംസ്കാരം എന്നിവ അത്ര പ്രാധാന്യത്തോടെ ഗണിക്കണ്ടെ എന്ന് തോന്നുന്നത്?**

ആരാണ് ആദിവാസികൾ? ചില ഭൗതിക സവിശേഷതകളിലൂടെ അടയാളപ്പെടുത്താൻ കഴിയുന്നവരും അല്ലാത്തവരും ഈ ശീർഷകത്തിലുണ്ട്. ആധുനിക ജീവിതത്തോട് ഒപ്പമെത്താനാവാതെ, തനതായ ജീവിതരീതികളും ആചാരങ്ങളും വിശ്വാസങ്ങളും പൂർണ്ണമായും ഉപേക്ഷിക്കാതെ, ഒറ്റപ്പെടലിനെ ഭയക്കുന്ന ഒരുവിഭാഗം മനുഷ്യർ. ഇന്ന് വേഷം, ഭാഷ , ഭക്ഷണക്രമം എന്നിവയിൽ മാറ്റങ്ങൾ സ്വീകരിക്കുകയും അതേസമയം ഗോത്രവഴിയിലൂടെ സഞ്ചരിക്കുകയും ചെയ്യുന്നവർ നേരിടുന്ന ചൂഷണം, കബളിപ്പിക്കൽ, നിരാസം, അപമാനം എന്നിങ്ങനെ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ നേർക്കാഴ്ചകൾ എന്നെ അലോസരപ്പെടുത്തുന്നു. കൊള്ളയും കൊലയും പീഡനവും വശമില്ലാത്ത, മനസ്സിൽ നൻമയുള്ള മനുഷ്യരെ രാഷ്ട്രീയവേർതിരിവില്ലാതെ കാലാകാലങ്ങളിൽ അധികാരവർഗം അവഗണിക്കുന്നു.

പൊതുവെ മാറ്റങ്ങളോട് വിമുഖത കാട്ടുന്നവരോട്, അവരുടെ തനതുകളോട്, കടന്നുവന്ന ഇന്നലെകളോട്, അവരുടെ സംസ്കൃതിയോട്, ഒരുതരം ചിറ്റമ്മനയം പിന്തുടരുന്ന അധികാരവർഗ്ഗത്തെ സംബന്ധിച്ച് എന്തെങ്കിലും 'നേട്ടം' ഇവരിൽനിന്നുണ്ടാകാത്തിടത്തോളം ഈ അവഗണന തുടരുകതന്നെ ചെയ്യും. സമീപനത്തിൽ മാറ്റം വരണമെന്ന് ആദിവാസിസമൂഹം ശാഠ്യംപിടിക്കുന്ന കാലത്തോളം പൊതുസമൂഹത്തിൽ നിലപാടിന് മാറ്റം പ്രതീക്ഷിക്കണ്ട.

**3. ഓ എൻ വി കുറുപ്പ്, സുഗതകുമാരി, അയ്യപ്പപ്പണിക്കർ - ഇവർ ടീച്ചറുടെ ജീവിതത്തിലും എഴുത്തിലും ഉണ്ടാക്കിയ സ്വാധീനത്തെക്കുറിച്ച് പറയാമോ?**

എന്റെ എഴുത്തിൽ ആരെങ്കിലും സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് തോന്നുന്നില്ല. ഒരുപക്ഷെ, ആദികവി മുതൽ എല്ലാപേരും സ്വാധീനിച്ചിട്ടുണ്ടാവാം. അനുകരിക്കാനോ ആ വഴിയേ സഞ്ചരിക്കാനോ ശ്രമിച്ചിട്ടില്ല. ഓ എൻ വി കുറുപ്പ് സാറിന്റെ പാട്ടുകളും പ്രസംഗങ്ങളുമാണ് ഏറെയിഷ്ടം. സുതാര്യമായൊരു സ്നേഹം എന്നുമുണ്ടായിരുന്നു. അയ്യപ്പപ്പണിക്കർ ഒരു അത്ഭുതപ്രതിഭാസമാണ്. നിഷ്കളങ്കമായ ചിരിയിലൂടെ, പറയാതെ പറയുന്ന വാക്കുകളിലൂടെ, ഒരുപാട് കാര്യങ്ങൾ വായിച്ചെടുക്കാമായിരുന്നു. ലാളിത്യത്തിന്റെ നേർരൂപമായിരുന്നു അദ്ദേഹം. ഏറെ വ്യത്യസ്തയായിരുന്നു സുഗതകുമാരി ടീച്ചർ. ആർദ്രമായ മനസ്സിൽ നിന്നുയരുന്ന കവിതകളിൽ സ്നേഹം നിറഞ്ഞിരുന്നു. പ്രണയവും അനുകമ്പയും പ്രകൃതിസ്നേഹവും ഒരുപോലെ അക്ഷരങ്ങളിലൂടെ അനുഭവവേദ്യമാക്കിയ ടീച്ചറുടെ ഓർമ്മ നിലനിർത്താൻ കൃഷ്ണവനമുണ്ട്, കൃഷ്ണനും രാധയുമുണ്ട്, പെൺകുഞ്ഞുങ്ങളും.

**4. ഡി വിനയചന്ദ്രനുമായി ഒരു ആത്മബന്ധം തന്നെ ടീച്ചർക്കുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. അതിനെക്കുറിച്ച് പറയാമോ?**

കവിതയുടെ ജൈവരൂപം എന്ന വിശേഷണം ഡി വിനയചന്ദ്രൻ എന്ന കവിയ്ക്ക് മാത്രം ചേരുന്ന ഒന്നാണ്. അർത്ഥഗർഭമായ കവിതകളെ അതിചടുലമായി ആവിഷ്കരിക്കുമ്പോഴൊക്കെ വിനയചന്ദ്രൻ എന്ന വ്യക്തി അപ്രസക്തനാവുന്നു...കവി മാത്രം

ശേഷിക്കുന്നു. സാഹിത്യത്തിന്റെ വൈവിധ്യങ്ങളെ, വിചാരധാരകളെ, സിദ്ധാന്തങ്ങളെയൊക്കെ (ലോകസാഹിത്യം) അനായാസം വിവരിക്കുന്നിടത്ത് ഒരധ്യാപകനെ കാണാം. യാത്രയിൽ വഴിയോരത്തെ മരങ്ങളെയും ചെടികളെയും കുറിച്ച് വിശദമായി പറയുമ്പോൾ കൂടെയുള്ളവർ വിദ്യാർത്ഥികളായി മാറും. അത്തരം ആത്മാർഥത അധികമാരിലും കണ്ടിട്ടില്ല. 'പന്തിരുകുലം' എന്ന പേരിൽ എന്റെ വീട്ടിൽ കൂടിയിരുന്ന സാഹിത്യസംഗമം ഒരിക്കലും വിസ്മരിക്കാനാവില്ല. കാടുകളെയും പുഴകളെയും പ്രണയിച്ച്, വീടും അമ്മയും നോവായി മനസ്സിൽ സൂക്ഷിച്ചിരുന്ന കവിയോട് സ്നേഹവും ആദരവുമാണ് എന്നും.

**5. അധ്യാപനജീവിതം എത്രത്തോളം എഴുത്തിനെ സ്വാധീനിച്ചിട്ടുണ്ട്? ഒരു ഉത്തരക്കടലാസ് നോക്കുന്ന കണിശതയോടെ സ്വന്തം എഴുത്തിനെ കണ്ടിട്ടുണ്ടോ?**

അധ്യാപനം ഒരു കലയായി കണ്ടിരുന്നു. അതുകൊണ്ടുതന്നെ കലാശാലയും കുട്ടികളും എന്നെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്, പ്രത്യേകിച്ച് കോട്ടൺഹിൽ സ്കൂൾ. അനുഭവങ്ങളുടെ കലവറകളാണ് വിദ്യാലയങ്ങൾ. നല്ലതും അല്ലാത്തതുമായ നിരവധി അനുഭവങ്ങൾ എന്നിലെ വ്യക്തിയെ പരുവപ്പെടുത്തി എന്നു പറയാം. കുട്ടികളോട് എന്നും സ്നേഹമായിരുന്നു.

ഉത്തരക്കടലാസും എഴുത്തും ഏതാണ്ട് സമാനതകൾ പുലർത്തുന്നു. 'എന്ത്?' 'എങ്ങനെ?'– ഇത് രണ്ടിലുമുണ്ട്.

**6. സാഹിത്യ അക്കാദമി അധ്യക്ഷയായി ഒരു എഴുത്തുകാരി വരണമെന്ന് കവി കുരീപ്പുഴ ശ്രീകുമാർ കുറെനാൾ മുമ്പ് അഭിപ്രായപ്പെട്ടിരുന്നു. അദ്ദേഹം പറഞ്ഞ പേരുകളിൽ ഒന്നാണ് ടീച്ചറുടേത്. അർഹതപ്പെട്ട അംഗീകാരങ്ങൾ കിട്ടാതെ പോയ ഒരു എഴുത്തുകാരിയാണ് ടീച്ചർ. മനുഷ്യസഹജമായ ഒരാഗ്രഹമാണല്ലോ അംഗീകരിക്കപ്പെടണമെന്ന്. തിരസ്കരണം എത്രമാത്രം എഴുത്തുജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്? അതിനോടുള്ള നിലപാടെന്താണ്?**

> **അംഗീകാരത്തിൽ കണ്ണുവച്ച് എഴുതാറില്ല. എഴുത്ത് ഏതെങ്കിലും ഒരു മനസ്സിന് സാന്ത്വനമോ, വീണ്ടുവിചാരമോ, നേരിയ ഒരു ചലനമെങ്കിലും, ഒരു നെടുവീർപ്പെങ്കിലും സൃഷ്ടിക്കാനായാൽ എന്നിലെ എഴുത്തുകാരി വിജയിച്ചു**

അംഗീകാരത്തിൽ കണ്ണുവച്ച് എഴുതാറില്ല. എഴുത്ത് ഏതെങ്കിലും ഒരു മനസ്സിന് സാന്ത്വനമോ, വീണ്ടുവിചാരമോ, നേരിയ ഒരു ചലനമെങ്കിലും, ഒരു നെടുവീർപ്പെങ്കിലും സൃഷ്ടിക്കാനായാൽ എന്നിലെ എഴുത്തുകാരി വിജയിച്ചു; എഴുത്ത് സാർത്ഥകമായി. അതിനപ്പുറം വലിയ പട്ടങ്ങളിൽ കണ്ണുവയ്ക്കാറില്ല. എന്നെ വായിക്കുന്നവർക്കറിയാം എന്റെ ലക്ഷ്യം. 'സാമൂഹ്യനവോത്ഥാനം' എന്നത് എന്റെ രഹസ്യവും പരസ്യവുമായ അജണ്ടയാണ്. ആ നദിയിലേക്കുള്ള ഓവുചാലുകൾ ആണ് എന്റെ രചനകൾ. എന്നെങ്കിലും നദി നിറയും.

ജാതീയതയും വർഗ്ഗീയതയും വിൽപ്പനചരക്കായി മനുഷ്യജീവിതം ദുസ്സഹമാക്കുന്നിടത്ത് രാഷ്ട്രീയവും അധികാരവും അതിന് കുടപിടിക്കുന്നു. അവിടെ ഉദ്ഭൂതമാകുന്ന ഭയം, അരക്ഷിതത്വം, അവിശ്വാസം ഒക്കെ ജീവിതത്തെ നിരർത്ഥകമാക്കുന്നു. അനുസരിക്കാത്തവരെ തിരസ്കരിക്കുകയല്ലാതെ ചേർത്തുപിടിക്കാൻ ആരെങ്കിലും തയാറാകുമോ?

**7. ഉള്ളടക്കത്തിൻറെ വ്യത്യസ്തതയ്ക്ക് പുറമെ ഭാഷാപരമായും ഏറെ വ്യത്യാസമുണ്ടല്ലോ ടീച്ചറുടെ എഴുത്തുമേഖലകൾക്ക്. എഴുതുമ്പോൾ ഭാഷാപരമായ ഈ വ്യത്യാസത്തെ എങ്ങനെ ഉൾക്കൊള്ളിക്കുന്നു അല്ലെങ്കിൽ ആ പരിണാമത്തെ എങ്ങനെ തൃപ്തിപ്പെടുത്തുന്നു?**

കുട്ടിക്കാലം ഒറ്റപ്പെടലിന്റേതായിരുന്നു. പറിച്ചുനടപ്പെട്ട ബാല്യം ജീവിതത്തിൽ പലതും പഠിപ്പിച്ചു. പ്രാദേശിക ഭാഷാഭേദങ്ങളെ അനായാസം സ്വായത്തമാക്കാനായത് ഭാഷയിൽ പുതുമ നില നിർത്താനും കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിൽ ഈ ഭേദം ബലപ്പെടുത്താനും സഹായിച്ചു.

യാത്രയും പരിസരനിരീക്ഷണവും കണ്ടുമുട്ടിയവരുടെ സംഭാഷണശൈലികളും ശരീരഭാഷയുൾപ്പടെ സ്വമേധയാ സ്വാംശീകരിക്കുന്നു. വളരെ വേഗത്തിൽ ഭാഷാഭേദത്തോട് പൊരുത്തപ്പെടാൻ കഴിയുന്നത് എഴുത്തിലും പ്രകടമാകാറുണ്ട്.

**8. എഴുതിയ കൃതികളിൽ ഏറ്റവുമധികം സന്തോഷം നൽകിയത് ഏതാണ്? എന്തുകൊണ്ട്?**

മക്കളിൽ ആരെയാണ് കൂടുതൽ ഇഷ്ടം എന്നു ചോദിക്കുന്നതുപോലെയാണീ ചോദ്യം. ഓരോ കൃതിയ്ക്കും ഒരാത്മബന്ധമുണ്ട്. അത് എഴുതുന്ന നാളുകളിൽ അനുഭവിച്ച ആത്മസംഘർഷങ്ങൾ, അനുഭൂതികൾ, ആശങ്കകൾ, ആഹ്ളാദങ്ങൾ – അതെല്ലാം ഓരോ കൃതിയ്ക്കും വ്യത്യസ്തമാണ്. എന്നാലോ എഴുതിക്കഴിയുമ്പോഴുണ്ടാകുന്ന ഭാരമില്ലായ്മ, മനസ്സുമുഴുവനും പെയ്തൊഴിഞ്ഞ അനുഭൂതി അത് ഏതാണ്ട് ഒരുപോലെയും. എങ്കിലും കേരളത്തിലെ ആദിവാസികളുടെ ജീവിതവും

സംസ്കാരവും വരുംതലമുറയ്ക്കായി കരുതിവ യ്ക്കാൻ കഴിഞ്ഞതിൻറെ സന്തോഷം ചെറുതല്ല. നഷ്ടമാകുന്ന ഭാഷയും ജീവിതചര്യകളും 'കരുതി വയ്ക്കുക' ഒരു നിയോഗംപോലെയാണ് എനിക്കു തോന്നുന്നത്.

**9. ടീച്ചറുടെ എഴുത്തിനെ പ്രചോദിപ്പിക്കുന്ന രണ്ടു കാര്യങ്ങൾ ഏതൊക്കെ എന്ന് ചോദിച്ചാൽ എന്താ യിരിക്കും ഉത്തരം?**

യാത്ര, പ്രകൃതി ഇവയാണ് എന്റെ ഊർജസ്രോത സ്സുകൾ. ഏതു യാത്രയും ആത്മനവീകരണോ പാധിയാണ്. കാടും കടലും പുഴയും പർവതങ്ങളും എന്നെ വിളിക്കുന്നു. ഹിമാലയം എന്നും അത്ഭുത മാണ്. കോടമഞ്ഞും ചാറ്റൽമഴയും ഇണചേരുന്ന മലമടക്കുകൾ ഹരമാണെനിക്ക്. സൂര്യനും ചന്ദ്ര നും ഒളിച്ചുകളിക്കുന്ന വനാന്തർഭാഗങ്ങൾ എത്രക ണ്ടാലും മതിവരാറില്ല.

**10. വായനക്കാരുമായി ഏറ്റവും മികച്ച സംവേദനം സാധ്യമായത് ഏത് എഴുത്തുരൂപത്തിലാണ്, ടീച്ച റുടെ അഭിപ്രായത്തിലും അനുഭവത്തിലും?**

സംവേദനസാധ്യത കൂടുതൽ നോവലിനാണ്. 'ആലിൻചുവട്ടിലെ ആകാശവും' 'പെണ്ണിര'യും 'കനല് തിന്നുന്ന വെയിൽപക്ഷികളു'മൊക്കെ നല്ല വായനാനുഭവപ്രതികരണങ്ങൾ തന്നിട്ടുണ്ട്. ഇത് 'എന്റെ കഥയാണ്' എന്നു പറഞ്ഞ പലരുണ്ട്. സമാ നാനുഭവങ്ങൾ വായനക്കാർ പങ്കുവച്ചിട്ടുമുണ്ട്. കൂടു തലും 'ആലിൻചുവട്ടിലെ ആകാശം' എന്ന നോവ ലിലെ സമീറ എന്ന കഥാപാത്രമാണ് പലരുടെയും ജീവിതഗന്ധിയായത്. വർഷങ്ങൾക്ക് മുമ്പെഴുതിയ 'മാലാഖയുടെ പെട്ടകം' എന്ന നോവലിൽ പ്രകൃതി യെ ദുർവിനിയോഗം ചെയ്താലുണ്ടാവുന്ന ഭവിഷ്യ ത്തുകളെ ചിത്രീകരിച്ചിരുന്നു. വർഷങ്ങൾക്കിപ്പുറം മലയിടിച്ചിലും ഭൂമികുലുക്കവും മനുഷ്യജീവിതം തകിടംമറിച്ചപ്പോൾ അറിയാതെ ഓർത്തുപോയി. രണ്ടു പതിറ്റാണ്ടാനിപ്പുറം അത് സംഭവിച്ചിരിക്കുന്നു. ക്വാറികൾ എത്രമാത്രം അപകടകാരികളാണെന്നത് വളരെ നേരത്തെ പറയാനും നോവലാണ് സഹാ യിച്ചത്. കവിതയ്ക്കപ്പുറം വികാരവിക്ഷോഭങ്ങളും വിനിമയങ്ങളും സാധ്യമക്കുന്നതിന് നോവലാണ് ഉത്തമം.

**11. ആദിവാസി സംസ്കാരത്തെക്കുറിച്ചുള്ള സമ്പൂർണ്ണപഠനവും കമ്മ്യൂണിസവും തെയ്യങ്ങളെ യും കുറിച്ചുള്ള അവലോകനവും മുൻവിധികളെ പൊളിച്ചെഴുതാൻ എത്രമാത്രം സഹായകമായിട്ടു ണ്ട്?**

ഒന്നും പൊളിച്ചെഴുതുക എളുപ്പമല്ല. ചില സൂച നകൾ, കാഴ്ചപ്പാടുകൾ, നേർക്കാഴ്ചകൾ – അതി ലൂടെ പുനർചിന്തനവേദിയൊരുക്കുക, അതാണ്

> **എഴുത്തുകാരി എന്ന നിലയിൽ ഒന്നേ പറയാനുള്ളൂ ആദ്യം വായിക്കുക. കണ്ണുകെട്ടാതെ, കണ്ണടവയ്ക്കാതെ യും (നിറങ്ങൾ) വായിക്കുക. പക്ഷം പിടിക്കലല്ല, പക്ഷം വിടർത്തലാണ് വായനയിൽ പുലർത്തേണ്ട ധർമ്മം.**

ലക്ഷ്യം. ആദിവാസികളെക്കുറിച്ചും ആ പുസ്തക ത്തെക്കുറിച്ചും ധാരാളം ചർച്ചകളുണ്ടായി. അതൊ ന്നും അധികാരതലങ്ങളിൽ എത്താറില്ല എന്നതാണ് യാഥാർത്ഥ്യം.

ഏറെ വേദനിപ്പിച്ച ഒരനുഭവം – ഒരാളെ തിരസ്ക രിക്കാൻ എത്ര എളുപ്പമെന്ന് ഞെട്ടലുളവാക്കിയത് എൻറെ മുപ്പതാമത്തെ പുസ്തകമാണ്. 'കേരളത്തി ലെ ആദിവാസികൾ – ജീവിതവും സംസകാരവും' എന്നത്. അതിനു മുന്നേ ഏഴ് കവിതാസമാഹാര ങ്ങളും എട്ട് നോവലുകളും മൂന്നു യാത്രാവിവരണ ങ്ങളും രണ്ടു ബാലസാഹിത്യകൃതികളുമൊക്കെ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും വേദിയിൽ എന്നെ പരിചയപ്പെടുത്തുമ്പോൾ ബോധപൂർവം പറയും ആദിവാസികളെക്കുറിച്ച് പുസ്തകം എഴുതിയി ട്ടുണ്ടെന്ന്. ഒതുക്കലിൻറെ ഒരു മുഖം. 'കാവുപെറ്റ കമ്മ്യൂണിസം' എന്നുകേട്ട ഒരു പുതുകാല കമ്മ്യൂണിസ്റ്റുകാരൻ പുച്ഛത്തോടെ പറഞ്ഞത് ഇങ്ങനെയും ഏതു കാവാണ് കമ്മ്യൂണി സത്തെ പെറ്റത്? വായിക്കാനുള്ള മനസ്സാനിധ്യം ഇല്ലെന്ന് വാക്കുകൾ അടിവരയിടുന്നു.

എഴുത്തുകാരി എന്ന നിലയിൽ ഒന്നേ പറയാനു ള്ളൂ ആദ്യം വായിക്കുക. കണ്ണുകെട്ടാതെ, കണ്ണടവ യ്ക്കാതെയും (നിറങ്ങൾ) വായിക്കുക. പക്ഷം പിടിക്കലല്ല, പക്ഷം വിടർത്തലാണ് വായനയിൽ പുലർത്തേണ്ട ധർമ്മം.

**12. ഭാവി എഴുത്തുപദ്ധതികൾ എന്തൊക്കെയാണ്?**

യാത്രകളും അനുഭവങ്ങളും ഓർമ്മകളും ചേർ ത്ത് ഒരു പുസ്തകം അതാണ് ലക്ഷ്യം. കാലം അനു കൂലമായാൽ കൂടുതൽ എഴുതണം.

* * *

**ശ്രീദീപ് ചേന്നമംഗലം**

എറണാകുളം സ്വദേശി. കഥകളും കവിതകളും എഴുതുന്നു. പ്രഥമ നോവൽ 'ദക്ഷ' ജൂണിൽ പ്രസി ദ്ധീകൃതമായി.

കഥ

മനു മുരളി



# ഏകയായ്

ഇരുട്ടിനെ അവൾക്കു ഭയമില്ലായിരുന്നു.എന്നാൽ ഇരുട്ടിനെ കീറിമുറിച്ചു പുറത്തുചാടുന്ന ചെന്നായകൾ; ധൃതഗതിയിൽ ചലിക്കുന്ന അവളുടെ ഹൃദയമിടുപ്പുകൾക്കുള്ള കാരണം അവരായിരുന്നു.

ഇരുട്ടിന്റെ ശയ്യയിൽ പുതച്ചു മൂടി ഉറങ്ങുന്ന നഗരങ്ങൾ പഴങ്കഥകൾ ആയതോടെ,പാതിരാവിന്റെ നിശബ്ദത കുടുംബങ്ങളിൽ മാത്രമായി ഒതുങ്ങിയെങ്കിലും,തൃശൂർ നഗരത്തിന്റെ ഹൃദയമായ തേക്കിൻകാട് മൈതാനിയിൽ അന്ന് ഇരുട്ടിന്റെ ശൂന്യതയെ ഭീകരമാക്കും വിധത്തിലുള്ള ഒരു മൂകത നിലനിന്നിരുന്നതായി അവൾക്കു പ്രതീതമായി. അവിടെ, വേഗത്തിൽ ചലിക്കുന്ന അവളുടെ കാലൊച്ചയും, അതിലും വന്യമായ രീതിയിൽ മുന്നോട്ടുപോയിരുന്ന ഹൃദയസ്പന്ദനവും വ്യക്തമായി കേൾക്കാമായിരുന്നു. മാറിന്റെ ചൂടുപറ്റി സുഖനിദ്ര പൂകുകയായിരുന്ന പൊന്നോമനയെ ഉണർത്താതിരിക്കുവാൻ,അവൾ പരമാവധി ശ്രദ്ധിച്ചായിരുന്നു നടന്നിരുന്നത്.മകനെ നെഞ്ചോട് അടക്കിപിടിച്ചിരുന്ന വലതുകൈയിലായി കാലിയാവാറായിരുന്ന ഞെളുങ്ങിയ ഒരു മിനറൽ വാട്ടറിന്റെ കുപ്പിയുമുണ്ടായിരുന്നു.

ഓരോ ചുവടുവെക്കുമ്പോഴും അവൾ അത്യധികം പരിഭ്രമത്തോടെ ഓരോദിക്കിലേക്കും നോക്കുന്നുണ്ടായിരുന്നു.ഇരുട്ടിൽ നടക്കുവാൻ അവൾ പരമാവധി ശ്രദ്ധിച്ചു. രാപ്പകൽ വ്യത്യാസമില്ലാതെയാണ് കാമവെറിപൂണ്ട ചെന്നായകൾ പ്രായഭേദമെന്യേ, ആൺപെൺവ്യത്യാസമില്ലാതെ ഇരപിടിക്കുവാനായി നാട്ടിലിറങ്ങുന്നത്. ഇരുട്ട്; ഭയാനകമായ ഏകാന്തത; ഭീമാകാരമായ നിശബ്ദത; ഇവയെല്ലാം അവൾക്കുള്ളിലെ ഭയത്തെ അതിന്റെ പരകോടിയിലെത്തിച്ചിരിക്കുന്നു. ഇരുട്ടിനെ ഒരു കവചമായാണ് ഉപയോഗിക്കുന്നതെങ്കിലും,അതെപ്പോൾ വേണമെങ്കിലും ഇരുതലവാളായി അവൾക്കു നേരെ തിരിയാം.

നിഴലിനെ കൂട്ടുപിടിച്ചുകൊണ്ടുള്ള നടത്തം തുടങ്ങിയിട്ട് അനേകം നാഴികകൾ കഴിഞ്ഞിരുന്നു. മൂന്നുവയസ്സ് പ്രായമുള്ള കുഞ്ഞിന്റെ ഭാരവും,നീണ്ട നേരത്തെ കാൽനടത്തവും ഇതുവരെയും അവളുടെ ശരീരം ഗൗനിച്ചിരുന്നില്ല.എന്നാൽ ഇപ്പോൾ സാവധാനം കാലുകൾ വിറകൊള്ളുവാൻ തുടങ്ങിയിരിക്കുന്നു.ശ്വാസകോശങ്ങൾ ഞെരമ്പുകളിൽ പിടി മുറുക്കുവാൻ ആരംഭിച്ചിരിക്കുന്നു.ഒരു വിശ്രമം; അതിനായി അവളുടെ ശരീരം വെമ്പൽ കൊണ്ടു.സുരക്ഷിതമായ ഒരു വിശ്രമസ്ഥാനത്തിനായി അവളുടെ തളർന്ന കണ്ണുകൾ പരതി.അൽപ്പം മാറി വേരുറപ്പിച്ചിരുന്ന ഒരു മുത്തശ്ശിമരത്തിന്മേൽ ആ നേത്രങ്ങൾ കുരുങ്ങി.കരിങ്കല്ലുകൾക്കൊണ്ടുള്ള ഒരു തറയും അതിനു ചുറ്റുമായി കെട്ടി ഉയർത്തിയിരുന്നു.ക്ഷീണം കല്ലിച്ചകാലുകൾ വലിച്ചു വെച്ചുകൊണ്ട് അവൾ ആ വന്മരത്തെയും ലക്ഷ്യം വെച്ചു നടന്നു.

കരിങ്കൽ തറയുടെമേൽ ഇരുന്നപ്പോൾ അവൾക്കു അവരിരുവരുടെയും ഭാരം അനുഭവിക്കുവാൻ കഴിഞ്ഞിരുന്നില്ല.അവൾ സ്വയം അറിയാതെ പുറകിലേക്ക് മറഞ്ഞു വീഴാൻ പോയി. ഏറെ പരിശ്രമിച്ച് ഒടുവിൽ നേരെ ഇരുന്നതിനുശേഷം ചുറ്റിലും ഒരിക്കൽ കൂടി പരിഭ്രാന്തിയോടെ നോക്കി. പെട്ടെന്ന് തറയിൽ നിന്നും

നിലത്തേക്ക് അവൾ ഇറങ്ങിയിരുന്നു.മരത്തിന്റെ ഛായ അവരിരുവരെയും മൂടുവാനായി അവൾ അൽപ്പം കൂടി ഒതുങ്ങി.

കുഞ്ഞിന്റെ മുതുകിൽ വാത്സല്ല്യത്തോടെ തട്ടുന്നതിനിടയ്ക്കു അവൾ സംഭ്രമത്തോടെ തല സ്വല്പം ഉയർത്തി തറയുടെ മുകളിലൂടെ അവർക്കു പുറകിലായുള്ള പ്രദേശത്തെ ഒന്നു നിരീക്ഷിച്ചു.മനുഷ്യരുടെ നിഴലിനെ പോലും കണ്ണുകൾക്ക് ഒപ്പിയെടുക്കുവാൻ സാധിച്ചില്ല. അവർക്കു ഇടതു വശത്തായി നിറഞ്ഞുനിന്നിരുന്ന വടക്കുംനാഥ ക്ഷേത്ര മതിൽക്കെട്ട് അവളുടെ ശ്രദ്ധ പിടിച്ചു.ഇടതു വശത്തു വടക്കുംനാഥനും,വലതു വശത്തു പാറമേക്കാവ് ഭഗവതിയും.ആരുടെ സംരക്ഷണമാണ് അവരിരുവർക്കും ഈ രാത്രിയും ഇനി വരാനുള്ള രാത്രികളിലും ലഭിക്കുക?ചോദ്യങ്ങൾ കുന്നുകൂടുമ്പോൾ വിശ്വാസങ്ങൾ ശിഥിലമാകുന്നതായി എന്തുകൊണ്ടോ അവൾക്കു തോന്നി.

ക്ഷീണത്താൽ പരവശമായിരുന്ന ശരീരം, കണ്ണുകളെ വലിച്ചടയ്ക്കുവാൻ വെമ്പൽ കൊള്ളുകയായിരുന്നു.സമയത്തിന്റെ ഏതോ അതിരിൽ വെച്ച് അവൾ ഒരു മയക്കത്തിന്റെ കയത്തിലേക്ക് വലിച്ചെറിയപ്പെട്ടു.

ഹ്രസ്വമായ മയക്കം സ്വപ്നലോകത്തിന്റെ സ്വർണകവാടങ്ങൾ അവൾക്കുള്ളിൽ തുറന്നപ്പോൾ അവൾ അവിടെ ദർശിച്ചത് സ്വന്തം ഭൂതകാലത്തെ തന്നെയായിരുന്നു.എത്ര തന്നെ മോഹനമായ മായാലോകങ്ങളെക്കാളും സുന്ദരമായിരുന്നു ആ ജീവിതം.അവളുടെ ഭർത്താവിന്റെ പക്കൽ സമ്പത്തിനു സ്വല്പം പഞ്ഞമുണ്ടായിരുന്നെങ്കിലും, ആ ഹൃദയത്തിലെ സ്നേഹത്തിനു അളവുകളൊന്നും ഉണ്ടായിരുന്നില്ല.ദൃഢമായ ആ കൈകൾ പിടിച്ചു പിച്ചവയ്ക്കുവാൻ തുടങ്ങിയ മകനെ കണ്ടപ്പോൾ കെട്ടുറപ്പുള്ള ഒരു ഭാവിയുടെ കല്പടവുകളാണ് അവൾ ദർശിച്ചത്.

എന്നാൽ കലിയുടെ മന്ത്രോച്ചാരണം ശിരസ്സിനുള്ളിൽ കോലാഹലമുയർത്തിയ വേളയിൽ അയാളുടെ കൈയിൽ ഉണ്ടായിരുന്നത് മകന്റെ പിഞ്ചുകൈകളായിരുന്നില്ല, മറിച്ച് സമുദായത്തിന്റെ രക്തം പുരണ്ട പതാകയായിരുന്നു.വർഷാവർഷം പോസ്റ്റർ ഒട്ടിക്കുവാനും ബക്കറ്റ് പിരിവു നടത്താനും വേണ്ടിയുള്ള ഒരു രക്തസാക്ഷിയായി ആ ജീവിതം പൊലിഞ്ഞു.

ഏതോ ദിക്കിൽ നിന്നും വന്ന ഒരു ചെറിയ ശബ്ദം അവളെ മയക്കത്തിൽ നിന്നും ഞെട്ടി ഉണർത്തി.പകപ്പോടെ അവൾ ചുറ്റിലും നോക്കി.കുഞ്ഞ് അപ്പോഴും സുഖനിദ്രയിലായിരുന്നു.

അവളുടെ കാഴ്ച വ്യക്തമായിരുന്നില്ല.ബോട്ടിലിൽ ബാക്കിയുണ്ടായിരുന്ന വെള്ളം എടുത്ത് അവൾ മുഖം കഴുകി.വെള്ളത്തിന്റെ സ്പർശം കൊണ്ട് കണ്ണുകൾ നീറാൻ തുടങ്ങി.അതൊന്നും വകവെയ്ക്കാതെ അവൾ ഒരിക്കൽ കൂടി ചുറ്റിലും നോക്കി.ആരുമില്ലെന്ന് ഉറപ്പുവരുത്തിയതിനു ശേഷം നേരെയിരുന്നു.

അവളുടെ ചലനങ്ങൾ കുഞ്ഞിനെ അസ്വസ്ഥനാക്കിയിരിക്കണം; അവൻ മുരടനക്കുവാൻ തുടങ്ങി.നിദ്രവിട്ടു അവൻ ഉണരാതിരിക്കുവാൻ അവൾ ഒരു താരാട്ടിന്റെ ഈണം പതുക്കെ മൂളാൻ തുടങ്ങി.അവന്റെ മുതുകിൽ അവൾ ലോലമായി തട്ടുന്നുമുണ്ടായിരുന്നു.ആ സംഗീതത്തിൽ മൂകമായൊരു വാഗ്ധാനമുണ്ടായിരുന്നു.


'സുഖമായി ഉറങ്ങിക്കോളൂ.നീ ഒന്നുകൊണ്ടും പേടിക്കണ്ട.വിധി എന്നെ എത്രമാത്രം ഏകയാക്കുവാൻ ശ്രമിച്ചാലും ഞാൻ നിന്നെ ഒരിക്കലും ഏകനാക്കുകയില്ല.'

നിദ്ര അവളുടെ കണ്ണുകളിൽ നിന്നും കാതങ്ങളുടെ അകലം പാലിച്ചു.ഇനി വരുന്ന രാത്രികളെ തളരാത്ത ചുവടുകളോടെ നേരിടാനായി അവൾ അവളുടെ ഹൃദയത്തെ അനുഭവങ്ങളുടെ ചുട്ടുപഴുത്ത കനലിലിട്ടു ഉരുക്കാക്കുകയായിരുന്നു.ആ ആലയിൽ നിന്നും ഉയർന്ന കനൽത്തരികളുടെ ജ്വാല അവളുടെ കണ്ണുകളിൽ പ്രതിഫലിച്ചു.

കവിത

**ബി ഷിഹാബ്**

# മേഘം



എന്തിനോ വേണ്ടി ഹൃദയം
തപിക്കവേ
നീലാകാശം നോക്കി ഇറങ്ങി നടന്നു.
ദാഹം ശമിക്കുമോ?
കൈക്കുമ്പിൾ നീട്ടി ഞാൻ
മാമലകൾക്ക് മുന്നിൽ
മാമരങ്ങൾക്ക് മുന്നിൽ

വേദന നിറയവേ
മൗനമുരുണ്ട് കൂടവേ
മുഖമിരുണ്ട് പോകവേ
മനസ്സാരും വായിച്ചില്ല
മാനത്തലഞ്ഞു ദീർഘദൂരം
ചരട് പൊട്ടിയ പട്ടം പോലെ

ദീർഘനേരം കാറ്റിൻ കയ്യിൽ കിടന്നു
തളർച്ചയറിയതെ
താഴ്‌വരകളിൽ പരതി
അടുത്ത കാട് നോക്കി നടന്നു
അടുത്ത മേട് നോക്കി നടന്നു

അന്ന് കവികളെന്നോട്
ദൂതുകൾ ചൊല്ലി
അവരുടെ മനസ്സുകളിൽ പ്രണയം
പെരുമഴ പെയ്യുന്ന നേരം
അവരെന്റെ മനസ്സ് വായിച്ചു
മനസ്സെഴുത്തുകാരല്ലോ കവികൾ
ധർമ്മത്തിന്റെ നൂല്പാലത്തിലൂടവർ
രഥമോടിക്കും
കർമ്മപഥത്തിലൂടവർ സഞ്ചരിക്കും
പൊള്ളുന്ന ജീവിതമെഴുതി വയ്ക്കും

മലമുഴക്കി കാടിളക്കി
മഴകാത്ത വ്യാഴാമ്പൽ
മഴക്കായ് കേണു ജലജീവികൾ
മരപ്പൊത്തിൽ ചീവീടിൻ ഗാനപ്രപഞ്ചം

യാത്രയിൽ കണ്ടുമുട്ടവേ
മംഗല്യമാല ചാർത്തി
പ്രണയ പരവശനായ
മാനത്തെ രാജശില്പി
ചൂടും വെളിച്ചവും,സ്നേഹം പുരട്ടി വിള
മ്പുന്നവൻ

മനസ്സിലൊരു വഴി തെളിയവേ
കാറ്റിൻ ചുമലിൽ
മരത്തിൻ ചില്ലയിൽ
പറന്നിറങ്ങിയപ്പോൾ
മരവും കാറ്റും
കുളിര് തന്നു
സൂര്യൻ പ്രണയ
ജീവിതം തന്നു

നല്ല പോൽ മനസ്സു നിറഞ്ഞ
ഞാനിനി പെയ്യാതിരിക്കുന്നതെങ്ങനെ?
ഭൂമിയിൽ തപിക്കുന്ന
മനസ്സുകൾ കാത്തിരിക്കുന്നു
തപിക്കുന്ന മനസ്സുകൾ
സാന്ത്വനം ഭുജിക്കട്ടെ
ആനന്ദ തുന്ദിലമാവട്ടെ


അതാ പ്രണയ പരവശയായി
കവി പറഞ്ഞ പെണ്ണ്
കുളിര് കൊണ്ട് വിറക്കുന്നു


---

**ബി ഷിഹാബ്**
നെടുമങ്ങാട് താലൂക്കിൽ പൂവച്ചൽ ജനനം. എൻജിനീയറിങ് ബിരുദം, മാനേജ്മെന്റിലും, ഇംഗ്ലീഷ് സാഹിത്യ ത്തിലും ബിരുദാനന്തര ബിരുദം. വൈദ്യുതി ബോർഡിൽ എഞ്ചിനീയർ ആയിരുന്നു. ഇപ്പോൾ വിരമിച്ചു. ഇപ്പോൾ ചിറയിൻകീഴ് താമസിക്കുന്നു. 6 പുസ്തകങ്ങൾ. ആനുകാലികങ്ങളിൽ എഴുതുന്നു

# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**






**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches. We Serve in USA, Canada and India**

കഥ

വി വി കുമാർ



# ഒറ്റവയ്ക്കോൽ വിപ്ലവം

രാജകൊട്ടാരത്തിനു മുമ്പിലാണ് നമ്മുടെ കഥാന്തരീക്ഷത്തിലുള്ള ഫ്ളാറ്റ് സ്ഥിതി ചെയ്യുന്നത്. ആകാശനീലിമയിൽ തൊട്ടു നില്ക്കുന്ന മുപ്പത്തിയെട്ടു നിലകൾ, മുപ്പത്തിയെട്ടാം നിലയിലെ പെന്റ് ഹൗസിൽ നിന്നു നോക്കിയാൽ കടൽത്തിരയിലുയർന്നു താഴുന്ന വള്ളങ്ങൾ കാണാം. ദൂരെയൊരു പൊട്ടു പോലെ നങ്കൂരമിട്ടിരിക്കുന്ന കപ്പൽ. കിഴക്കുവശത്ത് കൂറ്റൻ വൃക്ഷത്തലപ്പുകൾക്കിടയിൽ രാജകൊട്ടാരപ്പഴമ. വരിക, രാജകൊട്ടാരത്തിന്റെ അയല്ക്കാരനാവാൻ നിങ്ങൾക്കൊരു സുവർണ്ണാവസരം എന്ന പരസ്യവാചകം കണ്ട് ഓടി വന്നവരാണ് ഈ മുപ്പത്തിയെട്ടു നിലകളിലെയും അന്തേവാസികൾ; അന്തേവാസികൾ എന്ന വാക്ക് ഭംഗ്യന്തരേണ ഉപയോഗിച്ചു എന്നേയുള്ളൂ, ഏറെ ബഹുമാനിതരാണ് താമസക്കാരെല്ലാം. സ്വിസ് ബാങ്കിൽ നിക്ഷേപമുള്ളവർ, സാംസ്കാരികരംഗത്തുള്ളവർ, സിനിമാനിർമ്മാതാക്കൾ, മന്ത്രിമാരുടെ ബിനാമികൾ, ഏറെ പ്രശസ്തയും വിവാദ നായികയുമായ സിനിമാ നടി... അങ്ങനെ നീളുന്നു ഫ്ളാറ്റുടമസ്ഥരുടെ നീണ്ട നിര.

'രാജകീയം' എന്നാണ് ഫ്ളാറ്റുസമുച്ചയത്തിന്റെ പേരുതന്നെ. കുറ്റം പറയരുതല്ലോ, പേരിനനുഗുണമായ സൗകര്യവും പ്രൗഢിയുമൊരുക്കാൻ ഫ്ളാറ്റു നിർമ്മാതാക്കൾ അത്ര തന്നെ സൂക്ഷ്മതയും ശ്രദ്ധയും ചെലുത്തിയിരുന്നു എന്നും സമ്മതിക്കണം, അഞ്ചേക്കറിലെ പറമ്പ് നിറയെ കുറ്റൻ വൃക്ഷങ്ങൾ, വൈകുന്നേരങ്ങളിൽ അതിൽ ചേക്കേറുന്ന പക്ഷികളുടെ കളകുജനങ്ങൾ നഗരപ്പഴമയ്ക്ക് മാറ്റുകൂട്ടുക തന്നെയാണ്. വിശാലമായ പുൽത്തകിടി, ഗോൾഫ് കളിസ്ഥലം, നിറയെ താമര വിരിഞ്ഞുനില്ക്കുന്ന വലിയൊരു കുളം, അതിന്റെ പുരാതനമാർന്ന കല്പടവുകളിൽ ഒരു പാട്ടുരംഗം ചിത്രീകരിക്കാൻ, അതും മാധുരീദീക്ഷിത്തിന്റെ പാട്ടുരംഗം, ബോളിവുഡിലെ വമ്പൻ നിർമ്മാവിനു പോലും അനുമതി ലഭിച്ചില്ല എന്നതും എടുത്തു പറയേണ്ടതാണ്. കുളത്തിനരികിലൂടെ വർത്തുളമായി പോകുന്ന പാതയ്ക്കിരുവശത്തും മുളങ്കാടുകൾ. അവയ്ക്കരികിലൂടെ കളകളാരവം മുഴക്കിയൊഴുകുന്ന കൃതിമമെന്ന് തിരിച്ചറിയാനാവാത്ത കൊച്ചരുവി. ചില അന്തേവാസികൾ, മുളങ്കാടിനടുത്തെ നീരുറവയിൽ ചില നേരങ്ങൾ നഗ്നരായി കുളിക്കാറുണ്ടെന്നും

നമ്മുടെ 29ആയിലെ വിവാദനടിയുടെ കുളിസീൻ അങ്ങനെയാണ് വാട്സ്ആപ്പിലൂടെ പ്രചരിച്ചതെന്നും കിംവദന്തിയുണ്ട്.

ഓരോ നിലയിലും ഓരോ നീന്തൽക്കുളങ്ങൾ. ചാനലൈസ് ചെയ്യപ്പെട്ട ഗ്യാസ് കണക്ഷൻ. വിശാലമായ കോൺഫറൻസ് ഹാളുകൾ, കുട്ടികൾക്കുള്ള കലാ-കായിക-ബൗദ്ധിക വികാസത്തിനുതകുന്ന കളിക്കോപ്പുകൾ. യോഗ-മെഡിറ്റേഷൻ സെന്ററും മസാജ് പാർലറും. പുരുഷന് പുരുഷനും സ്ത്രീക്ക് സ്ത്രീയുമാണ് തടവലിന്റെ നാട്ടുനടപ്പെങ്കിൽ ഇവിടെ ആവശ്യക്കാർക്ക് തിരിച്ചുമാവാം. പെൺകുട്ടികൾക്ക് മുടിമുറിക്കാൻ അംബികാപിള്ളയുടെയോ വിജിയുടെയോ സേവനം ഇരുപത്തിനാലു മണിക്കൂറും ലഭിക്കും. സദാ സജ്ജമായി നില്ക്കുന്ന വെന്റിലേറ്റർ സൗകര്യമുള്ള രണ്ടു ആംബുലൻസുകൾ. സ്പെഷ്യലിസ്റ്റുകളുൾപ്പെടെയുള്ള ഡോക്ടർമാരുടെ സേവനം. ഫയർ എഞ്ചിനുകൾ, മൂന്നു ദേശാസാൽകൃത  ബാങ്കുകളുടെ എ ടി എം കൗണ്ടറുകൾ. പൊതുവായി സിനിമ കാണാനിടം. പോരാത്തതിന് സ്ഥിരമായി ഒരു സൈക്കോളജിസ്റ്റും, റിട്ടയേർഡ് മേജർ നേതൃത്വം കൊടുക്കുന്ന പഴുതടച്ചുള്ള സെക്യൂരിറ്റി സംവിധാനവും.

ഇതൊക്കെ വൻമതിലിനുള്ളിലെ കാര്യമാണെങ്കിൽ പുറമേ മോടി പിടിപ്പിക്കൽ സർക്കാർ വകയാണ്, ഫ്ളാറ്റുയർന്നതോടെ റോഡിനെതിരെ പാമ്പുകയറി കാടുപിടിച്ചു കിടന്ന പുറമ്പോക്കിൽ നഗരസഭ അതിസുന്ദരമായ ഒരുദ്യാനം പണിതു. അതിനു മദ്ധ്യത്തായി കാനായി കുഞ്ഞിരാമന്റെ കരവിരുതിൽ വിരിഞ്ഞ കൂറ്റൻ കോൺക്രീറ്റ് പ്രതിമ. ചങ്ങലയാൽ ബന്ധിതമായി മുഖമുയർത്തി ആകാശത്തേക്ക് നോക്കി വിലപിക്കുന്ന ഒരു സ്ത്രീരൂപമാണത്. നഗരസഭയുടെ പണം പറ്റിക്കൊണ്ട് കാനായി കാണിച്ച കൃസൃതിയാണത്.

അല്ലെങ്കിലെന്തിന് രാജകൊട്ടാര ത്തിനും രാജകീയ ഫ്ളാറ്റിനും സമീപത്തുള്ള ഉദ്യാനത്തിൽ വലിഞ്ഞു തുങ്ങിയ മുലകളും കുഴിഞ്ഞ കണ്ണുകളും ഒട്ടിയ കവിളുകളുമുള്ള ബന്ധിതമായ സ്ത്രീവിലാപം സ്ഥാപിക്കപ്പെട്ടു? ആർഭാടങ്ങൾക്കു നടുവിലെ വിലാപം എന്ന തലക്കെട്ടിൽ പാർട്ടി പത്രത്തിൽ അവിനാശ് എന്ന പത്രപ്രവർത്തകൻ ലേഖനമെഴുതിയപ്പോഴാണ് കാനായിയുടെ ഉള്ളുകള്ളികളെപ്പറ്റി ഫ്ലാറ്റ് ഓണേഴ്സ് അസോസിയേഷൻകാർക്ക് ബോധോദയമുണ്ടായത്. ഉടൻ തന്നെ അതുമാറ്റി അവിടെ ഇത്തിരിവൃത്തിയും വെടിപ്പുമുള്ള ആരുടെയെങ്കിലും പ്രതിമ സ്ഥാപിക്കണമെന്ന് അസോസി യേഷൻകാർ മന്ത്രിയോടാവശ്യപ്പെട്ടു എന്ന പത്രവാർത്ത വന്നപാടേ അസൂയാലുക്കളായ ചില കാളികൂളികളും ചിത്രകലാകാരന്മാരും ചാടി വീഴുകയും അലമ്പുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തു. ഉപതെരഞ്ഞെടുപ്പ് ആസന്നമായതിനാൽ തല്ക്കാലം അതവിടെ നിൽക്കട്ടെയെന്നും ഉടൻതന്നെ കെ എസ് ടി പിക്കാർ റോഡു വീതി കൂട്ടുന്നതിനുള്ള പണി തുടങ്ങുമെന്നും അപ്പോൾ ഇരുചെവിയറിയാതെ പ്രതിമയെ കടപ്പുറത്തേക്കോ മറ്റോ നാടുകടത്താമെന്നും മന്ത്രി ഫ്ളാറ്റുടമകളെ സമാശ്വസിപ്പിച്ചു എന്നുമൊക്കെ വാർത്തകൾ പരക്കുന്നുണ്ട്. കാനായി കള്ളനാണെന്നും സർക്കാർ ഖജനാവിലെ പണം പറ്റിക്കൊണ്ട് സർക്കാരിനെത്തന്നെ അടിക്കാനാണ് ഒരു ദുരന്തശില്പം അവിടെ സ്ഥാപിച്ചതെന്നും മന്ത്രിസഭായോഗത്തിൽ ചർച്ചയായത്രേ.

ഫ്ളാറ്റിനു തൊട്ടടുത്തുതന്നെ പൊലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിച്ചും മുന്നും പിന്നും കൂറ്റൻ ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിച്ചും സ്ഥലം എംപി തന്നാലായത് ചെയ്തു. മഴവെള്ളത്തിന്റെ സ്വാഭാവികമായ ഒഴുക്കിന് തടസ്സമുണ്ടാക്കുന്നു എന്ന കാരണം പറഞ്ഞ് ഫ്ളാറ്റിന് അരകിലോമീറ്റർ അകലെയുള്ള ചേരി രായ്ക്കുരാമാനം ബുൾഡോസറിന് ഇടിച്ചു നിരത്തി അവിടെ വലിയൊരു കുളം കുഴിച്ച് മനോഹരമാക്കി. 'ഓപ്പറേഷൻ രാജകീയം' എന്ന ഓമനപ്പേരിലാണ് ഈ ചേരി നിർമ്മാർജ്ജന കുളംതോണ്ടൽ പദ്ധതി നടപ്പിലാക്കിയത്. നിയമസഭയിലേക്ക് മാർച്ച് നടത്തിയ ചേരിനിവാസികളെ ആകാശത്തേക്ക് വെടിവച്ചോടിക്കുകയും സർവ്വകക്ഷിയോഗം ചേർന്ന് പുനരധിവാസ ചർച്ചകൾ തുടങ്ങുകയും ചെയ്തു. ചുരുക്കത്തിൽ നഗരഹൃദയത്തിന്റെ അഭിമാനമായാണ് രാജകീയം ഫ്ളാറ്റ് നിലകൊള്ളുന്നത്.

പൂർണ്ണസജ്ജമായ ഫ്ലാറ്റ് വിറ്റുപോകാൻ അധികം ആയാസമൊന്നും വേണ്ടിവന്നില്ല. പരസ്യവാചകം കണ്ടപാടേ നെറ്റിലൂടെ അപേക്ഷകരുടെ പ്രവാഹമായിരുന്നു. ചോദിക്കുന്ന എല്ലാവർക്കും കൊടുക്കാൻ സാധനവുമില്ലല്ലോ. അതുകൊണ്ടുതന്നെ ഫ്ളാറ്റുനിർമ്മാതാക്കൾ നിർദ്ദേശിച്ച ഒരു വിദഗ്ദ്ധസംഘം അപേക്ഷകരെ സൂക്ഷ്മനിരീക്ഷണവും പരിശോധനയും നടത്തിയ ശേഷമാണ് തിരഞ്ഞെടുപ്പ് നടത്തിയത്. തെരഞ്ഞെടുക്കപ്പെട്ട ഭാഗ്യവാന്മാരുടെ പേരുകൾ നെറ്റിലൂടെ പരസ്യപ്പെടുത്തുകയും കിട്ടാത്തവർ നിരാശരാവേണ്ട, അവർക്ക് താല്പര്യമുണ്ടെങ്കിൽ ഉടൻ പണി തുടങ്ങുന്ന നഗരഹൃദയത്തിലെ തന്നെ മറ്റൊരു ഫ്ളാറ്റിൽ മുൻഗണന നല്കുമെന്നുള്ള ആശ്വാസവചനങ്ങളുമുണ്ടായി.

തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് പരിശോധിച്ചാൽ അവരൊക്കെത്തന്നെ നമ്മുടെ രാജ്യത്തിലെ നൂറു പണക്കാരുടെ ലിസ്റ്റിൽ വരും എന്നതും ഫോബ്സ് മാസിക കഴിഞ്ഞവർഷം കണ്ടെത്തിയ ലോക പണക്കാരുടെ ലിസ്റ്റിൽ ഇടം നേടിയ ഏഴുപേർ രാജകീയം ഫ്ളാറ്റ് ലിസ്റ്റിലുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. എന്നാൽ, ഈ യോഗ്യതയൊന്നുമില്ലാത്ത രണ്ടുപേർ കൂടി ലിസ്റ്റിൽ കടന്നുകൂടി. എന്റെ സുഹൃത്തും ഫ്ലാറ്റ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ചുമതലയുള്ള തഹസീൽദാരുമായ രമണനാണ് ഒരാൾ. പിന്നെയൊരു മൂന്നാംകിട പത്രപ്രവർത്തകനായ ഞാനും. അതെങ്ങനെ സംഭവിച്ചു എന്നുള്ള ചോദ്യം ന്യായമാണ്. അതൊരു നീണ്ട കഥയാണ്. ചുരുക്കിപ്പറയാം.

ഒരു ഞായറാഴ്ച ദിവസം. അന്തിമയങ്ങിയ നേരമാണ്. അമ്പിളി ബാറിലെ തണുപ്പിൽ ഉള്ളിയരിഞ്ഞിട്ട് കുതിർത്ത കപ്പലണ്ടിയും കൊറിച്ച് ഒരു സിപ്പെടുത്ത് അങ്ങനെയിരിക്കുമ്പോഴാണ് നമ്മുടെ രമണൻ തഹസിൽദാർ ഫ്ളാറ്റു വരുന്നതി നെപ്പറ്റി പറയുന്നത്. അഴുക്കുചാലും പുറമ്പോക്കുമുൾപ്പെട്ട ഒരേക്കർ സ്ഥലം കൂടി ബിൽഡർ വളച്ചെടുത്തിട്ടുണ്ടെന്നും അത് കണ്ണടച്ചിരുട്ടാക്കിയതിന്റെ ഉപകാരസ്മരണയായി തെക്കേമൂലയിലെ രണ്ടുമുറി ഫ്ളാറ് രമണന് എഴുതിക്കൊടുക്കാമെന്നേറ്റിട്ടുണ്ടെന്നും അറിഞ്ഞ മാത്രയിൽത്തന്നെ മാധ്യമപ്രവർത്തനത്തിന്റെ അനന്ത സാദ്ധ്യതകൾ എന്റെയുള്ളിൽ തിരതല്ലിത്തിളച്ചു വന്നു. അതൊരു മാധ്യമവാർത്തയാവുമെന്നും കൊട്ടിഘോഷിക്കപ്പെട്ട ഫ്ളാറ്റ് ഉയരാൻ പോകുന്നില്ലെന്നും കാണിച്ച് ഞാനൊരു കളി കളിച്ചു. ജീവൻ പണയം വെച്ച് രണ്ടും കെട്ടുള്ള ഒരു കളിയാണേയ്. അവസാനം ഇതാ, ഒരു തണുത്ത

വെളുപ്പാൻ കാലത്ത്, തണുത്ത ബി എം ഡബ്ലിയു കാർ എന്റെ വീട്ടുപടിക്കൽ വന്നു നിന്നു. കോട്ടും സൂട്ടുമണിഞ്ഞ മാന്യദേഹം തണുത്ത കൈപ്പത്തി എന്റെ നേരെ നീട്ടിയപ്പോൾ തീരുന്ന പ്രശ്നങ്ങളേ ഉണ്ടായിരുന്നുള്ളൂ. തഹസിൽദാരുടെ തൊട്ടടുത്ത് ഒരു മൂന്നാംകിട പത്രപ്രവർത്തകനായ ഞാനും കയറിപ്പറ്റിയത് അങ്ങനെയാണ്. ഒരു വ്യവസ്ഥമാത്രമേ ഉണ്ടായിരുന്നുള്ളൂ. വി വി ഐ പികൾ താമസിക്കുന്ന ഫ്ളാറ്റായതിനാൽ മന്ത്രിമാരുൾപ്പെടെ പല ഉന്നതരും വന്നുപോകും. പലതും നടക്കും. അതൊന്നും കണ്ടെന്നു നടിക്കരുത്. നിസ്സാര കാര്യമല്ല. അത്തരം കൂതറ നടപടികൾക്കൊന്നും എന്നെ കിട്ടില്ല എന്ന് വാക്കുകൊടുക്കാൻ അധികം ആലോചിക്കേണ്ടതില്ലല്ലോ.

ഇനി നിങ്ങളോടൊരു രഹസ്യം പറഞ്ഞാൽ ഞെട്ടരുത്. കോട്ടും സൂട്ടുമിട്ടയാൾ എന്റെ വീട്ടിൽ വന്നിറങ്ങിയതുമുതൽ പോകുന്നതുവരെയുള്ള സംഭാഷണങ്ങളും ചിത്രങ്ങളും ഇതാ ലാപ്ടോപ്പിൽ ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്. അതിന്റെ കോപ്പിയടങ്ങിയ പെൻഡ്രൈവുകൾ വിദേശത്താണ് സുരക്ഷിതമായിരിക്കുന്നത്. ഏതു കാര്യത്തിനിറങ്ങിത്തിരിച്ചാലും ഭാവിയെ ഒന്നു മുൻകൂട്ടി കാണുന്നത് നല്ലതാണ് എന്ന ചിന്താഗതിക്കാരനാണ് ഞാൻ. ഒരു കാര്യം കൂടി പറഞ്ഞാട്ടേ. പത്രപ്രവർത്തകനായ ഞാൻ പാവപ്പെട്ടവനാണെങ്കിലും സർവ്വേയറായി സർ വ്വീസിൽ കയറി അടിവച്ചടിവച്ച് തഹസിൽദാരായിത്തീർന്ന രമണന് ഈ ലോകപണക്കാരെ കവച്ചു വയ്ക്കുന്ന ആസ്തിയും നിക്ഷേപവുമുണ്ടെന്നാണ് രഹസ്യവിവരം. പക്ഷേ, മുണ്ടു മടക്കിക്കുത്തി, മൊട്ടത്തലയുഴിഞ്ഞ് ബാൽക്കണിയിൽ നില്ക്കുന്ന രമണനെക്കണ്ടാലൊരയ്യോ പാവം തോന്നും.

ഫ്ളാറ്റുകൾ തരപ്പെട്ടവർ എനിക്ക് കിട്ടി, എനിക്കു കിട്ടി എന്നത് തുരുതുരാ ഫേസ് ബുക്കിലൂടെയും വാട്സ് ആപ്പിലൂടെയും സന്തോഷ സൂചകമായ മെസേജുകളും ഫ്ളാറ്റിനു മുന്നിൽ നിന്നുള്ള ഫോട്ടോകളും അയച്ചു കൊണ്ടിരുന്നു. കിട്ടാത്തവർ, ഭാഗ്യം കടാക്ഷിക്കാത്തവർ അവരെയത് കുറച്ചൊന്നുമല്ല നിരാശരാക്കിയത്. അതുകൊണ്ടു തന്നെ ഒരാഴ്ചയോളം അവർ ഫേസ്ബുക്ക് പേജുകൾ തുറന്നതേയില്ല. എന്നാൽ ഇത്രയേറെ ആവേശത്തോടെ ഫ്ളാറ്റുകൾ കൈപ്പറ്റിയവർ അവിടെ സ്ഥിരമായി താമസിച്ചു എന്നൊന്നും കരുതരുത്. പലരും ബിസിനസിന്റെയും ഒക്കെ ഇടവേളകളിൽ വന്നു പോകുന്നു എന്നുമാത്രം. സിനിമാക്കാരും സുഹൃത്തുക്കളും ചില കഥാചർച്ചാ വേളകളിലും നഗരപ്രാന്ത ഷൂട്ടിങ്ങിനിടയിലും ഒറ്റയ്ക്കും കൂട്ടായും വന്നുപോകാറുണ്ട്. ചില ദിവസങ്ങളിൽ ഒരു മഹാനടൻ ചില പുതുമുഖ നടികളുമൊത്തുവന്ന് മൂപ്പതാം നിലയിലെ തന്റെ ഫ്ളാറ്റിൽ അന്തിയുറങ്ങാറുണ്ട് എന്നതും ഞങ്ങടെ അഭിമാനമാണ്. മൂവിയിലും നാനയിലും ചിത്രഭൂമിയിലുമൊക്കെ നിറഞ്ഞുനില്ക്കുന്ന നക്ഷത്രങ്ങൾ തങ്ങളുടെ സഖിമാരൊത്ത് തൊട്ടടുത്ത മുറിയിൽ അന്തിയുറങ്ങുന്നു എന്ന ചിന്ത തന്നെ ഞങ്ങളുടെ മസ്തിഷ്കത്തിലെ ലൈംഗികതരംഗങ്ങളെ ഉദ്ദീപിപ്പിക്കുകയും രാത്രികളെ വയാഗ്രാ ഉപയോഗം കൊണ്ടെന്നപോലെ സംഭവബഹുലമാക്കുകയും ചെയ്തുപോന്നു.

അങ്ങനെ സ്വച്ഛന്ദസുന്ദരമായ ജീവിതം മുന്നേറവെയാണ് അത് സംഭവിച്ചത്. മദ്ധ്യവയസ്കനും പ്രാകൃതനുമായ ഒരാൾ ഏഴാം നിലയിലെ കോറിഡോറിൽ പ്രത്യക്ഷപ്പെട്ടു. പ്രത്യക്ഷപ്പെട്ടു എന്ന വാക്ക് അളന്നു തൂക്കിത്തന്നെയാണ് പ്രയോഗിച്ചത്. സദാ പൊലീസിന്റെ നിരീക്ഷണത്തിലുള്ള, സെക്യൂരിറ്റി ഗാർഡിന്റെ മൂന്നു വലയങ്ങളുള്ള, ചുറ്റും നിരീക്ഷണ ക്യാമറകളുള്ള ഫ്ളാറ്റിനുള്ളിലെ ഏഴാം നിലയിലൊരപരിചിതൻ കടന്നുവരുക എന്നത് സങ്കല്പാതീതം തന്നെ. അപ്പോൾ പ്രത്യക്ഷപ്പെട്ടു എന്നല്ലാതെ മറ്റെന്തു വാക്കാണ് പ്രയോഗിക്കേണ്ടത്?

അയാൾ കുടിച്ചിട്ടുണ്ട്, എങ്കിലും ലഹരി കയറിയിട്ടില്ല. മുഖത്ത് കടുത്ത ധിക്കാരത്തിന്റെയും അതേസമയം ഭയത്തിന്റെയും ലക്ഷണങ്ങൾ കാണാം. ദീർഘകാലം അടിമത്തത്തിൽ അടിഞ്ഞു കൂടിയിട്ട് പെട്ടെന്ന് സ്വാതന്ത്ര്യം പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്ന ഒരുവനെപ്പോലെയായിരുന്നു. കുറേക്കൂടി വിശദമായിപ്പറഞ്ഞാൽ നിങ്ങളെ പ്രഹരിക്കാൻ ഉൽക്കടമായി ആഗ്രഹിക്കുകയും എന്നാൽ നിങ്ങൾ പ്രഹരിച്ചേക്കുമെന്ന് ഭയപ്പെടുകയും ചെയ്യുന്ന ഒരുവനെപ്പോലെയായിരുന്നു. ആ മനുഷ്യൻ വൃത്തികെട്ടതും പുള്ളിയും വിള്ളലും വീണിട്ടുള്ളതുമായ കറുത്ത ചീട്ടിക്കുപ്പായമാണ് ധരിച്ചിരുന്നത്.

7ഇ യിലെ അന്നാമ്മാ അലക്സ് വാതിലിലെ സുഷിരത്തിലൂടെ നോക്കുമ്പോഴാണ് കോറിഡോറിൽ ഒരു പ്രാകൃതരൂപം നടക്കുന്നത് കണ്ടത്. അന്നാമ്മയുടെ പേടിച്ച നിലവിളി ഫ്ളാറ്റിനെയാകെ വിറപ്പിച്ചുകളഞ്ഞു. എന്തോ കടുത്ത അത്യാഹിതം സംഭവിച്ചാലെന്നപോലെ സൈറൺ മുഴങ്ങുകയും സെക്യൂരിറ്റി ജീവനക്കാർ ഏഴാം നിലയിലേക്ക് കുതിക്കുകയും ചെയ്തു. അപ്പോഴേക്കും അപരിചിതൻ തഹസിൽദാർ രമണന്റെ വാതിലിനു മുന്നിലെത്തിയിരുന്നു. നിമിഷനേരം കൊണ്ടു തന്നെ പൊലീസെത്തുകയും അപരിചിതനെയും ജീപ്പിൽക്കയറ്റി സ്ഥലം കാലിയാക്കുകയും ചെയ്തു. ഇതിനിടെ പൊലീസിന്റെ സമയോചിതവും ദ്രുതവുമായ ഇടപെടലിന് ഫ്ളാറ്റ് സെക്രട്ടറി നന്ദി രേഖപ്പെടുത്താനും മറന്നില്ല. എങ്കിലും ആര്, എന്തിന്, എങ്ങനെയെന്നൊക്കെയുള്ള ദുരൂഹതകൾ ബാക്കി നിന്നു.

ഒരജ്ഞാത കേന്ദ്രത്തിൽ വച്ച് മൂന്ന് ഉയർന്ന പൊലീസുദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ചോദ്യം ചെയ്യലാരംഭിച്ചത്. സുഹൃത്തേ, താങ്കളുടെ പേരെ

ന്താണ് എന്ന നിർദ്ദോഷവും സൗമ്യവും ആയ ചോദ്യത്തിനുള്ള മറുപടി തന്നെ കാര്യങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കിക്കളഞ്ഞു. വെടിപൊട്ടുന്ന ഒച്ചയിൽ അജ്ഞാതൻ തലയുയർത്തിപ്പിടിച്ച് നിന്ന് മറുപടി പറഞ്ഞു 'ഞാൻ നിക്കോള ഇലിയച്ച് സ്നെഗിർയോവാണ് സാർ'.

പൊലീസുകാരുടെ കണ്ണുതള്ളിപ്പോയി. കഞ്ചാവ് കുട്ടപ്പൻ, കരി ഓയിൽ ശങ്കരൻ, കോഴി ശശി, വർഗീസ്, ഫിലിപ്പ്, വേണു, ലക്ഷമണ, അങ്ങാടിപ്പുറം ബാലകൃഷ്ണൻ, ജയറാം, കണ്ണമ്പള്ളി മുരളി, വാസു, മോഹൻലാൽ, മമ്മൂട്ടി, മാമുക്കോയ എന്നൊക്കെ കേട്ടിട്ടുണ്ട്. കടിച്ചാൽ പൊട്ടാത്ത ഇത്തരമൊരു പേരും വഹിച്ചു നടക്കുന്ന ഒരുവനെ ആദ്യമായി കാണുകയാണ്. ഞെട്ടലിന്റെ ജാള്യത മറയ്ക്കാനും കാര്യങ്ങളെ കൂടുതൽ ലാഘവത്തിലാക്കാനുമുറച്ച് ഓഫീസർ ഒരല്പം തമാശ കലർന്ന സ്വരത്തിൽ ഇങ്ങനെ പറഞ്ഞുപോയി 'അതെന്തെരെടേയ്. നീ റഷ്യയിലൊണ്ടായതാ?' അതിനും അജ്ഞാതന്റെ മറുപടി വളരെ വളരെ വ്യക്തതയോടെയായിരുന്നു.

'അതേ സാർ. മുമ്പ് റഷ്യൻ കുതിരപ്പട്ടാളത്തിലെ ക്യാപ്റ്റനായിരുന്നു ഞാൻ. ദുർനടത്തങ്ങൾ കാരണം ഭ്രഷ്ടൻ. എന്നാൽ ഇപ്പോഴും ക്യാപ്റ്റൻ'. ഇവിടെയെത്തിയപ്പോൾ പൊലീസ് ഓഫീസർക്ക് ഒരു തരം പെരുപ്പ് മേലാകെ ഇരച്ചു കയറി. പ്രത്യേകിച്ച് ഇടയ്ക്കിടെയുള്ള ഈ 'സർ' എന്നുള്ള പ്രയോഗം ഒരു ആക്കൽ പോലെയും തോന്നി. 'അവന്റമ്മേടെ സർ വിളി.' ഒറ്റച്ചവിട്ടിൽ അജ്ഞാതൻ മുറിയുടെ മൂലയിൽ ചുരുണ്ടുകൂടി. എന്നാൽ, പെട്ടെന്നുതന്നെ ചവിട്ടുകൊണ്ടാതായോ വേദനയുള്ളതായോ ഉള്ള യാതൊരു ഭാവവ്യത്യാസവുമില്ലാതെ ഒരുറക്കം കഴിഞ്ഞ് എണീറ്റാലെന്നപോലെ എഴുന്നേറ്റുനിന്ന് ഉറക്കെത്തന്നെ അയാൾ പറഞ്ഞു തുടങ്ങി 'എന്റെ ജീവിതത്തിന്റെ ഉത്തരാർദ്ധത്തിൽ ഞാൻ 'സാർ' എന്നു പറയാൻ ശീലിച്ചു സർ. നിങ്ങൾ ലോകത്തിൽ അധഃപതിക്കുമ്പോൾ ഉപയോഗിക്കുന്ന വാക്കാണത്.' ഇപ്പോൾ പൊലീസുദ്യോഗസ്ഥർക്ക് കാര്യങ്ങൾ കൂടുതൽ വ്യക്തതയോടെ മനസ്സിലായിത്തുടങ്ങി. ഈ നെഗിർയോവെന്നപേരും തലയുയർത്തിപ്പിടിച്ചു നില്പും ക്യാപ്റ്റൻ, ഭ്രഷ്ടൻ, ദുർനടപ്പ്, ഉത്തരാർദ്ധം എന്നിങ്ങനെയുള്ള കടുത്ത പദപ്രയോഗങ്ങളും ഏതോ കോഡുഭാഷയാണെന്ന നിഗമനത്തിലെത്താൻ അധിക സമയം വേണ്ടി വന്നില്ല. അടി കൊടുത്ത് തീർക്കാവുന്ന പ്രശ്നമല്ലിത്. കൂടുതൽ ശാസ്ത്രീയമായിത്തന്നെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്.

അങ്ങനെ പൊലീസിലെ ഉന്നതാധികാരികളുമായുള്ള ദീർഘ നേരത്തെ അവലോകനത്തിനുശേഷമാണ് ആഭ്യന്തരമന്ത്രി പത്രസമ്മേളനം വിളിച്ചതും കാര്യങ്ങൾ വിശദീകരിച്ചതും. 'നഗരത്തിലെ പ്രശസ്തമായ ഫ്ളാറ്റിൽ മാവോവാദി സാന്നിദ്ധ്യം. പൊലീസിന്റെ സമയോചിതമായ ഇടപെടലിൽ അനിഷ്ടസംഭവങ്ങൾ ഒഴിവായി.' മാധ്യമപ്രവർത്തകരുടെ ആവർത്തിച്ചുള്ള ചോദ്യത്തിന് അന്വേഷണം ശാസ്ത്രീയമായിത്തന്നെ പുരോഗമിക്കുന്നുണ്ടെന്നും ആശങ്കപ്പെടാനായി യാതൊന്നുമില്ലെന്നും മാവോവാദികളെ നേരിടാൻ കേരളാ പൊലീസ് സുസജ്ജമാണെന്നും പറഞ്ഞ് ആഭ്യന്തരമന്ത്രി സ്ഥലം കാലിയാക്കി.

നോക്കു സുഹൃത്തേ, പത്രപ്രവർത്തകനായ ഞാനെന്റെ എ സി മുറിയിലെ ടിവിക്കു മുന്നിലിരുന്ന് ചിരിക്കുകയാണ്. ഫ്ളാറ്റു വളഞ്ഞ് തോക്കിൻ മുനയിൽ നിർത്തി പൊലീസ് കൊണ്ടുപോയ നിക്കോള സ്നെഗിർയോവ് മറ്റാരുമല്ല, നഗരം മോടിപിടിപ്പിക്കാനായി ചേരികൾ നിരത്തിയപ്പോൾ തന്റെ ചെറ്റക്കുടിൽ നഷ്ടപ്പെട്ട ദിവാകരൻ മാഷാണത്. ഇടിച്ചു നിരത്താനായി ചേരിയിലേക്ക് പൊലീസുകാർ നിരന്നപ്പോൾ ദസ്തയേവ്സ്കിയുടെ കരമസോവ് സഹോദരന്മാരാണ് ദിവാകരൻ മാഷ് വായിച്ചുകൊണ്ടിരുന്നത്.

അതിലെ മനപ്പോരാട്ടം – ചാളപ്പുരയിൽ എന്ന അദ്ധ്യായത്തിലെ കഥാപാത്രമാണ് നിക്കോള ഇലിയച്ച് നെഗിർയോവ്. പണക്കാർ ലോകത്തിൽ മറ്റാരേയും കാൾ ശക്തരാണോ എന്ന വരിയിലെത്തിയപ്പോഴാണ് ബുൾഡോസർ ഒരാർത്തനാദത്തോടെ ദിവാകരൻ മാഷിന്റെ വീടിന്റെ മേല്ക്കൂര വലിച്ചെറിഞ്ഞത്. കുടിയൊഴിപ്പിക്കപ്പെട്ടവരുടെ ഭവനപദ്ധതിയുടെ കാര്യങ്ങൾ ചോദിച്ചറിയാൻ തഹസിൽദാർ രമണനെ തേടിയെത്തിയ ദിവാകരൻ മാഷിന് ഫ്ളാറ്റിലെ ജീവിതം കൂടിക്കണ്ടപ്പോൾ സമനിലതെറ്റിപ്പോയതാണ്. കോടതിയിൽ ഹാജരാകാൻ പോകും വഴിയെങ്കിലും ആ മുഖംമൂടിയൊന്നു മാറ്റിയിരുന്നെങ്കിൽ ചേരി നിവാസികൾ വിളിച്ചു പറയുമായിരുന്നു, ഇത് ഞങ്ങടെ ദിവാകരൻ മാഷാണെന്ന്. ചിരിക്കാതെന്തു പറയാൻ!

* * *

**വി വി കുമാർ**

കഥാകൃത്ത്

മൂന്നു കഥാസമാഹരങ്ങൾ

1.വികാരഭരിതമായ ഹൃദയത്തിന്റെ ഏറ്റു പറച്ചിൽ

2. ദൈവം ഇടപെടുന്ന സമയം

3. രഹസ്യ ജാലകങ്ങൾ.

ജനയുഗം ഓണപ്പതിപ്പ് എഡിറ്റർ.

ആനുകാലികങ്ങളിൽ ചെറുകഥ കൂടാതെ ചിത്രകല നാടകം എന്നിവയെപ്പറ്റിയും എഴുതുന്നു.

'മറ്റൊരാൾ' എന്ന കഥ കേരള സർവകലാശാല പാഠപുസ്തകത്തിലുണ്ട്. ദൈവം ഇടപെടുന്ന സമയം എന്ന കഥയ്ക്ക് 2008 ലെ 'ഒരു മ' ചെറുകഥാ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

കഥ

വി.എസ്.അജിത്ത്



# അനന്തരം അവൾ സുഖമായുറങ്ങി നമ്മടെ കാര്യം മൂന്നീസം...

ജോയുടെ കല്യാണത്തിന് വിളിച്ചില്ലെങ്കിലും നമ്മൾ ചെന്നെല്ലോ അപ്പഴാണല്ലോ മാ യെക്കാണുന്നത്. മാ യോട് പ്രത്യേകിച്ച് ഒന്നും ഒണ്ടായിട്ടല്ല, അഥവാ ഒണ്ടെങ്കിൽത്തന്നെ കല്യാണവീട്ടിൽവച്ച് അത് കാണിക്കാനും പോണില്ല. ഇനീപ്പം ജോയും മായും തമ്മിൽ എന്തരെങ്കിലും ഉണ്ടെങ്കിൽ അത് എന്നോട് കാണിക്കേണ്ട കാര്യം ഇല്ലല്ലോ! പറഞ്ഞ് വന്നത് കൈമൾ മാമൻ ലങ്ങേരോട് ഇച്ചിപ്പോന്നൊരു വാക്ക് ഇന്നേവരെ പറഞ്ഞിട്ടില്ല. ഇതവള് എന്തരോ നൊണച്ചതാണെന്ന് മൂന്നരതരം.

ഞാനൊരു പട്ട് സാരി ഉടുത്തത് ശരി തന്നെ. ആറായിരം ആയീന്ന് കൂട്ടിക്കോ .. നിന്നോടായോണ്ട് സത്യം പറയാം ആടി സെയിലായോണ്ട് മൂവായിരത്തി എണ്ണൂറേ വന്നുള്ളൂ. അതിപ്പം ലവള് അറിയേണ്ട കാര്യം ഇല്ലല്ലോ. നമ്മള് ആരുടേം മുമ്പിൽ കൈനീട്ടി നിന്നിട്ടും ഇല്ല. അറിയാല്ലോ പുള്ളിക്കതിനുള്ള സമയോം ഇല്ല. ഇതിപ്പം വർഷം ഒന്നും രണ്ടുമല്ല. 18 കഴിഞ്ഞു. ഇപ്പോ അത് തന്നെ ഓർത്തോണ്ടിരിന്നുട്ട് എന്തരെങ്കിലും കഥയുണ്ടോ? നീ തന്നെ ഒന്ന് ആലോചിച്ച് നോക്ക്!

അത് പറഞ്ഞപ്പഴാ വർഷം 18 ടപ്പേന്നങ്ങ് പോയി. അമ്മാവൻ വരുത്തിവച്ച വെനയാണ് . ഈ ക്ണാപ്പനെ എന്റെ  തലയിൽ കെട്ടിവയ്ക്കല്ലേന്ന് അമ്മച്ചി തലേ കൈ വച്ച് പറഞ്ഞതാണ്. ഒരു പാട് നല്ല നല്ല ബന്ധങ്ങൾ വന്നതാണ്. എനിക്കാണെങ്കി ഒരു ലൈനും ഒണ്ടായിരുന്ന്. എറങ്ങി വന്നാ പൊന്നുപോലെ നോക്കാന്ന് പറഞ്ഞതാണ്. പോയാ മതിയായിരുന്നെന്ന്.  ഇപ്പോ തോന്നീട്ട് കാര്യോല്ലല്ലാ. എന്തരോ പറയുമല്ലാ വെള്ളം പോയിട്ട് അണകെട്ടണത് എന്തരിന്? അങ്ങനേല്ലേ?ഇനി പറഞ്ഞിട്ട് എന്തിനാ? ടൈം മെഷീനിൽ കേറി തിരിച്ചു പോയാൻ ഈ പന്നിയെ ഞാൻ ഒരിക്കലും കെട്ടത്തില്ല.. ഞാൻ വെളുപ്പും അങ്ങേര് കറുപ്പും .അതെനിക്ക് പ്രശ്നമേ അല്ല. പക്ഷേ പുള്ളിക്ക് മനസ്സിലാവണ്ടേ ..മുടിഞ്ഞ കോംപ്ളക്സല്ലേ?

അതു പറഞ്ഞപ്പഴാ നമ്മുടെ കറുത്ത ലാബ് ഇല്ലേ അയിന് രണ്ടീസായിട്ട്  വയ്യ. തീറ്റയെടുക്കുന്നില്ല. എരേടെ മരുന്നും ടോണിക്കും കൊടുത്തു. ഡോക്ടറെ കാണിക്കാൻ മോന്റോടും തന്ത്യാന്റോടും പറഞ്ഞ് പറഞ്ഞ് ഞാൻ മടുത്തു.

ലാബിന്റെ  കാര്യം പറഞ്ഞിട്ടും നീ ബ്ലഡ് ടെസ്റ്റിന്റെ  റിസർട്ട് ചോദിച്ചില്ലല്ലോ. ഷുഗർ 260 ഒണ്ട്. അതാരിക്കും കാലിലെ നീര്. ഈയിടെ ദാഹോം ഒണ്ട്. പണ്ടാണെങ്കി വെള്ളമേ കുടിക്കത്തില്ല. മോളും എന്നെപ്പോലെ തന്നെ, വെള്ളം കുടിക്കാൻ പറഞ്ഞാ കേക്കൂല.

വാട്ടർബോട്ടിലിന്റെ  പേരിൽ ദേവികേം ഞാനും പിണങ്ങിയത് അറിയാല്ലോ. അന്ന് മോള് എൽ.കെ.ജീ പ്പടിക്കണേ ഒള്ളൂ. പൊന്നൂസിന്റെ  ബോട്ടിൽ അവളുടെ മോൻ മാറി എടുത്തോണ്ട് പോയി.  നൂറു രൂപേടെ കേസ്. ഞാൻ വെറുതേ ഒന്ന് ചോദിച്ച് പോയത് ഒള്ളത് തന്നെ. ഇപ്പഴും കണ്ടാ മിണ്ടൂല്ല.

രാമനോ മുണ്ടില്ല സീതയ്ക്കോ തോർത്തില്ലന്ന് തമാശയ്ക്ക് പറയുമല്ലോ, ആരാ പറഞ്ഞത്? നീ തന്നെന്ന് തോന്നുന്നു. കൃഷ്ണൻ പോറ്റി അങ്ങേർക്ക് ദക്ഷിണ കിട്ടിയ  അമ്പത്  മുണ്ടുകൾ വെള്ളപൊക്ക ദുരിതാശ്വാസത്തിന് കൊടുക്കാൻ തന്നത് ഇപ്പൊഴും ഇരിപ്പൊണ്ട്. ഞാനത് മറന്നും പോയി. അന്ന് നഖച്ചുറ്റു കാരണം എനിക്ക് പോവാമ്പറ്റീല

ല്ലോ. നഖംവെട്ടി വാങ്ങാൻ പറഞ്ഞ് പറഞ്ഞ് തൊണ്ടേലെ വെള്ളം വറ്റി. ഒരെണ്ണം ഒണ്ടായിരുന്നത് സ്പ്രിംഗ് പൊട്ടിയങ്ങ് തെറിച്ച്..കണ്ണിൽ വീഴാഞ്ഞത് ഭാഗ്യം.

കണ്ണിന്റെ  കാര്യം പറയാതിരിക്കുന്നതാ നല്ലത്. ഒരൊറ്റയക്ഷരം വായിക്കാൻ പറ്റത്തില്ല. കണ്ണട വയ്ക്കണത് പങ്കം. വലിയ ജാഢയാണെന്ന് നാട്ടുകാര് പറയും. അലക്സും പെണ്ണുമ്പിള്ളേം 27 വയസ്സു മുതലേ കണ്ണാടി ഊരീട്ടില്ല. അവര് പിന്നെ സർക്കാർ ഉദ്യോഗം ഭരിക്കുന്നോണ്ട് ആരും ഒന്നും വിചാരിക്കത്തില്ല. നമ്മള് അടുക്കളേക്കിടന്ന് കണ്ണാടീം മൂക്കാടീം വച്ചിട്ട് എന്തര് കാര്യം? നിനക്ക് മൂക്ക് കുത്തണ ആരേലും അറിയുമോ? മോള് ആറ് മാസമായി പറയണ്. ലങ്ങേരോട് പറഞ്ഞിട്ട് മീണ്ട് കേക്കണില്ല.

(ശ്വാസം വിട്ട ഗ്യാപ്പിൽ)

'ഞാനൊന്ന് മൂക്കിപ്പൊടി വലിച്ചിട്ട് ഉനേ തിരിച്ച് വിളിക്കാം.'

നമ്മടെ വീട്ടിൽ കറണ്ട്  ബില്ല് ഇരട്ടി വന്നു. നിങ്ങക്ക് എത്ര വന്നു എന്ന് അബദ്ധത്തിൽ ഫോൺ വിളിച്ച് ഒന്നു ചോദിച്ചു പോയി. അയിനാണ് ! അതോ പെട്രോളിന് ഇങ്ങനെ വില കൂടിയാൽ എങ്ങനെ ജീവിക്കും എന്നാവുമോ ചോദിച്ചത്? ചിലപ്പോ കൊറോണാന്ന് പറഞ്ഞ് എന്നും അടച്ചു പൂട്ടി ഇരുന്നാ പട്ടിണി കിടന്ന് ചാവൂല്ലേ എന്നാവാനും മതി. ഒന്നും ഓർമ്മയില്ല. ആകെ ഒരു പൊക. കിളിമൊത്തം പോയി!

മൂന്നീസം കഴിഞ്ഞ് ബോധമണ്ഡലം തെളിഞ്ഞപ്പോഴാണ്  പണ്ടൊരിക്കൽ അവളുടെ ഡയറിയിൽ ഇപ്രകാരം വായിച്ചത് ഓർമ്മ വന്നത്.

'അനന്തരം അയാൾ സുഖമായുറങ്ങി. മൂന്നാഴ്ചത്തേയ്ക്ക് ഞാൻ .....'

PS: ഒരു പിൻകൂർ ജാമ്യം എടുത്തു കൊള്ളട്ടേ.. ഇവിടെ പ്രസ്താവിച്ച മിക്ക പേരുകളും നിങ്ങളെപ്പോലെ ഞാനും നല്ലപ്പഴാണ് കേക്കണത്.




പി എസ് ജോസഫ്



# നിഴൽക്കളങ്ങൾ

മണപ്പുറത്തു നിന്നും കടപ്പുറത്ത് നിന്നും ഘയിൽ എത്തി നിൽക്കുന്ന കേരളത്തിന്റെ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളുടെ കഥയാണ് പ്രശസ്ത ചിത്രകാരനായ അജയകുമാറിന്റെ കന്നിനോവലിന്റെ ഇതിവൃത്തം . ഞാറേറ്റയിലെ മേഘക്കുന്നു വർത്തമാനകാലത്ത് പൊള്ളയായ ഘ എന്ന ഘോഷാക്ഷരത്തിൽ ഒതുങ്ങുമ്പോൾ സാംസ്കാരികമായി രണ്ടു നൂറ്റാണ്ടുകൾ സമ്പാദിച്ച എല്ലാ നന്മയുടെ അവശിഷ്ടവും നാം കടലിൽ കലക്കി ക്കളയുകയാണ്. നോവലിന്റെ തുടക്കത്തിൽ ഹരി സ്വർണ്ണക്കള്ളന്മാരുടെ പിന്നാലെയാണെങ്കിൽ നോവൽ അവസാനിക്കുമ്പോൾ സ്വർണ ഖനനത്തിനു മേഘക്കുന്നു തുരക്കുകയാണ് ആ കള്ളന്മാർ. വിത്ത് ഉല്പാദനകേന്ദ്രമായിരുന്ന ഒരു ഭൂവിഭാഗം അറബിക്കഥകളിലെ പോലെ ഇല്ലാതായി പോകുന്ന ദാരുണ കഥ കൂടിയാണ് നിഴൽക്കളങ്ങൾ. മായിക ശത്രുവിനോട് യുദ്ധം ചെയ്തു സ്വയം ചാവേറാകാൻ നിർബന്ധിതരാകുന്ന ഒരു ജനതയുടെ കഥ .




ഞാറേറ്റ ഒരേ സമയം പുരാതനമായ കേരളവും സമകാലിന കേരളവുമാണ് . കുന്നും കുഴികളും വയലുകളും തോടുകളും നദികളും കടത്തുകളും നിറഞ്ഞ, കാട്ടു ചെടികളും ഔഷധ സസ്യങ്ങളും വളർന്നിരുന്ന, ഞാറു പാകിയിരുന്ന പ്രളയത്തിൽ നിന്ന് വീണ്ടെടുത്ത ഭൂമിയാണ് പൌരാണിക ഞാറേറ്റയെങ്കിൽ റോഡുകളും വാഹനങ്ങളും കടകളും കെട്ടിടങ്ങളും തിങ്ങിനിറഞ്ഞ കേരളത്തിന്റെ ഒരു പരിഛേദമാണ് ഇന്നിത് .ഞാറേറ്റയിലായിരുന്നു പ്രേമചന്ദ്രന്റെയും ഹരിയുടെയും ബാല്യം.

പകലിരുട്ടും നിഴൽക്കുളവും മേഘക്കുന്നും നിറഞ്ഞ ഭൂവിഭാഗം .ഇവിടെ ദേശാടനക്കിളികൾ കൂടു കെട്ടി.ആ ഗ്രാമത്തിലാണ് അവർ കുട്ടമ്പിള്ള ആശാനെ അറിയുന്നത് .മേഘക്കുന്നിൽ ദിവസങ്ങൾ ചെലവഴിച്ചത്. അദ്ദേഹവുമായുള്ള ഒരു യാത്രയിൽ തകഴിയിൽ ചെന്ന് കയറിൻറെ രചയിതാവ് തകഴി ശിവശങ്കരപ്പിള്ളയെ കണ്ടത് ഇന്നും ഹരിയുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

ഞാറേറ്റ എന്ന ഗ്രാമത്തിന്റെ കഥ ഞാറേറ്റയിലെ ദേശാടനക്കിളികൾ എന്ന പേരിൽ പ്രേമചന്ദ്രൻ ഒരു ഹൃസ്വചിത്രമാക്കുകയുണ്ടായി. കുട്ടനാടിനും സമീപപ്രദേശങ്ങൾക്കും വേണ്ടി ഞാറു പാകി കിളിർപ്പിച്ചിരുന്ന ആ ഭൂപ്രദേശം ദേശാടനക്കിളികളുടെ വിളയാട്ട് ഭൂമി കൂടിയാണ് എന്ന് ഹരിയെ പഠിപ്പിക്കുന്നത് ആദ്യകാലത്തെ സഞ്ചരിക്കുന്ന ആശുപത്രിയായിരുന്ന അചൂട്ടൻ ഡോക്ടർ ആണ്. അദ്ദേഹത്തിൻറെ ബൈനാക്കുലറിൽ കൂടിയാണ് അടുത്തുണ്ടായിട്ടും നാം കാണാതെ പോകുന്ന ആ കാഴ്ച പ്രേമചന്ദ്രൻ കാണുന്നത്. അച്ചു കുത്ത് ഡോക്ടറായി വാക്സിനേഷൻ നട

ത്തി വന്ന അദ്ദേഹം നാട്ടിലെ ആദ്യകാല ആരോഗ്യ പ്രവർത്തകന്മാരിൽ ഒരാളായിരുന്നു. കേരളത്തെ ഇന്ന് അടയാളപ്പെടുത്തുന്ന ആരോഗ്യരംഗത്തെ സ്വാർത്ഥത പുരളാത്ത വ്യക്തിത്വങ്ങളെ അച്ചൂട്ടൻ പ്രതിനിധാനം ചെയ്യുന്നു .

കേരളീയ സമൂഹത്തിൻറെ മാറ്റങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഞാറേറ്റ പോലെ ,അജയകുമാറിന്റെ നോവലിൽ അറിയാതെ കടന്നു വരുന്ന അതിമനോഹരമായ ഒരു സമയ സങ്കൽപ്പമുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിൻറെ ആദ്യപകുതിയിലും കേരളം ഒറ്റപ്പെട്ട പല പല തുരുത്തുകളായിരുന്നു.ഒരർഥത്തിൽ കാഴ്ച്ചക്കുളങ്ങളുടെ ഒരു കൂട്ടമായിരുന്നു അത് .തോടുകളും നദികളും അതിരിടുന്ന കൊച്ചു കൊച്ചു നാടുകൾ.ആ നാടുകളെ ബന്ധിപ്പിക്കുന്നത് വളരെ മന്ദഗതിയിൽ ചലിക്കുന്ന വള്ളങ്ങളോ ബോട്ടുകളോ ആണ് . കഥ തുടങ്ങുന്നത് പാലക്കാട്ട് നിന്ന് ആലുവ വരെയുള്ള ഒരു യാത്രയോടെ ആണെങ്കിൽ പീതാംബരൻ വൈദ്യന്റെ ഡയറിക്കുറിപ്പുകളിൽ എത്തുമ്പോൾ അത് നീണ്ട തോണി യാത്ര ആകും . പല കടവുകളിൽ ഇറങ്ങി കുളിച്ചു ഭക്ഷണം കഴിച്ചു വർക്കല ചുരം വരെ എത്തുന്ന യാത്ര . സമയം ഇവിടെ ബന്ധിതമായിരിക്കുന്നു .ആർക്കും അതിൽ വേവലാതിയില്ല .കത്ത് വൈകി എന്നതിൽ പരിഭവമില്ല ആളുകളെ കാണാതായാൽ മൂന്നു  ദിവസം കഴിഞ്ഞാണ് അന്വേഷണം തുടങ്ങുക .റെഡിമർ ബോട്ടപകടത്തിൽ മരിച്ച കുമാരനാശന്റെ ജഡം തന്നെ എത്ര വൈകിയാണ് കണ്ടെടുക്കുന്നത് .അത് പീതാംബരൻ വൈദ്യൻ സാക്ഷ്യപെടുത്തുന്നത് പിന്നെയും എത്ര സമയം കഴിഞ്ഞാണ് .സി വി രാമൻപിള്ളയാകട്ടെ നാട് വിട്ടു ഏറെക്കാലം ഒരു മുസ്ലിമിനെ പോലെ ഹൈദരബാദിൽ താമസിക്കുന്നു. രവി വർമയാകട്ടെ നീണ്ട ഒരുക്കങ്ങളോടെയാണ് തിരുവനന്തപുരത്തു എത്തി അവിടെ ഇന്ന് നാഗർകോവിൽ വഴി മദിരാശിയിൽ തങ്ങി ബോംബയ്ക്ക് പോകുന്നത് .നീണ്ട കാലം എടുത്തു എത്തുന്ന കത്തുകളാണ് അവർക്കിടയിലെ പാലം.

യാത്രയെ കുറിച്ചു പറയുമ്പോൾ ജലയാത്രയാണ് എടുത്തു  പറയേണ്ട കാര്യം. നമ്മൾ മറന്നു പോയ സ്മൃതി പഥങ്ങൾ ആ യാത്രയിൽ ഉൾപ്പെടുന്നു.

രവിവർമയുടെ ഭാരത പര്യടനമാണ് അജയകുമാറിന്റെ നോവലിലെ ഒരു പ്രധാന പശ്ചാത്തലം . കേരളമെന്ന വാക്ക് ഒരു സങ്കല്പ്പമായിരുന്ന കാലത്ത് ഇന്ത്യ മുഴുവൻ സഞ്ചരിച്ചു തൻറെ കല കൊണ്ടും കച്ചവടം കൊണ്ടും ഇന്ത്യൻ മനസ്സിൽ ഇറങ്ങി ചെന്ന അദ്വിതീയ കലാകാരനായിരുന്നു രവിവർമ.. ഒരു പെയിന്ടർ എന്ന നിലയിൽ മാത്രമല്ല എല്ലാവരും തന്റെ ചിത്രം കാണണമെന്ന് ആഗ്രഹിച്ച വ്യക്തി കൂടിയായിരുന്നു അദ്ദേഹം. ലോനവാലെയിലെ ലിതോ പ്രസ്സിൽ ദൈവങ്ങളുടെ നിറമാർന്ന ചിത്രങ്ങൾ ഇന്ത്യയുടെ ഹൃദയത്തെ തൊട്ടു. കച്ചവടത്തിൽ  അദ്ദേഹം പരാജയപ്പെട്ടുവെങ്കിലും.ഒരു പണമിട പോലും കള്ളം കാണിക്കാതെ പരാജയം സ്വയം വരിച്ച ബിസിനസുകാരൻ കൂടിയായിരുന്നു രവി വർമ എന്ന് അജയകുമാർ ചൂണ്ടിക്കാട്ടുന്നു . നോവൽ അദ്ദേഹത്തിന്റെ അറിയപ്പെടാത്ത ജീവിതത്തിലേക്ക് കടന്നു ചെല്ലുന്നു.ആ ചർച്ചകൾ ഗാലറി സംസ്കാരം സൃഷ്ടിച്ച പൊട്ടിത്തറികളിലേക്കും കൊലപാതകങ്ങളിലേക്കും നമ്മെ കൊണ്ടു
പോകുന്നു .

രണ്ടാം ഭാഗമായ പീതാംബരൻ വൈദ്യരുടെ ഡയറി കുറിപ്പുകളിൽ പത്തൊമ്പതാം നൂറ്റാണ്ടിലെ അവസാനപാദങ്ങളിലെയും ഇരുപതാം നൂറ്റാണ്ടിലെ ആദ്യ പാദങ്ങളിലെയും അധികം പരാമർശിക്കപെടാത്ത കാര്യങ്ങളാണ് അജയകുമാർ പ്രതി
പാദിക്കുന്നത് .

ഇവിടെ കുമാരനാശാന്റെ ജീവിതവും  ഒരു പ്രധാന ഭാഗമായി ആവിഷ്ക്കരിക്കപെടുന്നു .ആശാന്റെ മരണത്തെ പറ്റി ഹൃദയസ്പർശിയായ ഒരു വിവരണമുണ്ട് ഈ ഭാഗത്തിൽ . പീതാംബരൻ വൈദ്യന്റെ ഡയറിക്കുറിപ്പുകൾ എന്ന രണ്ടാം ഭാഗം യഥാർഥത്തിൽ നമ്മൾ മറന്നു പോയ നമ്മൾ ഓർത്തിരിക്കേണ്ട ജീവിതങ്ങളുടെ നേർ ചിത്രങ്ങൾ കൂടിയാണ് . ആശാൻ മാത്രമല്ല ,സി വി രാമൻ പിള്ളയും കെ സി കേശവപിള്ളയും അദ്ദേഹത്തിൻറെ ഡയറികുറിപ്പുകളിലെ വലിയ സാന്നിധ്യമാണ് . അവർക്കെല്ലാം നടുവിൽ ഒരു സൂര്യനെ പോലെ അവധൂതനായ ശ്രീ നാരായണ ഗുരുവും .ശ്രീ നാരായണ ദീന ദയാലു പരിപാലന സംഘത്തിന്റെ തുടക്കവും കായിക്കര കുമാരു കേരളത്തിന്റെ കുമാരനാശാൻ ആകുന്നതും ഹൃദ്യമായി അജയകുമാർ കോറിയിടുന്നു.

പുരാതന കേരളത്തിലെ ബുദ്ധ  മത ജീവിതത്തിലേക്കും  ജാതിരഹിത സമൂഹത്തിലെക്കും വൈദ്യർ കണ്ണ് തിരിക്കുന്നുണ്ട് . പല ശാസ്താവ് പ്രതിഷ്ഠകൾക്ക് പിന്നിലും ബുദ്ധമതത്തിൻറെ സ്പർശമുണ്ടെന്നു നോവൽ നമ്മെ ഓർമ്മപ്പെടുത്തുന്നു. ജാതി വിവേചനം മൂലം ഇക്കാലയളവിൽ ഈഴവർക്കും മറ്റു താഴ്ന്ന ജാതിക്കാർക്കും ആ ക്ഷേത്രങ്ങളിൽ പ്രവേശനം ഉണ്ടായിരുന്നില്ല.എല്ലാ അർത്ഥത്തിലും അവഗണിക്കപ്പെട്ടിരുന്ന ഒരു സമുദായത്തിന്റെ മുന്നേറ്റത്തിനായി ഒരു യോഗി -ശ്രീ നാരായണ ഗുരു കടന്നു വരുന്നത് ഈ നോവലിലെ ശക്തമായ മുഹൂർത്തങ്ങളിൽ ഒന്നാണ്.


വൈദ്യരുടെ ഡയറികുറിപ്പുകളിലൂടെ സി വി രാമൻ പിള്ള എന്ന ആഖ്യായികാകാരന്റെ അറിയപ്പെടാത്ത കഥകളും ഇവിടെ അനാവൃതമാകുന്നു. അസാധാരണമായ ജീവിത നിയോഗങ്ങൾക്ക് സമർപ്പിതമായ ജീവിതമായിരുന്നു സി വിയുടെത്.രാജഭക്തി നിറഞ്ഞ മാർത്താണ്ഡവർമ്മ വർമ മുതൽ പ്രേമാമൃതം വരെ

യുള്ള കൃതികൾ രചിച്ച രാജഭക്തനായ സി വി തന്നെയായിരുന്നു ഇംഗ്ലീഷിൽ രാജഭരണത്തെ നിശിതമായി വിമർശിച്ചു ശക്തമായ ലേഖനങ്ങൾ എഴുതിയത് ഇരുപതു വർഷം സൂക്ഷിച്ചു വെച്ച മാർത്താണ്ഡവർമ്മയുടെ കയ്യെഴുത്തു പ്രതി കവർച്ച ചെയ്യപ്പെടും എന്ന നില വന്നപ്പോൾ വടിവാൾ എടുത്തു മോഷ്ടാവിനെ കൈ കാര്യം ചെയ്യാൻ ശ്രമിച്ച ഘനഗാംഭീര്യ ശബ്ദത്തിൻറെ ഉടമയായിരുന്നു അദ്ദേഹം. കാമിനിയായി മോഹിച്ച തൃക്കുന്നപ്പുഴക്കാരി ജാനകിക്കുട്ടിയുടെ അനുജത്തിയെ വിവാഹം ചെയ്തു അവരിൽ അഞ്ചു കുട്ടികൾ ഉണ്ടായപ്പോഴാണ് അവരുടെ മരണം .പിന്നിട് കുട്ടികളെ നോക്കാൻ വന്ന ജാനകി കുട്ടിയെ അദ്ദേഹം വിവാഹം കഴിക്കുന്നു . ആ ചെറു പ്രായത്തിൽ മൂന്ന് തവണ വൈധവ്യം അവർ അപ്പോഴേക്കും അനുഭവിച്ചിരുന്നു .

ഡയറികുറിപ്പുകളിൽ സി വി മാത്രമല്ല കുമാരനാശാനും ദീപ്തസാന്നിധ്യമായി നിറഞ്ഞു നിൽക്കുന്നു .ആശാന്റെ അവസാന നിമിഷങ്ങൾ അജയകുമാർ കൃത്യതയോടെ ഇവിടെ രേഖപ്പെടുത്തുന്നു. കടലിൽ പോലും നീന്തുമായിരുന്ന ആശാൻ പല്ലനയിലെ ഒരു ചെറിയ തോട്ടിൽ ചെരിഞ്ഞ ബോട്ടിൽ കുരുങ്ങി മരിക്കുന്നു.അദ്ദേഹത്തിൻറെ നെറ്റിയിൽ ഒരു ചെറിയ മുറിവ് മാത്രം .മൃതദേഹം കണ്ടെടുക്കുമ്പോൾ വല്ലാതെ ചീർത്തിരുന്നു .കയ്യിൽ മഷി പടർന്നു തുടങ്ങിയിട്ടില്ലാത്ത കരുണയുടെ കയ്യെഴുത്തു പ്രതി .കരുണയിലെ വരികൾ പാടികേൾപ്പിച്ചായിരുന്നു അദ്ദേഹം തലേന്ന് ഉറങ്ങാൻ കിടന്നത് .

മലയാളിയുടെ അനുഭവ സഞ്ചയികയിൽ നിറഞ്ഞു നിൽക്കുന്ന കഥകളാവാം ഇത് .പക്ഷെ അത് ഒരു ആഖ്യായികയിൽ ചെടിപ്പിക്കാതെ ഉൾപ്പെടുത്തുക എന്നത് വലിയൊരു സാംസ്ക്കാരിക ദൗത്യം തന്നെയാണ് .

ഹരിയുടെയും പ്രേമചന്ദ്രൻറെയും മാത്രം കഥയല്ല ഇത് ചരിത്രത്തിലേക്ക് ഇറങ്ങി ചെല്ലുന്ന ഹൃസ്വചിത്രങ്ങൾ വഴി വർത്തമാന കാലത്തെ പഴമയുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുകയാണവർ.ആധുനികമെന്നോ അല്ലെങ്കിൽ സമകാലികമെന്നോ വിശേഷിപ്പിക്കാവുന്ന നമ്മുടെ കാലഘട്ടത്തിൻറെ പ്രതിനിധികൾ ആണവർ. മദ്യം ,പെണ്ണ് ,യാത്ര ,വാദപ്രതിവാദങ്ങൾ എന്നിവ അടയാളപ്പെടുത്തുന്ന യൌവനങ്ങൾ ,അവരുടെ വന്യമായ സൌഹൃദങ്ങൾ , അവർ അഭിമുഖീകരിക്കുന്ന സമസ്യകൾ എന്നിവ കോറിയിടുന്ന നോവലിസ്റ്റ് അവ



നോവൽ

**അജയകുമാർ**

**ഐവറി ബുക്സ്**

**വില 750/**



രിലൂടെ തെക്കൻ തിരുവതാകൂറിന്റെ അത്ര അറിയപ്പെടാത്ത സാമൂഹിക സാംസ്കാരിക ചരിത്രത്തിലൂടെ സഞ്ചരിക്കുന്നു . ലളിതമായ തുടക്കത്തിൽ ഇത്ര ശക്തമായ ഒരു ആഖ്യായികയാണോ പിന്നിൽ ഒളിപ്പിച്ചു വെച്ചതെന്ന് നമുക്ക് സംശയം തോന്നാം .

കഥകളിൽ അപൂർവമായി കാണാറുള്ള ദേശചരിത്രങ്ങൾ ,സാംസ്കാരിക പഠനങ്ങൾ, സാമൂഹിക പ്രതിനിധാനങ്ങൾ എന്നിവയെല്ലാം അജയകുമാറിന്റെ നോവലിന്റെ പ്രത്യേകതകളാണ് . ഹരിയുടെയും പ്രേമച്ചന്ദ്രന്റെയും പടമെടുപ്പിനായുള്ള യാത്രകളാണ് നോവലിൽ ചരിത്രത്തിലേക്കുള്ള വാതിൽ തുറക്കുന്നത് . നോവൽ ആരംഭിക്കുന്നത് തന്നെ തൻറെ ആരാധനാമൂർത്തിയായ സി വി രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയെ അനുസ്മരിപ്പിക്കും വിധമാണെങ്കിൽ മലയാളിയുടെ കാണാപ്പുറത്തെ ചരിത്രം രചിച്ച തകഴിയുടെ കയറുമായി അജയകുമാറിന്റെ പഴയകാല ചരിത്ര രചനക്ക് സാമ്യം കാണാം . അത് സ്വാഭാവികം തന്നെ. ഹരി ഒരു കൊച്ചു കള്ളന്റെ പിന്നാലെ ഓടുന്നതും ആലുവമണപ്പുറത്ത് മർദ്ദനത്തിരയായി മരണവക്ത്രത്തിൽ നിന്ന് രക്ഷപെടുന്നതുമാണ് ആദ്യഭാഗമായ മണപ്പുറത്തിന്റെ തുടക്കം തന്നെ .ആ കഥ പിന്നെ രവിവർമയിലേക്കും പിന്നിട് തെക്കൻ തിരുവതാംകൂറിന്റെ അറിയപ്പെടാത്ത ചരിത്രത്തിലേക്കും നീളുന്നു .

ഹരിയുടെ കുറ്റാന്വേഷണ ബുദ്ധിക്കു ഇരയായ ആ കൊച്ചുകള്ളന്മാർ ട്രെയിനിൽ കുപ്രസിദ്ധമായ ഒരു മോഷണം നടത്തിയ ശേഷം അതെല്ലാം ഉപേക്ഷിച്ചു സ്വർണപ്പണിക്കാരനായ ഫിലിപ്പോസ് മുതലാളിയുടെ ആന്ജാനുവർത്തികളായി മാറിയിരിക്കുന്നു .സ്വർണം കണ്ടാൽ വികാരം കൊള്ളുന്ന വ്യക്തിയാണ് ഫിലിപ്പോസ് എന്ന ഫിലി ..അയാൾ ആ കുട്ടികളെ പുതിയൊരു ജീവിതത്തിലേക്ക് നയിക്കുന്നു .

സമകാലിന ജീവിതത്തിൻറെ നേർചിത്രങ്ങൾ ആയതിനാൽ ആകാം ഈ കഥാപാത്രങ്ങളുടെ നിറം മങ്ങിയിരിക്കുന്നത് .അവരിപ്പോൾ പുരാവസ്തു ഉത്ഖനനം ചെയ്യുന്ന ഒരു സൈറ്റിൽ ചായ പീടിക നടത്തുകയാണ്. അവിടെ ഹരിയും പ്രേമ നും ക്യാമറയുമായി എത്തുന്നു .ഒരു സിനിമാകഥ പോലെയുള്ള ഈ കണ്ടുമുട്ടലോടെ രണ്ടാം ഭാഗം അവസാനിക്കുന്നു .

മൂന്നാം ഭാഗമായ ഘ യിൽ എങ്ങനെ ഈ നോവൽ

നിർവഹണത്തിൽ എത്തുന്നു എന്നതാണ് നമ്മെ അല ട്ടുന്ന രചനാപരമായ കൌതുകം സമകാലിന ലോക ത്തിലെ ഒരു പുരാവസ്തു ഭൂവിൽ ഈ കഥ ചരിത്രവും വർത്തമാനവുമായി ഏറ്റുമുട്ടുന്നു .

തൃക്കുന്നപുഴ തൊട്ടു തെക്കോട്ടുള്ള ഭാഗങ്ങൾ പുരാ തനകാലത്തെ പ്രളയത്തിൽ ഉയർന്നു വന്ന ഭൂവിഭാഗ ങ്ങൾ ആണ് .കടലിന്റെ ഓർമ്മകൾ ഇന്നും ശംഖ്,ചിപ്പി , കക്ക,ബുദ്ധവിഗ്രഹങ്ങൾ എന്നിവയിലൂടെ ഇവിടെ കാ ണാം.കരുമാടിയിലും മറ്റും കണ്ടെടുത്ത ബുദ്ധ പ്രതി മകൾ ആ പഴയകാലം വിളംബരം ചെയ്യുന്നു .അജയ കുമാറിനു ഇത് ബാല്യകൌമാരങ്ങളിലെക്കുള്ള ഒരു തിരിച്ച് പോക്കാണ് ഞാറേറ്റ.കുടിപള്ളിക്കൂടത്തിലെ ആശാനും അചൂട്ടനും മാഷും ഒരു വീട്ടുനൊമ്പരം പോലെ നമ്മെ വലയം ചെയ്യും. നമ്മുടെ ബാല്യകൌ മാരങ്ങളിലേക്ക് ഇത് നമ്മെ മെല്ലെ നടത്തും .

സ്വന്തം നാട്ടിൽ അജ്ഞാതനായി ജീവിക്കേണ്ടി വന്ന പ്രൊഫ ഗോപാലകൃഷ്ണന്റെ രൂപാന്തരം നിഴൽ ക്കളങ്ങളിലെ ഹൃദയസ്പർശിയായ കഥകളിൽ ഒന്നാ ണ് . നഗരത്തിനു പകരം സ്വന്തം ഗ്രാമത്തെയും ചെ ടികളെയും സ്നേഹിച്ച പെൻഷന്കാരനെ ഭാര്യയും കുട്ടികളും വെറുക്കുന്നു.കടമകൾ നിറവേറ്റി ഓച്ചിറ ക്ഷേത്രത്തിൽ അജ്ഞാതനായി ഒരു ഭിക്ഷാടകനെ പോലെകഴിഞ്ഞു മരിച്ച അധ്യാപകന്റെ കഥ ഇന്ന് അപൂർവമല്ല .സമൂഹം അതുമായി ഇന്ന് പൊരുത്ത പ്പെട്ടിരിക്കുന്നു. ഹരിയുടെ അമ്മയും ഇങ്ങനെ വീട് ഉപേക്ഷിച്ചു പോകുന്നുണ്ട്.സ്വമനസ്സാ എടുത്ത തീരുമാ നമായിരുന്നു അത് .എത്ര ശ്രമിച്ചിട്ടും അവർ തിരികെ യെത്തുന്നില്ല .

പഴയ ജീവിതത്തിൽ നിന്ന് പടിപടിയായി അവർ ഒഴുകി മാറുന്നു .സതീർത്ഥ്യൻ ആയിരുന്ന ഈശ്വരൻ നമ്പൂതിരിയുടെ കഥയും വേറൊന്നല്ല .കഥകളി ഭ്രാ ന്തൻ തീവ്രവാദിയായും പൂജാരിയായും വിദ്യാഭ്യാസഉ പദേശകനുമായി പ്രത്യക്ഷപെടുന്നു .ഭക്തിയെ വിപ ണനം ചെയ്യുന്ന മാതാജിയുടെയും ഗുരുജിയുടെയും കൂടെയാണ് ഇന്ന് അയാളുടെ സഹവാസം . കാലങ്ങൾ ആളുകളെ മാറ്റി മറിക്കുന്നു; ആളുകളും മാറിപോകു ന്നു .

തൃക്കുന്നപ്പുഴ നിന്ന് തിരുവനന്തപുരത്തേക്ക് ചേ ക്കേറിയ കാമുകിയായ ജാനകിക്കുട്ടിയെ ഒന്ന് കാ ണാൻ വേണ്ടി നാട് വിട്ട വൈദ്യ കുടുംബത്തിലെ ഉണ്ണിയുടെ കഥ ഇവിടെ അനുബന്ധമായുണ്ട് . ജീവിത ത്തിൻറെ ഒരു ദശാസന്ധിയിൽ ഉലഹന്നാൻ പാതിരി യായി മാറിയ ഉണ്ണി കേരള ചരിത്രത്തിലെ ഒരു സുപ്ര ധാനമായ സംഭവത്തിനു സാക്ഷ്യം വഹിക്കുന്നു.

മുല്ലപെരിയാർ ഡാമിന്റെ നിർമാണത്തിൽ മരിച്ചവ രുടെ അന്ത്യകർമങ്ങൾക്ക് ബ്രിട്ടീഷ് സർക്കാർ നിയോ ഗിച്ച പാതിരിയായിരുന്നു ഉലഹന്നാൻ.മൂലകഥയുമായി കൃതഹസ്തതയോടെ ഈ കഥ അജയകുമാർ ബന്ധി പ്പിക്കുന്നു .

സുഹൃത്തായ ഗോപിക -ക്രിസ്റ്റി ദമ്പതികളുടെ ഊട്ടിയിലെ വീട്ടിൽ വെച്ചാണ് ഹരിക്കും പ്രേമനും ഫാ. ബെഞ്ചമിന്റെകത്തുകൾ ലഭിക്കുന്നത് .മൂന്നാറിലേ ക്കുള്ള ബ്രിട്ടീഷ് കുടിയേറ്റത്തിന്റെ നേർസാക്ഷ്യങ്ങൾ ആയിരുന്നു ആ കത്തുകൾ .തിരുവതാകൂറിൽ നിന്ന് പാട്ടത്തിനെടുത്ത ഈ സ്വത്തിൽ മൻ റോ സായിപ്പു തേയില തോട്ടങ്ങൾ നട്ടുപിടിപ്പിക്കുന്നതും 1099 ഇലെ മൂന്നാർ പ്രളയവും ഈ കത്തുകളിൽ പരാമർശിക്കപ്പെ ടുന്നു .

എന്തായാലും രണ്ടു നൂറ്റാണ്ടുകൾക്കിടയിലുള്ള ഒരു സംഭവബഹുലമായ സാംസ്കാരിക ചരിത്രമാണ് അജയകുമാർ നിഴൽക്കളങ്ങളിൽ അവതരിപ്പിക്കുന്ന ത് .ഒരു പക്ഷെ നാം മറന്നു പോകുമായിരുന്ന നിരവധി സംഭവങ്ങൾ ,കാഴ്ചകൾ ,നമ്മുടെ ജീവിതത്തെ സ്പ ർശിക്കുന്ന ആശയങ്ങൾ ,തർക്ക വിതർക്കങ്ങൾ തുടങ്ങി യവയെല്ലാം ഈ നോവലിൽ പ്രത്യക്ഷപ്പെടുന്നു .

ഇത്തിരി കൂടി സൂക്ഷ്മമായിരുന്നു ഇതെങ്കിൽ ഇതി ന്റെ ശക്തി എത്രയോ വലുതാകുമായിരുന്നു എന്നൊരു കുറ്റം മാത്രമേ എനിക്ക് പറയാനുള്ളൂ .

എങ്കിലും ഒരു ചിത്രകാരന്റെ കാഴ്ചപ്പാട് ഈ നോ വലിന് വലുപ്പം നൽകുന്നു . കണ്മുൻപിൽ ഉള്ളതെങ്കി ലും , ഇത് വരെ കാണാത്ത കാഴ്ചയാണ് പ്രേമന് തന്റെ ബൈനോക്കുലറിൽ കൂടി അചൂട്ടൻ കാട്ടി കൊടുക്കുന്ന ത് .

ഞാറേറ്റയിലെ ദേശാടന പക്ഷികളെ പ്രേമൻ അങ്ങ നെയാണ് കണ്ടു തുടങ്ങുന്നത് . ഈ ടെലിസ്കൊ പിംഗ് അജയകുമാർ ഈ നോവൽ രചനയിൽ മികച്ച സങ്കേതമായി ഉപയോഗിക്കുന്നു . അങ്ങനെ മൂന്നാറിൽ നിന്ന് ബംഗ്ലാദേശിലും തകർന്നടിഞ്ഞ സോവിയറ്റ് യൂ ണിയനിലും ഇറാക്കിലും ഇസ്ട്ടാംബുളും കഥാകാരൻ എത്തുന്നു .

കള്ളും പെണ്ണും ലൈംഗീകതയും നിറഞ്ഞ വർത്ത മാനത്തിൽ എത്തുമ്പോൾ എന്തോ നോവലിന്റെ അന സ്യൂതമായ ഒഴുക്ക് നഷ്ടമാകുന്നു. പച്ചവെളിച്ചത്തിൽ ഒട്ടും റൊമാന്റിക് അല്ല നമ്മുടെ സമകാലിന ലോകം എന്നതാകം ഒരു കാരണം ..

എന്തായാലും തന്റെ കന്നി നോവൽ എന്ന നില യിൽ അജയകുമാറിന്റെ രചന ഏറെ ആദരവ് അർഹി ക്കുന്നു .

ഒട്ടേറെ നോവലുകൾക്കുള്ള വിഭവങ്ങൾ ഈ ബ്രൂഹുത് നോവലിൽ അടങ്ങിയിരിക്കുന്നു . കണ്മു ന്പിലെ കാണാത്ത ലോകത്തെ തൻറെ ചിത്രങ്ങളിൽ എന്നാ പോലെ -കവറിലെ ചിത്രം കാണാൻ മറക്കരു തെ-നമ്മെ കാണിച്ചു തരുന്നു ചിത്രകാരൻ കൂടിയായ നോവലിസ്റ്റ് .

കവിത


സോയ നായർ
ഫിലാഡൽഫിയ



# ഓർമ്മയീ ഓണം..!



പൂത്തുമ്പീ,
പൊന്നോണത്തുമ്പീ..
പൂവാലിത്തുമ്പീ
നീ കൂടെ പോരാമോ?
നീ കൂടെ പോരാമോ?
ഒരു വട്ടി പൂവുമായ്
അത്തം നാളിൽ
ഈ വഴി പോരാമോ?
ഈ വഴി പോരാമോ?
ചിങ്ങം പിറന്നേ
പൊന്നോണം വരുന്നേ
മാവേലിതമ്പ്രാന്റെ കൈയും
പിടിച്ചിതാ ഓണപ്പെണ്ണു വരുന്നേ..
പാടം കൊയ്യെടി പെണ്ണാളേ
തുമ്പച്ചോറു വിളമ്പണ്ടേ
വിളവെടുപ്പ് തുടങ്ങീല്ലേ
ഓണസദ്യ ഒരുക്കേണ്ടേ
കാളനും ഓലനും പപ്പടവും
കാലേ കൂട്ടി ചെയ്തോളൂ
തൂശനിലയിൽ വിളമ്പിക്കോളൂ...
മഞ്ഞണികസവുചുറ്റി
അണിവേണികൾ
തിരുവാതിരച്ചോടുമായിതാ
വന്നെത്തിയല്ലോ..
ചാണകം മെഴുകിയ തറയിലതാ
മുക്കൂറ്റിയും ചെത്തി,മന്ദാരവും
തുമ്പയും മുല്ലയും റോസയും
പൂപ്പട്ടിൻ കളം നെയ്തീടുന്നു..
ആ പൂക്കളനടുവിൽ
അഴകോടെയിതാ
ഓണത്തപ്പൻ ഇരുന്നീടുന്നൂ..
പൂവേ പൊലി പൂവേ പൊലി പൂവേ പൂവേ
ഓലേഞ്ഞാലിക്കിളി ഓടി വായോ
ഊഞ്ഞാലാടാം ഓണം കൂടാം
ഓണമുണ്ണാൻ ഓടി വായോ..



# Save $ 894.* Combine Home & Auto.



**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**SERVING NEW YORK & NEW JERSEY**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company

1601489 Bloomington, IL

കഥ

T. K ശശികുമാർ



# ചരിത്രത്തിന്റെ ഉപ്പ്

ജോലിക്കാരനായി വിദൂരസ്ഥലത്തേക്ക് പോയപ്പോൾ അച്ഛന്റെ ഓർമ്മ തിങ്ങുന്ന പഴയ ഫേവർ ല്യൂബാ വാച്ചും കൂടെക്കരുതിയിരുന്നു.

സമയത്തിന്റെ അന്ധയാനത്തിനിടയിൽ അതൊരു വിളക്കുമരമാകുമെന്ന് ഞാൻ ന്യായമായും വിശ്വസിച്ചു. ഒരു രാത്രി അത് നിലച്ചുപോയപ്പോൾ പൊടുന്നനെ ഞാൻ അനാഥനായ പോലെ തോന്നി. ഒരു വാച്ചുറിപ്പയററെ കാണാൻ അവധിയെടുത്ത് ഞാൻ രാവിലെ തന്നെ പുറപ്പെട്ടു. ചവിട്ടു റിക്ഷാക്കാരൻ തന്നെയാണ് ആപ്തെയുടെ വാച്ചുകടയെപ്പറ്റി പറഞ്ഞു തന്നതും.

ആ കടയുടെ മുമ്പിൽക്കണ്ട ബോർഡ് എന്നെ അത്ഭുതപ്പെടുത്തി, 'ഗോപാൽനാഥ് ആപ്തെ- ഘടികാരങ്ങളുടെ ചികിത്സകൻ'

കടയിലേക്ക് കടന്നപ്പോൾ ചടച്ചുയർന്ന ഒരു വൃദ്ധൻ ആൾപ്പൊക്കമുള്ള ഒരു ക്ലോക്ക്, നിന്ന നിൽപ്പിൽ പരിശോധിച്ചു കൊണ്ടിരിക്കയാണ്. ആൾപ്പെരുമാറ്റമറിഞ്ഞ് വൃദ്ധൻ നോക്കി. ഞാനാണ് ആപ്തെ! എന്താണ് വേണ്ടത്. ഞാൻ പറഞ്ഞു - അച്ഛന്റെ വാച്ചാണ്, രാത്രി നിലച്ചുപോയിരിക്കുന്നു. ഒരു ഡോക്ടർ ഹൃദയം ഏറ്റുവാങ്ങുമ്പോലെയാണ് അയാൾ വാച്ച് ഏറ്റുവാങ്ങിയതും ,തുറന്നതും. ചെറിയൊരു പരിശോധന കഴിഞ്ഞ് അയാൾ പറഞ്ഞു. തിങ്കളാഴ്ച വരൂ, ശരിയാകുമെന്നാണ് പ്രതീക്ഷ.അനന്തരം ആപ്തെ വാച്ചിന്റെ സമയം തിരിച്ച് 5.15 (അഞ്ചേ കാൽ മണി ) എന്നാക്കി അടുക്കോടെ അലമാരിയിൽ വെച്ചു പൂട്ടി. വാച്ചു കടയുടെ ഒരു കോണിലാണ് മരിച്ചു പോയ ഘടികാരങ്ങളെ സൂക്ഷിച്ചിരിക്കുന്നത്. ക്ലോക്കുകളും, ടൈംപീസുകളും, പല വലിപ്പത്തിലുള്ള വാച്ചുകളും അവിടെ ചത്തുകിടപ്പാണ്. ആഭിജാത്യത്തിന്റെ പല ശ്രേണികളിലുള്ള അവയുടെയെല്ലാം മുഖത്ത് പച്ചകുത്തിയ സമയം 5.15 ആണെന്ന് അത്ഭുതത്തോടെ ഞാൻ ദർശിച്ചു. വൃദ്ധന്റെ അടുക്കും ചിട്ടയും വന്ന മനസ്സിനോട് എനിക്ക് ആദരം തോന്നി. മടക്കയാത്രയിൽ റിക്ഷാവാല പറഞ്ഞു, ആപ്തെസാബ് കേൾവി പ്പെട്ട വാച്ചുപണിക്കാരനാണ്. സുന്ദർ ഗഢിൽ നിന്നും, ബ്രജ് രാജ് നഗറിൽ നിന്നുമൊക്കെ ചത്ത ഘടികാരങ്ങളെ ഇവിടെക്കൊണ്ടുവന്ന് സുഖപ്പെടുത്താറുണ്ട്. അതെന്നെ അനല്പമായി സന്തോഷിപ്പിച്ചു. അച്ഛന്റെ വാച്ചാണ്, അതിനിയും മിടിക്കണം.

തിങ്കളാഴ്ച കൃത്യം 9 ന് ഞാൻ ആപ്തെയുടെ കടയിലെത്തി. അയാൾ അച്ഛന്റെ വാച്ചിന് ജീവൻ കൊടുത്ത് ഒരു നീലക്കടലാസിൽ പൊതിഞ്ഞുവെച്ചിരിക്കുകയായിരുന്നു. എനിക്ക് സന്തോഷമായി. കൂലി ചോദിച്ചു. അരികിലുള്ള കറുത്ത പ്രതലത്തിൽ ആപ്തെ 5 രൂപാ എന്നെഴുതിക്കാണിച്ചു. അയാളുടെ മുഖത്ത് ഭവസാഗരങ്ങൾ ശാന്തമായി കിടക്കുന്നു. ഞാൻ ചോദിച്ചു എന്താണ് 5:15 ന്റെ രഹസ്യം. വൃദ്ധൻ ഒന്നും പറയാതെഴുതിക്കാണിച്ചു. ഇപ്പോൾ തിരക്ക്, പിന്നൊരിക്കൽ കാണാം.

എനിക്ക് ചെറുതല്ലാത്ത നീരസം തോന്നി. അയാളുടെ വിചിത്രമായ സ്വഭാവത്തെപ്പറ്റി റിക്ഷാക്കാരനോട് സൂചിപ്പിച്ച നേരം അയാൾ പറഞ്ഞു. ആപ്തെ സാബ് തിങ്കളാഴ്ച മിണ്ടുകയില്ല, പണ്ടേ ഇങ്ങനെയാണ്.

വൈകുന്നേരം തദ്ദേശീയനായ ഒരാളാണ് അത് വിശദീകരിച്ചത്. ആപ്തെയുടെ ദൈവം ഗാന്ധിയാണ്. പണ്ട് ദണ്ഡിയാത്രയ്ക്കിടെ ഗാന്ധിയ്ക്ക് ഒപ്പം

നടന്നയാളാണ്. മഹാത്മാവിനെപ്പോലെ ആപ്തെയ്ക്കും തിങ്കളാഴ്ച ദിനം മൗനവ്രതമാണ്.

എനിക്കത് അത്ഭുതമായി. ഗാന്ധിജി 1925ൽ വൈക്കം സത്യഗ്രഹത്തോടനുബന്ധിച്ച് കേരളത്തിലെത്തിയപ്പോൾ എന്റെ ജന്മനാട്ടിലും വന്നിരുന്നു. മഹാത്മാവ്, ശിവഗിരിയിൽ ഗുരുവിനെക്കണ്ട് നീണ്ട സംഭാഷണം നടത്തിയിട്ടാണ് ആറന്മുളയ്ക്ക് വരുന്നത്. അടൂരിൽ ചിലയിടത്ത് പ്രസംഗിച്ചിട്ട് നേരെ മാരാമൺ എത്തി, ടൈറ്റസ് തേവർതുണ്ടിയിലിനെ വീട്ടിൽച്ചെന്ന് കണ്ടു. ആദരണീയനായ ടൈറ്റസ്ജി അന്ന് സബർമതി ആശ്രമത്തിന്റെ സെക്രട്ടറിയാണ്. അതിനു ശേഷം ആറന്മുള ക്ഷേത്രദർശനം കൂടി നടത്തിയാണ് മഹാത്മാവ് മടങ്ങിയത്. പൂഴി നുള്ളിയിട്ടാൽ വീഴാത്ത ജനസാഗരമാണന്നവിടെ നിറഞ്ഞതെന്ന് എന്റെ ചരിത്ര റഫറൻസായ മുത്തശ്ശി പറഞ്ഞു കേട്ടിട്ടുണ്ട്. മുത്തശ്ശിയുടെ തലമുറയിൽപ്പെട്ട ഒട്ടുമിക്ക ഗ്രാമീണർക്കും അങ്ങനെ ഗാന്ധിജിയെക്കാണാനുള്ള ഭാഗ്യമുണ്ടായി.പക്ഷെ ഗാന്ധിയ്ക്കൊപ്പം സത്യഗ്രഹത്തിലോ, യാത്രയിലോ, ജയിലിലൊ കഴിഞ്ഞ ഒരാളെപ്പോലും ഞാൻ അന്നോളം കണ്ടിരുന്നില്ല! അപ്പോഴാണ് ആപ് തെയെക്കുറിച്ച് മനസിലാക്കുന്നതും, കാണുന്നതും.

അങ്ങനിരിക്കെ, ദസ്സറാ ഉത്സവത്തിനിടയ്ക്ക് അതിരാവിലെ, മഹാനദിയിലേക്കു നീളുന്ന പാതയോരത്തെ ആൽമരച്ചുവടുകളൊന്നിൽ ആപ്തെയെക്കണ്ടു മുട്ടി.

എന്നെ അയാൾക്കോർമ്മയുണ്ട്. അച്ഛന്റെ വാച്ചിനെപ്പറ്റി അയാൾ തിരക്കി.ഞാൻ നേരെ തന്നെ എന്റെ സന്ദേഹം അഴിച്ചിട്ടു. എന്താണ് 5-15 ന്റെ രഹസ്യം? ആപ്തെയുടെ പുഞ്ചിരിമാഞ്ഞു. മുഖത്ത് കടുപ്പം കലർന്ന ഒരജ്ഞാത മേഘം കനത്തു. അയാൾ പറഞ്ഞു - അഞ്ചേകാൽ മണിക്കാണ് കരുണയുടെ സൂര്യൻ മറഞ്ഞത്. എനിക്ക് ഒന്നും പിടികിട്ടിയില്ല. ആപ്തെ ഒരു മന്ത്രം പോലെ പറഞ്ഞു. ബാപ്പു നിശ്ചേതനായ നിമിഷമാണത്

പിന്നെ കുറെ നേരം അയാൾ മഹാനദിയിലെ വലിയ കടത്തുവഞ്ചികളുടെ പോക്കും വരവും നോക്കിയിരുന്നു. പ്രക്ഷുബ്ധമായ ഒരാന്തര സമുദ്രം ക്രമേണ അയാളിൽ തിരയണഞ്ഞ് ശാന്തമാകുന്നത് എനിക്ക് അറിയാമായിരുന്നു. അയാൾ പറഞ്ഞു, എന്നെ സംബന്ധിച്ച് മനുഷ്യനും, തിര്യക്കുകളും, എന്തും നിശ്ചലമാകുന്ന നേരമാണ് അഞ്ചേകാൽ മണി ! ചലനം നിലച്ച ഓരോ ഘടികാരത്തിനും ഞാനാ മുദ്ര ചാർത്തിക്കൊടുക്കുന്നതാണ്. ഞാൻ പാളി നോക്കി. ഭ്രാന്തന്റ ജല്പനമല്ല. ആ മുഖത്ത് ഉന്മാദത്തിന്റെ തിരയിളക്കമില്ല. വൃദ്ധന്റെ മുഖം ശാന്തവും ഗഭീരവുമാണ്.

ദണ്ഡിയാത്രയോർക്കുന്നുണ്ടോ? ഗാന്ധിജിയെ തൊട്ടോ? ഗാന്ധിജിയോട് സംസാരിച്ചോ? എനിക്ക് സംശയങ്ങളുടെ വേലിയേറ്റത്തിരയിൽപ്പെട്ട് അടിതെറ്റി.

ആപ്തെ തന്റെ കുറ്റിത്തലമുടി മെല്ലെത്തടവി ധ്യാനലീനനെപ്പോലെ മന്ത്രിച്ചു.

കൂട്ടുകാരനായ ഗണപത് ഭായിയാണ് ദണ്ഡിയാത്രയെപ്പറ്റി പറഞ്ഞത്. 20 വയസിന്റെ അഗ്നിയാളുന്ന നേരം. ദേശഭക്തിയുടെയും സ്വരാജിന്റെയും ഇളങ്കാറ്റാണെങ്ങും!

അച്ഛന്റെ ,നദിയാദിന്റെ പ്രാന്തത്തിലുള്ള ചോള വയലിൽ നിൽക്കുന്ന നേരമാണ് ഉൾവിളിയേറ്റത്. വെള്ളം തേവുന്ന വലിയ പാത്രം നിലത്തിട്ട് ഓടി.

നദിയാദിൽ നിൽക്കുന്നത് ആപത്താണ്. നാട്ടുരാജ്യത്തിന്റെ സർക്കാരിലെ ഒരു ജോലിക്കാരനായിരുന്നു അച്ഛൻ. രാജ്യവും, സ്വത്തും, ചോളവും, കടുകും, ഗോതമ്പും, ആളുമർത്ഥവുമെല്ലാം സാമ്രാജ്യത്വത്തിന്റെ ഭക്തരായ നാടുവാഴികളുടേതാണെന്ന് അച്ഛൻ വിശ്വസിച്ചു.പത്തു പാസായ മകൻ ഗോപാൽനാഥും ബ്രിട്ടീഷ് ശമ്പളക്കാരനായി കഴിയുന്നത് അയാൾ കിനാവു കണ്ടു.

നടന്നും, ഓടിയും,തീവണ്ടിയിലുമായി ഗോപാൽനാഥ് അപ്തെ സൂററ്റിലെത്തി, ജാഥയ്ക്കൊപ്പം ചേർന്നു.സബർമതിയിൽ നിന്ന് 78 പേർക്കൊപ്പം ബാപ്പു തുടങ്ങിയ മാർച്ചിൽ സൂററ്റെത്തിയപ്പോഴേക്കും ആയിരങ്ങൾ തികഞ്ഞിരുന്നു.

ആപ്തെ ഓർത്തെടുത്തു! പലരുടെയും കാൽപ്പടങ്ങൾ വിണ്ടുകീറിയിരുന്നു, മൂന്നാഴ്ച പിന്നിട്ട യാത്രയാണ്. ഒരു ദിവസം 20 കിലോമീറ്ററോളം പിന്നിടും. സ്വാതന്ത്ര്യം തന്നെയമൃതം , സ്വാതന്ത്ര്യം തന്നെ ജീവിതം എന്ന് ഉറപ്പിച്ച ഒരു ജനത പോരാടുകയാണ്, സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്വവുമായിട്ട്.

ഇടയ്ക്കിടെ ബാപ്പുവിന്റെ പ്രസംഗങ്ങളുണ്ട്, എല്ലായിടത്തും അടിവരയിട്ടു പറയുന്ന കാര്യം അഹിംസ തന്നെ, ഒപ്പം വിദ്യാഭ്യാസത്തിന്റെ വില

യും ഗ്രാമങ്ങൾ വികസിക്കേണ്ടതിന്റെ ആവശ്യവും. സഹനവും, ക്ഷമയും, നിസ്സഹകരണവുമായി നമ്മൾ സ്വാതന്ത്ര്യം നേടിയെടുക്കും. അമ്പതു കിലോ മാത്രം ഭാരം വരുന്ന, പകുതി മാത്രം ശരീരം മറച്ച ഒരു മനുഷ്യൻ ലോകത്തിന് അത്ഭുതമാകുകയാണ്. ലോകരെ കിനാവു കാണാൻ പഠിപ്പിക്കുകയാണ്. സ്വാതന്ത്ര്യചിന്തയുടെ ഉലയിൽക്കിടന്ന് ഇന്ത്യ ഉരുകിത്തെളിയുകയാണ്.

അന്ന് നവസാരിയിലായിരുന്നു. രാത്രിയുറക്കം. വെളുപ്പിന് 3 ന് തന്നെ ബാപ്പു എഴുന്നേറ്റു. ആപ്തെയും നേരത്തെ ഉണർന്നു. ബാപ്പുവിനെ നേരിട്ട് ദർശിക്കാനാഗ്രഹിച്ചു.

വാസസ്ഥലമായ വിദ്യാലയ മുറ്റത്ത് ഒരു വിരിപ്പിൽ പടഞ്ഞിരുന്ന് നേരിയൊരു ചെരാതിന്റെ വെട്ടത്തിൽ എന്തോ എഴുതുകയാണ് സാക്ഷാൽ ഗാന്ധി.കൂടെ അസ്തമിക്കാത്ത നിലാവിന്റെ നേർത്തകിരണങ്ങളും മഹാത്മാവിന്റെ അക്ഷരങ്ങൾക്ക് വെളിച്ചം ചൊരിഞ്ഞു കൂട്ടുനിന്നു. ഏകാഗ്രതയുടെ വാൾത്തലപ്പിലെ ആ അക്ഷര യാത്രകണ്ട് ആപ്തെ അങ്ങനെ തന്നെ നിന്നു. ഇന്ത്യയുടെ ഭാഗധേയത്തിന്റെ കരടുരൂപങ്ങൾ ഉണ്ടാകുന്ന നേരം തന്റെ സ്വകാര്യ മോഹങ്ങൾക്ക് പ്രസക്തിയില്ല. അയാൾ പിൻവാങ്ങി.

നവസാരിയിൽ നിന്ന് രാവിലെ യാത്ര തുടങ്ങി. യാത്രയുടെഅവസാന പാദമാണ്. ജനം ആർത്തിരമ്പുകയാണ്. ലോകം ദണ്ഡിയിലേക്ക് ഉറ്റുനോക്കി നില്പാണ്. ക്യാംബെ ഉൾക്കടലിന്നരികിലെ സാധാരണ ഗ്രാമമായിരുന്നു ദണ്ഡി. അവിടെ അന്നോളം നടന്നിരുന്നത്,കടൽക്കാക്കകളുടെ പറക്കലും ശാന്തമായ കടലിന്റെ വ്യാപാരവും മാത്രം! ചില മനുഷ്യരെപ്പോലെ തന്നെചില സ്ഥലങ്ങളും പൊടുന്നനെ ചരിത്രത്തിലേക്ക് നിറയുകയാണ്.

ദണ്ഡിയിലെത്തിയ ചരിത്രപുരുഷൻ ഒരു ദിനം മുഴുവൻ പ്രാർത്ഥനയിൽക്കഴിഞ്ഞു. ഇന്ത്യ മുഴുവൻ ഒരേകാഗ്രതയിലേക്ക് ലയം കൊണ്ടു നിന്നു.

പിറ്റേന്ന് രാവിലത്തെ പ്രാർത്ഥനയും ലഘു പ്രഭാഷണവും കഴിഞ്ഞ് മഹാത്മാവ് ഇന്ത്യയെ ഒന്നാകെ ദണ്ഡിയിലെ കടൽത്തീരത്തേക്ക് നയിച്ചു. തലേന്നാളത്തെ വേലിയിറക്കം ബാക്കി വെച്ച ഉപ്പു പരലുകളുടെ പാത്തിയിൽ നിന്ന് ഒരു പിടി വാരിയെടുത്ത് ഗാന്ധി പ്രഖ്യാപിച്ചു. ഉപ്പിനുള്ള ചുങ്കം ഇനി നമ്മൾ അനുവദിക്കരുത്. നിർബാധം നമ്മൾ ഇനിയുപ്പുണ്ടാക്കും. പിന്നാലെ, കൈപ്പിടിയിലൊതുക്കിയിരുന്ന ഉപ്പു പരലുകൾ മഹാത്മാവ് തീരത്ത് വിതറിയിട്ടു.അത് ഇന്ത്യയുടെ അഭിമാനത്തിന്റെ ഉപ്പായി പിൽക്കാലത്ത് റൊട്ടിയിലും അന്നത്തിലും സൂക്ഷ്മരൂപം പൂണ്ടു കിടന്നു. എന്നിട്ട്,ആ കൃശഗാത്രനായ മനുഷ്യൻ വിശ്വാകാരമാർന്ന് സമുദ്ര സ്നാനം ചെയ്തു.

ഗാന്ധിയുടെ പാദങ്ങൾ പതിഞ്ഞ ദണ്ഡിയിലെ ഒരു പിടി ഉപ്പുപരലുകൾ ആപ്തെ വാരിയെടുത്ത് മുണ്ടിന്റെ കോന്തലയിൽ സൂക്ഷിച്ചു.

ഗാന്ധിജി അറസ്റ്റ് ചെയ്യപ്പെട്ടേക്കുമെന്ന് കേട്ടിരുന്നു. ഒന്നും നടന്നില്ല. പക്ഷെ ആപ്തെ പിടിക്കപ്പെട്ടു. അച്ഛന്റെ കിങ്കരൻമാർ പിടിച്ച പിടിയാലെ അയാളെ നദിയാദിലേക്കും തുടർന്ന് ആനന്ദിലെ പശുത്തൊഴുത്തിലേക്കും നാടുകടത്തി.

പിറ്റേന്നു തന്നെ മുറപ്പെണ്ണിനെക്കൊണ്ട് വേളിയും കഴിപ്പിച്ചു. ഖാദിമാത്രം ധരിച്ച്, മധുരം ഉപേക്ഷിച്ച്, ഗൃഹസ്ഥാശ്രമിയായി അയാൾ ജീവിച്ചു.ആനന്ദിലെ ക്ഷീര കർഷകരിലൊരാളായി. ഇടയ്ക്ക് ഘടികാരങ്ങൾ അഴിച്ചു പെറുക്കി സമയത്തിന്റെ രഹസ്യം പഠിച്ചു കൊണ്ടിരുന്നു. അഞ്ചേകാലിന്റെ പൂർണ വിരാമത്തിൽ അയാൾ എന്നും ധ്യാനസ്ഥനായി!

ഭാര്യയുടെ വിയോഗാനന്തരം മൂത്ത മകന്റെയൊപ്പമാണ് അയാൾ ഒറീസയിലെ സമ്പൽപ്പൂരിലെത്തിയത്. ഒപ്പം നിധിപോലെ ഒരു പിടിയുപ്പും കൂടെക്കരുതിയിരുന്നു.

കടയിലെത്തി, ഏതോ രഹസ്യ അറ തുറന്ന് അയാൾ ഒരുപൊതിയെടുത്തഴിച്ചു. അനേകം പൊതിച്ചിലുകൾ കടന്ന് ഒരു പ്ളാസ്റ്റിക് കൂടിനുള്ളിൽ ഒരു പിടി മണൽ! ചരിത്രത്തിന്റെ ഉപ്പാണ്. അന്നേരം കോട്ടിയെടുത്ത കടലാസു കരണ്ടി കൊണ്ട് ഒരു നുള്ളു മണൽത്തരി ആപ് തെ എന്റെ കൈവെള്ളയിൽ ചൊരിഞ്ഞു. ദുർജ്ഞേയമായ ഒരു പ്രേരണയാൽ ഞാനതു നാവിലിട്ടു. മണൽത്തരികൾക്കിടക്കെവിടെയോ ഒരു നുള്ള് ഗാന്ധിയെ രുചിക്കുന്ന പോലെ, സ്വാതന്ത്ര്യത്തിന്റെ ഉപ്പലിഞ്ഞിറങ്ങുമ്പോലെ.......

**പിൻകുറിപ്പ്**

കേട്ട ചരിത്രമാണ്. യാഥാർത്ഥ്യവുമായി ഇതിന് വൈജാത്യം കണ്ടേക്കാം



പ്രവാസികളുടെ സ്വന്തം ചാനലിൽ
മലയാള സിനിമയിലെ താരങ്ങളുടെ ജന്മോത്സവം
MON - FRI 8 PM ET
SAT & SUN 1, 5 & 9 PM ET
നൈല ഉഷ
ശോഭന
പ്രകാശ് രാജ്
താരപ്പിറവി
അതിരുകൾ ഇല്ലാത്ത ആഘോഷം
on Pravasi Channel
www.pravasichannel.com
pravasi CHANNEL HD
Tel: 917-900-2123
news@pravasichannel.com



കഥ

അനിൽ നാരായണ



# മരുഭൂമിയിൽ ഒരു കുട്ടി

അടുക്കും ചിട്ടയുമില്ലാത്ത ജീവിതത്തിന്റെ അവസാന ദിനങ്ങളിലൊന്നായിരുന്നു അന്ന്. ദൈവത്തിനായി മനുഷ്യൻ കൂട്ട പ്രാർത്ഥനക്കു തിരഞ്ഞെടുത്ത ദിവസം. അന്ന് വെള്ളിയാഴ്ച ആയിരുന്നു. മരുഭൂമിയിലെ ഒഴിവു ദിനം. ആ ദിവസം ആസ്വദിക്കാനുള്ള മൂഡിലായിരുന്നില്ല അയാൾ. ഒരുപാടു കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. പതിവ് വെള്ളിയാഴ്ചകളെപോലെ എയർകണ്ടീഷനറിന്റെ തണുപ്പിൽ ചുരുണ്ടുകൂടി ഒരു പാതിമയക്കം, അത് ഇന്നേതായാലും നടക്കില്ല. ഇന്നലെ രാത്രിയിലെ ബാച്ചിലർ പാർട്ടിയുടെ അവശേഷിപ്പുകൾ ഇനിയും വൃത്തിയാക്കാനുണ്ട്.

പുതുതായി വെള്ളപൂശിയ ചുമരിൽ അവളുടെ വലിയ ചിരിക്കുന്നചിത്രം തൂക്കിയശേഷം അയാൾ സെറ്റിയിൽ തളർന്നിരുന്നു. ഇനി മൂലയിൽ കുന്നുകൂടിയിരിക്കുന്ന പത്രക്കടലാസ്സുകൾ പുറത്തെത്തിക്കണം. കട്ടിലിന് ഇരുവശവും പുതുതായി വാങ്ങിയ മേശവിളക്കുകൾ സ്ഥാപിക്കണം. കിടക്കയിൽ മഞ്ഞയിൽ നീല വരകളുള്ള പതുപതുത്ത വിരിപ്പ് വിരിക്കണം. ഒരുപാടു ജോലികൾ ചെയ്തു തീർക്കാനുണ്ടെങ്കിലും അയാൾ സെറ്റിയിൽ അലസമായി ഇരുന്നു. അച്ചടക്കമുള്ള ഒരു ജീവിതത്തിലേക്ക് കടക്കാൻ ഇത്രയേറെ കടമ്പകളുണ്ടെന്നത് അയാൾക്ക് വിചിത്രമായി തോന്നി.

നേരം വെളുത്തതേ ഉള്ളുവെങ്കിലും മുറിയിൽ വെളിച്ചം നിറഞ്ഞുകഴിഞ്ഞു. ഇപ്പോൾ മരുഭൂമിയിലെ പകലുകൾ നീളം കൂടിയവയാണ്. ബാൽക്കണിയുടെ വാതിൽ തുറന്നപ്പോഴേക്കും പതുങ്ങിനിന്നപോലെ പുറത്തെ ചൂട് അകത്തേക്കടിച്ചു കയറി. പുറത്തു നഗരം ഉണർന്നിട്ടില്ല. ദൂരെ കാണാവുന്ന ഇടങ്ങളിലൊക്കെ പാർക്ക് ചെയ്തിരിക്കുന്ന വണ്ടികൾ.

അപ്പോഴാണ് അകലെ ഒരു വിളക്കു കാലിനരികെ, പണ്ടെങ്ങോ പൂട്ടിപോയ ഒരു കടയുടെ മുന്നിലിരിക്കുന്ന അവനെ കണ്ടത്. പത്തു പന്ത്രണ്ടു വയസ്സുള്ള ചുരുണ്ട മുടിക്കാരനായ ഒരു കറുത്ത പയ്യൻ . പ്രശസ്തമായ ഒരു ശീതള പാനീയത്തിന്റെ ചുവന്ന മൂടിയുടെ പടമുള്ള ഒരു ഉടുപ്പാണ് അവൻ ധരിച്ചിരുന്നത്. ഇടയ്ക്കു അവൻ എഴുന്നേറ്റ് ആ തെരുവിലൂടെ നടക്കുന്നു, ആരെയോ പ്രതീക്ഷിച്ചപോലെ. പാർക്ക് ചെയ്ത കാറുകൾ അവനെ കാഴ്ച്ചയിൽ നിന്ന് മറക്കുന്നുണ്ട്. ചെറിയ പൊടിക്കാറ്റുള്ളതിനാൽ തെരുവ് വിജനമാണ്. അയാൾ വാതിലടച്ചു അകത്തുകയറി. അകലെയെവിടെയോ ഇടിവെട്ടി. ഒരു കൊള്ളിയാൻ മിന്നിയപോലെ. ബട്ടൺ പൊട്ടിപ്പോയ ട്രൗസറിന്റെ മുൻഭാഗം പിന്നുകൊണ്ടു കുത്തി കസേരത്തുണിയുടെ നിറമുള്ള ഷർട്ടുമിട്ടു, ചാടിയ വയറും തലയിൽ എണ്ണതേച്ചു ചീകിവച്ച മുടിയുമായി സ്കൂളിലേക്ക് പോകുന്ന കുട്ടി. വഴിയിൽ നീലയും വെള്ളയും യൂണിഫോമിട്ടു ടൈ കെട്ടി സ്കൂൾ ബസ് കാത്തു നിൽക്കുന്ന കുട്ടികളെ അത്ഭുതത്തോടെ നോക്കിനിന്നു. അവർ തങ്ങളുടെ കയ്യിലെ അലൂമിനിയം പെട്ടി പരസ്പരം കൂട്ടി മുട്ടിച്ചു ശബ്ദം ഉണ്ടാക്കുമ്പോൾ തന്റെ റബർ ബാന്റിട്ട കീറി തുടങ്ങിയ പുസ്തകങ്ങൾക്കിടയിൽ സൂക്ഷിച്ച മയിൽപീലി തുണ്ടു പ്രസവിച്ചു കാണുമോ എന്ന സംശയത്തിലായിരുന്നു അവൻ. അതിനെ ആകാശം കാണിക്കാതെ കൊണ്ടു നടക്കാൻ തുടങ്ങിയിട്ട് കുറെ ദിവസമായി. അതൊന്നു പ്രസവിച്ചിട്ടുവേണം അതിന്റെ കുട്ടിമയിൽപീലി പ്രിയപ്പെട്ടൊരാൾക്കു കൊടുക്കാൻ..

അയൽവക്കത്തെ ഫ്ളാറ്റിലെ സുഹൃത്ത് അയാൾക്കുള്ള ഭക്ഷണം കൊണ്ടുവച്ചിട്ട് പോയി. ഇന്നലെ പാർട്ടിയിൽ വച്ചേ അവന്റെ ഭാര്യ പറഞ്ഞിരുന്നു 'ഇനി പോകാൻ ഒരു ദിവസമല്ലേയുള്ളു. ഭക്ഷണം ഞാൻ കൊടുത്തയക്കാം. തിരിച്ചു വരുമ്പോൾ പുതുമണവാട്ടിയും ഉണ്ടാകുമല്ലോ. പിന്നെ ഓള് ഉണ്ടാക്കികൊള്ളും'.

പുറത്തു വണ്ടികളുടെ ബഹളമാണ്. പ്രാർഥന ക്കുശേഷം കടകളിൽ നിന്ന് ഭക്ഷണം വാങ്ങാനുള്ള തിരക്കാണ്. അപ്പോഴാണ് അയാളത് ശ്രദ്ധിച്ചതു. അകലെ തെരുവിന്റെ ആളൊഴിഞ്ഞ കോണിൽ അവനിപ്പോഴുമുണ്ട്. മുട്ടുകാലിൽ തല അമർത്തി അവനപ്പോൾ ഉറങ്ങുകയായിരുന്നു. ഇത്രനേരം അവൻ എന്തുചെയ്യുകയായിരുന്നിരിക്കും. പൊള്ളി പ്പോകുന്ന ഉച്ചവെയിലാണ്. അയാൾ നോക്കിയിരി ക്കുമ്പോൾ അവൻ എഴുന്നേറ്റു റോഡിലൂടെ കുറച്ചു നടന്നു. കാലിൽ തടഞ്ഞ ഒഴിഞ്ഞ പാനീയത്തിന്റെ കുപ്പി ഒരു കാല്പന്തുകളിക്കാരന്റെ വേഗതയോടെ ദൂ രേക്ക് തെറിപ്പിച്ചു. കുറച്ചുനേരം അവിടേക്കു നോക്കി നിന്നിട്ടു അവൻ മുൻപേ നിന്നിരുന്ന സ്ഥലത്തേക്ക് മടങ്ങി.

കർക്കിടകം പിറന്നാൽ വൈകുന്നേരങ്ങളിൽ എന്നും മഴയാണ്. കുട്ടി അപ്പോൾ ഹൈസ്കൂളിൽ എത്തിയിരുന്നു. ബസ്സിറങ്ങിയാൽ വീട്ടിലെത്താൻ പാടത്തുടെ എളുപ്പ വഴിയുണ്ട്. എങ്കിലും പാടവര മ്പിലൂടെ വീട്ടിലേക്കു നടക്കാൻ ശ്രമിക്കാറില്ല. ഇട ക്കുള്ള തോട്ടിലെ നീർക്കോലികളെ കുട്ടിക്ക് ഭയമാ യിരുന്നു. റോഡിലൂടെ ദൂരക്കൂടുതലുണ്ടെങ്കിലും വലിഞ്ഞു നടക്കുമ്പോൾ നനക്കാൻ എത്തിയ മഴയെ തോൽപ്പിച്ചു ഓടി കയറിയത് ഒരു വലിയ വീടിന്റെ ഉമ്മറത്തേക്കാണ്. കൂട്ടിൽ അടച്ച പട്ടി അവന്റെ വരവ് ഇഷ്ടപെടാത്തപോലെ ഉറക്കെ കുരച്ചു തുടങ്ങി. അക ത്തുനിന്നു ചട്ടയും മുണ്ടും ഉടുത്ത ഒരു അമ്മച്ചി ഇറ ങ്ങി വന്നു. അവർ അവനെ അകത്തേക്ക് ക്ഷണിച്ചു. തല തുടക്കാൻ തോർത്ത് കൊടുത്തു.

'നീയെവിടെത്തെയാ..'

അവർ ചോദിച്ചപ്പോൾ അവൻ അച്ഛന്റെ തറവാട്ട് പേരാണ് പറഞ്ഞത്. തറവാട്ടിലെ ആരുമായും അവർ ക്കു ബന്ധം ഒന്നുമില്ലായിരുന്നു. പടിപ്പുരയുള്ള തറ വാട് അവൻ പുറത്തുനിന്നെ കണ്ടിട്ടുള്ളു. 'അവിടെ?'

അമ്മച്ചി വീണ്ടും ചോദിച്ചപ്പോൾ അവൻ അച്ഛന്റെ പേര് പറഞ്ഞു. മരിച്ചുപോയ അച്ഛനെ ഓർത്തപ്പോൾ കുട്ടിയുടെ കണ്ണ് നിറഞ്ഞു. 'അങ്ങിനെവരട്ടെ.. താന പ്പോ മാഷുടെ മകനാണല്ലേ..' അവർ കുട്ടിയെ വലിയി ലൊരു ഊണുമേശയിൽ ഇരുത്തി. അവൻ വേണ്ട എന്ന് പറഞ്ഞിട്ടും വലിയൊരു വെളുത്ത പ്ലേറ്റിൽ നൂലപ്പം വിളമ്പി. അതിൽ ഒഴിക്കാൻ തേങ്ങാപ്പാലും പിന്നെ പഞ്ചസാരയും. 'കഴിച്ചോളൂ മടിക്കണ്ട മാഷ്ടെ മോനല്ലേ.' പിന്നെ അമാന്തിച്ചില്ല.

തിരിച്ചു നടക്കുമ്പോൾ മഴ മാറിയിരുന്നു. കഴിച്ച ഭക്ഷണത്തിന്റെ സ്വാദ് വായിൽനിന്നു പോകാതി രിക്കാൻ പ്രാർത്ഥിച്ചുകൊണ്ടായിരുന്നു നടത്തം. സാധാരണ വീടടുക്കുമ്പോൾ ഓടാറാണ് പതിവ്. അവിടെ വറുത്ത അരിയും തേങ്ങയും ശർക്കരയും കൂടി ഉരലിട്ടു കുത്തി അമ്മ ഉണ്ടാക്കുന്ന അവലോസ് പൊടി കാത്തിരിക്കുന്നുണ്ടാകും. അതെടുത്തു കഴി ച്ചു പിന്നെ പശുവിനു പുല്ലു പറിക്കാൻ ഓട്ടമാണ്. അതും കഴിഞ്ഞു വേണം കളിയ്ക്കാൻ പോകാൻ. വഴിയിൽ നിന്ന് കിട്ടിയ നൂലപ്പത്തിന്റെ കഥ അമ്മ യോട് പറഞ്ഞപ്പോൾ അമ്മ അത്രക്കൊന്നും ശ്രദ്ധി ക്കാതെ പറഞ്ഞു. 'അത് നിന്റെ അച്ഛനെ അറിയുന്ന ആരെങ്കിലും ആകും..'

അച്ഛൻ പാലക്കാടു സ്കൂളിൽ പഠിപ്പിക്കുമ്പോൾ മാസത്തിലൊരിക്കലേ വീട്ടിൽ വരൂ. അന്ന് അരി കി ട്ടാത്ത കാലമാണ്. യുദ്ധവും അതിനുശേഷം വന്ന അടിയന്തരാവസ്ഥയും. പാലക്കാട്ട് അരിക്ക് വിലക്കു റവാണ്. പക്ഷെ അരി മറ്റുസ്ഥലങ്ങളിലേക്കു കൊ ണ്ടുപോകാൻ പാടില്ല. ആലത്തൂരിൽ ഒരു ചെക്ക് പോസ്റ്റ് ഉണ്ട്. അവിടെ ചെക്ക് ചെയ്യാൻ വരുന്ന പോലീസുകാർ അച്ഛന്റെ കയ്യിലെ അരിസഞ്ചി കണ്ടി ല്ലെന്നു നടിക്കും. മാഷല്ലേ !.

ആ അരി ഒന്ന് രണ്ടു ആഴ്ച കഞ്ഞിവയ്ക്കാനെ തികയൂ. അരി കഴിഞ്ഞാൽ കുട്ടിക്ക് വേറൊരു ജോലി കൂടിയുണ്ട്. വൈകിട്ട് വായനശാലയിൽ വിതരണം ചെയ്യുന്ന അമേരിക്കൻ മാവിന്റെ കുറുക്കു വാങ്ങി ക്കുക. ഒരിക്കലും ചേരാത്ത അടപ്പുള്ള ചോറും പാത്രത്തിൽ എത്തിക്കുന്ന കുറുക്കിനെ ദോശയാ ക്കുന്നതും കാത്തു കുറെ വയറുകൾ വീട്ടിൽ കാ ത്തിരിക്കുന്നുണ്ടെന്നു അറിയാവുന്ന കുട്ടി. ചൂടുള്ള, അടപ്പു ചേരാത്ത പാത്രം കുലുങ്ങാതെ വീട്ടിലെത്തി ക്കും . ചിലപ്പോൾ വായനശാലയിലെ ചേട്ടൻ സ്നേ ഹത്തോടെ അത് അടച്ചു തരാറുണ്ട്.

അയാൾക്കപ്പോൾ അച്ഛനെ ഓർമവന്നു. ഒരി ക്കൽ അച്ഛന്റെ സ്കൂളിൽ ചെന്നപ്പോൾ അച്ഛനായി ആരോ കൊണ്ടുവന്ന മധുര സേവ പൊതിഞ്ഞു തന്നത് . ജോലി സ്ഥലത്തു നിന്നും അച്ഛനെത്തു മ്പോൾ മക്കളെക്കാൾ മുൻപ് അച്ഛനെ സ്നേഹിച്ചു എതിരേൽക്കുന്ന ജിമ്മിയെ ഓർമ വന്നു. അവനൊ രു പട്ടിക്കുട്ടിയായിരിക്കുമ്പോൾ പാലക്കാട്ടു നിന്ന് കൊണ്ടുവന്നതാണ്. വലുതായിട്ടും അവൻ അച്ഛന്റെ മുന്നിൽ ഒരു കുട്ടിയെ പോലെ അഭിനയിച്ചു. അച്ഛൻ മരിച്ചു കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അവനും അപ്രത്യക്ഷനായി.

ഒരു നിമിഷം പ്രിയപെട്ടവരെല്ലാം മുന്നിലൂടെ കടന്നുപോയി. താഴെ നിരത്തിലെ പയ്യനും പോയിരി ക്കുന്നു. അന്നത്തെ അവസാനത്തെ പ്രാർഥനക്കുള്ള അറിയിപ്പ് മുഴങ്ങി. ദൈവവുമായി മനുഷ്യൻ കേവ ലം ഒരു പ്രാർത്ഥനയുടെ അകലം മാത്രമുള്ള നിമിഷ ങ്ങൾ. അയാൾക്ക് പെട്ടെന്ന് കരയണമെന്നു തോന്നി. പുതുതായി വിരിച്ച കിടക്കയിൽ തലയിണയിൽ മുഖം അമർത്തി അയാൾ ഉറക്കെ കരഞ്ഞു...

കഥ

സൂന കുമാർ



# ഒരു ഗംഭീര മോഷണം

കുപ്രസിദ്ധ മോഷ്ടാവ് ഊട്ടി രാജന് ആ പേരു വീണതിനെ പറ്റി തലസ്ഥാനത്തെ പോലീസുകാർക്കിടയിൽ രണ്ടു വാദഗതികളുണ്ട് . ഊറ്റുകുഴി സ്വദേശിനിയെ വിവാഹം ചെയ്ത് അവിടെ താമസമാക്കിയതോടെ ഊറ്റുകുഴി രാജനെന്ന് അറിയപ്പെടാൻ തുടങ്ങുകയും ക്രമേണ ഊറ്റുകുഴി ലോപിച്ച് 'ഊട്ടി'യായിത്തീർന്നു എന്നതാണ് ഒരു വാദം. കനപ്പെട്ട മോഷണങ്ങൾ ഏതെങ്കിലും നിർവഹിച്ചു കഴിഞ്ഞാൽ അവിടെ മുങ്ങി ഊട്ടിയിൽ പൊങ്ങുന്ന പതിവുണ്ടായിരുന്നതിനാൽ ഊട്ടി രാജൻ എന്ന പേരു വീണു എന്ന് മറുഭാഗം വാദിക്കുന്നു. രാജന്റെ ആദ്യഭാര്യ വാമാക്ഷി ഊറ്റുകുഴി സ്വദേശിനിയായിരുന്നതിനാൽ ആദ്യവാദത്തിൽ കഴമ്പുണ്ട് എന്ന് തോന്നും. തലസ്ഥാനത്തെ വിവിധ സ്റ്റേഷനുകളിലെ രാജൻ പ്രതിയായ ആദ്യകാല മോഷണക്കേസ് രേഖകൾ പരിശോധിച്ചാൽ കൃത്യം നിർവഹിച്ച ശേഷം അയാൾ ഊട്ടിയിൽ എത്തി ദിവസങ്ങളോളം ഹോട്ടലുകളിൽ താമസിക്കുക പതിവായിരുന്നു എന്നു വ്യക്തമാകും. അപ്പോൾ രണ്ടാമത്തെ വാദത്തിനാണ് ബലം എന്നു തോന്നും.

ഫോർട്ട് സ്റ്റേഷനിലെ ഗ്രേഡ് എസ്. ഐ ഗീവർഗീസ്, രാജനെ ചില കേസുകളുമായി ബന്ധപ്പെട്ട് ഊട്ടിയിൽ തെളിവെടുപ്പിന് കൊണ്ടു പോയിട്ടുള്ളവരിൽ സർവീസിൽ ഇപ്പോഴും ശേഷിക്കുന്നയാളാണ്.

സ്റ്റേഷനിലെ പതിവ് സംഭാഷണ മധ്യേ ഊട്ടി രാജൻ എന്ന പ്രയോഗം ആദ്യമായി നടത്തിയത് താനാണ് എന്നും അന്നത്തെ ഫോർട്ട് എസ് ഐ ഇടിയൻ ചാക്കോയ്ക്ക് അത് നന്നേ ബോധിക്കുകയും രേഖകളിലും അങ്ങനെ ചേർത്തു കൊള്ളാൻ അനുവദിച്ചു എന്നും ഗീവർഗീസ് അവകാശപ്പെടുന്നു. ഇത് വെറും തള്ളാണ് എന്നാണ് ഊറ്റുകുഴി വാദക്കാരുടെ അഭിപ്രായം.

മോഷണവും പിടിച്ചുപറിയുമൊക്കെ വർഷങ്ങൾക്ക് മുൻപ് അവസാനിപ്പിച്ച് മുടവന്മുകൾ ഭാഗത്ത് രണ്ടാം ഭാര്യയുടെ ആദ്യ വിവാഹത്തിലെ മകൾക്കൊപ്പം വിശ്രമ ജീവിതം നയിക്കുന്ന രാജൻ തമ്പാനൂർ സ്റ്റേഷനിൽ ലഭിച്ച ഒരു പരാതിയുമായി ബന്ധപ്പെട്ടാണ് വീണ്ടും കഥയിൽ വരുന്നത്.

ന്യൂ തീയേറ്ററിന് പിന്നാമ്പുറത്തെ വാടക വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന പത്മാക്ഷിയമ്മ എന്ന വൃദ്ധയായിരുന്നു പരാതിക്കാരി.

ഓഹരിയെല്ലാം വാങ്ങിയെടുത്ത ശേഷം വർഷങ്ങളായി തിരിഞ്ഞു നോക്കാതിരുന്ന മകനും മകളും ഇപ്പോൾ സ്വസ്ഥമായി ജീവിക്കാൻ സമ്മതിക്കുന്നില്ല എന്നതായിരുന്നു പരാതി.

ഇഞ്ചക്കൽ ഭാഗത്ത് ഹോട്ടൽ നടത്തുന്ന മകൻ ശിവനെയും മെഡിക്കൽ കോളജിൽ ജീവനക്കാരിയായ മകൾ സരസയേയും സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. അവരെത്തി കുറച്ചു കഴിഞ്ഞപ്പോൾ പത്മാക്ഷിയമ്മയും സ്റ്റേഷനിലെത്തി. എസ് ഐ മൂവരെയും അകത്തു വിളിച്ചു. മൂന്നാളും കയറി ഹാഫ് ഡോർ അടഞ്ഞതും എസ് ഐ യുടെ മൂക്കിൽ ബിയറിന്റെ പുളിച്ച മണം തുളച്ചു കയറി.

അയാൾ ശിവനെയൊന്ന് തറപ്പിച്ചു നോക്കി.

'നീ കുടിച്ചിട്ടുണ്ടോ...?'

'ഇല്ല സാറേ...'

'നുണ പറയുന്നോടാ' എന്നലറിക്കൊണ്ട് എസ് ഐ ചാടിയെണീറ്റു. അന്നേരം

'കുടിച്ചത് ഞാനാ സാറേ...'എന്നു പറഞ്ഞ് ഒരു

ചെറു പുഞ്ചിരിയോടെ പത്മാക്ഷിയമ്മ അയാളെ കണ്ണിറുക്കി കാണിച്ചു.

'ഇതാ സാറേ കുഴപ്പം... അമ്മച്ചി സദാ നേരവും

ബാറിലാണ്. ഇതങ്ങനെ വിട്ടാൽ പറ്റില്ല. അമ്മച്ചിയെ എനിക്ക് കൊണ്ടു പോണം . ഇനിയുള്ള കാലം പൊന്നുപോലെ നോക്കണം.'

കിട്ടിയ അവസരം മുതലാക്കി സരസ പറഞ്ഞു.

'ആ വെള്ളം നീ വാങ്ങി വയ്.. അമ്മച്ചി എന്റെ അമ്മച്ചി. അമ്മച്ചീന ഞാൻ കൊണ്ടോയി നോക്കും...'

ശിവനും വിട്ടില്ല.

എസ് ഐ കസേരയിൽ തിരികെയിരുന്നു.

'അമ്മച്ചി കുടിക്കോ...?'

'കുടിക്കും സാറേ... ഇവനേം ഇവളേം കൂട്ട് വെട്ടിരുമ്പല്ല... നല്ല ബിയറ്... രാവിലേം വയ്യൂട്ടും ഓരോന്ന്..'

'അമ്മച്ചിയെ കൂടെ നിർത്താൻ മക്കൾ രണ്ടും മത്സരിക്കുവല്ലേ... ഇന്നത്തെ കാലത്ത് ഇങ്ങനെ യുള്ള മക്കളെ കിട്ടാൻ ഭാഗ്യം ചെയ്യണം.. അമ്മച്ചിക്ക് ഇഷ്ടമുള്ള ആളോടൊപ്പമോ അല്ലെങ്കിൽ രണ്ടിടത്തും മാറി മാറിയോ നിന്നാലെന്താ...?'

'സാറേ.. നാലഞ്ചു കൊല്ലമായി ഞാൻ ചത്തോ ഉണ്ടോ എന്നുപോലും അന്നഴിക്കാത്ത ജാതികളാ.. ഇതിപ്പോ എന്നെ വെഷം തന്നു കൊല്ലാനാണ് സ്നേഹത്തി വിളിക്കണത്..'

'ഇത്രേം കാലം നിങ്ങൾ എവിടെയായിരുന്നു...?'

എസ് ഐ മക്കളോട് ചോദിച്ചു.

ശിവൻ ആ ചോദ്യത്തിന് പെട്ടെന്നൊരു ഉത്തരമില്ലാതെ പെട്ടു. പക്ഷേ

സരസയുടെ കൗശലബുദ്ധി ഉണർന്നു പ്രവർത്തിച്ചു.

'ഇത്രേം കാലം അമ്മച്ചിക്ക് ആരോഗ്യമൊണ്ടാരുന്നു. സ്വന്തം കാലിൽ നിയ്ക്കാൻ പറ്റുമാരുന്നു.. വയസാകുമ്പ അല്ലേ സാറേ മക്കളുടെ ആവിശം...?'

എസ് ഐ യ്ക്ക് പെട്ടന്നൊരു മറുപടി കിട്ടിയില്ല..

പത്മാക്ഷിയമ്മ ആരോടൊപ്പവും പോകുന്നില്ല എന്ന ഒരേ വാശിയിൽ നിന്നു. മകനും മകളും വീട്ടിൽ കയറിയിറങ്ങുന്നത് വിലക്കണം എന്നതാണ് അവരുടെ ആവശ്യം..

'അമ്മയ്ക്ക് നിങ്ങൾക്കൊപ്പം വരാൻ ഇഷ്ടമില്ലെങ്കിൽ നിങ്ങളവരെ നിർബന്ധിക്കണ്ട...'

എസ് ഐ പറഞ്ഞു.

'അപ്പോ കുടിച്ചു ബോധം പോയി വല്ല വണ്ടീം മുട്ടി റോഡിൽ വീണു ചത്താ സാറു സമാധാനം പറയോ...?'

സരസ ചോദിച്ചു.

'നീ പോടീ നാറീ.. ഞാൻ വീണു ചത്താൽ എനിക്ക് തന്നെ ഉത്തരവാദിത്തം...'

പത്മാക്ഷിയമ്മ ചീറി..

എസ് ഐ കടലാസും പേനയും വരുത്തി. മക്കൾക്കൊപ്പം പോകാൻ സമ്മതമില്ല എന്നും അതിന്റെ കഷ്ടനഷ്ടങ്ങൾക്ക് മക്കൾ ഉത്തരവാദിയല്ല എന്നും പത്മാക്ഷിയമ്മയെക്കൊണ്ടും അമ്മയെ ഒപ്പം നിർത്താൻ തയാറാണ് , പക്ഷേ അമ്മയ്ക്ക് ഇഷ്ടമല്ലാത്തതിനാൽ അക്കാര്യം ഇനി നിർബന്ധിക്കില്ല എന്ന് മക്കളെക്കൊണ്ടും എഴുതി വയ്പ്പിച്ച് അയാൾ മൂവരെയും പറഞ്ഞു വിട്ടു.

രണ്ടു ദിനം കഴിഞ്ഞ് പതിവ് പട്രോളിങ്ങിനിടെ മുല്ലശ്ശേരി ബാറിന് മുന്നിലെ ഇടുങ്ങിയ റോഡിലൂടെ പോകുമ്പോൾ നട്ടുച്ചയ്ക്ക് ബാറിറങ്ങി വരുന്ന പത്മാക്ഷിയെ കണ്ട് എസ് ഐ അമ്പരന്നു. മെലിഞ്ഞ കഴുത്തിൽ ഉശിരനൊരു സ്വർണമാലയും കാതുകളിൽ പൂക്കമ്മലും തിളങ്ങുന്നതുകണ്ട് അയാളുടെ അദ്ഭുതമിരട്ടിച്ചു. എവിടെയോ എന്തോ തകരാറു പോലെ..!

പോലീസുവണ്ടി ഓരം ചേർത്തു നിർത്തിച്ച് എസ് ഐ 'അമ്മച്ചീ' എന്ന് ഉറക്കെ വിളിച്ചു.

അമ്മച്ചി നിന്നു.

'സാറോ..?!'

സങ്കോചമൊന്നുമില്ലാതെ അവർ എസ് ഐ ഇരുന്ന ഭാഗത്തേക്ക് ചെന്നു.

'അമ്മച്ചി കയറ്.. ഞങ്ങൾ കൊണ്ടു വിടാം...'

'വേണ്ട സാറേ.. നടക്കാനുള്ള ദൂരമേയൊള്ളൂ...'

'എന്നാലും കയറ്... ചില കാര്യങ്ങൾ ചോദിച്ചറിയാനുണ്ട് .'

പിന്നിലിരുന്ന പോലീസുകാരൻ ഡോർ തുറന്നു കൊടുത്തു

അമ്മച്ചി പോലീസുകാരന്റെ തന്നെ കൈ പിടിച്ച് വണ്ടിക്കകത്തേക്ക് കയറി.

'ഈ മാലയും കമ്മലും ഒക്കെ മുക്കാണോ അതോ സ്വർണമാണോ..?.'

എസ് ഐ ചോദിച്ചു.

'തനി തങ്കമാ സാറേ..'

'പെൻഷൻ കാശ് കൂട്ടി വച്ചു വാങ്ങിയതാണോ...?'

'ഓ.. അതെന്തിന് വരും.. നക്കാപ്പിച്ചയല്ലേ ഉള്ളൂ...?'

'പിന്നെ ഇതിനൊക്കെ എവിടന്നാ കാശ്...?'

'എനിക്ക് കുറച്ച് മൊതല് കിട്ടാനുണ്ടാരുന്ന് സാറേ... രണ്ടാഴ്ച്ച മുന്നേ അത് കിട്ടി. അതല്ലേ മോനും മോളും എന്നെ വളഞ്ഞിട്ട് പിടിക്കാൻ നോക്കുന്നെ...'

'മുതൽ എന്നു പറയുമ്പോ...?'

'സ്വർണം.. '

'കടം കൊടുത്തിരുന്നതാണോ..?'

'അല്ല സാറേ.. പിടിച്ചു പറിച്ചോണ്ടു പോയതാ.. മുപ്പത് കൊല്ലം മുൻപ്.'

'എന്നിട്ട് കള്ളൻ അതിപ്പോ തിരികെ കൊണ്ടു തന്നോ...?'

എസ് ഐ ക്ക് ആകാംക്ഷ അടക്കാൻ പറ്റിയില്ല...

'അതെ സാറേ.. വെളുപ്പിന് ഉണർന്നു മുറീന്നിറങ്ങി നോക്കുമ്പോ ഇറായത്ത് ഒരു പെട്ടി. തുറന്നു നോക്കിയപ്പോ അകം നിറയെ സ്വർണം..'

പെട്ടെന്നുണ്ടായ ഞെട്ടലിൽ ഡ്രൈവറുടെ കാൽ അറിയാതെ ബ്രേക്കിലമർന്നു. വണ്ടി നടുറോഡിൽ എൻജിൻ ഓഫായി നിന്നു.

അമ്മച്ചിക്ക് കള്ള് മണ്ടയിൽ കയറി കിളി പോയിക്കാണും എന്ന് എസ് ഐ വിചാരിച്ചു.

'അത് കള്ളൻ കൊണ്ടുവച്ചതാണെന്ന് എങ്ങനെ മനസ്സിലായി...?'

അയാൾ വെറുതെ ചോദിച്ചു.

പതമാക്ഷിയമ്മ കയ്യിലെ ചെറിയ പഴ്സ് തുറന്ന് ഒരു കടലാസ് കഷണമെടുത്ത് എസ് ഐ ക്കു കൊടുത്തു.

അയാൾ അതു തുറന്നു വായിച്ചു.

'അമ്മേ..

മുപ്പത് വർഷം മുമ്പ് അമ്മയുടെ കയ്യിൽ നിന്നു പിടിച്ചു വാങ്ങിക്കൊണ്ടു പോയത് മുതലും പലിശയും ചേർത്ത് തിരിച്ചു തരുന്നു. അമ്മയ്ക്ക് നഷ്ടപ്പെട്ട ഒന്നിനും പകരമായല്ല.. എന്റെ ഒരു സമാധാനത്തിന് ..'

എസ് ഐ തരിച്ചിരുന്നു. മുന്നിൽ കാണുന്നത് സത്യമോ സിനിമയോ ...?

വണ്ടി ന്യൂ തീയേറ്ററിന് മുന്നിലെത്തി നിന്നു. പത്മാക്ഷിയമ്മ ഇറങ്ങി.

എസ് ഐ ക്ക് കൈവീശി അവർ ഇടറോഡിലൂടെ അകത്തേയ്ക്ക് പോയി.

സ്റ്റേഷനിൽ തിരികെ എത്തിയ ഉടൻ എസ് ഐ റെക്കോർഡ്സ് റൂമിലേക്ക് കയറി. കവർന്ന സ്വർണം പല മടങ്ങായി തിരിച്ചുകൊടുക്കാൻ മാത്രം വളർന്ന കള്ളൻ ആരാണ്...? മുഖത്ത് തൂവാല മുറുക്കി കെട്ടി മുപ്പത് വർഷം മുൻപുള്ള കേസ് ഫയൽ അയാൾ പണിപ്പെട്ട് തപ്പിയെടുത്തു.

'1990 ഏപ്രിൽ 4 ബുധഴാഴ്ച പകൽ 11 മണിക്ക് ഭർതൃ സഹോദരിയുടെ വിവാഹ ആവശ്യത്തിനായി എസ് എസ് കോവിൽ റോഡിലെ സ്വകാര്യ സ്വർണപ്പണയ സ്ഥാപനത്തിൽ പണയം വയ്ക്കുന്നതിനു പരാതിക്കാരി കൊണ്ടുപോയ 35 പവൻ സ്വർണം ബൈക്കിൽ എത്തിയ ഹെൽമെറ്റ് ധാരി തട്ടിപ്പറിച്ചു കടന്ന കേസ് --

ഇതു സംബന്ധിച്ച അന്വേഷണത്തിൽ യാതൊരു തുമ്പും ലഭിച്ചില്ല. പരാതിക്കാരിയിൽ നിന്നോ ദൃക്സാക്ഷികകളിൽ നിന്നോ ലഭിച്ച വിവരം വച്ചു പ്രതിയെയോ വാഹനത്തെയോ ട്രേസ് ചെയ്യാൻ സാധിച്ചില്ല -- 1992 ഡിസംബർ 9 ന് പരാതിക്കാരി ബഹു. മുഖ്യമന്ത്രി മുൻപാകെ നൽകിയ ഹരജിയുടെ രത്നച്ചുരുക്കം --മുതൽ നഷ്ടപ്പെട്ടത് മൂലം പരാതിക്കാരി ഏറെ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചു. ഭർതൃസഹോദരിയുടെ വിവാഹം മുടങ്ങുകയും പരാതിക്കാരിയുടെ ഭർത്താവ് ടിയാരിയെയും മക്കളെയും ഉപേക്ഷിച്ചു പോകുകയും ചെയ്തു. അന്വേഷണം ഊർജിതപ്പെടുത്തി മുതൽ വീണ്ടെടുത്തു നൽകുവാൻ ദയവുണ്ടാകണം -- ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശ പ്രകാരം ഈ കേസിൽ ഊർജിതമായ അന്വേഷണം നടത്തി -- 1993 ഡിസംബർ 31 ന് അർദ്ധരാത്രി കവടിയാർ റോഡിൽ നിന്ന് പിടികൂടിയ രാജൻ s/o ചെമ്പൻ അഥവാ ഊട്ടിരാജൻ ,24 വയസ്, എന്ന ബൈക്ക് അഭ്യാസിയെ സ്റ്റേഷനിൽ എത്തിച്ചു സമർത്ഥമായി ചോദ്യം ചെയ്തപ്പോൾ തലസ്ഥാനത്ത് മൂന്നര വർഷം മുന്നേ നടന്ന ഈ സ്വർണക്കവർച്ച പ്രതി നിസ്സങ്കോചം സമ്മതിച്ചു. പിടിച്ചു പറിച്ച സ്വർണവുമായി തമ്പാനൂരിൽ നിന്നും കരമന ഭാഗത്തേക്ക് പോകവേ എതിരെ വന്ന പോലീസ് വണ്ടി കണ്ടു ഭയന്ന് പ്രതി സ്വർണമടങ്ങിയ പ്ലാസ്റ്റിക് കവർ കരമനയാറ്റിലേക്ക് വലിച്ചെറിഞ്ഞു എന്നാണ് മൊഴി.മഴക്കാലം പലതു കടന്നു പോയതിനാൽ പ്രതി കാണിച്ച സ്ഥലത്ത് ആഴത്തിൽ പരിശോധന നടത്തിയെങ്കിലും കളവുമുതൽ കണ്ടെത്താൻ കഴിഞ്ഞില്ല.

മേശമേൽ കൈമുട്ടു കുത്തി നെറ്റിയിൽ വിരലമർത്തി എസ് ഐ കുറേ നേരമിരുന്നു.

പിന്നെ മുന്നിലിരുന്ന ബെല്ലമർത്തി.

ഹാഫ് ഡോറിന് മുകളിൽ കോൺസ്റ്റബിൾ ബാലമുരുകന്റെ തല പ്രത്യക്ഷപ്പെട്ടു .

'ഈ രാജനെ ഒന്ന് വിളിപ്പിക്കണം. നാളെ പത്തു മണിക്ക്..'

'ഏത് രാജൻ.. നമ്മടെ ഊട്ടി രാജനാണെങ്കിൽ ഇവിടുണ്ട് സാറേ...'

എസ് ഐ ചാടിയെണീറ്റു.

'എന്താ കേസ്...?'

അയാൾ ചോദിച്ചു.

'സ്വർണമാല വിൽക്കാൻ ചെന്നതാ... ജുവലറിക്കാര് നമ്മളെ വിളിച്ചു. കയ്യോടെ ചെന്നിങ്ങു പൊക്കി'

എസ് ഐ ലോക്കപ്പിലേക്ക് ചെന്നു. നിലത്ത് ചമ്രം പടിഞ്ഞ് മുനിയെ പോലെയിരിക്കുന്ന തല പാടേ നരച്ച മനുഷ്യൻ...

ഊട്ടി രാജൻ..

'രാജാ...'

എസ് ഐ വിളിച്ചു.

രാജൻ തൊഴുകയ്യോടെ പിടഞ്ഞെഴുന്നേറ്റ് അഴികൾക്കരികെ ചെന്നു.

'നിനക്കെവിടെന്നാ സ്വർണമാല...?'

ജുബ്ബയുടെ പോക്കറ്റിൽ നിന്നൊരു കടലാസെടുത്ത് നിവർത്തി രാജൻ എസ് ഐ ക്കു നേരെ നീട്ടി...

എസ് ഐ അമ്പരപ്പോടെ അത് നിവർത്തി വായിച്ചു.

'രാജന്...

ഈ പെട്ടിക്കുള്ളിലുള്ളത് മുഴുവൻ നിനക്ക്.. ഒന്നും നിനക്ക് നഷ്ടപ്പെട്ടതിനു പകരമാകില്ല. എങ്കിലും എന്റെയൊരു സമാധാത്തിന്..'

Allstate®

You're in good hands.

# Auto | Home | Business

# Life | ATV | Boat



Joseph Mathew

6449 Market St, Upper Darby, PA 19082 (610) 713-0111

കവിത

സതീശൻ എടക്കുടി



# കവി

കവിത ഒരു
സ്വപ്നത്തിന്റെ ഗൃഹമാണ് .
മറ്റൊരു ഗ്രഹത്തിലേക്കുള്ള യാത്ര
മറ്റൊരു മുറി
മറ്റൊരു ഭാഷ
കോമരം ഉറഞ്ഞുതുള്ളുന്നതുപോലെ
ലോകം അവനിൽ ഉറയുന്നു .
വേഷം അഴിച്ചുവെച്ചാൽ
ഒന്നും ബാക്കി നിൽക്കുന്നില്ല
ഇരതേടുന്ന മനുഷ്യൻ
പിന്നെ അവനും.

എഴുത്തുമുറി വിട്ട കവി
കിരീടം ചൂടി നടക്കുന്നില്ല .
അതേ വാക്കുകൾ
മൊഴിയുന്നില്ല .
ചുട്ടുപഴുത്ത റോഡിൽ കൂടി
നിങ്ങളെപ്പോലെ അവനും നടക്കുന്നു.
കരുവാളിച്ച മുഖം നക്ഷത്ര ശോഭയുള്ള
തല്ല.
അവൻ താരമല്ല.
നിങ്ങൾ വലിച്ചെറിഞ്ഞ ജീവിതത്തിന്റെ
എച്ചിലിൽ അവൻ വീണ്ടും
നഗരത്തെ കാണുന്നു.
അതുവലിച്ചെറിഞ്ഞ
മനുഷ്യനെ കാണുന്നു.
പൂർവികരെ കാണുന്നു.
അവനു ദിക്കു തെറ്റുമ്പോൾ
തെരുവും
എഴുത്തുമുറിയാക്കുന്നു.
അവൻ ജാലകങ്ങളില്ലാത്ത
ചുമരില്ലാത്ത
ജീവിതത്തിന്റെ
തെരുവിലിരുന്നു
കവിത എഴുതാൻ
വിധിക്കപ്പെടുന്നു
ഒരർത്ഥത്തിൽ വേശ്യയുടെ
ആത്മാവ് അവനുണ്ട്.
ആരുടെയോ
സ്നേഹം
ദുഃഖം പങ്കുപറ്റി
അക്ഷരങ്ങളിൽ
മറ്റൊരു ഉലകം പണിയുന്നു
പിന്നെ
ഭ്രമണപഥം നഷ്ടപ്പെട്ടു
സ്വപ്നത്തിന്റെയും
ജീവിതത്തിന്റെയും
നൂൽപ്പാലത്തിൽ
വീടില്ലാത്ത കവി
കാലങ്ങളിലൂടെ ഒഴുകുന്നു
അപ്പൂപ്പൻ താടിപോലെ
വെള്ളച്ചാട്ടം പോലെ

വെറുതെ അവന്റെ
വിരലിൽ തൊട്ടു
ഒന്നുകാതോർത്തു നോക്കൂ
തുരങ്കങ്ങൾ തുറന്നു
ഒരു ഗ്രാമം കടക്കുന്ന
തീവണ്ടിയുടെ താളം കേൾക്കാം
കുഞ്ഞിനെ താരാട്ടു പാടിയുറക്കുന്ന
അമ്മയുടെ മൃദുല കമ്പനം കേൾക്കാം
തടവുമുറിയിൽ
അവസാനദിവസം കാത്തിരിക്കുന്ന
വിപ്ലവകാരിയുടെ ചെറുത്തു നിൽപ്പിന്റെ
ഇരമ്പൽ കേൾക്കാം

അവൻ രൂപം നഷ്ടപ്പെട്ടവൻ
അവൻ വേഗം കൂടിയവൻ
അവൻ എല്ലാലോകങ്ങളിലും
വസിക്കുന്നവൻ
കവി
അമരൻ


emalayalee.com
മലയാളത്തിന്റെ
സുപ്രഭാതം
www.eMalayalee.com
The heartbeats of Indians in USA
IndiaLife and Times Online
www.indialife.us
INDIA LIFE
www.indialife.us
INDIA LIFE TV HD
www.indialife.tv
24Hr TELEVISION CHANNEL
IndiaLife Television
www.indialife.tv
online or available via World BBTV App FREE
WORLD BBTV
പ്രവാസി
മലയാളികളുടെ
സ്വന്തം ചാനൽ
www.pravasichannel.com
online or available via World BBTV App FREE
WORLD BBTV
pravasi CHANNEL HD
More Info: 1-917-900-2123 | medialogistics.us@gmail.com | www.medialogistics.us

കഥ

രേഖ തോപ്പിൽ



# മൺ പുതപ്പ്

രാഹുൽമാഷെന്നാൽ അലക്കിത്തേച്ച വെളുത്ത ഷർട്ടും നെറ്റിയിലെ ചന്ദനപ്പൊട്ടും മുഖത്തെ ഒരിക്കലും മായാത്തചിരിയും കുടുകുടെയുള്ള സ്ഫുടമായ ഇംഗ്ളീഷ് സംസാരവുമാണ്.

മാഷ് പെട്ടെന്നാണ് ആ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പ്രിയങ്കരനായത്.

'ഏതു സംശയത്തിനും മാഷിന്റെ കൈയില് ഉത്തരം റെഡിയാ.'

ക്ളാസിലെ മിടുക്കിക്കുട്ടിയായ, പട്ടരുമഠത്തിലെ അമൃത അങ്ങനെ പറഞ്ഞു ചിരിച്ചു. അവൾ ചിരിച്ചപ്പോൾ അവളുടെ കുപ്പിവള കിലുങ്ങി. മുടിത്തുമ്പിലെ കുഞ്ചലം ടക് ടക് എന്ന് അവളുടെ അരക്കെട്ടിൽ ഉമ്മ വെച്ചു .

മാഷ് ക്ളാസ്സിലേക്കു വന്നാൽ മറ്റു കുട്ടികളോടൊപ്പം അവളും രാഹുൽ മാഷിനോട് നന്നായി സംസാരിച്ചു. സ്കൂളിലെ ചില ഇടവേളകളിലെപ്പോഴൊക്കെയോ അവൾ സ്റ്റാഫ് റൂമിലേക്ക് വിളിക്കപ്പെട്ടു.

രാഹുൽമാഷിന് ആ മിടുക്കിക്കുട്ടിയോടു വല്ലാത്ത ഇഷ്ടമാണെന്ന് തൊട്ടുംതലോടിയും പറഞ്ഞു.

അപ്പോഴെല്ലാം അമൃത വെളുത്തആകാശം പോലെ നിഷ്കളങ്കമായി ചിരിച്ചു. രാഹുൽമാഷ് സൂര്യനെപ്പോലെ ഉയരത്തിലാണെന്നവൾ തെറ്റിദ്ധരിച്ചു.

മാഷേ, ഈ എക്സാമില് ഞാൻ എല്ലാ വിഷയത്തിലും ഫുൾമാർക്ക് വാങ്ങും. ടീച്ചറാവണംന്നാ എനിക്ക് മോഹം.

**രേഖ തോപ്പിൽ നീലഗിരിയിലെ ഗൂഡല്ലൂരിൽ താമസിക്കുന്നു. ആനുകാലികങ്ങളിൽ എഴുതി വരുന്നു. കറൻറ് ബുക്ക്സ് പ്രസിദ്ധീകരിച്ച 'ഗൂഡ്' എന്ന കഥാസമാഹാരം ഏറെ ജനശ്രദ്ധ നേടിയതാണ്.**

അമൃതേടെ വീട്ടില് ആരൊക്കെയുണ്ട്..?

അമ്മയും മുത്തശ്ശനും മുത്തശ്ശിയും. അച്ഛൻ ചെറുപ്പത്തിലെ മരിച്ചു. എനിക്ക് കണ്ട ഓർമ്മയില്ല.

രാഹുൽമാഷ് അവളുടെ കഥകേട്ട് വിഷാദചിത്തനായി നടിച്ചു .

അല്ലെങ്കിലും രാഹുൽമാഷ് പണ്ടു പാഠശാലയിൽ പഠിക്കുമ്പോഴേ നല്ലൊരു നാടകനടനായിരുന്നു.

അന്ന് ക്ളാസ്സ് കഴിഞ്ഞ് എല്ലാ കുട്ടികളും പോയിട്ടും അമൃതയെ കൂടെയിരുത്തി മാഷ് കണക്കിലെ സംശയങ്ങൾ തീർത്തു കൊടുക്കുവാൻ തുടങ്ങി. കിഴക്ക് ആകാശമുനയിലൊരു ഇടിവെട്ടി. പൊടുന്നനെ മാനമൊരു ഓട്ടപ്പെരയായി.

മാഷേ മഴ പെയ്യണു. എല്ലാ കുട്ടികളും വീട്ടിലേയ്ക്ക് പോയി എനിക്ക് പോണം

അമൃത വീണ്ടും ധൃതി കൂട്ടി. ആരുമില്ലാതെ ഒഴിഞ്ഞ ആ സ്കൂളിടം അവളുടെ നീണ്ട കണ്ണുകളിൽ ഭയം നിറച്ചു .

മാഷ് ചിരിച്ചു, കുട്ടീ നീ ഒറ്റയ്ക്കല്ലല്ലോ ഞാനില്ലേ.. കൂട്ടിന് എന്നവളെ ധൈര്യപ്പെടുത്തി.

നല്ലോനാ രാഹുൽ മാഷ്. ഇത്തവണ അയാളാണ് ഓപ്പേ അമൃതയുടെ സ്കൂൾ ഫീസ് കെട്ടിയത്. എന്താവശ്യണ്ടെങ്കിലും മടിക്കാണ്ടേ ചോയ്ച്ചോളാൻ പറഞ്ഞിട്ടു ണ്ടേ..

അമൃതയുടെ അമ്മ മുറ്റത്തെ മതി ലിൽ കൈത്തണ്ട വെച്ച് ഫോണിൽ അപ്പോൾ അവരുടെ ആങ്ങളയോട ങ്ങിനെ പറഞ്ഞു.

'സ്കൂൾ മാഷായാലും പള്ളീലെ ഉസ്താദായാലും ചെലോര് ഈ ചെറിയ പെൺകുട്ട്യോളെ ഓരോന്നൊക്കെ കാണി ക്കല്ണ്ട്. അത് മറക്കണ്ട ഇയ്യ്.'

അപ്പുറത്ത് ഫോണിൽ നിന്നുള്ള ഓപ്പ യുടെ വർത്തമാനം അമൃതയുടെ അമ്മ യുടെ നെഞ്ചെരിച്ചു.

'ഏയ് അങ്ങനെന്നുല്യ ഈ രാഹുൽ മാഷ് നല്ലോനാ

ആ മനസ്സ് നെറഞ്ഞു പെയ്യണ നിലാ വാണേ... '

എന്താണീ കുട്ടി ഇത്ര നേരായിട്ടും സ്കൂളു വിട്ടു വരാത്തതെൻറെ ഗുരുവാ യൂരപ്പാ...!

ചുളിഞ്ഞ കൈതലം കണ്ണിനുമീതെ പിടിച്ച് അമൃതയുടെ മുത്തശ്ശി ഉമ്മറവാ തിൽക്കൽനിന്ന് മഴയൊഴുകുന്ന പടിക്ക ലേക്ക് കണ്ണയച്ചു.

ആ പെണ്ണിന് ഈ ചെറുപ്രായത്തിലെ മൊബൈലൊന്നും വാങ്ങികൊടുക്കണ്ടെ ന്ന് ഞാൻ പറഞ്ഞതല്ലേ..

മുത്തശ്ശൻ അമൃതയുടെ അമ്മയെ കു റ്റപ്പെടുത്തി.

അന്ന്, സ്കൂൾ വിട്ടു വന്ന അമൃത അമ്മയോട് വിശേഷങ്ങൾ പറയാൻ നിൽ ക്കാതെ മുത്തശ്ശിയെ പിറകിലൂടെ ചെന്നു ചേർത്തു പിടിക്കാതെ സ്കൂൾ ബാഗ് ഒരിടത്തേക്ക് വലിച്ചെറിഞ്ഞ് കുനിഞ്ഞ മുഖത്തോടെ ബെഡ്റൂമിൽ കയറിക്കിട ന്നു.

പുതപ്പിനുള്ളിൽ ഇരുട്ടു നിറച്ച് ലോ കമുഖത്തു നിന്നവൾ ഒളിക്കാൻ ശ്രമിച്ച പ്പോഴും വീണ്ടും ആ സ്റ്റാഫ് റൂം അവൾ ക്കോർമ്മ വന്നു.

മാഷ് അവളുടെ കവിൾത്തടങ്ങൾ ഞെരിച്ചപ്പോൾ ഉടലാകെ ഉടച്ചപ്പോൾ അവൾ ഉച്ചത്തിൽ കരഞ്ഞു,

വിടൂ മാഷേ.. എന്നെ വിടൂ.. എനിക്ക് വല്ലാതെ വേദനിക്കണൂ..

അവൾ സ്റ്റാഫ്റൂമിൻറെ ചുവരോര ത്തേക്ക് നീങ്ങി. അവളുടെ കുപ്പി വള കൾ പൊട്ടി ചോരയൊഴുകി. മഴ പുറത്തു തിമർത്തു പെയ്യുന്നു. അത് പാദത്തോളം ഭൂമിയെ നനക്കുന്നു.

രാഹുൽ മാഷ് ഒരു കാട്ടുപോത്തിനെ പോലെ മുരളുകയാണ്.. ആ സുന്ദരരൂപ ം എത്ര പെട്ടെന്നാണ് അവളെ ഭയപ്പെടു ത്തുന്ന അറപ്പിക്കുന്ന വെറുമൊരു ആൺ നഗ്നത മാത്രമായത്.

ദൈവമേ എന്റെ കുട്ടിക്ക് നല്ലോം പനിക്കണുണ്ടല്ലോ..

അമൃതയുടെ അമ്മ അവളുടെ നെറ്റി യിൽ കൈതലം ചേർത്തു വെച്ചു ആധി പൂണ്ടു. മുത്തശ്ശി അവളുടെ നെറ്റിയിൽ ഭസ്മം തൊടീച്ച് അവളുടെ പേടിയും പനിയും ഊതിമാറ്റാൻ ശ്രമിച്ചു .

അപ്പോഴും അവൾ കടുത്ത പനിച്ചൂ ടിൽ അർദ്ധ ബോധാധസ്ഥയിൽ വിതു മ്പി. ഒടുവിൽ പനിച്ച് ഉടൽ വിറച്ച് അവൾ മരണത്തിലേക്ക് വീണു പോയി.

പ്രിയപ്പെട്ട വരുടെ ആഴമുള്ള കരച്ചിലു കൾക്കും എണ്ണി പെറുക്കലുകൾക്കുംനടു വിൽ അവൾ ചലനമറ്റങ്ങിനെ കിടന്നു .

അവളുടെ സ്ക്കൂളിലെ കുട്ടികൾ അവളെ കാണുവാനായി വിതുമ്പുന്ന ചു ണ്ടുകളും കൈയിലൊരു പിടി റോസാപ്പൂ ക്കളുമായി വന്നു.

അവരുടെ കൂടെ രാഹുൽ മാഷും ഉണ്ടായിരുന്നു .

മാഷിനെ കണ്ടതും അമൃത യുടെ അമ്മ ഉച്ചത്തിൽ അലറി കരഞ്ഞു.

മാഷേ, എന്റെ മോളു പോയി..!

എന്നെ തനിച്ചാക്കി എന്റെ മോളു പോയി.

കവിത

മുംതാസ് പടമുഗൾ



# തീണ്ടാപ്പാട്

വേണ്ടായ്കയിൽ നിന്നൊരു
തീത്തുള്ളി കൊത്തിക്കുടഞ്ഞിട്ട
കുഞ്ഞുടലിന്റെ പുകച്ചിൽ
ഉള്ളുപൊള്ളിച്ച് കരുവാളിച്ച് കിടപ്പുണ്ട്..

പയ്യാരനോവിലേക്ക് നാവിലരച്ചിട്ട
ചോന്ന മുളക് ഇന്നും ഓർമ്മയിൽ
എരിഞ്ഞ് നീറുന്നുമുണ്ട്...

പേരച്ചുവട്ടിലെ മുശറുപടയും
നൂൽബന്ധമറ്റ ഉടലിന്റെ തിണർപ്പും
ഇന്നും  വരിഞ്ഞ് മുറുക്കിയ കയറിനൊത്ത്
ചങ്കിൽ കെട്ട്പിണഞ്ഞ്കിടപ്പാണ്..

ഓരോ പിടച്ചിലിലും ഒടിയലിലും ,
പുനർജ്ജീവിക്കുന്ന പുളിക്കീറിന്റെ ഓരോ വീശലി
ലും പുളഞ്ഞമർന്നത്
എന്നിലെ ബാല്യത്തിന്റെ അവകാശങ്ങളാണ്..

ആരുംനിനച്ചിരിക്കാത്ത ഓർക്കാപ്പുറത്ത്
പൊട്ടിയിറങ്ങിയ
പടുമുളയാണു ഞാൻ...
നുള്ളിയെറിയുന്തോറും ആവേശത്തോടെ
കിളിർത്ത് കേറുന്നവൾ

പ്രായത്തിന്റെ പാച്ചിലിൽ
ചുറ്റുപാടുകളെ വിസ്മരിച്ച്
നക്ഷത്രങ്ങളെക്കിനാക്കണ്ടവൾ...

സ്വയമാർജ്ജിച്ച ത്രിശങ്കു സ്വർഗ്ഗത്തിൽ
വിരാജിച്ച കൗമാര യൗവ്വനങ്ങൾ...

പിന്നീട്,
കാലം കണക്കിട്ട പട്ടികയിൽ
ഇവൾക്കുമുണ്ടായൊരിടം..
ഓരോ വിരൽച്ചൂണ്ടിലും
ബന്ധത്തിന്റെആശയറ്റ
'ബന്ധുക്കൾക്ക്'
ഇന്നെന്റെകിനാപ്പാടത്തും
സ്വർഗ്ഗത്തോപ്പിലും
ആവോളം വിഹരിക്കാം...

എങ്കിലും ഒന്നോർമ്മിക്കാം...

ദൈവം കൈവിടാതൊരു പ്രാണൻ
കാലത്തിന്റെ തുലാസിൽ
പലവട്ടം ഇളകിയാടിയിരുന്നു...

നിങ്ങളുടെ
വേണ്ടായ്കയിൽ
നിന്നൊരു തീത്തുള്ളി
ഇനിയൊരു കുഞ്ഞുടലും
കരിക്കാതിരിക്കട്ടെ.

കാരണം,
സഹിയറ്റ ഓർമ്മകളെ ചുരുട്ടിക്കൂട്ടി
തീണ്ടാപ്പാടകലത്തിൽ
ഞാനും ബന്ധിച്ചിട്ടുണ്ട്.




Joyalukkas
World's favourite jeweller

USA • UK • UAE • OMAN • QATAR • BAHRAIN • KUWAIT • KSA • SINGAPORE • MALAYSIA • INDIA

കഥ

മിനി മോഹൻ



# മാർഗ്രെറ്റയുടെ സമരം

## 1

വളരെ പ്രയാസപ്പെട്ട് കണ്ണ് ഏതാണ്ടൊക്കെ തുറന്നപ്പോൾ തനിക്കെന്താണ് പറ്റിയതെന്നോ ഇപ്പോഴെവിടെയാണെന്നോ മാർഗ്രെറ്റയ്ക്ക് മനസ്സിലായില്ല. അവ്യക്തമെങ്കിലും മുഴങ്ങുന്ന ശബ്ദങ്ങളാണ് അവരുടെ കാതിൽ വന്നലച്ചത്. താനേതോ ഇരുട്ടറയിലോ ഗുഹയിലോ ആണെന്ന തോന്നലാണ് അപ്പോഴുണ്ടായത്. ആയവസ്ഥ ഉണ്ടാക്കിയ അന്ധാളിപ്പിൽ തന്റെ നെഞ്ചിടിപ്പ് ഉയരുന്നതും മേലാകെ ഉഷ്ണം കൂടുന്നതും തുടകൾക്കിടയിൽ നനവ് പടരുന്നതും അവരറിഞ്ഞു.

എന്നാലധികം വൈകാതെ ഇരുട്ട് മാറി തുടങ്ങി. തലയൊന്ന് ചെരിച്ച് അവിടെ കണ്ട ദൃശ്യങ്ങളെ തിരിച്ചറിയാൻ ശ്രമിച്ചു. ആദ്യമൊന്നും കഴിഞ്ഞില്ലെങ്കിലും താൻ മനുഷ്യർക്കിടയിലാണെന്നും അവരങ്ങോട്ടുമിങ്ങോട്ടും എന്തൊക്കെയോ പറയുന്നുണ്ടെന്നും പതുക്കെ പതുക്കെ മാർഗ്രെറ്റക്ക് മനസ്സിലായി.

അപ്പോഴാണ് തന്റെ കൈ അനക്കാനാവുന്നില്ലെന്നും അതിനെന്തോ വലിയ ഭാരമുണ്ടെന്നും മാർഗ്രെറ്റയ്ക്ക് തോന്നിയത്. പ്രയാസപ്പെട്ട് തലയുയർത്താൻ ശ്രമിച്ചപ്പോൾ വലത്തേ കൈ അതിന്റെ കൂടെ തന്നെ അനക്കാനായി. കൂടെ തന്നെ ഇടത്തേ കൈയുടെയറ്റത്ത് എന്തോ തറച്ചിരുപ്പുണ്ടെന്ന് തോന്നി. വീണ്ടും ആയാസപ്പെട്ടപ്പോഴാണ് തന്റെ അരികിലുള്ള സ്റ്റാൻഡും അതിലെ വെള്ളക്കൂടയിൽ നിന്ന് കൈയിലേക്ക് സൂചി കൊണ്ട് ബന്ധിച്ചിരുന്ന നേർത്ത കുഴലും അവർ കണ്ടത്. താനിപ്പോൾ ആസ്പത്രിയിലെ വാർഡിൽ കിടക്കുകയാണെന്ന് അപ്പോഴാണ് മാർഗ്രെറ്റയ്ക്ക് തിരിച്ചറിവുണ്ടാകുന്നത്.

താനെങ്ങനെ ഇവിടെയെത്തിയെന്ന് മാർഗ്രെറ്റ ഓർത്തെടുക്കാൻ ശ്രമിച്ചു. തന്റെ ഓർമ്മകൾക്ക് മേൽ ഇരുട്ടും ഭാരവും വെച്ച ഒരു കുരിശിന്റെ സ്പർശമാണവർക്ക് അപ്പോൾ അനുഭവപ്പെട്ടത്. ആയാസപ്പെട്ടുതന്നെ ആ ഭാരമെടുത്ത് മാറ്റാൻ അവർ ശ്രമിച്ചു. അന്നേരം ഞരമ്പുകളിലേക്ക് കിനിഞ്ഞിറങ്ങി കൊണ്ടിരുന്ന ഗ്ലൂക്കോസിടയ്ക്കിടെ അറച്ചറച്ചു നിൽക്കാൻ തുടങ്ങി.

അന്ന് രാവിലെയാണ് സമരപന്തലിൽ മാർഗ്രെറ്റ കുഴഞ്ഞു വീണത്. ഇരുട്ട് മാറാത്തതിനാലും സെക്രെട്ടറിയേറ്റിന് മുമ്പിൽ അന്നേരം ആളനക്കമൊന്നും ഇല്ലാത്തതിനാലും ആരുമത് ശ്രദ്ധിച്ചില്ല. നേരം പുലർന്ന ശേഷം ചിന്നുവാണ് നിലത്ത് കിടക്കുന്ന മാർഗ്രെറ്റയെ ആദ്യം കണ്ടത്. തൊട്ടടുത്ത് കുടിൽ കെട്ടി സമരം ചെയ്യുന്ന കാത്തുവിന്റെ മകളാണ് ചിന്നു. കൊഞ്ചി കുഴയുമ്പോൾ തന്നെ തഴുകുന്ന അമ്മമ്മ അതേ കിടപ്പ് തുടർന്നപ്പോൾ അവൾ പരിഭവിച്ചു. പിന്നെ ചിണുങ്ങി തിരിച്ചു പോയി തന്റെ അമ്മയോടത് പരാതിയായി പറഞ്ഞു. അതിലെന്തോ പന്തികേട് തോന്നിയ കാത്തുവാണ് പിന്നീട് ആൾക്കാരെ വിളിച്ചു കൂട്ടിയതും ആംബുലൻസ് വരുത്തിയതും.

കൈഞരമ്പുകളിൽ കുത്തിയ സൂചിയും മുകളിലുള്ള ഡ്രിപ്പും മാർഗ്രെറ്റ മാറി മാറി നോക്കാൻ ശ്രമിച്ചു. പിന്നെ എന്തോ ആലോചിച്ചുറ

പ്പിച്ച പോലെ പതുക്കെയാ സൂചി ഇളക്കിയെടുത്ത് കിടക്കയിൽ തന്നെ ഇട്ടു. കിടക്കയുടെ ആ ഭാഗം മങ്ങി ചുവക്കാൻ തുടങ്ങി. വളരെ ബുദ്ധിമുട്ടി കിടക്കയിൽ നിന്നെഴുന്നേറ്റു. താഴേക്കിറങ്ങി വേച്ച് വേച്ച് നടന്നു. അടുത്ത കിടക്കയിലും ചുറ്റുമുള്ളവരും അത് ശ്രദ്ധിച്ചില്ല.

തനിക്കോ താൻ കൂട്ടിരിക്കുന്ന രോഗിക്കോ ഒരു തരത്തിലും ബന്ധമില്ലാത്ത തീർത്തും അപരിചിതയായ ആ വൃദ്ധ വളരെ ആയാസപ്പെട്ട് കിടക്കയിൽ നിന്നെഴുന്നേറ്റ് പോകുന്നതും പുറത്തേക്കിടനാഴിയിലൂടെ നടന്നകലുന്നതും പലരും തികഞ്ഞ നിർവ്വികാരതയോടെ നോക്കി നിന്നു. മറ്റു ചിലർ മൊബൈൽ ഫോണുകളുടെ തിരയിളക്കത്തിൽ നിമഗ്നരായിരുന്നു. അവിടെടെവിടെയെങ്കിലും ഉള്ള നേഴ്സുമാർക്കോ ഡോക്ടർമാർക്കോ മറ്റാർക്കെങ്കിലുമോ മാർഗ്രെരറ്റയുടെ സാവധാനത്തിലുള്ള നിഷ്ക്രമണം ഒരു തരത്തിലുള്ള അലസോരവും ഉണ്ടാക്കിയില്ല. സ്വന്തം ജീവിതം തന്നെ മാറാപ്പു പോലെ കെട്ടിവലിക്കുന്ന, ഓരോ പകലും അത് തീരുന്നതു വരെ മൂടിക്കെട്ടി നടക്കുന്നതാണുത്തമം എന്ന് വിശ്വസിക്കുന്നവർക്ക്, അവരെ ഒരുത്തരത്തിലും ബാധിക്കാത്തിടത്തോളം, ആരുടെയും നിഷ്ക്രമണമോ അതിക്രമമോ ഒട്ടും അലസോരപ്പെടുത്തുന്നതാവില്ല.

വാർഡിൽ നിന്ന് വരാന്തയിലേക്കും അവിടുന്ന് മുറ്റത്തേക്കും പിന്നെ റോഡിലേക്കും മാർഗ്രെറ്റ നടന്നു. അപരിചിതയുടെ കൈ പിടിച്ച് റോഡ് മുറിച്ചു കടന്നും മതിലുകളിലും പോസ്റ്റുകളിലും പിടിച്ചും ഇടയ്ക്കിരുന്നും കിതച്ചും അവർ സെക്രെട്ടറിയേറ്റിന് മുമ്പിലെത്തി. തങ്ങളുടെ അവകാശങ്ങൾക്കായി ധാരാളം പേർ പലയിടങ്ങളിലായി അവിടെ കൂടിയിരുന്നു. പല നിറങ്ങളിലും ചിത്രപ്പണികൾ ചെയ്ത കൊടികൾ അവരുടെ കൈയിൽ മാർഗ്രെരറ്റ കണ്ടു. ആരൊക്കെയോ അലറി വിളിച്ചു. മറ്റൊരുപാടാളുകൾ അതൊക്കെ ഏറ്റു വിളിച്ചു. പൊടിയും ചൂടും നിറഞ്ഞ അവിടെയും, അഴുക്ക് പുരളാത്ത തേച്ചു മിനുക്കിയ കുപ്പായങ്ങളുമായി, ചിലരൊക്കെ പ്രസംഗിക്കുകയോ തങ്ങളുടെ ഊഴം കാത്തു നിൽക്കുകയോ ചെയ്യുന്നുണ്ടായിരുന്നു.

മാർഗ്രെരറ്റ തന്റെ സമരപന്തലിൽ വന്നിരുന്നു. അവർ വന്നത് കണ്ട കാത്തു ഒരു ഗ്ലാസിൽ വെള്ളവുമായി മാർഗ്രെരറ്റയുടെ അടുത്തേക്ക് ചെന്നു. തന്റെ മുമ്പിൽ നിൽക്കുന്ന കാത്തുവിനെ കലങ്ങിയ കണ്ണുകളോടെ മാർഗ്രെരറ്റ നോക്കി. അവൾ കൂടെയിരുന്ന് അവർക്ക് വെള്ളം കൊടുത്തു. വളരെ കൊതിയോടെ അത് കുടിച്ചെങ്കിലും അവരത് ഛർദ്ദിച്ചു. കാത്തു ഉടനെ തന്നെ വെള്ളം കൊണ്ട് വന്ന് അവരുടെ മുഖവും തുണിയും കൈകളും തുടച്ചു. ഇട്ടിരുന്ന ഷാളെടുത്ത് അവരെ പുതപ്പിച്ച ശേഷം വീണ്ടും വെള്ളം കുറേശ്ശയായി കുടിപ്പിച്ചു. മാർഗ്രെരറ്റ അവളുടെ തോളിൽ ചാഞ്ഞു കിടന്നു.

കാത്തു രാവിലെ തന്നെ ആ പന്തൽ വൃത്തിയാക്കി വെച്ചിരുന്നു. സമരങ്ങൾക്ക് വന്നവരിൽ ചിലരൊക്കെ അവിടെ വന്നിരുന്നു. ആൽവിന്റെ ഫോട്ടോയും അവന്റെ കൊലയാളികളെ കണ്ടെത്തി ശിക്ഷിക്കണമെന്നുമുള്ള പോസ്റ്ററുകളൊക്കെ കണ്ട് ചിലരെന്തൊക്കെയോ ചോദിച്ചു. എവിടെ നിന്നോ വന്ന് എവിടേക്കോ പോകുന്ന അവരുടെയെല്ലാം വെറും സമയം പോകാനുള്ള ആ ചോദ്യങ്ങൾക്കാരും ഉത്തരം കൊടുക്കാതിരുന്നപ്പോൾ പിന്നെയവർ പരസ്പരം സംസാരിക്കാൻ തുടങ്ങി.

രാത്രിയാകുമ്പോൾ സ്വന്തം പന്തൽ മൂടി കെട്ടി കാത്തുവും ചിന്നുവും മാർഗ്രെരറ്റയുടെ കൂടെയാണ് കിടക്കുക. അവിടെ പായയും പുതപ്പും കൂടാതെ ഒരു ശവപ്പെട്ടിയും ഉണ്ടായിരുന്നു. കാത്തു അതിലേക്ക് നോക്കാൻ തന്നെ ഭയപ്പെട്ടു. അത് തനിക്കും മോൾക്കും നിർഭാഗ്യം കൊണ്ടുവരുമെന്ന് അവൾ വിശ്വസിച്ചിരുന്നു. ഒരിക്കൽ ചിന്നു അതിനകത്ത് കയറിയിരുന്നത് കാത്തുവിന് ഓർമ്മയുണ്ട്. അവളുടെ ചിരി കേട്ട് തിരിഞ്ഞു നോക്കിയ കാത്തു ആ ദൃശ്യം കണ്ട് ഞെട്ടി. മുഖം ചുവന്നു. ശരീരം വിറയ്ക്കാൻ തുടങ്ങി. കണ്ണീർ കവിളിലൂടെ ഒലിച്ചിറങ്ങി. അമ്മയിൽ വന്ന മാറ്റം കണ്ട് ചിന്നുവും അമ്പരന്നു. പിന്നെയൊരിക്കലും അവളതിന് മുതിർന്നിട്ടില്ല. ശവപ്പെട്ടിയുള്ള അവിടെ ഉറങ്ങുന്നത് അവൾക്ക് അസഹനീയമായിരുന്നു. പക്ഷെ, ആളൊഴിയുമ്പോൾ തന്റെ പന്തലിൽ ഒറ്റയ്ക്കിരിക്കാൻ അവൾ അതിനേക്കാളും ഭയപ്പെട്ടു. എന്നാലും എല്ലാ രാത്രികളിലും ആ ശവപ്പെട്ടി സ്വപ്നത്തിൽ കണ്ട് അവളിടയ്ക്കിടെ ഞെട്ടിയുണരുമായിരുന്നു.

## 2

എന്നത്തേയും പോലെ പ്രാർത്ഥിച്ച് കുരിശു വരച്ച് ചിന്നുവിനെ തന്നിലേക്ക് ചേർത്ത് മാർഗ്രെരറ്റ കിടന്നു. അന്നേരം അകലെയെവിടെയോ നിന്ന് റാന്തൽ വിളക്കുകളും തൂക്കി ഏതാനും ശുഭ്രവസ്ത്രധാരികൾ സമരപ്പന്തലിനടുത്തേക്ക് വന്നു. അവരെ കണ്ട മാർഗ്രെരറ്റ പുറത്തേക്കിറങ്ങി. നടപ്പാതയുടെ പടിയിലിരിക്കാൻ പുഞ്ചിരിച്ചു കൊണ്ട് അവരിലൊ

രാൾ അവരെ സഹായിച്ചു. സെക്രട്ടറിയേറ്റിന്റെ പരിസരം നിശബ്ദമായിരുന്നു. ആകാശവും ഭൂമിയും ഇരുട്ടിൽ മുങ്ങിയിരുന്നു. റാന്തലിന്റെ വെളിച്ചം മാർഗ്രെറ്റയുടെ മുഖത്തെ തിളങ്ങുന്നതാക്കി.

''മാർഗരെറ്റേ!''

''എസ്ത്തപ്പാ!''

തന്റെ അടുത്തുണ്ടായിരുന്ന എസ്തപ്പാനെ അവൾ നിർനിമേഷയായി നോക്കി. തന്റെ പരിചയക്കാരായിരുന്ന, പ്രിയപ്പെട്ടവരായിരുന്ന, പിന്നീടെപ്പോഴൊക്കെയോ എവിടെയെക്കൊയോ വെച്ച് പിരിഞ്ഞു പോയ അവരെല്ലാം നിഷ്ക്കളങ്കമായ സ്നേഹത്തോടെ തന്നെ നോക്കുന്നത് മാർഗ്രെരറ്റ നിർനിമേഷയായി കണ്ടു. റാന്തലിന്റെ വെളിച്ചം അവരുടെയെല്ലാം മുഖത്ത് പ്രതിഫലിക്കുന്നുണ്ടായിരുന്നു.

മാർഗ്രെരറ്റ അവർക്കിടയിൽ ആരെയോ തിരഞ്ഞു. പിന്നെ എസ്തപ്പാനോട് ചോദിച്ചു.

''എസ്തപ്പാ, അവളെവിടെ, എന്റെ ചെല്ലമ്മ? കാണുന്നില്ലല്ലോ?''

''അവളെ പത്രോസ് പുണ്യാളൻ വന്നു കൂട്ടികൊണ്ട് പോയി. ശുദ്ധീകരണ തറയിലെ അവളുടെ കാലം കഴിഞ്ഞു. ഇനിയവൾ എന്നും സ്വർഗ്ഗത്തിലുണ്ടാവും''.

അവരുടെ ഇടയിൽ ഒരു നീണ്ട മൗനം കനത്തു നിന്നു. പത്രോസിന്റെ കൂടെയിരുന്ന് മുട്ടിപ്പായി പ്രാർത്ഥിക്കുന്ന ചെല്ലമ്മയുടെ രൂപം മാർഗ്രെരറ്റ കണ്ടു. അത് മനസ്സിലാക്കിയാവണം എസ്തപ്പാൻ പറഞ്ഞു, ''ആൾവിൻ മോന്റെ കാര്യം ചെല്ലമ്മ ദൈവത്തോട് പറയും. നിന്റെ എല്ലാ വിഷമങ്ങളും അറിയുന്നവളല്ലേ''.

മാർഗ്രെരറ്റയുടെ മുഖത്ത് ഒരു വിശുദ്ധഭാവം വന്നു. വിറക്കുന്ന കൈകളോടെ അവൾ എസ്തപ്പാന്റെ കരം ഗ്രഹിച്ചു. പതുക്കെ മുഖമടുപ്പിച്ച് ചോദിച്ചു,

''അപ്പോ നിന്റെ ലാസറും നേരെ സ്വർഗത്തിൽ പോയിട്ടുണ്ടാകുമോ?'.

എസ്തപ്പാൻ ഒന്നും പറഞ്ഞില്ല. അവന്റെ കണ്ണുനീർ അവളുടെ കൈത്തലത്തിൽ വീണു. അവിടെ കൂടി നിന്നവരിൽ ഒരാളാണ് അതിന് മറുപടി പറഞ്ഞത്.

''ഇല്ലടീ.... ഞാനും എസ്തപ്പാനും വേറെ ഒരുപാട് പേരും അവിടെയുണ്ട്. എന്നാലും ലാസറിനെ ഞങ്ങളാരും ഇത്രയും നാളായി അവിടെ കണ്ടിട്ടില്ല. അവനവിടെ വന്നിട്ടില്ല. അവനിവിടെ എവിടെയോ ഉണ്ട് മാർഗ്രെറ്റേ..''.

അവളതു കേട്ട് ഒന്ന് നിശ്വസിച്ചു. ആ നിശ്വാസത്തെ മുറിച്ചുകൊണ്ട് ഒരു ബസ് ഹോണടിച്ചു കടന്നു പോയി. അതിന്റെ കൂടെ തന്നെ അവരെല്ലാം റാന്തലുമായി നടന്നു നീങ്ങി. അവരുടെ യാത്ര മാർഗ്രെരറ്റ നോക്കി നിന്നു.

നേരം വെളുത്തു. അസ്തമിച്ചു. പിന്നെയും ദിവസങ്ങൾ കടന്നു പോയി. റോഡിലൂടെ എങ്ങോട്ടെന്നില്ലാതെ ആളുകൾ നടന്നു. ആരെന്നോ എങ്ങോട്ടെന്നോ അറിയാതെ അറിയിക്കാതെ അവരെല്ലാം കടന്നു പോയി. ചിലപ്പോൾ വാഹനങ്ങൾ കൊണ്ട് അവിടെ നിറഞ്ഞു. പുതിയ സമര പന്തലുകൾ വന്നു. ധർണ്ണകളും പൊതുയോഗങ്ങളും നടന്നു. മറ്റു ചിലപ്പോൾ ഉറുമ്പിൻകൂട്ടം പോലെ ജനാവലികൾ നിറഞ്ഞു. ചിലപ്പോൾ ആളും ആരവുമില്ലാത്ത പ്രതിഷേധങ്ങൾ നടന്നു. നാടിന്റെയും നാട്ടാരുടേയും നാനാവിഷയങ്ങളെ സംബന്ധിച്ച പോസ്റ്ററുകളും ഫ്ലെക്സുകളും അവിടെ മാറി മാറി നിറഞ്ഞു.

ഉച്ച കഴിയുമ്പോൾ മുടങ്ങാതെ ഇസ്മായിൽ സൈക്കിളിൽ വരും. കാത്തുവിനും ചിന്നുവിനും മാർഗ്രെരറ്റക്കും മറ്റ് ചിലർക്കും പൊതിച്ചോർ നൽകി അയാൾ മടങ്ങും. ചില ദിവസങ്ങളിൽ മാർഗ്രെരറ്റ അത് ഒരു വറ്റു പോലും ബാക്കിയാക്കാതെ കഴിക്കും. മറ്റ് ചിലപ്പോൾ അത് തുറക്കുക പോലും ഇല്ല. എന്നും അതു വഴി വരുന്ന ഭ്രാന്തിയമ്മക്ക് അത് കൊടുക്കും. അവർക്ക് എല്ലാ ദിവസവും ആരെങ്കിലുമൊക്കെ ഭക്ഷണം കൊടുക്കും. കൊടുക്കുന്നവരുടെ കാല് തൊട്ട് പോകും. അല്ലാത്തവരെ തുറിച്ചു നോക്കും. ചിലപ്പോൾ പിറുപിറുക്കും. ചിലപ്പോൾ ഉച്ചത്തിൽ തെറി വിളിക്കും. എന്നും ചിന്നുവിനെ നോക്കി ചിരിക്കും.

**3**

അന്ന് ദുഃഖ വെള്ളിയാഴ്ചയായിരുന്നു. കുരിശേന്തിയ വിശ്വാസികൾ ഒരു പുറപ്പാടായി പന്തലിന് മുമ്പിലൂടെ പോയി. മാർഗ്രെരറ്റ ചിന്നുവിനെ മടിയിലിരുത്തി അത് നോക്കി നിന്നു. ഒരച്ചൻ മുമ്പോട്ട് വന്ന് മാർഗ്രെറ്റയുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. കൂടെ വന്ന ഒരു വിശ്വാസി കുരിശിന്റെ വഴിയിലെ പതിമൂന്നാം ഇടമായ 'മാതാവിന്റെ മടിയിൽ യേശുവിന്റെ ശരീരം കിടത്തുന്ന' അദ്ധ്യായം വായിച്ചു. അന്നേരം മാർഗ്രെരറ്റയുടെ മനസ്സിൽ പഴയൊരു കോടതിമുറി തെളിഞ്ഞു വന്നു.

കോടതിമുറിയിൽ ജഡ്ജിയുടെ വിധിന്യായം മുഴങ്ങി കേട്ടു, ''ആൽവിൻ (27 വയസ്സ്) എന്ന യുവാവിന്റെ മരണം പോലീസ് കസ്റ്റഡിയിലിരിക്കെ

മർദിച്ച് കൊല്ലപ്പെട്ടതാണെന്ന പരാതിയിൽ പ്രതികൾക്കെതിരെ സംശയാതീതമായ ഒരു തെളിവും ഹാജരാക്കാൻ പരാതിക്കാർക്ക് കഴിയാത്തതിനാൽ ഈ പരാതി നിലനിൽക്കുന്നതല്ല''.

വിധി കേട്ട് കോടതിമുറിയിൽ നിന്നും ആരോടും ഒന്നും പറയാതെയിറങ്ങിയ മാർഗ്രെറ്റ കടൽത്തീരത്തുള്ള തന്റെ വീട്ടിലേക്കാണ് പോയത്. കലങ്ങിയ കണ്ണുകളുമായി തല താഴ്ത്തി നടന്ന അവർ ആരെയെങ്കിലും കാണുകയോ എവിടെയെങ്കിലും നിൽക്കുകയോ ചെയ്തില്ല. വീട്ടുവാതിക്കലിൽ ഒരിട നിന്ന ശേഷം, അവർ കടൽത്തീരത്തേക്ക് നടന്നു. ആരെക്കൊയോ പുറകിൽ നിന്ന് അവളെ വിളിക്കുന്നുണ്ടായിരുന്നു. പക്ഷെ മാർഗ്രെറ്റ ഒന്നും കേട്ടില്ല. മുന്നോട്ട് തന്നെ നടന്നു. പതുക്കെ പതുക്കെ അവളുടെ രൂപം തിരകളിൽ അപ്രത്യക്ഷമായി. പിന്നാലെ വന്നവർ തിരകളെ മുറിച്ച് കടലിലേക്ക് ചാടി. നനഞ്ഞു കുതിർന്ന പഞ്ഞിക്കെട്ട് പോലെ ആഴങ്ങളിലേക്ക് പാറിയിറങ്ങിയ അവളെ അവരെല്ലാം ചേർന്ന് കരയിലേക്ക് കൊണ്ടിട്ടു. കോടതിയിൽ നിന്നിറങ്ങിയ ശേഷം ആ മണൽത്തിട്ടയിൽ കിടന്ന് അവളാദ്യമായി കരഞ്ഞു.

അന്ന് രാത്രി മൺവെട്ടിയുമായി മാർഗ്രെറ്റ സെമിത്തേരിയിലെ ആൽവിന്റെ കുഴിമാടത്തിലേക്ക് പോയി. അവന്റെ പേരെഴുതിയ കുരിശിലേക്കും അതിനുകുറെ മാറി പുറകിലുള്ള പള്ളിയിലേക്കും അവൾ മാറി മാറി നോക്കി. പിന്നെയാ കുഴിമാടം കുഴിക്കാൻ തുടങ്ങി. അതിന്റെ ശബ്ദം കേട്ട് ആരോ വന്നു. പിന്നെയും ആരൊക്കെയോ വന്നു. അവരും അച്ചനുമെല്ലാം തടഞ്ഞിട്ടും, ആൽവിന്റെ ശവപ്പെട്ടി വരെ അവൾ കുഴിച്ചെത്തി. അതോടെ അവരെല്ലാം അവളെ ബലമായി പിടിച്ച് മാറ്റി. കുതറാൻ ശ്രമിച്ചെങ്കിലും അവൾക്കതിന് സാധിച്ചില്ല. നിലത്തു വീണ അവൾ അവരോട് കെഞ്ചി, ''അച്ചോ, ദൈവത്തെയോർത്ത് എന്നെ വിട്. ഞാനെന്റെ മോന്റെ കൂടെ കിടന്നോട്ടെ. എന്നെ വിടച്ചോ ... എന്നെ .... വിട് ........... വിടെടാ ...... വിടെടാ എന്നെ''.

## 4

വേനലായി. ചൂട് കൂടിക്കൊണ്ടിരുന്നു. കടലിന്റെ ശബ്ദങ്ങൾ കേട്ടുറങ്ങിയിരുന്ന മാർഗ്രെറ്റക്കു നഗരത്തിന്റെ തിരക്കുകളും ശബ്ദങ്ങളും ഇപ്പോൾ അപരിചിതമല്ല. വേനലിന്റെ ചൂടും, നഗരതിരക്കും സഹിക്കാനാതെ മാർഗ്രെറ്റ തളർന്നിരുന്നു. അതിനിടെ പുതിയ സമരങ്ങൾ വന്നു. പെട്രോൾ വിലവർദ്ധനവിനെതിരെ നടന്ന സമരം ലാത്തിചാർജ്ജിലാണ് തീർന്നത്. കാത്തുവും ചിന്നുവും സമരം അവസാനിപ്പിച്ചു മടങ്ങി. തന്റെ കിടപ്പാടം ബാങ്ക് അനധികൃതമായി ജപ്തി ചെയ്തതിനെതിരെ സമരം ചെയ്തിരുന്ന ബാബു മേസ്തരി ഒരു ദിവസം മരിച്ചു.

മഴകാലം വന്നു. തകർത്തു പെയ്യുന്ന മഴയിലും മാർഗ്രെറ്റ സമരപന്തലിൽ തുടർന്നു. മഴയിലും കാറ്റിലും തീരത്ത് കടൽക്ഷോഭമുണ്ടായി. തീരത്തെ പല വീടുകളും കടലെടുത്തു. മാർഗ്രെറ്റയുടെ വീടിന്റെ മുറ്റത്തും കടൽ കയറി. കടൽക്ഷോഭത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം തേടി മൽസ്യതൊഴിലാളികൾ സെക്രട്ടറിയേറ്റിന് മുമ്പിൽ സമരം നടത്താൻ വന്നു. അവരെല്ലാം മാർഗ്രെറ്റയുടെയും പരിചയക്കാരാണ്. അവരുടെ കൂടെ മാർഗ്രെറ്റയും സമരത്തിനിരുന്നു. സമരത്തിന് വന്നവരിൽ ചിലരെങ്കിലും രാത്രികളിൽ അവരുടെ പന്തലിൽ ഉറങ്ങി. പക്ഷെ മാർഗ്രെറ്റ ആരോടും സംസാരിച്ചില്ല. ആ പന്തലിൽ മറ്റുള്ളവർ വന്നപ്പോൾ സ്വീകരിക്കാനോ അല്ലെങ്കിൽ അവരെ തടയാനോ അവർ ശ്രമിച്ചില്ല.

ആയൊരു രാത്രിയിൽ മാർഗ്രെറ്റ കടപ്പുറത്ത് വന്നു. മണൽ പരപ്പിൽ അവരിരുന്നു. റാന്തലും തൂക്കി ശുഭ്രവസ്ത്രം ധരിച്ചവർ അവളുടെ അടുത്തേക്ക് വന്നു. അവർ അവൾക്ക് ചുറ്റുമായി ഇരുന്നു.

''മാർഗരെറ്റേ!''

''എസ്ത്തപ്പാ!''

''നീയിനിയും സമരം തുടരുന്നുണ്ടോ?'' ചിലമ്പിച്ച ശബ്ദത്തോടെ എസ്തപ്പാൻ അവളോട് ചോദിച്ചു.

''പിന്നെയെന്താ എനിക്കിനി അവന് വേണ്ടി ചെയ്യാനുള്ളത്!''

''എന്നാലും എത്ര നാളായി മാർഗെറെറ്റേ? ഇനി എത്ര കാലം എന്നാ ....?''

''എന്റെ മോന് എത്ര വേദനിച്ചിട്ടുണ്ടാകും! അവന് വേണ്ടിയെല്ലേ എസ്തപ്പാ... എങ്ങനെയാ ഞാൻ ..?...'' അവൾക്കൊന്നും പിന്നെ പറയാനായില്ല. എന്നാലും അവൾ മുഖം പൊത്തി ഇരുവശത്തേക്കും പെൻഡുലം കണക്കെ ആടിക്കൊണ്ടിരുന്നു.

## 5

സെക്രട്ടറിയേറ്റിന് മുമ്പിൽ പിന്നെയും സമരങ്ങൾ വന്നു. വിദ്യാർത്ഥി സമരങ്ങൾ, പിഎസ്സി ലിസ്റ്റ് കാത്തിരിക്കുന്ന യുവാക്കളുടെ സമരങ്ങൾ .... അങ്ങനെ പലതും നടന്നു. തന്റെ മകന്റെ പ്രായമുള്ള കുട്ടികൾ അർഹതപ്പെട്ട തൊഴിലിനായി സമരം ചെയ്യുന്നതും ഏതൊക്കെയോ നേതാക്കൾ എവിടുന്നൊക്കെയോ വന്ന് അതെല്ലാം ഒത്തുതീർ

പ്പാക്കുന്നതും മാർഗ്രെററ്റ കണ്ടു. ആർത്തലച്ചെത്തുന്ന തിരമാലകൾ നിസ്സഹായമായി തിരിച്ചിറങ്ങി പോകുന്ന പോലെ, ആ സമരക്കാരെല്ലാം നിരാശരായി, ചിലപ്പോൾ തകർന്ന ഹൃദയത്തോടെ തിരിച്ചു പോകുന്നത്, അവിടെയുള്ള പ്രതിമകളുടെ കൂടെ അവളും നോക്കി നിന്നു.

ഒരു രാത്രിയിൽ, ലോറി ഇടിച്ച് ഇസ്മായിൽ മരിച്ചു. പള്ളിയിൽ കബറടക്കുമ്പോൾ മാർഗ്രെററ്റയും ഭ്രാന്തിയമ്മയും റോഡിൽ നിന്ന് അത് നോക്കി നിന്നു. പിന്നെയുള്ള ദിവസങ്ങളിൽ ആരും അവർക്ക് ഭക്ഷണം കൊടുത്തില്ല. പതുക്കെ പതുക്കെ ഭ്രാന്തിയമ്മയേയും കാണാതായി. ആരും കാണാനില്ലാതെ ആരെയും കാണാനില്ലാതെ, ഒറ്റപ്പെട്ട് വിശന്ന് മാർഗ്രെററ്റ പന്തലിൽ ഇരുന്നു. വേറെയെന്ത് ചെയ്യണമെന്ന് അവർക്ക് അറിയില്ലായിരുന്നു. അങ്ങനെ ഇരുന്ന് ഭ്രാന്ത് പിടിക്കുമ്പോൾ മാർഗ്രെറ്റ ഉച്ചത്തിൽ അലറി വിളിക്കാൻ തുടങ്ങി.

ആ രാത്രിയിൽ മഴ കനത്തു പെയ്തു. വിശപ്പ് സഹിക്കാനാവാതെ, മാർഗ്രെററ്റ പന്തലിൽ നിന്നിറങ്ങി. മഴയത്ത് നടന്ന് ടാപ്പിൽ നിന്ന് വെള്ളം ധാരാളം കുടിച്ചു. തിരിച്ച് അതുപോലെ നനഞ്ഞൊട്ടി പന്തലിൽ വന്നു കിടന്നു. പിറ്റേന്ന് നേരം വെളുത്തപ്പോഴേക്കും അവൾക്ക് പനി പിടിച്ചു. വിശപ്പും, പനിയും, വിറയലുമായി ഒന്ന് രണ്ടു ദിവസങ്ങൾ കഴിഞ്ഞു. അവൾ ആരോടും ഒന്നും പറഞ്ഞില്ല.

തൂപ്പുകാരാണ് വിറച്ചു മൂളുന്ന, അരപ്രാണനായ് കിടക്കുന്ന മാർഗ്രെററ്റയെ ശ്രദ്ധിക്കുന്നത്. അവരും മറ്റാരൊക്കെയോ ചേർന്ന് ആംബുലൻസിൽ കയറ്റുമ്പോൾ, റാന്തലുമായി ആൾക്കൂട്ടത്തിനിടയിൽ നിൽക്കുന്ന തന്റെ പ്രിയപ്പെട്ടവരെ മാർഗ്രെററ്റ കണ്ടു.

ആശുപത്രീകിടക്കയിൽ നിർനിമേഷയായി മാർഗ്രെററ്റ കിടന്നു. പരിശോധനക്കായി രക്തമെടുക്കാൻ സൂചി കുത്തിയപ്പോൾ രക്തം വളരെ വളരെ സാവധാനത്തിലാണ് പുറത്ത് വന്നത്. അവരത്രയും അവശയായിരുന്നു. പനി പിന്നെയും മൂർച്ഛിച്ചു. അവസാനം അവരുടെ കണ്ണുകൾ പതുക്കെ അടഞ്ഞു.

പിന്നെയെപ്പോഴോ മുറിയിൽ പ്രകാശം പരന്നപ്പോൾ മാർഗ്രെററ്റ ആയാസപ്പെട്ട് കണ്ണ് തുറന്നു. അവിടെ പുരോഹിതവേഷത്തിൽ ഒരാൾ അവളെ നോക്കി നിൽക്കുന്നുണ്ടായിരുന്നു. വക്കീൽ വേഷത്തിലുള്ള മറ്റൊരു പെൺക്കുട്ടി മാർഗ്രെററ്റയുടെ അടുത്ത് ചെന്ന് പറഞ്ഞു.

''അമ്മച്ചീ, ലാസറച്ചാച്ചൻ ശ്രീലങ്കയിലെ ജെയിലിലുണ്ട്. ദിശ തെറ്റി പോയ ബോട്ട് അതിർത്തി കടന്നതിനാൽ അവർ പിടിച്ച് ജെയിലിലിട്ടതാണ്''.

അച്ചൻ മാർഗ്രെററ്റയുടെ അടുത്തിരുന്നു. അവളുടെ കൈ പിടിച്ചു. പിന്നെയെപ്പൊഴോ അവളോട് ചോദിച്ചു.

''മാർഗ്രെറ്റേ, നിനക്ക് വീട്ടിലേക്ക് പോവേണ്ടെ? ഈ സമരം മതിയാക്കാം''.

''അപ്പോൾ എന്റെ മോനോ?''

''അവൻ പോയി. ഇനി നീ കൂടെ പോയാൽ ..... ആരും സഹായിക്കാനില്ലാത്തവർ, ഒന്നും നഷ്ടപ്പെടാനില്ലാത്തവരോട് സമരം വിളിച്ചതു കൊണ്ട് എന്ത് നേടാനാണ്?

''അച്ചോ, അവൻ പോയ ദിവസം ഞാനാ കടലിന്റെ അറ്റം വരെ പോയതാണ്. അവിടെ നമ്മുടെ എസ്തപ്പാനും റാഹേലും എന്റെ മേരിയമ്മച്ചിയും ഒക്കെ ഉണ്ടായിരുന്നു. ആൽവിനെ കൊന്നവരോട് കണക്ക് പറയാതെ നീ കടലിലേക്ക് വരേണ്ടെന്ന് മേരിയമ്മച്ചിയാണ് എന്നോട് പറഞ്ഞത്''.

''മാർഗ്രെട്ടേ, നീതിയില്ലാത്ത ഈ ലോകത്ത് അതന്വേഷിച്ചു നീ പോകണോ? നീ കർത്താവിന് എല്ലാം സമർപ്പിക്ക്. എല്ലാം അവിടുന്ന് നോക്കിക്കോളും''.

## 6

ആ വക്കീൽ പെൺക്കുട്ടിയുടെ കൈ പിടിച്ച് മാർഗ്രെററ്റ സ്വന്തം വീടിന്റെ മുമ്പിലെത്തിയപ്പോഴും മഴ പെയ്യുന്നുണ്ടായിരുന്നു. ആ കുട്ടി വാതിൽ തുറന്ന് വീട്ടിനകത്തേക്ക് കയറി. അവൾ തിരിഞ്ഞു നോക്കിയപ്പോൾ മാർഗ്രെററ്റ അകത്തേക്ക് കയറാതെ ആ വീടിനെ മുഴുവനായും നോക്കി നിന്നു. ആൽവിന്റെ കുഞ്ഞുനാളിലെ മുതലുള്ള ഓർമ്മകളും ശബ്ദങ്ങളും അവളെ വീർപ്പു മുട്ടിച്ചു. പടി കയറാതെ മാർഗ്രെററ്റ അവിടെ ഇരുന്നു. ആ പെൺക്കുട്ടി അടുത്ത് വന്ന് അവളുടെ തോളിൽ കൈ വെച്ചു.

''എന്താ അമ്മച്ചി?''

''എന്തിനാ എന്റെ മോനെ എല്ലാവരൂടെ മഴയത്ത് നിർത്തുന്നേ!'' ഒരു നിമിഷത്തെ ഇടവേളക്ക് ശേഷമാണ് അവർ മറുപടി പറഞ്ഞത്.

ആ പെൺക്കുട്ടിയുടെ മടിയിൽ തല വെച്ച് മാർഗ്രെററ്റ പൊട്ടി കരഞ്ഞു.

നേരം വെളുത്തപ്പോൾ മാർഗ്രെററ്റ വീട് പോലും പൂട്ടാൻ ശ്രമിക്കാതെ സെക്രട്ടേറിയേറ്റിലേക്ക് നടന്നു. അവിടെ തൂപ്പുക്കാർ റോഡ് വൃത്തിയാക്കുന്നുണ്ടായിരുന്നു. അവളുടെ പന്തലിന്റെ സ്ഥാനത്ത് റാന്തൽ പിടിച്ച ശുഭ്രവസ്ത്രധാരികൾ ഇരിക്കുന്നുണ്ടായിരുന്നു. അവർ പരസ്പരം ചിരിച്ചു.

Your Auto & Home Policies with

# KINGSTONE INSURANCE

Liberty Mutual INSURANCE

PROGRESSIVE

# AARP | United Health

AARP®

United Healthcare

All type of Medicare plans with

## Life, Disability, Long Term Care withBlue Ocean Wealth Solutions Agent

Blue Ocean Wealth Solutions

A member of the MassMutual Financial Group

For More Information:
Cell: 1-516-312-2902



Philipose Samuel (Sam)

Financial Planner | Financial Service Representative | Financial Advisor

Registered Representative
2200 Northern Blvd, Ste# 200 |
East Hills, NY 11548 Tel:1-516-326-7028
Fax: 1-516--326-7048 | Email: psamuel@financialguide.com

ലേഖനം

അഡ്വ.സി.സുധാകരക്കുറുപ്പ്



# ഇന്ത്യയിൽ വധശിക്ഷ അനിവാര്യമോ?

സമൂഹത്തിൽ ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് വധശിക്ഷ നിലനിർത്തണമോ എന്നത്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ (Indian Penal Code 1860) 302-ാം വകുപ്പിലാണ് ശിക്ഷകളിൽ ഏറ്റവും കഠിനവും നിഷ്ഠൂരവുമായ വധശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്നത്. ഈ വകുപ്പനുസരിച്ച് കൊലക്കുറ്റം ചെയ്യുന്ന ഒരാൾക്ക് മരണശിക്ഷയോ ജീവപര്യന്തമുള്ള തടവുശിക്ഷയോ വിധിക്കപ്പെടുന്നതും അതോടൊപ്പം അയാൾ പിഴശിക്ഷയ്ക്ക് വിധേയനാകുന്നതുമാണ്.

സമൂഹത്തിന് ഹാനികരമായ പ്രവൃത്തികളെയാണ് നാം കുറ്റകൃത്യം (crime) എന്ന് വിളിക്കുന്നത്. കുറ്റകൃത്യങ്ങളുടെ ഗൗരവം കണക്കാക്കിയാണ് ഇന്ത്യൻ ശിക്ഷാനിയമത്തിലെ ശിക്ഷകൾ കോടതികൾ വിധിക്കുന്നതും അവ നടപ്പിലാക്കുന്നതും. ഇന്ത്യൻ ശിക്ഷാനിയമം 53-ാം വകുപ്പിൽ വധശിക്ഷ, ജീവപര്യന്തം തടവ്, തടവുശിക്ഷ (കഠിനമായ തടവ്, വെറുംതടവ്), വസ്തുക്കളുടെ കണ്ടുകെട്ടൽ, പിഴ എന്നീ പ്രധാന ശിക്ഷകൾ (punishments) പ്രതിപാദിച്ചിരിക്കുന്നു. ഇന്ത്യയിൽ വധശിക്ഷ നിലനില്ക്കുമ്പോഴും കുറ്റകൃത്യങ്ങളുടെ എണ്ണം ദിനവും കൂടുന്നതായാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ സാഹചര്യത്തിലാണ് വധശിക്ഷ തുടരണമോ വേണ്ടയോ എന്ന ചോദ്യത്തിന് പ്രസക്തി ഏറുന്നത്. കുറ്റവാളിയെ പരസ്യമായി തൂക്കിലേറ്റുക, തലവെട്ടിക്കൊല്ലുക, വിഷം കൊടുത്ത് കൊല്ലുക, കഴുത്തോളം കുഴിയിൽ നിർത്തി മണ്ണിട്ടുമൂടി ആനയെക്കൊണ്ട് ചവിട്ടിക്കൊല്ലുക, കല്ലെറിഞ്ഞ് കൊല്ലുക, അംഗഛേദം നടത്തി വികലാംഗരാക്കുക തുടങ്ങി ഒട്ടേറെ പ്രാകൃതവും നികൃഷ്ടവുമായ ശിക്ഷാ നടപടികളായിരുന്നു പണ്ട് കാലത്ത് നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയിരുന്നത്. ഈ പറഞ്ഞ ശിക്ഷകൾ ഇന്നും ഒട്ടുമിക്ക അറേബ്യൻ രാജ്യങ്ങളിലും നിലനിന്നു വരുന്നു.

നിലവിലുള്ള നിയമമനുസരിച്ച് വധശിക്ഷ സാധൂകരിക്കപ്പെടാവുന്നതാണ്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 300-ാം വകുപ്പ് (murder) കൊലക്കുറ്റത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ 302-ാം വകുപ്പ് (punishment for murder) അതിനുള്ള ശിക്ഷ എന്താണെന്ന് വ്യക്തമാക്കുന്നു. ക്രിമിനൽ നടപടി നിയമത്തിന്റെ (Criminal Procedure Code 1973) 354-ാം വകുപ്പ് പറയുന്നതെന്തെന്നാൽ കുറ്റവാളിക്ക് മരണശിക്ഷ വിധിക്കുമ്പോൾ അതിനുള്ള പ്രത്യേക കാരണം കൂടി വ്യക്തമാക്കണമെന്നാണ്. സർവേശ്വർ പ്രസാദ് ഢഃ സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ് എന്ന കേസിന്റെ വിധിയിൽ ഇക്കാര്യം സുപ്രീംകോടതി വ്യക്തമാക്കുന്നുണ്ട്. വിചാരണക്കോടതി മരണശിക്ഷ വിധിച്ചാലും അത് നടപ്പിലാക്കണമെങ്കിൽ ഹൈക്കോടതിയുടെ സ്ഥിരീകരണം ആവശ്യമാണ്. ഈ സാഹചര്യത്തിൽ ശിക്ഷ ശരിവയ്ക്കുന്നതിന് മുൻപ് ഹൈക്കോടതികൾ കേസിലെ തെളിവുകളും വസ്തുതകളും വ്യക്തമായ പരിശോധനകൾക്ക് വിധേയമാക്കണം. ഫ്രാൻസ്, ജർമ്മനി, സ്കാൻഡിനേവിയ, നെതർലാൻഡ്, ഡെൻമാർക്ക് തുടങ്ങി 132ൽപരം രാജ്യങ്ങൾ ഇതിനകം വധശിക്ഷ നിർത്തലാക്കിയിട്ടുണ്ട്. ആംനസ്റ്റി പോലുള്ള മനുഷ്യാവകാശ സംഘടനകളും വധശിക്ഷയ്ക്ക് എതിരാണ്.

ഇൻഡ്യയിൽ വധശിക്ഷ ഒഴിവാക്കണമെന്ന് ഒരു കൂട്ടർ വാദിക്കുമ്പോൾ മറ്റൊരു കൂട്ടർ ഈയൊരു ശിക്ഷ നിലനിർത്തണമെന്നാണ് ആവശ്യപ്പെടുന്നത്. ധാർമ്മികതയുടെ പേരിലാണ് ആദ്യവിഭാഗത്തിന്റെ വാദമുഖം. ജീവൻ നൽകാൻ കഴിയുന്നവന് മാത്രമേ ജീവനെടുക്കാനുള്ള അവകാശമുള്ളൂ എന്നതാണ് അവരുടെ പക്ഷം. കൊലയാളിക്ക് വധശിക്ഷ നൽകിയില്ലെങ്കിൽ അയാൾ കൊലക്കുറ്റം ആവർത്തിക്കുവാനുള്ള സാധ്യത ഏറെയാണ് എന്നതാണ് രണ്ടാമത്തെ കൂട്ടരുടെ

വാദം. മാത്രമല്ല വധശിക്ഷ ഒഴിവാക്കിയാൽ കൊലക്കുറ്റത്തിന് സമൂഹം കല്പിക്കുന്ന ഗൗരവം ഇല്ലാതാകുമെന്നും അവർ പറയുന്നു. വധശിക്ഷയെ അനുകൂലിക്കുന്നവർ 'കണ്ണിന് കണ്ണ്, പല്ലിന് പല്ല്' എന്ന സിദ്ധാന്തത്തിൽ (Retributive Theory) അടിയുറച്ച് വിശ്വസിക്കുന്നവരാണ്. കൊലയ്ക്ക് കൊല എന്നതാണ് ഇതിന്റെ സാരം. നീതിന്യായവ്യവസ്ഥയിലെ അടിസ്ഥാനതത്വമാകട്ടെ 'ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുത്' എന്നതാണ്. എന്നാൽ പലപ്പോഴും ഈയൊരു തത്വത്തിന് കോട്ടം സംഭവിക്കുന്നുണ്ട്. കുറ്റാന്വേഷണത്തിലും തെളിവ് ശേഖരണത്തിലുമുള്ള പോരായ്മകളാണ് ഇതിനുള്ള പ്രധാന കാരണം. വധശിക്ഷയ്ക്ക് വിധേയരായവരിൽ ചിലർ നിരപരാധികളായിരുന്നെന്ന് പിൽക്കാലത്ത് വെളിവാകുമ്പോൾ സാംസ്കാരികമായും സാമൂഹികപരമായും ഉന്നതനിലവാരം പുലർത്തുന്ന ഇന്ത്യയിൽ വധശിക്ഷ ഇനിയും തുടരണമോ എന്ന ചോദ്യത്തിന് പ്രസക്തിയേറുകയാണ്.

കുറ്റകൃത്യങ്ങൾക്ക് ശിക്ഷ അനിവാര്യമാണെങ്കിലും കഠിനവും ക്രൂരവുമായ ശിക്ഷകളിലൂടെ നാട്ടിലെ കുറ്റകൃത്യങ്ങൾക്ക് അറുതിവരുത്താൻ സാധിക്കുമെന്ന വിശ്വാസം ഈ ലേഖകനില്ല. പോക്കറ്റടിക്കെതിരെ (pickpocketing) ഇംഗ്ലണ്ടിൽ വധശിക്ഷ നടപ്പിലാക്കി നടത്തിയ പരീക്ഷണം അതിനൊരുദാഹരണം മാത്രം. ബച്ചൻ സിംഗ് Vs സ്റ്റേറ്റ് ഓഫ് പഞ്ചാബ് (AIR 1980 SC 898) എന്ന കേസിന്റെ വിധിയിൽ വധശിക്ഷയ്ക്ക് ഭരണഘടനാ സാധുത പറയുന്നതോടൊപ്പം അപൂർവ്വങ്ങളിൽ അപൂർവ്വമായ കേസുകളിൽ മാത്രമേ ഈയൊരു ശിക്ഷ നടപ്പിലാക്കാവൂ എന്നൊരു പൊതുമാനദണ്ഡം കൂടി സൂചിപ്പിക്കുന്നു. ജഗ്മോഹൻ സിംഗ് Vs സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് (AIR 1973 SC 92) എന്ന കേസിന്റെ വിചാരണവേളയിൽ വധശിക്ഷ എന്നത് ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കൈകടത്തലാണെന്നുള്ള വാദം ഉണ്ടായെങ്കിലും (ഭരണഘടന അനുച്ഛേദം 21) കോടതി ഭരണഘടനാസാധുത കല്പിക്കുകയാണുണ്ടായത്. സമീപകാലത്തുണ്ടായ വധശിക്ഷയുമായി ബന്ധപ്പെട്ട പല കോടതിവിധികളിലും സാമാന്യ നീതി പുലർത്തിയതായി പറയാൻ കഴിയില്ല. മഹാരാഷ്ട്രയിൽ അടുത്തകാലത്തുണ്ടായ സംഭവം അതാണ് വിരൽ ചൂണ്ടുന്നത്. കൊലപാതകക്കുറ്റം ചുമത്തി നിരപരാധികളായ ആറ് ഗോത്രവർഗ്ഗക്കാരെ അവിടെ ജയിലിലടച്ചു. നീണ്ട 16 വർഷക്കാലം വധശിക്ഷ കാത്ത് ജയിലിൽ കിടന്ന അവരെ നിരപരാധികളെന്ന് കണ്ടെത്തി സുപ്രീംകോടതി സ്വയം മോചിപ്പിച്ചു.

കുറ്റകൃത്യങ്ങളുടെ പേരിൽ പലപ്പോഴും നിരപരാധികൾ വധശിക്ഷയ്ക്ക് വിധിക്കപ്പെടുന്നതിനാലും, ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കപ്പെടുന്നതിനാലും, സാമ്പത്തികമായും സാമൂഹികപരമായും പിന്നാക്കം നില്ക്കുന്ന നിരപരാധികളായ പാവപ്പെട്ടവർ സമ്മർദ്ദങ്ങളുടെ പേരിൽ കേസിൽ അകപ്പെട്ടു പോകുന്നതിനാലും, പാശ്ചാത്യനാടുകളിലേതു പോലുള്ള ശാസ്ത്രീയകുറ്റാന്വേഷണ രീതി നമ്മുടെ രാജ്യത്ത് ഇല്ലാത്തതിനാലും തെറ്റായ തെളിവുകളും തെറ്റായ സാക്ഷിമൊഴികളും കാരണം പലപ്പോഴും കുറ്റവാളികളല്ലാത്തവർ തൂക്കിലേറ്റപ്പെടുന്നതിനാലും, ഒരു കുടുംബത്തെ ഒന്നാകെ ബാധിക്കുന്നതിനാലും, പ്രതികാരം ഒന്നിനും പരിഹാരമല്ല എന്നതിനാലും, ഇന്ത്യൻ ശിക്ഷാനിയമത്തിൽ 'വധശിക്ഷ' ഒരു നിർബന്ധ ശിക്ഷ (mandatory) അല്ലാത്തതിനാലും, മനുഷ്യാവകാശ നിയമങ്ങൾ ഈയൊരു ശിക്ഷാവിധിക്ക് എതിരായതിനാലും, ജീവിക്കാനുള്ള അവകാശം ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 21 പ്രദാനം ചെയ്യുന്നതിനാലും, നമ്മുടെ രാജ്യത്ത് വധശിക്ഷ അനിവാര്യമാണോ എന്ന കാര്യത്തിൽ അധികാര കേന്ദ്രങ്ങൾ ആഴത്തിൽ ചിന്തിക്കേണ്ടതാണ്. പൂർവ്വസ്ഥിരീകരണം (restoration), പുനരധിവാസം (Rehabilitation), പുനഃക്രമീകരണം (reformation), ഉദ്ബോധനം (counselling), ബോധവത്ക്കരണം (Awareness), നല്ലനടപ്പ് (Good conduct) തുടങ്ങിയ തെറ്റ്തിരുത്ത് നടപടികളിലൂടെ കുറ്റവാസന ഒഴിവാക്കി നല്ലൊരു തലമുറയെ നമുക്ക് വാർത്തെടുക്കാനും അതിലൂടെ ഇന്ത്യയുടെ യശസ്സ് ഉയർത്തിപ്പിടിക്കുവാനും കഴിയും. ഇക്കാര്യം രാജേന്ദ്രപ്രസാദ് Vs സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് (AIR 1979 SC 916) എന്ന കേസിൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ നിരീക്ഷിച്ചിട്ടുണ്ട്.


**അഡ്വ.സി.സുധാകരക്കുറുപ്പ്**

(ലേഖകൻ തിരുവനന്തപുരം ജില്ലാ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം, സംസ്കൃതസാഹിത്യത്തിൽ ബിരുദാനന്തര ബിരുദം, നിയമത്തിൽ ബിരുദം, ക്രിമിനൽ ജസ്റ്റീസിൽ ബിരുദാനന്തര ഡിപ്ലോമ, ബി.എഡ്.)

അധ്യാപകൻ, പത്രപ്രവർത്തകൻ, സഹകരണ ബാങ്ക് പ്രസിഡന്റ്, കോളമിസ്റ്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പത്രപംക്തികളിൽ ചെറുകഥകളും ആനുകാലിക വിഷയങ്ങളെക്കുറിച്ച് ഒട്ടേറെ ലേഖനങ്ങളും എഴുതിയിട്ടുണ്ട്. നിലവിൽ 'കലാകൗമുദി' ദിനപത്രത്തിൽ നിയമസംബന്ധമായ ലേഖനങ്ങൾ എഴുതിവരുന്നു. 'ഹിമശൈലങ്ങൾക്കുമപ്പുറം' എന്ന യാത്രാവിവരണം രചിച്ചിട്ടുണ്ട്. റസിഡന്റ്സ് അസോസിയേഷനുകളുടെ സംയുക്ത സംഘടനയായ ഇരഞ്ഞഅങത്തിന്റെ ജനറൽ സെക്രട്ടറിയായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കൊല്ലം ജില്ലയിൽ ചിറക്കരയിൽ ജനിച്ചു. ഇപ്പോൾ മണ്ണന്തലയിൽ താമസം. Mob: 9447018287; Email: sudhakarakurupp@gmail.com

കവിത

ബി എസ് ഉണ്ണിക്കൃഷ്ണൻ



# ഓർമ്മകളില്ലാത്ത മനുഷ്യൻ

അകലെ...
ഏതോ ബിന്ദുവിൽ സമന്വയിക്കുന്ന
രണ്ടു കാലങ്ങൾ!

സ്മൃതിയും മൃതിയും;
രണ്ടു കരകൾക്കിടയിലെ
തിരയടങ്ങാത്ത ഉഷ്ണപാതം.
ശൂന്യമായ ഘടികാരരേഖകളുടെ
ലക്ഷ്യമറ്റ പ്രയാണം.
സമയസൂചികളുടെ ഹൃദയസ്പന്ദനം,
പെയ്തമർന്ന പകലിന്റെ ശവതാളം.
ഇരുളിന്റെ സ്വകാര്യ മർമ്മരങ്ങൾ,
രാത്രിയുടെ നിഴൽവേഗത്തിനൊപ്പം
ചരിക്കുന്ന സമയദൂരങ്ങൾ.

മാഞ്ഞുപോയ മാത്രകളിൽ
ചിതറിമറഞ്ഞ വാക്കുകൾ;
ഇമയനങ്ങാതെ, മിഴിക്കോണുകളാ-
ലെഴുതിയ മൗനചിത്രം.
ഇലച്ചീന്തിൽ നിന്നടർന്നു പതിച്ച
ഇതളിന്റെ നിശ്വാസം പോലെ
അവാച്യമായ യാത്രാമൊഴി.
വെയിൽനോവേറ്റിടറിയ
ശിഖരങ്ങൾക്കൊപ്പം
എരിഞ്ഞമർന്ന ഓർമ്മകൾ.

സ്മരണകളില്ലാത്ത മനുഷ്യൻ
മരണത്തിനും മുന്നേ മരിക്കുന്നു!



**ബി എസ് ഉണ്ണിക്കൃഷ്ണൻ**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് സ്വദേശി. മാധ്യമപ്രവർത്തകൻ, പരിഭാഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു. കേരളസർവകലാശാലയുടെ അന്താരാഷ്ട്ര കേരളപഠനകേന്ദ്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് ദിനപ്പത്രം, ബ്രിട്ടന്റെ ഔദ്യോഗിക വാർത്താ ഏജൻസിയായ പ്രസ്സ് അസോസിയേഷൻ എന്നിവിടങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. നിലവിൽ റോയിട്ടേഴ്സിൽ പ്രവർത്തിക്കുന്നു.

# Hyundai City of Bay Ridge

**TRANSPARENCY-EFFICIENCY-RESPECT**

Hyundai City
of Bay Ridge






**Sales: 1-929-339-1509 www.hyundaicityny.com**

**9013 4th Ave, Brooklyn, NY 11209**

കഥ

ചന്ദ്രബാബു പനങ്ങാട്



# കാഴ്ചപ്പണ്ടം

അഥീനാ ശേഷാദ്രി ഈ പട്ടണത്തിലേക്കു വരുന്നത് കള്ളും ഞണ്ടുകറിയും ആസ്വദിക്കാനാണെന്ന് ആരതിക്കറിയാം. ഓരോ വരവിലും ഹോട്ടൽമുതലാളി അഥീനാമേഡത്തിനു വേണ്ടി പൊടി കലക്കിയുണ്ടാക്കാത്ത തനിനാടൻ കള്ള് എവിടുന്നെങ്കിലും സംഘടിപ്പിക്കും. അതായിരുന്നു പതിവ്. ഷൂട്ടിംഗ് നിർത്തീട്ട് ഒന്നൊന്നര വർഷമായി. അതോടെ പതിവെല്ലാം തെറ്റി. പണത്തിന്റൊഴുക്കു നിന്നാപ്പിന്നെ നമ്മളെ ആർക്കുവേണം. എന്നിട്ടുമെന്തിനാ അഥീന ഇങ്ങോട്ടെഴുന്നെള്ളുന്നേ. ഹോട്ടൽ മുതലാളി അവൾ വരുന്നതറിയാത്തമട്ടിൽ പെരുമാറാനും മതി. എന്തായാലും അവൾ വിളിച്ചതല്ലിയോ. ചെന്നില്ലേൽ പെണങ്ങിയേക്കും.

ആരതിയുടെ കറുത്ത ഫോക്സ് വാഗൺ ജനറലാശുപത്രിയുടെ മുമ്പിലെത്തിയപ്പോൾ ഓട്ടം പതുക്കെയാക്കി. അവളുടെ കാറിന്റെ ഹോണടി കേട്ടാൽ ജ്ഞാനലക്ഷ്മി തീർച്ചയായും കുഞ്ഞിനേയുമെടുത്ത് എവിടുന്നെങ്കിലും ഓടിവരും. ആരതിക്ക് അടുത്തകാലത്തു കിട്ടിയ കൂട്ടാണ്. ഒരു സെലിബ്രിറ്റി ഒരിക്കലും കൊണ്ടുനടക്കരുതാത്ത ചില ചിന്തകൾ ഇടയ്ക്കിടെ അവളെ തേടിയെത്തുമായിരുന്നു. കൈയിലെ കാശ് അനാഥർക്കു കൊടുക്കുന്നതിൽ അമ്മയും സഹോദരനും പലപ്പോഴും വഴക്കിടാറുണ്ട്. ഒന്നുമില്ലായ്മയിൽ നിന്നാണ് പ്രശസ്തിയുടേയും പണക്കൊഴുപ്പിന്റെയും അവസ്ഥയിലെത്തിയതെന്ന് അവരോർക്കുന്നില്ല.

അടഞ്ഞുകിടന്ന കടയുടെ വരാന്തയിലിരുന്ന് കുഞ്ഞിനു ഭക്ഷണം കൊടുക്കുകയായിരുന്ന ജ്ഞാനലക്ഷ്മി ഫോക്സ് വാഗന്റടുത്തേക്കു ചെന്നു. നിലവിളിച്ചോണ്ട് റോഡിലേക്ക് ഓടിയിറങ്ങാൻ തുടങ്ങിയ കുഞ്ഞിനെ പൊക്കിയെടുത്ത് അവന്റെ ചന്തിക്കും പുറത്തും അഞ്ചാറടി കൊടുത്തു. ആരതി വഴക്കു പറഞ്ഞപ്പോഴാണ് അവൾ തല്ലുന്നതു നിർത്തിയത്. കണ്ണീരൊഴുകുന്ന അവന്റെ കവിളിൽ ജ്ഞാനലക്ഷ്മി തെരുതെരെ ഉമ്മവച്ചു. കൈയിൽ കാശില്ലാത്തതുകൊണ്ട് കുഞ്ഞിനൊന്നും കൊടുക്കാൻ കഴിഞ്ഞില്ലെന്നവൾ പറഞ്ഞു. ആകെക്കൂടി കൊടുക്കാനുള്ളത് ആരുടെയോ കൈയിൽ നിന്നും വീണുകിട്ടിയ ഒരു പഴം മാത്രമായിരുന്നു. അത് തിന്നാത്തതിനാണ് ജ്ഞാനലക്ഷ്മി അവനോട് ദേഷ്യപ്പെട്ടത്. മുഖത്ത് അഴുകിയ പഴച്ചാറുമായി നില്ക്കുന്ന കുഞ്ഞിനെ നോക്കിയിട്ട് ആരതി ബാഗുതുറന്ന് ജ്ഞാനലക്ഷ്മിക്ക് പണം നല്കി.

‘നീയും കുഞ്ഞും എന്തേലും കഴിക്ക്.’

കാണുമ്പോഴൊക്കെ സഹായിക്കുന്ന ആരതിയുടെ മഹാമനസ്കതയെ കണ്ണീരോടെ സ്തുതിച്ചിട്ട് ജ്ഞാനലക്ഷ്മി കുഞ്ഞിനേയുമെടുത്ത് നടന്നകന്നു. ആരൊക്കെയോ അവിടെയുമിവിടെയും നിന്ന് ഈ രംഗങ്ങൾ പകർത്തിക്കൊണ്ടിരിക്കുന്നതായി അപ്പോഴാണ് ആരതി ശ്രദ്ധിച്ചത്. ഒരു പാവത്തിനെ സഹായിച്ചതിന് സമൂഹമാധ്യമങ്ങളിൽ ഇപ്പോൾത്തന്നെ പൊരിഞ്ഞ യുദ്ധം തുടങ്ങിയിരിക്കുമെന്ന് അവൾ ഭയപ്പെട്ടു. പാവങ്ങളെ സഹായിക്കുന്നതായഭിനയിച്ച് പേരും പ്രശസ്തിയും ഉണ്ടാക്കുന്നതായി ഒരു കൂട്ടർ. പാവങ്ങളുടെ കണ്ണീരൊപ്പുന്നതിന് പിന്തുണയുമായി മറ്റൊരു കൂട്ടർ. അവൾ വണ്ടി വേഗം ഓടിച്ചുപോയി.

ജ്ഞാനലക്ഷ്മി പറഞ്ഞതാണ്. തൂത്തുക്കുടിയിലെ വീട്ടിൽനിന്നും ഒരു രാത്രിയിൽ ഓടിപ്പോരുമ്പോൾ അവൾ ഗർഭിണിയായിരുന്നു. അന്നവളൊരു പ്രണയത്തിരക്കോളിലായിരുന്നു. താണജാതി

യിൽപ്പെട്ട കുമരേശനോടൊപ്പം അവളെ വളഞ്ഞിട്ടു പിടിച്ചു. ആദ്യമാദ്യം അടികൊണ്ട് കുമരേശൻ അട്ട ചുരുളുന്നതുപോലെയായി. അവളതു പറഞ്ഞപ്പോൾ ഒരു വിജയ്പ്പടം കാണുന്നതുപോലെയാണ് ആരതിക്കു തോന്നിയത്. കൂപ്പുകൈകളോടെ നിർവ്വികാരനായി നിന്ന് കുറേയേറെ ചവിട്ടുംതൊഴീം കൊണ്ടിട്ടാണ് കുമരേശൻ ശരിക്കും ഇളയദളപതിയായത്. പറന്നടിച്ച അവനെ ജീപ്പിൽ നിന്നിറങ്ങിയ അവളുടെ അച്ഛൻ നേരിട്ടു തല്ലാൻ തുടങ്ങിയപ്പോൾ കുമരേശൻ 'മാമാ,മാമാ'ന്ന് നിലവിളിച്ചു. കരഞ്ഞോണ്ട് ഇരുട്ടത്തൂടെ ഓടാൻ തുടങ്ങിയ കുമരേശനെ അവർ പിടിച്ചുകെട്ടി തല്ലിക്കൊന്ന് ഉൾക്കടലിൽ തള്ളി. മീനുകൾ പാതി തിന്ന അവന്റെ ശരീരം തിരകൾ കരയിലേക്ക് വലിച്ചെറിഞ്ഞു. ചത്തിട്ടും അവനെ മാത്രമേ കല്യാണം കഴിക്കൂ എന്നു വാശിപിടിച്ച ജ്ഞാനലക്ഷ്മിയെക്കൂടി കടലിൽ തള്ളാൻ  സമുദായം തീരുമാനിച്ചു. മൂപ്പന്മാരുടെ വാക്കുകേട്ട് ജ്ഞാനലക്ഷ്മിയേയും കൊണ്ട് കടലിലേക്കു വിട്ട ജീപ്പിലെ ഭയങ്കരന്മാരുടെ നേതാവ് പാഞ്ഞുവന്നൊരു കേരളാവണ്ടി കൈകാണിച്ചു നിർത്തി. അയാൾ അവൾക്ക് വഴിച്ചെലവും കൊടുത്ത് അങ്ങനെ രക്ഷപ്പെടുത്തി. മൂന്നു വർഷമായി അവൾ മറ്റുള്ളവരുടെ മുമ്പിൽ കൈ നീട്ടുന്നു. കുഞ്ഞിനെ വളർത്തണം. കൊല്ലാൻ മനസ്സില്ല. അവളുടെ നിശ്ചയദാർഢ്യമാണ് ആരതിയുടെ മനസ്സിനെ വലിച്ചടുപ്പിച്ചത്. ജ്ഞാനലക്ഷ്മിയെക്കുറിച്ചോർക്കുമ്പോഴൊക്കെ ഉരുക്കിൽ തീർത്തൊരു കറുമ്പിപ്പെണ്ണ് പ്രണയത്തിന്റെ ദുരിതക്കടലിൽ നിന്നും കരകേറി വരുന്നതായി അവൾക്കു തോന്നുമായിരുന്നു.

'കേട്ടോ അഥീ. ജ്ഞാനലക്ഷ്മിയെപ്പോലെ ഉണങ്ങാത്ത പ്രണയമുറിവിന്റെ നോവറിഞ്ഞോർക്കേ ഇതൊക്കെ മനസ്സിലാവൂ.'

ചുണ്ടോടടുപ്പിച്ച ചില്ലുപാത്രം പെട്ടെന്ന് തിരികെ വച്ചിട്ട് അഥീന ആരതിയെ ഒരുനിമിഷത്തേക്ക് രൂക്ഷമായി നോക്കിയിട്ട് ചിരിച്ചു.

'കള്ളീ. നീയിപ്പോഴും നിന്റെയാ പഴേ കാമുകനെ ഓർത്തോണ്ടിരിക്കുന്നതുകൊണ്ടാ ജ്ഞാനലക്ഷ്മിയോടിത്തറ സ്നേഹം തോന്നുന്നേ.'

അതു ശരിയായിരിക്കാം. പ്രണയവും കാത്തിരിപ്പുമൊക്കെ പട്ടിണിക്കാരുടെ വികാരങ്ങളാണല്ലോ. ഒരിക്കൽ സന്ദീപ് പറഞ്ഞതാണ്.

'ആരതീ. കിട്ടിയ ഓഫറൊന്നും നീ ഉപേക്ഷിക്കരുത്. ഒരു നല്ല നടിയായും ആളുകൾ ആരാധിക്കുന്നവളായും മാറുമ്പോൾ നിനക്ക് ഞാനൊട്ടും ചേരില്ല. നീയെങ്കിലും നന്നായി ജീവിക്കണം.'

എത്ര വലിയ പണക്കാരിയായാലും എത്ര ഉയരത്തിലായാലും മറക്കില്ലെന്ന് സന്ദീപിനു കൊടുത്ത വാക്കുപാലിച്ചില്ലെന്ന കുറ്റബോധം മാത്രമേ ഇപ്പോൾ ആരതിക്ക് കൂട്ടിനുള്ളൂ. കാത്തുനിൽക്കാതെ അവനെങ്ങോട്ടോ സ്വയം ഒഴിഞ്ഞുപോവുകയായിരുന്നു.

'ഹേ. ആരതീ, ഒരു കൊല്ലത്തിലേറെയായി നമ്മളു തമ്മിൽ കണ്ടിട്ട്. നീയിങ്ങനെ ഗ്ലൂമിയടിച്ചിരിന്നാലോ. ഇഷ്ടമില്ലേലും ഒരു പെഗ്ഗടിച്ചുനോക്ക്.'

എത്ര ശ്രമിച്ചിട്ടും ഹോട്ടൽമുതലാളിക്ക് നാടൻകള്ള് സംഘടിപ്പിക്കാനായില്ല. വിഷമം തീർക്കാനായി ഡിന്നറിന് ഒന്നാംതരം കാട്ടിറച്ചിയുണ്ട്. രഹസ്യമാ.

'അതു കഴിഞ്ഞേ നിന്നെ വിടൂ.'

ഇപ്രാവശ്യം അഥീന അവളുടെ ശേഷാദ്രിയെക്കുറിച്ച് പൊടിപ്പുംതൊങ്ങലും ചാർത്തി സംസാരിക്കുന്നില്ലെന്ന് ആരതി ശ്രദ്ധിച്ചു. അവളുടെ തുടരെത്തുടരെയുള്ള ചോദ്യങ്ങൾക്കു മുമ്പിൽ അഥീന കരയാൻ തുടങ്ങി.

പടം പിടുത്തം നിന്നുപോയപ്പോൾ ധനഞ്ജയ് ശേഷാദ്രി പുതിയ ബിസിനസ്സിലേക്കു കടന്നു. പൂച്ചക്കണ്ണുള്ള പുതിയൊരു സുന്ദരിസെക്രട്ടറിയേയും അയാൾ സ്വന്തമാക്കിയെന്നു കേൾക്കുന്നു.

'എടീ, രണ്ടോമൂന്നോ വോഡ്ക്കേൽ തീർക്കാൻ പറ്റാത്തത്ര വെഷമമാ എനിക്കിപ്പം.'

ധനഞ്ജയ് ശേഷാദ്രി മര്യാദയോടെ മാത്രം പെരുമാറുന്നൊരു ബിസിനസ്സുകാരനാണെന്ന് ആരതിക്കറിയാം. അയാളുടെ ഒന്നിലധികം സിനിമകളിൽ അവൾക്ക് നല്ല വേഷങ്ങൾ കിട്ടിയിട്ടുണ്ട്. എത്രയോ സന്ദർഭങ്ങളുണ്ടായിട്ടും അയാൾ മാന്യതയുടെ അതിരുകടന്നിട്ടില്ല.

'നീ വെറുതേ ചിന്തിക്കുന്നതാ. ശേഷാദ്രി നല്ലൊരു മനുഷ്യനാ.'

'നിനക്കറിയാമോ. അയാൾ ശേഷാദ്രീം സഹ്യാദ്രീമൊന്നുമല്ല. വെറും ധനഞ്ജയനാ. കാശുണ്ടായപ്പോളൊരു ഗുമ്മിനു ഫിറ്റിയതാ ശേഷാദ്രീന്ന്. പോയ വാലുകളൊക്കെ തിരികെ കിളിക്കുന്ന ഇക്കാലത്ത് കൊള്ളാവുന്നൊരങ്കവാല്. നോക്കിക്കോ. അയാളേം അവളേം ഞാങ്കൊല്ലുമെടീ.'

വിഷയം മാറ്റാനായി ആരതി ജ്ഞാനലക്ഷ്മിയുടെ കഥ പറഞ്ഞു. കുഞ്ഞിന് ഒരു നേരത്തെ ഭക്ഷണമൊപ്പിക്കുന്നതിനായി അവൾ യൌവ്വനം കത്തിച്ചുകളയുന്നു. അപ്പഴാ ഇവിടൊരുത്തി വോഡ്ക പെരുപ്പിച്ച തലേൽ ഭർത്താവിനെ കൊല്ലാൻ പദ്ധതീമായി ഇറങ്ങിയേക്കുന്നത്.

'നമ്മടേതൊന്നുമല്ലഥീ ജീവിതം. നീ എന്റെകൂ

ടെവാ. നമ്മളെപ്പോലൊള്ളോർക്ക് ആ ജ്ഞാനല ക്ഷ്മിയൊരു പാഠശാലയാ.'

അതു കേൾക്കാത്തമട്ടിൽ അഥീന പുലമ്പിക്കൊ ണ്ടിരുന്നു.

'ധനഞ്ജയാ നിന്നെ ഞാങ്കൊല്ലും. പിന്നെ നിന്റെയാ സെക്രട്ടറിയേം.'

തളർന്നുവീണ അവളെ താങ്ങിപ്പിടിച്ച് കിടക്ക യിൽ കിടത്തി. ശ്രദ്ധിച്ചോണമെന്ന് വേലക്കാരിക്ക് നിർദ്ദേശം കൊടുത്തിട്ടു തിരികെപ്പോരുകയായിരു ന്നു.

ഫ്ലാറ്റിനു മുമ്പിൽ വണ്ടി നിന്നപ്പോഴാണ് അത്രേം നേരം മനസ്സാന്നിദ്ധ്യമില്ലാതെയാണ് വണ്ടി യോടിച്ചതെന്ന് ആരതി ഭീതിയോടെ ഓർത്തത്.

തുറന്ന ചിരിയോടെ ആരും വാതില്ക്കലെത്തി യില്ല. എന്തൊരു മൂകത. രാവിലെ പോകുമ്പോൾ അവിടെ അനുജനും കുടുംബവുമുണ്ടായിരുന്നു. വാതിൽ മണി അകത്ത് കിളിയായി ചിലച്ചു. തുറന്ന വാതില്ക്കൽ ചിരി മറന്ന അമ്മ.

'ദാനശീല എഴുന്നെള്ളിയോ.'

അമ്മയുടെ ഇല്ലായ്മക്കാലത്തെ ശകാരങ്ങളു ടെ തുടക്കം ഇങ്ങനെയായിരുന്നല്ലോ. അതൊക്കെ പൊയ്പ്പോയല്ലോ. ഇന്നു രാവിലെയും സന്തോഷ ത്തോടെ യാത്രയാക്കിയ ചിരിക്കുന്ന അമ്മയ്ക്കെ ന്തു പറ്റിയെന്ന് ആരതിയോർത്തു.

'ഇവ്ടെ കാശില്ലാതെ നട്ടം തിരിയുവാ. അപ്പഴാ ഒരു തെണ്ടിക്ക് അഞ്ഞൂറിന്റെ താളു വീശിയെറി ഞ്ഞത്.'

ആരതിക്ക് സമാധാനമായി. രാവിലെ തുറിക ണ്ണുകളുമായി നിന്ന ആരാധകരുടെ ഫോണുകൾ എല്ലാം വാർത്തയാക്കിക്കളഞ്ഞു. ഒരിക്കൽ ദാരി ദ്ര്യക്കൊടുമുടിയിൽ കഴിഞ്ഞ് കല്ലിച്ചുപോയതിന്റെ ഭയമാണമ്മയ്ക്ക്. ഒന്നു ചിരിച്ചുകാണിച്ചാൽ അലി യുന്ന ഭയമേയുള്ളൂ.

അവളുടെ പുഞ്ചിരി തടയപ്പെട്ടു.

'ഫ്ലാറ്റിന്റെ വാടക മൊടങ്ങിയത് മകാറാണി അറിഞ്ഞില്ലിയോ ആവോ.'

അതിനൊക്കെയുള്ള പണം ബാങ്കിലുണ്ടെന്ന് അവൾക്കറിയാം. അതേക്കുറിച്ചു ചോദിക്കുംമുമ്പ് അമ്മയുടെ ഒച്ചയുയർന്നു.

'കഴിഞ്ഞ പതിമൂന്നു മാസമായി ഒറ്റ ചില്ലിപ്പൈ സാ നീ കൊണ്ടുവന്നിട്ടില്ല.'

സോഫയിലിരുന്ന അവളെ സാന്ത്വനിപ്പിച്ചോണ്ട് ചക്കിപ്പൂച്ച മടിയിൽ കയറി കണ്ണിറുക്കിക്കാണിച്ചു. അതു കണ്ട് ആരതിയും കണ്ണിറുക്കിച്ചിരിച്ചു.

'ആവശ്യത്തിനു പണം ബാങ്കിലുണ്ടല്ലോ. അതെ ടുത്താ മതിയല്ലോമ്മേ.'

ഓരോരുത്തർക്കും വേണ്ടി ഓരോ നിമിഷങ്ങ ളൊരുക്കീട്ടാ കാലം കളി നടത്തുന്നതെന്ന് ആരതി ക്കറിയാം. ഇതിപ്പോൾ അവളുടെ നേരമാണെന്ന് തോന്നി. അതുകൊണ്ടല്ലേ അമ്മ അകത്തേക്ക് നോക്കി അനുജനെ വിളിച്ചതും അവനൊരു കൊടു ങ്കാറ്റുപോലെ ആർത്തലച്ചെത്തിയതും ബാങ്ക്പാസ്സ് ബുക്ക് അവളുടെ മുഖത്തേക്ക് വലിച്ചെറിഞ്ഞതും. ആരതിക്കു വിശ്വാസം വന്നില്ല. ബാങ്കിൽ ഏറെ യൊന്നും അവശേഷിച്ചിട്ടില്ല. ലക്ഷങ്ങൾ എങ്ങോ ഒഴുകിപ്പോയിരിക്കുന്നു. അവൾക്കതറിയണം. മറുപടിയായി ശാപങ്ങളും അക്രോശങ്ങളും നില വിളികളുമുണ്ടായി. പിന്നെ ഉത്തരം കിട്ടി. പണമെ ല്ലാം പലപ്പോഴായി അനുജന്റെ അക്കൌണ്ടിലേക്കു കയറിക്കൂടി.

'അപ്പോ നിങ്ങളെന്നെ ചതിക്കുവായിരുന്നോ.'

'അഭിനയോന്നും പറഞ്ഞ് എറങ്ങിത്തിരിക്കാതെ ആ പാവം സന്ദീപനേം കെട്ടി അറിയാവുന്ന തയ്യലു പണീമായി കഴിഞ്ഞാപ്പോരാരുന്നോ നെനക്ക്.'

'അതല്ലേ നിങ്ങക്കെന്നെ ചതിക്കാനുള്ള വഴിതെ ളിച്ചത്.'

മറുപടി പറയാനുള്ള വാക്കുകൾ കിട്ടാത്തതു കൊണ്ട് അനുജൻ അവളുടെ മടിയിലെ ചക്കിപ്പൂ ച്ചയെ വലിച്ചെടുത്ത് ഭിത്തിയിലെറിഞ്ഞു. ചോര യൊലിക്കുന്ന തല വിറപ്പിച്ചുവിറപ്പിച്ച് ആ ജന്തു നിലത്തുവീണു ചത്തു.

ഏറെ നാളുകൾക്കു ശേഷമാണവൾക്ക് ഉറക്ക ഗുളികയുടെ കാരുണ്യം തേടേണ്ടിവന്നത്. ഏറെ തണുത്തൊരു കൊച്ചുവെളുപ്പാങ്കാലത്തേക്കവൾ ഞെട്ടിയുണർന്നു. കണ്ടുകഴിഞ്ഞൊരു സ്വപ്നം ചതുരാകൃതിയിൽ വെട്ടിയെടുത്ത് വക്കുകളിൽ അലുക്കുകൾ പിടിപ്പിക്കുന്നേയുണ്ടായിരുന്നുള്ളൂ. സ്വയം മറന്നുപോയ അവൾ തയ്ച്ചോണ്ടിരുന്ന നൂലുപൊട്ടി. നൂല് പാകാൻ ശ്രമിച്ച അവളുടെ വിര ലറ്റത്ത് തയ്യൽസൂചി ചോരത്തുള്ളി വിരിയിച്ചു. 'പ്രിയപ്പെട്ട സന്ദീപേട്ടന്' എന്ന് കസവുനൂല് പാകി യൊരു വാചകം കൂടി സ്വപ്നത്തിലെ ആ പട്ടുറുമാ ലിൽ തയ്ച്ചു ചേർക്കാനുണ്ടായിരുന്നു. എന്നാൽ ചത്തുപോയൊരു പൂച്ചേടെ നിലവിളിയിൽ ആ സ്വപ്നവും ഉറുമാലുമൊക്കെ മാഞ്ഞുപോവുകയാ ണുണ്ടായത്.

രാവിലെതന്നെ ആരതി കാറുമായി വെളിയിൽ കടന്നു. അഥീനയോടെല്ലാം തുറന്നുപറയണം. അവളുടെ ശേഷാദ്രി വരുന്നതുവരെ അവിടെ കഴി യാം. അവളെ സമാധാനിപ്പിക്കണം. പാവം ശേ

ഷാദ്രിയെ കൊല്ലാനുള്ള തീരുമാനത്തിൽ നിന്നും അവളെ പിന്തിരിപ്പിക്കണം.

കാർ വേഗത കുറച്ച് ജനറലാശുപത്രിയുടെ മുമ്പിലൂടെ നീങ്ങുകയായിരുന്നു. റോഡിൽ ആളുകൾ കൂട്ടംകൂടി നിന്നു. വിൻഡോ താഴ്ത്തി ഒരുനോക്കു കണ്ടു. ആൾക്കൂട്ടത്തിനു നടുവിൽ അവൾ, ജ്ഞാനലക്ഷ്മി, ഭയന്നുവിറച്ച്. അവളുടെ കുട്ടിക്കെന്തെങ്കിലും പറ്റിക്കാണുമോ. ഒരു സെലിബ്രിറ്റിയാണ് താനെന്നോർക്കാതെ ആരതി വണ്ടി നിർത്തിയിട്ട് അങ്ങോട്ടു ചെന്നു. മെലിഞ്ഞൊരു ചെറുപ്പക്കാരനെ പോലീസുകാർ ചോദ്യം ചെയ്യുന്നു.

'നീയാണോടാ കൊച്ചിനെ കട്ടത്.'

ഒരു പോലീസുകാരി ജ്ഞാനലക്ഷ്മിയുടെ സാരിത്തുമ്പിനു പിടിച്ച് മുമ്പോട്ടു തള്ളി. ആൾക്കൂട്ടത്തിലൊരുവന്റെ തോളിൽ ചേർന്നുകിടന്നുകൊണ്ട് കുട്ടി മധുരമാസ്വദിച്ചു ചിരിച്ചു. കാണികളിലൊരുവൻ ആരതിക്ക് വിശദീകരിച്ചുകൊടുത്തു.

'അവളുമവനും കുട്ടികളെ കട്ടോണ്ടു പോന്നോരാ. ആ കൊച്ചിന്റച്ഛനാ അതിനെ എടുത്തിരിക്കുന്നേ.'

ആരതിയെ കണ്ടപ്പോൾ ജ്ഞാനലക്ഷ്മി കുനിഞ്ഞുനിന്നു. പോലീസുകാരൻ അവളുടെ കൂട്ടാളിയുടെ പേരു ചോദിച്ചു. അവൻ വളരെ പതിയെ പറഞ്ഞത് ആരതി ഊഹിച്ചതു തന്നെയായിരുന്നു.

'കുമരേശൻ .'

ബോധം വീണ ആൾക്കൂട്ടത്തിന്റെ ക്യാമറാക്കണ്ണുകളിൽ നിന്നും ഒരുവിധം രക്ഷപ്പെട്ട ആരതി അഥീനയുടെ ഫ്ലാറ്റിലേക്ക് പോയി. അവൾ പേടിച്ചിരുന്നതു വെറുതെയായിരുന്നു. മദ്യത്തിന്റെ കെട്ടെല്ലാം വിട്ട് അഥീന അവിടെ തെളിഞ്ഞുനിന്നിരുന്നു. എന്തോ സംഭവിച്ചല്ലോ. ആരതിയോർത്തു. ശേഷാദ്രി വന്നാലല്ലേ അവൾ അയാളെ കൊല്ലൂ. സ്വന്തം വീട്ടീന്നിറങ്ങിപ്പോരേണ്ടിവന്നത് അഥീനയോടു പറയണം. കുറേനാൾ അവൾക്കൊപ്പം കഴിയണം.

ആദ്യം ജ്ഞാനലക്ഷ്മിയുടെ കള്ളക്കഥ പറഞ്ഞു. എന്നിട്ടും മനസ്സിന്റെ ഭാരമൊഴിഞ്ഞില്ല. പിന്നീട് ഭിത്തിയിലടിച്ചുകൊന്ന ചക്കിപ്പൂച്ചയുടെ കഥ പറഞ്ഞിട്ട് അവൾ കുറേനേരം കരഞ്ഞു.

'അതുപോട്ടെ, യഥാർത്ഥത്തിൽ നീ പറയാൻ തുടങ്ങിയതെന്താ.'

അവൾക്കിനിയും ഒളിപ്പിക്കാനാവില്ല. ബാക്കി കഥ കൂടി പറഞ്ഞിട്ട് അവൾ അഥീനയുടെ കൈകൾ കൂട്ടിപ്പിടിച്ചു.

അവൾ 'കൊറെനാളേക്ക് ഞാൻ നിന്നോടൊപ്പം നില്ക്കട്ടെ'എന്ന് ചോദിക്കും മുമ്പു തന്നെ അഥീന പറഞ്ഞുകഴിഞ്ഞു.

'ആരതീ, നീ ഇന്നലെ പറഞ്ഞതു നേരാ. ശേഷാദ്രിയൊരു പാവമാ.'

അയാൾ തലേദിവസം രാത്രിയിൽ അഥീനക്കായി ഒരുവണ്ടി സമ്മാനങ്ങൾ കൊണ്ടുവന്നിരുന്നു. അയാളുടെ പുതിയ സംരംഭം വിജയത്തിലേക്ക് കുതിച്ചുതുടങ്ങി. അതുകേട്ട് സന്തോഷിച്ചെങ്കിലും പറയാനാഗ്രഹിച്ച കാര്യം പറയാനാവാതെ ആരതി പതറി.

'ആരതീ, നമ്മടെയീ ചീത്തക്കാലമൊക്കെ മാറിപ്പോം.'

അപ്പോൾ ആരതി ഒരുപെഗ്ഗ് വോഡ്ക ചോദിച്ചു. നിർബ്ബന്ധിച്ചാലും മദ്യപിക്കാത്തവളുടെ മാറ്റം അഥീനയെ അത്ഭുതപ്പെടുത്തി. അവൾ അകത്തു കിടന്ന് കൂർക്കംവലിക്കുന്ന ശേഷാദ്രിയുടെ ആയുരാരോഗ്യസൌഖ്യത്തിനായി ആരതിയോടൊപ്പം വോഡ്ക കുടിച്ചു. ആരതിയുടെ ഗ്ലാസ് പലവട്ടം നിറയുകയും ഒഴിയുകയും ചെയ്തു. ഒടുവിൽ അഥീന തടഞ്ഞിട്ടും അവൾ വേച്ചുവേച്ച് കാറിൽ കയറി യാത്രയായി.

കാറിന് ജനറലാശുപത്രി കഴിഞ്ഞപ്പോൾ വഴിതെറ്റി. ആരതി അതിനെ വഴക്കുപറഞ്ഞു.

'ഫോക്സ് വാഗണാത്രേ. അനുസരണകെട്ടവൻ. വീട്ടിലേക്കു പോകാതെ എങ്ങോട്ടാടാവ്വേ നിന്റെ പോക്ക്.'

അവൾ പിന്നെ വിചാരിച്ചു: ഇത്രേന്നാളും എന്റെ ചൊല്പടിക്കു നിന്നോനാ. ഓ. നീയിപ്പോ ഇഷ്ടമൊള്ളടത്തേക്ക് പൊക്കോടാ.

അത്രേം കേട്ടപ്പോഴേക്കും വണ്ടി നേരേ മ്യൂസിയം ഭാഗത്തേക്കോടി. മ്യൂസിയംഗേറ്റിൽ വണ്ടി നിന്നു. അല്ല ട്രാഫിക്ക് പോലീസുകാരൻ ഓടിച്ചെന്നു തടയുകയായിരുന്നു. അയാളുടെ കണ്ണു ചുമന്നു.

'വെള്ളോമടിച്ചു സിഗ്നലു നോക്കാതെ നിങ്ങളെങ്ങോട്ടാ വച്ചുപിടിക്കുന്നത്.'

'നീയാ കുമരേശനല്ലിയോ. നമ്മടെ ജ്ഞാനലക്ഷ്മിയേടെ കാമുകൻ. എനിക്കു മ്യൂസിയത്തിപ്പോണം.'

പോലീസ്ജീപ്പിൽ കയറുമ്പോഴും ആരതി ഉറക്കെ വിളിച്ചുപറഞ്ഞോണ്ടിരുന്നു.

'എനിക്കു മ്യൂസിയത്തിൽ പോയേ പറ്റൂ. പ്ലീസ്.'

ചുറ്റും തുറന്നടയുന്ന ക്യാമറാക്കണ്ണുകൾ ആരതിയെപ്പിടിച്ച് ലോകത്തുള്ള സകല വീടുകളുടേയും അകത്തളങ്ങളിലേക്ക് പീസുപീസാക്കിയിട്ടു.



# ഫോമാ സാരഥികൾക്ക് നമോവാകം

ഫോമാ പ്രസിഡന്റ് അനിയൻ ജോർജിനെ മന്ത്രി റോഷി അഗസ്റ്റിൻ പൊന്നാടയണിയിച്ച് ആദരിച്ചത് കൺവൻഷനിലെ ഹൃദ്യമായ അനുഭവമായി.

ഫോമാ നേതാക്കൾ വാരിക്കോരി അവാർഡുകൾ നൽകുകയും പലരെയും ആദരിക്കുകയും ചെയ്തെങ്കിലും അവരുടെ അവിരാമമായ പ്രവർത്തനത്തെ ആദരിക്കേണ്ടതുണ്ടെന്ന് ആരും തന്നെ ഓർത്തില്ല.

കൾച്ചറൽ കമ്മിറ്റിയുടെ അനുവാദത്തോടെ നാഷ്ണൽ കമ്മിറ്റി അംഗം സണ്ണി കല്ലൂപ്പറയാണ് പ്രസിഡന്റിനെ പൊന്നാടയണിയിക്കാൻ മന്ത്രിയോടഭ്യർത്ഥിച്ചത്.

കൺ വൻഷൻ വിജയിപ്പിച്ചത് കൂട്ടായ പ്രവർത്തനം കൊണ്ട് മാത്രമാണ്. എന്നാൽ കാൻകുനിൽ കൺ വൻഷൻ നടത്താൻ തീരുമാനിച്ചതും ആ തീരുമാനത്തിൽ ഉറച്ച് നിന്നതും അനിയൻ ജോർജ് ആയിരുന്നു.

കോവിഡിന്റെ സ്ഥിതി എന്താവും എന്ന് ഉറപ്പില്ലാത്ത സമയത്താണ് കാൻകുനിൽ കൺവൻഷൻ തീരുമാനിക്കുന്നത്. കൺവൻഷൻ നടക്കുമോ, യാത്ര ചെയ്യാനാവുമോ, ആരെങ്കിലും അങ്ങോട്ട് വരുമോ എന്നൊക്കെ ആശങ്ക നിലനിക്കുമ്പോഴാണ് ഈ ചൂതാട്ടത്തിനു നേതൃത്വം തയ്യാറാകുന്നത്.

കരാർ ഒപ്പുവച്ചു കഴിഞ്ഞിട്ടും പലരും കൺവൻഷൻ ന്യൂ ജേഴ്സിയിലേക്കു മാറ്റണമെന്ന് നിലപാടിലായിരുന്നു. എന്നാൽ അനിയൻ മാത്രം ഉറച്ചു നിന്നു.

കോവിഡ് കാലത്തെ പ്രവർത്തനങ്ങളിലെല്ലാം ഈ നിശ്ചയദാർഢ്യം കാണാം. കേരള കൺ കൺവൻഷനോടനുബന്ന്ധിച്ചു വിവിധ സമ്മേളനങ്ങൾ നടത്തുന്നതിലും അനിയന്റെ തീരുമാനം ഉറച്ചതായിരുന്നു.

അർദ്ധരാത്രി കഴിഞ്ഞും നീളുന്ന സൂം മീറ്റിങ്ങുകളിൽ തമാശയും, കൊച്ചുവാർത്തമാനുമായി ആരെയും മുഷി പ്പിക്കാതെ പ്രവർത്തിച്ച അനിയന്റെ നയചാതുരിയുടെ വിജയം കൂടി ആയിരുന്നു കൺവൻഷനിൽ കണ്ടത്.

ഇത്രയും വലിയ ഒരു സമ്മേളനം നടക്കുമ്പോൾ അതിനു വേണ്ടി വരുന്ന പ്ലാനിംഗ് ഊഹിക്കാവുന്നതേയുള്ളു. പ്രത്യേകിച്ച മറ്റൊരു രാജ്യത്ത് നടക്കുന്ന സമ്മേളനം. നിലവിളക്കും ചെണ്ടയുമെല്ലാം അമേരിക്കയിൽ നിന്ന് കൊണ്ടുപോകേണ്ടി വന്നു.

പ്രതികൂല സാഹചര്യങ്ങളെ അവസരങ്ങളാക്കുന്ന കഴിഞ്ഞ രണ്ടുവർഷക്കാലത്തെ പ്രവർത്തനത്തിൽ വരുംകാലങ്ങളിലും ഫോമായ്ക്ക് പകർത്താവുന്ന നിരവധി പാഠങ്ങൾ ഉൾക്കൊള്ളുന്നു. വ്യക്തിയല്ല, പ്രസ്ഥാനമാണ് വലുത് എന്ന് പറയുമ്പോഴും ഈ വ്യക്തിയുടെ പ്രഭാവം തന്നെയാണ് ഫോമായുടെ കഴിഞ്ഞ ഭരണസമിതിക്ക് മികച്ച വിജയം കൈവരിക്കാൻ മുതൽക്കൂട്ടായതെന്ന് പറയാതെ വയ്യ.

കാൻകൂനിൽ കൺവൻഷൻ വിജയിക്കില്ലെന്ന് നല്ലൊരു വിഭാഗം നിരുത്സാഹപ്പെടുത്തിയപ്പോഴും, മുന്നോട്ട് നീങ്ങിയത് പ്രസിഡന്റിന്റെ നിശ്ചയദാർഢ്യം കൊണ്ടാണ്. തുടക്കം മുതൽ ഒടുക്കം വരെ, തൊട്ടതെല്ലാം പൊന്നാക്കിക്കൊണ്ട് ഒരു ഭരണസമിതി സ്ഥാനമൊഴിയുമ്പോൾ, അടുത്ത ടീമിന് അവർക്കൊപ്പം ഓടിയെത്തുക എന്ന വലിയ ഉത്തരവാദിതമാണ് മുന്നിൽ.

പ്രസിഡന്റിനൊപ്പം എല്ലാ തലവേദനകളും കൂട്ടായി പങ്കുവച്ചവരാണ് സെക്രട്ടറി ഉണ്ണികൃഷ്ണനും ട്രഷറർ തോമസ് ടി. ഉമ്മനും. അവരുടെ സഹകരണമില്ലാതെ പ്രസിഡന്ടിനും മുന്നോട്ടു പോവാനാവില്ലല്ലോ.

വൈസ് പ്രസിഡന്റ് പ്രദീപ് നായർ, ജോ. സെക്രട്ടറി ജോസ് മണക്കാട്ട്, ജോ. ട്രഷറർ ബിജു തോന്നി




ക്കടവിൽ എന്നിവരും ഇവരോടൊപ്പം കൈകോർത്ത് നിന്നു. ഭിന്നാഭിപ്രായങ്ങളോ അപസ്വരങ്ങളോ ആരും കേട്ടില്ല. കൺ വൻഷനിലും അതുണ്ടായില്ല.

വിശ്രമവും വിനോദവുമാണ് ഇത്തരം കണ്വന്ഷനുകളിൽ സാധാരണക്കാർ ആഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കുന്നതായിരുന്നു സമ്മേളനം. ആവശ്യാനുസരണം ഭക്ഷണം കിട്ടിയാൽ തന്നെ വലിയ പ്രശ്നം തീർന്നു. ഇവിടെ 24 മണിക്കൂറും ഇഷ്ടം പോലെ ഭക്ഷണം എന്നതായിരുന്നു സ്ഥിതി.

ഇത്തരം കൺ വൻഷനുകളിൽ ഒരുപാട് ചർച്ചകൾക്കും മറ്റും പ്രസക്തിയില്ല. അത് പ്രസ് ക്ലബ് പോലെയുള്ള പ്രൊഫഷണൽ സംഘടനകളിലാണ് കൂടുതൽ ഫലവത്താകുന്നത്.

കുടുംബത്തിൽ നിന്നുള്ള പിന്തുണയാണ് ഏതൊരാൾക്കും ഇത്തരം പൊതുപ്രവർത്തനങ്ങളിൽ കരുത്ത് നൽകുന്നത്. ഭാര്യ സിസിയും അറ്റോർണി കൂടിയായ പുത്രൻ കെവിനും, അനിയന്റെ പ്രവർത്തനങ്ങൾക്ക് പിന്നിൽ അടിയുറച്ചു നിന്നു.

അനിയനെ പൊന്നാട അണിയിക്കുവാനുള്ള തീരുമാനം അറിയിച്ചപ്പോൾ കൾച്ചറൽ കമ്മിറ്റിയും അത് ശരിവയ്ക്കുകയായിരുന്നുവെന്ന് സണ്ണി കല്ലൂപ്പാറ പറഞ്ഞു. പിന്നീട് നാനാ ഭാഗത്തു നിന്നും ഇതിനെ അഭിനന്ദിച്ചു കൊണ്ട് ആളുകൾ മുന്നോട്ടു വന്നു.

കോവിഡ് ഉൾപ്പെടെ നിരവധി പ്രതിസന്ധികൾക്ക് നടുവിൽ നിന്നുകൊണ്ട് സംഘടനയുടെ സാരഥ്യം ഏറ്റെടുക്കുകയും ഫോമായെ കൂടുതൽ ഔന്നത്യത്തിലേക്ക് കൈപിടിച്ച് ആനയിക്കുകയും ചെയ്തതിനാണ് ആദരം. ആരും പകച്ചുനിന്നുപോകുന്ന ദുർഘട സന്ധികളിൽ ഒപ്പമുള്ളവർക്ക് കരുത്ത് പകർന്ന നേതൃപാടവം മാതൃകാപരമാണ്.

ഫോമാ കൺവൻഷനിൽ എല്ലാ കാര്യങ്ങളുടെയും മേൽനോട്ടവുമായി പ്രസിഡന്റ് അനിയൻ ജോർജ്, സെക്രട്ടറി ഉണ്ണികൃഷ്ണൻ, ട്രഷറർ തോമസ് ടി. ഉമ്മൻ എന്നിവർക്കൊപ്പം പ്രവർത്തനനിരതരായിരുന്നു കൺ വൻഷൻ ചെയർ പോൾ റോഷൻ, വൈസ് പ്രസിഡന്റ് പ്രദീപ് നായർ, ജോ. സെക്രട്ടറി ജോസ് മണക്കാട്ട്, ജോ. ട്രഷറർ ബിജു തോണിക്കടവിൽ എന്നിവർ. പക്ഷെ ഫോട്ടോകളിലൊന്നും അവരെ കാണാനില്ല.

സ്റ്റേജിൽ മുൻ നിരയിൽ വരാനോ ഒന്ന് ഷൈൻ ചെയ്യാനോ ആരും ശ്രമിച്ചതില്ല എന്നത് അതിശയം. നിശബ്ദമായ പ്രവർത്തനങ്ങളിലൂടെ അവർ എപ്പോഴും വേദിയിലും ചുറ്റുപാടിലും ഉണ്ടായിട്ടും മൈക്ക് പിടിച്ചെടുക്കാനോ മാധ്യമ ശ്രദ്ധ പിടിച്ചെടുക്കാനോ ശ്രമിച്ചില്ല. കൺ വൻഷന്റെ വിജയത്തിന് പിന്നിൽ ഇത്തരം ഇഴയടുപ്പമുള്ള കമ്മിറ്റിയുടെ പ്രവർത്തനമായിരുന്നു കാരണമെന്നു നിസംശയം പറയാം.

കൺവൻഷൻ പ്രതീക്ഷയിലും വിജയകരമായി സമാപിച്ചതിൽ എല്ലാവർക്കും സന്തോഷം. അലോസരങ്ങളോ അപസ്വരങ്ങളോ കേട്ടില്ലെന്നു പോൾ റോഷൻ പറഞ്ഞു. എല്ലാവരും കൺ വൻഷൻ ആസ്വദിച്ചു എന്ന് പറയുന്നതാവും ശരി.

വായ്ക്ക് രുചിയോടെ ഒന്നും കഴിക്കാൻ കിട്ടിയില്ലെന്ന പരാതിപറച്ചിലാണ് എപ്പോഴും കേട്ടിരുന്നത്. 'അത് പരിഹരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ടെന്ന് മാത്രമല്ല, കഴിച്ച ഭക്ഷണത്തെക്കുറിച്ച് ആളുകൾ ആഴ്ചകളോളം പ്രകീർത്തിച്ച് സംസാരിക്കാനും ഇടയുണ്ട്. 24 മണിക്കൂറും ഫുഡ് ആൻഡ് ഡ്രിങ്ക് സർവീസും ലഭ്യമാണ്,' നേരത്തെ റോഷൻ പറഞ്ഞത് സംഭവിക്കുക തന്നെ ചെയ്തു. ഭക്ഷണം ശരിയായി ലഭിച്ചാൽ തന്നെ ഒരു കൺ വൻഷൻ പാതി വിജയിച്ചു.

യുവജനങ്ങളുടെ പങ്കാളിത്തത്തിലും സന്തോഷമുണ്ട്. മുതിർന്നവരിൽ നിന്ന് അകന്ന് സ്വന്തം പരിപാടികളിലായിരുന്നു അവർ എങ്കിലും അവരുടെ വലിയ പങ്കാളിത്തം സുപ്രധാനമായി.



# മധുരിക്കുന്ന ഓർമ്മകൾ ബാക്കിയാക്കി ഫോമാ കൺവൻഷനു വിട

**കാൻകൂൻ, മെക്സിക്കോ:** മലയാളത്തിന്റെ പെരുമ മെക്സിക്കോയിലുമെത്തിച്ച് ഫോമ ഏഴാമത് കൺവൻഷൻ കൊടിയിറങ്ങി. മധുരിക്കുന്ന ഓർമ്മകൾ ബാക്കിയായി .

തിക്കി നിറച്ച പ്രോഗ്രാമുകളോ നാട്ടിൽ നിന്നുള്ള അതിഥികളുടെ അതിപ്രസരമോ ഇല്ലാതെ ആഹ്ലാദവും ഉല്ലാസവും പകർന്നു നൽകിയ മൂന്നു ദിനരാത്രങ്ങൾ വിടപറഞ്ഞപ്പോൾ, നല്ല കാര്യങ്ങളെല്ലാം പെട്ടെന്ന് തീരുമെന്ന പഴമൊഴി അന്വർത്ഥമായ പ്രതീതി. മികച്ച വിനോദകേന്ദ്രത്തിൽ കൺവൻഷൻ ഒരുക്കിയ ഭാരവാഹികൾക്ക് നമോവാകം. കാൻകൂൻ കാണാത്തവർ ഒരിക്കലെങ്കിലും അവിടെ പോയി താമസിക്കണം.

യാതൊരുവിധ ഒച്ചപ്പാടുകളോ അലങ്കോലമോ ഉണ്ടാകാതെ സമ്മേളനം കൊടിയിറങ്ങിയെന്നതിൽ ഭാരവാഹികൾക്ക് അഭിമാനിക്കാം. വാശിയേറിയ ഇലക്ഷൻ നടന്നിട്ടും ഒരു ഒച്ചപ്പാടും ഉണ്ടായില്ല. ആകെ ഉണ്ടായ ഒച്ചപ്പാട് സ്റ്റേജിലെ പരിപാടികൾക്ക് ഒപ്പം ചുവടുവച്ചവരുടെ പാട്ടും ആർപ്പുവിളികളുമായിരുന്നു. അത് വേണ്ടതുമാണല്ലോ.

ജനപ്രവാഹം കണ്ടും പാട്ടിന്റെ ശബ്ദം കേട്ടും ഹോട്ടലിലെ ഒട്ടേറെ വിദേശ താമസക്കാരും കാഴ്ചക്കാരായി എത്തി. കേരളം വരെ പോകാതെ കേരളത്തിന്റെ അന്തരീക്ഷം അവർ ഒപ്പിയെടുത്തു.

പ്രസംഗങ്ങൾ ഏറ്റവും കുറവായിരുന്നുവെന്നത് അത്യന്തം ശ്രദ്ധേയം. ഭാരവാഹികൾ മിതത്വം പാലിച്ചപ്പോൾ ഗസ്റ്റുകളുടെ ആവർത്തന പ്രസംഗങ്ങളും ഇല്ലായിരുന്നു.

സ്റ്റേജിൽ നിറഞ്ഞുനിന്നത് പ്രസിഡന്റ് അനിയൻ ജോർജ് ആയിരുന്നു. കൂടെ തന്നെ സെക്രട്ടറി ടി. ഉണ്ണികൃഷ്ണനും, ട്രഷറർ തോമസ് ടി. ഉമ്മനും ഉണ്ടായിരു




ന്നു. ഈ ത്രിമൂർത്തികളുടെ യോജിച്ചുള്ള പ്രവർത്തനം പരക്കെ ആദരിക്കപ്പെട്ടു. എം.സിയായും പ്രാസംഗിക നായും ജോ. സെക്രട്ടറി ജോസ് മണക്കാട്ട്, വൈസ് പ്രസിഡന്റ് പ്രദീപ് നായർ, ജോ. ട്രഷറർ ബിജു തോ ണിക്കടവിൽ എന്നിവരും ശ്രദ്ധ പിടിച്ചുപറ്റി. സമ്മേളന ത്തിൽ വച്ച് ബിജു തോണിക്കടവിൽ ജോ. ട്രഷററിൽ നിന്ന് ട്രഷററായി പ്രമോഷൻ നേടി ഇലക്ഷനിൽ വിജ യിക്കുകയും ചെയ്തു.

പൊന്നാട അണിയിക്കലും വിവിധ കമ്മിറ്റികളെ ആദരിക്കലുമൊക്കെ കൂടിപ്പോയെങ്കിലും തങ്ങളെ അവ ഗണിച്ചുവെന്ന പരാതി ഒഴിവാക്കാൻ അത് ഉപകരിച്ചു.

തികച്ചും അർഹരായ വ്യക്തികളിലേക്കാണ് അധി കാരം കൈമാറുന്നതെന്നതും ശ്രദ്ധേയമായി. എന്നാൽ തോറ്റവർ നിസാരക്കാരല്ലെന്നും അർഹമായ ബഹു മാനം അവർക്കും നൽകണമെന്നും ആശംസാ പ്രസം ഗത്തിൽ സംവിധായകൻ കെ. മധു പറഞ്ഞതും നല്ല ഉപദേശമായി.

അഡ്വൈസറി കൗൺസിൽ ചെയറായി സ്ഥാപക പ്രസിഡന്റ് ശശിധരൻ നായർ പരാജയപ്പെട്ടത് ഖേദകര മായി. എന്നാൽ യുവ തലമുറയ്ക്കാണ് അത് കൈമാറ്റ പ്പെടുന്നുവെന്നതെന്ന നല്ല കാര്യവും ഉണ്ടായി.

കാര്യമായ പ്രശ്നങ്ങളില്ലാതെ ഇലക്ഷൻ നടത്താൻ മുഖ്യ ഇലക്ഷൻ കമ്മീഷണർ ജോൺ ടൈറ്റസ്, കമ്മീ ഷണർമാരായ തോമസ് കോശി, വിൻസെന്റ് പാലത്തിങ്കൽ എന്നിവർക്കായി. എല്ലാ സ്ഥാനത്തേ ക്കും വോട്ട് ചെയ്തിരിക്കണം എന്ന വോട്ടിംഗ് യന്ത്ര ത്തിലെ സെറ്റിംഗ്സിൽ പലരും എതിരഭിപ്രായം പ്രകടി പ്പിച്ചു. അടുത്ത തവണ അത് മാറ്റണം.

നല്ല കാഴ്ചപ്പാടുകളുള്ള നേതാക്കളാണ് പുതിയ ഭാരവാഹികളെന്ന് പ്രസിഡന്റ് ഡോ. ജേക്കബ് തോ മസ്, സെക്രട്ടറി ഓജസ് ജോൺ എന്നിവരുടെ ഹ്രസ്വ പ്രസംഗങ്ങൾ തെളിയിച്ചു. ട്രഷറർ ബിജു തോണിക്ക ടവിൽ, ജോയിന്റ് സെക്രട്ടറി ഡോ. ജയ്മോൾ ശ്രീധർ, ജോ. ട്രഷറർ ജയിംസ് ജോർജ് എന്നിവരും ഹർഷാര വങ്ങൾ ഏറ്റുവാങ്ങി. ഒരു വനിത ജോ. സെക്രട്ടറിയായ തും അഭിനന്ദിക്കപ്പെട്ടു.

ബാങ്കറ്റിൽ മന്ത്രി റോഷി അഗസ്റ്റിൻ, ഡിജിപി ടോ മിൻ തച്ചങ്കരി, ദലീമ ജോജോ എം.എൽ.എ, എം.ജി ശ്രീകുമാർ, നെപ്പോളിയൻ, സംവിധായകൻ കെ. മധു തുടങ്ങിയവരൊക്കെ ഉണ്ടായിരുന്നുവെങ്കിലും പ്രസംഗ ങ്ങൾ ഉണ്ടാവാതിരുന്നതും ശ്രദ്ധേയമായി.

പൊതുവിൽ ആഹ്ലാദകരമായ മൂന്നു ദിനരാത്രങ്ങൾ സമ്മാനിച്ച അനിയൻ ജോർജ്- ടി. ഉണ്ണികൃഷ്ണൻ- തോമസ് ടി. ഉമ്മൻ ടീമിന് നന്ദി.

രാപകലില്ലാതെ ഭക്ഷണവും പാനീയങ്ങളും (എല്ലാ തരവും!) ഒരുക്കിയ മൂൺപാലസിലെ താമസവും വേറിട്ടതായി. ധാരാളം പേർ പൂളുകളിൽ സമയം ചെല വിട്ടു. നാനൂറോളം വരുന്ന യുവതലമുറ അവരുടെ സ്വ ന്തം പാർട്ടി പൂൾ സൈഡുകളിലെ ഫെസിലിറ്റികളിൽ നടത്തി.

അർമാദിക്കാൻ ഒരവസരമാണ് ഫോമാ ഒരുക്കിയ ത്. ഫോമയ്ക്കു നന്ദി.



# 'കാൻകുൻ കൺവെൻഷൻ കലക്കി': രാജു മൈലപ്രാ

സെ സെപ്റ്റംബർ രണ്ടുമുതൽ അഞ്ചുവരെ മെക്സിക്കോയിലെ കാൻകുൻ, മൂൺ പാലസ് റിസോർട്ടിൽ അരങ്ങേറിയ ഫോമാ ഗ്ലോബൽ ഫാമിലി കൺവെൻഷൻ എല്ലാ അർത്ഥത്തിലും അവിസ്മരണീയമായി.

അത്ഭുതങ്ങൾ കാഴ്ചവെയ്ക്കുന്ന ഒരു കൺവെൻഷൻ ആണ് ഭാരവാഹികൾ വാഗ്ദാനം ചെയ്തിരുന്നത്. അത് ഏറെക്കുറെ ഭംഗിയായി നിറവേറ്റിയതിൽ അവർക്ക് അഭിമാനിക്കാം. ഏറ്റവും കൂടുതൽ ജന പങ്കാളിത്തം, ഏറ്റവുമധികം ഡെലിഗേറ്റ്സ് , ഒന്നര മില്ല്യനോളം വരുമാനം. ഇനി ഏതാനും ആഴ്ചകൾക്കുള്ളിൽ മറ്റൊരു മഹാത്ഭുതം കാണാം, ഈ കൺവെൻഷൻ സാമ്പത്തിക നഷ്ടത്തിൽ കലാശിച്ച കണക്ക്.



ഭാരവാഹികൾ പറഞ്ഞതുപോലെ കാൻകുൻ എയർപോർട്ടിൽ അതിഥികളെ സ്വീകരിക്കുവാനും പരിപാടി കഴിഞ്ഞ്, തിരിച്ച് റിസോർട്ടിൽ നിന്നും എയർപോർട്ടിലേക്ക് അതിഥികളെ എത്തിക്കാനും ബസ് സർവീസ് ഏർപ്പാടാക്കിയിട്ടുണ്ടായിരുന്നു. ആ ചുമതലയേറ്റെടുത്ത ടീം പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. താമസിക്കുവാനുള്ള മുറികൾ അതിവിശാലമായ റിസോർട്ട് കോമ്പൗണ്ടിൽ ചിതറിക്കിടക്കുന്നത് ഒരു പോരായ്മയായി തോന്നി. ഇതുപോലെയുള്ള കൺവെൻഷനുകൾ നടത്താൻ വെക്കേഷൻ റിസോർട്ടുകളെക്കാൾ വലിയ ഹോട്ടലുകളോട് ചേർന്നുള്ള കൺവെൻഷൻ സെന്ററുകൾ ആണ് കൂടുതൽ അനുയോജ്യം എന്നു തോന്നുന്നു.

കാൻകുൻ എന്നുപറഞ്ഞാൽ മെക്സിക്കൻ ഭാഷയിൽ ഏതോ തെറിയാണ് എന്നാണ് ഞാൻ ആദ്യം കരുതിയത്. റൂമിൽ ചെന്ന് കയറിയപ്പോഴും ഒരു വലിയ സർപ്രൈസ്! മുറിയുടെ ഒത്ത നടുവിലായി ഒരു മറയുമില്ലാതെ ശവക്കുഴി പോലെ ഒരു 'ജക്കൂസി' – ഒരു ആവേശത്തിൽ അതിൽ കയറി കുളിച്ച പലർക്കും പിന്നീട് തിരിച്ചു കയറുവാൻ 'ഹൗസ് കീപ്പിംഗിനെ' വിളിക്കേണ്ടി വന്നു

'പത്തുപതിനഞ്ചു കൊല്ലത്തിനു ശേഷമാണ് അവളെ ഇങ്ങനെ ഒന്ന് കാണുന്നത്. കുറച്ചു തടി വെച്ചിട്ടുണ്ട് എന്നു തോന്നുന്നു' എന്ന് ഒരു രസികൻ ലോബിയിലിരുന്ന് ഒരു സുഹൃത്തിനോട് പറയുന്നത് കേട്ടു.

ഭാരവാഹികൾ പറഞ്ഞതുപോലെ 24 മണിക്കൂറും ഇഷ്ടമുള്ള ഭക്ഷണവും ഇഷ്ടമുള്ള മദ്യവും 'വന്ന് ആർമാദിക്കുക' എന്ന സ്ലോഗൻ അങ്ങനെ അന്വർത്ഥമായി.

യേശുക്രിസ്തു വെള്ളത്തിന് മുകളിൽ കൂടി ഒരുതവണയേ നടന്നിട്ടുള്ളൂ എന്നാൽ അതൊക്കെ എന്ത്, കഴിഞ്ഞ മൂന്നു ദിവസം നമ്മുടെ സുഹൃത്തുക്കൾ വെള്ളത്തിൽ മുങ്ങി കിടക്കുകയാണ്. നിലാവത്ത് അഴിച്ചുവിട്ട കോഴിയെ പോലെ പലരും അവരുടെ റൂം തപ്പി നടക്കുന്നത് കണ്ടു . കൺവൻഷൻ രണ്ടാം ദിവസം ഒരാൾ റിസോർട്ടിന്റെ റിസപ്ഷൻ ഏരിയയിൽ നിൽക്കുന്നത് കണ്ടു, കയ്യിൽ കാരിഓൺ ബാഗും ഉണ്ട്

'എങ്ങോട്ട് തോമാച്ചാ അതിരാവിലെ'

'ഞാൻ കാൻകുനിനു പോകുവാ ഇങ്ങേരു വരുന്നില്ലേ' തലേന്നത്തെ കെട്ടടങ്ങാത്ത തോമാച്ചൻ കാൻകുനിനു പോകുവാൻ ചെക്കിൻ ചെയ്യുവാനായി കെന്നഡി എയർപോർട്ടിൽ നിൽക്കുവാണെന്നാണ് ധരിച്ചിരിക്കുന്നത്. റൂം സർവീസും റസ്റ്റോറന്റുകളും മികച്ചതായിരുന്നു. എന്നാൽ ഇന്ത്യൻ ഫുഡ് ലഭിക്കുന്ന ഏക സ്ഥലമായ 'ആഗ്ര റസ്റ്റോറന്റ്' ഏതോ അതിബുദ്ധിമാനായ ഭാരവാഹി തന്റെ സ്വന്തകാർക്ക് വേണ്ടി ഒരാഴ്ചത്തേക്ക് കംപ്ലീറ്റ് ബുക്ക് ചെയ്തു. സാരമില്ല ഇന്ത്യക്കാരായ നമ്മൾ ഇന്ത്യൻ ഫുഡിനോട് ആർത്തി കാണിക്കേണ്ട കാര്യമൊന്നുമില്ല (എങ്കിലും ആ മീൻ മപ്പാസും , മസാല ദോശയും...)

ഉദ്ഘാടനത്തിന് തിരി തെളിക്കുന്നത് സാധാരണ നാലഞ്ചു വിശിഷ്ടാതിഥികൾ ചേർന്നാണ്. എന്നാൽ ഈ അടുത്തകാലത്ത് നടക്കുന്ന മലയാളി സമ്മേളനങ്ങളിൽ തിരിതെളിക്കാൻ ഒരു 50 പേരെങ്കിലും കാണും. ആരും വിട്ടു കൊടുക്കുകയില്ല.

ഉദ്ഘാടകനായ ബഹുമാനപ്പെട്ട മന്ത്രി പ്രൗഢഗംഭീരമായ ഒരു പ്രസംഗം നടത്തി. മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടർ തുറന്നു വിട്ടത് പോലെ കാസർഗോഡ് മുതൽ കന്യാകുമാരി വരെയുള്ള പഞ്ചായത്തുകളുടെ പേര് ഒരു മിമിക്രി ആർട്ടിസ്റ്റിന്റെ ലാഘവത്തോടെ ഒറ്റശ്വാസത്തിൽ പറഞ്ഞ് അദ്ദേഹം സദസ്യരുടെ കയ്യടി വാങ്ങി. പിന്നീട് നടന്ന പല പരിപാടികളും നാഥനില്ലാക്കളരി പോലെയായി. എല്ലാ പരിപാടികളിലും 'ലാഗ്' പ്രകടമായിരുന്നു. വിശാലമായ ഓഡിറ്റോറിയം പലപ്പോഴും വേദികളിൽ പെർഫോം ചെയ്യുന്നവരിൽ മാത്രമായി ഒതുങ്ങി പല പരിപാടികളും 'അബ്റപ്റ്റ്' ആയി നിർത്തേണ്ടിവന്നു.

ഒരു കൺവെൻഷന്റെ വിജയ പരാജയങ്ങളുടെ അളവുകോൽ സമാപന സമ്മേളനവും ബാങ്കറ്റുമാണ്. ഭാരവാഹികൾ അവകാശപ്പെട്ടതുപോലെ ഇതൊരു കുടുംബസംഗമം ആയി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അഞ്ചുപേരുടെയും ജനനം മുതൽ ഇതുവരെയുള്ള ചരിത്രം വീഡിയോ ക്ലിപ്പിങ്ങിലൂടെ പ്രദർശിപ്പിച്ചു. കൂട്ടത്തിൽ വിട്ടു പോയെങ്കിലും ഇടയ്ക്ക് ആരോ വന്നു ഓർമ്മിപ്പിച്ചപ്പോൾ കൺവെൻഷൻ ചെയർമാന്റെ ജീവചരിത്രവും കാൻവാസിൽ കാണിച്ചു.ആത്മപ്രശംസ



അധികമായാൽ തികച്ചും അരോചകമാണ് .

കാണികൾ ഹർഷ പുളകിതരായ് രോമാഞ്ചമണിഞ്ഞു പോയി. ഈ പാതകത്തിനു മാത്രം ഏതാണ്ട് ഒരു മണിക്കൂറോളം സമയം എടുത്തു.

പിന്നീട് ഈ കൺവെൻഷനുമായി ബന്ധപ്പെട്ട എല്ലാവരെയും ഒന്നിനുപിറകെ ഒന്നായി സ്റ്റേജിൽ വിളിച്ചു കയറ്റി ഒരു പൊന്നാട കൊണ്ട് 70 പേരെയെങ്കിലും മാറി മാറി പുതപ്പിച്ചു . എല്ലാവർക്കും ട്രോഫിയും സർട്ടിഫിക്കറ്റും കൊടുത്തു

ഏഴു തിരിയുള്ള നിലവിളക്കിൽ എഴുപത് പേരെങ്കിലും തിരി തിരിച്ചു കാണണം

കത്തിക്കും - കെടുത്തും

കത്തിക്കും - കെടുത്തും

ഓരോന്ന് കഴിയുമ്പോഴും ഫോട്ടോ സെക്ഷൻ .

ഇങ്ങനെയുള്ള അവസരങ്ങളിൽ ഫോട്ടോ എടുക്കുന്നത് അല്ലാതെ പിന്നീട് അത് ആരെങ്കിലും കണ്ടതായി എന്റെ അറിവിൽ ഇല്ല .ഫോട്ടോയിൽ മുഖം പതിയാനുള്ള തള്ളിക്കയറ്റം കാണുമ്പോൾ സത്യത്തിൽ സങ്കടം ആണ് വരുന്നത് .

ഇതിനിടയിൽ ഹാളിന്റെ ഒരു വശത്ത് 'ബഫേ' ഓപ്പൺ ചെയ്തു ഫുഡ് എന്ന് കേട്ടാൽ മലയാളികൾ വെറുതെ ഇരിക്കുമോ? സ്റ്റേജിൽ എന്ത് കുന്തമെങ്കിലും നടക്കട്ടെ ആഹാരമാണല്ലോ മുഖ്യം.

ഫൊക്കാനാ, ഫോമ മുതലായ ദേശീയ സംഘടനകളുടെ ബാങ്കറ്റ് നൈറ്റിൽ സാധാരണ ഒരു സിറ്റ് ഡൗൺ ഡിന്നറാണ് പ്രതീക്ഷിക്കുന്നത്.

സാലഡ്, സൂപ്പ്, ബ്രെഡ് ആപ്പിറ്റൈസേഴ്സ് , മെയിൻ കോഴ്സ് - ചിക്കൻ ബീഫ് - ഡെസേർട്ട് ആൻഡ് കോഫി. ദോഷം പറയരുതല്ലോ ഹാളിൽ ഇരുവശത്തും ഫുൾ ബാർ ഉണ്ടായിരുന്നു. പതിവിനു വിപരീതമായി അവിടെ ക്ഷണിക്കപ്പെട്ട അതിഥികളുടെ പ്രസംഗം ഒന്നും ഉണ്ടായിരുന്നില്ല. അല്ലെങ്കിൽ തന്നെ അവിടെ നാലുവാക്ക് നേരെചൊവ്വേ പറയുവാൻ കഴിവുള്ളവർ ആരുമുണ്ടായിരുന്നില്ല എന്നുള്ളതാണ് സത്യം. ബഹുമാനപ്പെട്ട തച്ചങ്കരി സാറിനെയും ഡയറക്ടർ കെ മധുവിനെയും മറ്റും ക്ഷണിച്ചതിന് പിന്നിലെ യുക്തി എന്താണാവോ? കുറച്ചുപേർക്ക് ട്രോഫി വിതരണം ചെയ്യുന്ന ജോലി അവർ ഭംഗിയായി നിർവഹിച്ചു



അവാർഡുകളുടെ പെരുമഴ പെയ്ത രാവായിരുന്നു അവാർഡുകൾ വാരി കൊടുക്കുമ്പോൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്ന അവാർഡിന്റെ പ്രസക്തി പോലും അപ്രസക്തമാകും.

അടുത്തതായി കാണികൾ ആകാംക്ഷാഭരിതരായി കാത്തിരുന്ന ഗാനമേള ആരംഭിക്കുകയായി. മലയാളത്തിന്റെ പ്രിയ ഗായകൻ നമ്മൾ നെഞ്ചിലേറ്റിയ നമ്മുടെ സ്വന്തം ശ്രീക്കുട്ടൻ, ഇന്ത്യയിലെ മികച്ച ഗായകനുള്ള അവാർഡ് നേടിയ എം.ജി ശ്രീകുമാറിനെ ഹൃദയത്തിന്റെ ഭാഷയിൽ വേദിയിലേക്ക് ക്ഷണിക്കുന്നു. ഒരു വലിയ കൈയ്യടി കൊണ്ട് നമ്മൾക്ക് അദ്ദേഹത്തെ വരവേൽക്കാം. പിന്നെ ആഹാരം കഴിച്ചു കൊണ്ടിരിക്കുമ്പോൾ അല്ലേ കൈയ്യടി? 'ഹൃദയത്തിന്റെ ഭാഷയിൽ സ്വാഗതം ചെയ്യുന്നു, ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു' എന്ന വാക്കുകൾ ആണ് പ്രാസംഗികർ ഏറ്റവും കൂടുതൽ ഉപയോഗിച്ചത്. ആര് കണ്ടു പിടിച്ചത് ആണെങ്കിലും കുറേപേർ അത് ഏറ്റെടുത്തിട്ടുണ്ട്.

ശ്രീക്കുട്ടന്റെ ഗാനമേള ഗംഭീരമായിരുന്നു ഉപ്പിനു പോലും അകമ്പടി സേവിക്കാൻ ഒരു ഓർക്കസ്ട്രക്കാരൻ ഉണ്ടായിരുന്നില്ല. താൻ ആദ്യം പാടിയ പാട്ട്, സിനിമയിൽ ആദ്യം പാടിയ പാട്ട്, എന്നെ ഞാനാക്കിയ പാട്ട് എന്നിങ്ങനെ എങ്ങും തൊടാതെ കുറെ പാട്ടുകളുടെ ഏതാനും വരികൾ പാടി. പരിപാടി പാളുന്നുണ്ട് എന്ന് അദ്ദേഹത്തിന് മനസ്സിലായെന്നു തോന്നുന്നു ഈ അപമാനം തനിയെ ഏൽക്കണ്ട എന്ന് കരുതി ആയിരിക്കും അദ്ദേഹം ബഹുമാനപ്പെട്ട 'ഗായിക കം എംഎൽഎ' ദലീമജിയെയും സ്റ്റേജിലേക്ക് ക്ഷണിച്ചു .

'ഞാൻ പാടിയ 'ഈ തെന്നലും' എന്ന പാട്ട് വേണോ അതോ ആ തെന്നലും എന്ന പാട്ട് വേണോ ? എന്ന് ബഹുമാനപ്പെട്ട എം.എൽ.എ സദസ്യരോട് ചോദിച്ചു.' പിന്നെയ് ദലീമ പാടിയ പാട്ടുകൾ ഒക്കെ ഓർത്തിരിക്കുകയല്ലേ? എന്ന് ആരോ വിളിച്ചു കൂവി . ടോമിൻ തച്ചങ്കരി സാറും ഗാനമേള ഗ്രൂപ്പിൽ പങ്കുചേർന്നു.

'കുട്ടൻ എനിക്ക് വേണ്ടി പാടിയ ആദ്യത്തെ പാട്ട് ഓർക്കുന്നുണ്ടോ?

'പിന്നെ ഞാൻ ഇങ്ങനെ മറക്കാനാ, 'അലകടലിൽ വലേറിയും മുക്കുവരെ' എന്ന പാട്ട് അല്ലെ '

ഇതിനു പിന്നാലെ തച്ചങ്കരി സാർ രസകരമായ ഒരു സംഭവം പറഞ്ഞു

ആ പാട്ടിന്റെ ഗാനചിത്രീകരണത്തിന് കുട്ടൻ വന്നത് കുട്ടിയുടുപ്പും ടൈറ്റ് ജീൻസുമിട്ട് കൊണ്ടാണത്രേ! മുക്കുവന്റെ വേഷം! ഏതായാലും അവിടെ കണ്ട ഒരുത്തന്റെ തുണി പറിച്ച് കുട്ടനെ മുക്കുവനാക്കി'

ഈ കഥ കേട്ട ജനം ചിരിച്ചു വശക്കേടായി എന്തൊരു സെൻസ് ഓഫ് ഹ്യൂമർ!

നെപ്പോളിയൻ എന്ന പ്രശസ്ത തമിഴ് സിനിമ താരവും പലതവണ സ്റ്റേജിൽ കയറി ഇറങ്ങി. 'മുണ്ടക്കൽ ശേഖരൻ' എന്ന വിശേഷം പലതവണ മുഴങ്ങി അദ്ദേഹം ഒരു ഗാനത്തിൽ കൈവച്ചു .

ആ ദിവസത്തിൽ തിളങ്ങിയ സുരാജ് വെഞ്ഞാറമൂട് അവസാനമായപ്പോഴേക്കും ആവർത്തന വിരസതയിലേക്ക് വഴുതിവീണു. എങ്കിലും എന്തെങ്കിലും ഒന്ന് ഓർത്തുവെക്കാൻ ഉള്ളതും സുരാജ് വെഞ്ഞാറമൂടിന്റെ പെർഫോമൻസ് മാത്രമാണ്.

'ചിരിയരങ്ങിനെ' പറ്റി ഒരു വാക്ക് അതിന്റെ ചുമതല എന്നെയാണ് ഏൽപ്പിച്ചത്. രാവിലെ പത്തര മുതൽ പതിനൊന്നു വരെ . അതിനു തൊട്ടുമുൻപ് മീഡിയ സെമിനാർ– വുമൺസ് എംപവർമെന്റ്, പിന്നാലെ ബിസിനസ് ലഞ്ച്. പരിപാടിക്ക് കണ്ടെത്തിയ റൂമിൽ മൈക്കുമില്ല വെളിച്ചവുമില്ല. പലരും എന്നോട് പരിപാടിയെക്കുറിച്ച് അന്വേഷിച്ചെങ്കിലും സത്യത്തിൽ ഭാരവാഹികൾ ആ പരിപാടി അത്ര കാര്യമായി എടുത്തിട്ടില്ല എന്ന് എനിക്ക് മനസ്സിലായി. '

ചിരിയരങ്ങു' നടക്കാഞ്ഞത് നന്നായി. അത് നടന്നിരുന്നെങ്കിൽ തന്നെയും പ്രത്യേകിച്ച് ഒരു ഗുണവും ആർക്കും ഉണ്ടാകുമായിരുന്നില്ല. 'ചിരിയരങ്ങി'നു പകരം അയാൾ വന്നു 'തെറിയരങ്ങു' നടത്തി എന്ന പേരുദോഷം ഒഴിവായി കിട്ടി , ഭാരവാഹികൾക്ക് നന്ദി !

വാശിയേറിയ ഒരു തെരഞ്ഞെടുപ്പ് മത്സരമായിരുന്നു ഇത്തവണ നടന്നത്. പണം ഒഴുകുകയായിരുന്നു എന്നാണ് കേട്ടത്. പത്ത് പൈസ ഈയുള്ളവന് തടഞ്ഞില്ല , സാരമില്ല പോട്ടെ ! ഫോമാ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ഡോ. തോമസ് ജേക്കബിനും മറ്റു ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ !



# ഷാജി എഡ്വേർഡും സിൽവിയയും മികച്ച ദമ്പതികൾ

## ഷൈനിയും അബൂബക്കറും റണ്ണർ അപ്പ്

ഫോമാ ബെസ്റ്റ് കപ്പിൾ മത്സരത്തിൽ മുൻ ജനറൽ സെക്രട്ടറി ഷാജി എഡ്വേർഡും ഭാര്യ സിലിവിയയും കിരീടം ചൂടി. അറ്റ്ലാന്റയിൽ നിന്നുള്ള വനിതാ പ്രതിനിധി കൂടിയായ ഷൈനി അബൂബക്കറും ഭർത്താവ് അബൂബക്കർ സിദ്ദിക്കും റണ്ണർ അപ്പായി.





സിയാറ്റിലിൽ നിന്നുള്ള ജോജോ-ഫെന്നി ദമ്പതികൾ മൂന്നാം സ്ഥാനം നേടി. ഫ്ലോറിഡയിൽ നിന്നുള്ള വിഷ്ണു പ്രതാപും നീന പ്രതാപും മോസ്റ്റ് പോപ്പുലർ വിജയികളായി.

സംവിധായകൻ കെ. മധു, സോഹൻ ലാൽ, അഖില ആനന്ദ്, മിനി സാജൻ തുടങ്ങിയവർ അടങ്ങിയ ജഡ്ജുമാരാണ് വിധി നിർണയിച്ചത്.

പല സെഗ്മെന്റുകളായായുള്ള മത്സരം ഏറെ ആകർഷകമായി. പങ്കെടുത്ത പത്തു ദമ്പതികൾ തങ്ങളുടെ കലാപ്രകടനങ്ങൾ ടാലന്റ് ടൈമിൽ അവതരിപ്പിച്ചു. ഭർത്താക്കന്മാരെ സാരി ഉടുപ്പിക്കുന്നതായിരുന്നു ഒരു സെഗ്മെന്റ്.

ഫോമാ ബെസ്റ്റ് കപ്പിൾ മത്സരം സുതാര്യമായും കാണികൾക്ക് ആസ്വാദ്യകരമായും നടത്താൻ കഴിഞ്ഞതിൽ സംഘാടക കമ്മിറ്റി സംതൃപ്തി പ്രകടിപ്പിച്ചു. ഒട്ടേറെ പരിമിതികളിലും യാതൊരു ആക്ഷേപത്തിനും ഇട നൽകാതെയാണ് മത്സരം നടത്തിയതെന്ന് കമ്മിറ്റി ചെയർ ബിജു തുരുത്തുമാലിൽ പറഞ്ഞു. പോൾസൺ കുളങ്ങര (കോ-ചെയർ) അനു സ്കറിയ (നാഷണൽ കമ്മിറ്റി കോർഡിനേറ്റർ) ജൂലി ബിനോയി, മേഴ്സി സാമുവൽ എന്നിവരായിരുന്നു കമ്മിറ്റിയിൽ.





# ഐസിസ് പൗലോസ് മിസ് ഫോമാ; സിദ്ധാർത്ഥ് ശ്രീധർ മിസ്റ്റർ ഫോമാ

**കാൻ കുൻ:** മിസ് ഫോമാ ആയി കാലിഫോണിയയിൽ നിന്നുള്ള ഐസിസ് പൗലോസ് കിരീടം ചൂടി. കാലിഫോർണിയയിൽ നിന്ന് തന്നെയുള്ള എലയിൻ സജി റണ്ണർ ആപ്പും ഹ്യൂസ്റ്റനിൽ നിന്നുള്ള ഹന്ന ജോൺ സെക്കൻഡ് റണ്ണർ അപ്പും ആയി.

ജോബി പൗലോസിന്റെയും മലയാളി അസോസിയേഷൻ ഓഫ് നോർതേൺകാലിഫോര്ണിയ (മങ്ക) പ്രസിഡന്റ് റെനി പൗലോസിന്റെയും മകളാണ് ഐസിസ്.

ഇതോടൊപ്പം തന്നെ നടത്തിയ മിസ്റ്റർ ഫോമാ മത്സരത്തിൽ സിദ്ധാർത്ഥ് ശ്രീധർ കിരീടം ചൂടി. എബിൻ എബ്രഹാം റണ്ണർ അപ്പും ഐസക് എബ്രഹാം സെക്കൻഡ് റണ്ണർ അപ്പുമാണ്

ഫോമായുടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജോ. സെക്രറി ഡോ. ജയ്മോൾ ശ്രീധറിന്റെയും ഐ ടി രംഗത്തു പ്രവർത്തിക്കുന്ന ശ്രീധറിന്റെയും മൂത്ത മകനാണ് പന്ത്രണ്ടാം വും ക്ലാസ് വിദ്യാർത്ഥിയായ സിദ്ധാർഥ് ശ്രീധർ. ഐടി രംഗത്ത് ഉപരിപഠനം ലക്ഷ്യമിടുന്നു.

ശ്രെയസ് ഇളയ സഹോദരനാണ്. മിനി സാജൻ, ഗായിക അഖില ആനന്ദ്, സംവിധായകൻ സോഹൻ ലാൽ, ആബിദ് നിരവ് തുടങ്ങിയവരായിരുന്നു ജഡ്ജിമാർ. ഫോമാ വനിതാ പ്രതിനിധി ഷൈനി അബുബക്കറായിരുന്നു ഹൃദ്യമായ ഷോയുടെ ആങ്കർ.













# ജയ്ഡൻ ജോസ് ഫോമ കലാപ്രതിഭ

**കാൻകുൻ:** കലാപ്രതിഭയായി വിജയിച്ച ഒമ്പതു വയസുകാരൻ ജയ്ഡൻ ജോസ് ബാങ്കറ്റിൽ, ദലീമ ജോജോ എം.എൽ.എ.യിൽ നിന്ന് കപ്പ് ഏറ്റുവാങ്ങുന്നതിനു മുൻപ് ഡി.ജി.പി ടോമിൻ തച്ചങ്കരിയെ സല്യൂട്ട് ചെയ്തു. അഞ്ചിനങ്ങളിലാണ് ജയ്ഡൻ സമ്മാനം നേടിയത്.

ചിക്കാഗോയിൽ നിന്നുള്ള റെസ്പിരേറ്ററി സൂപ്പർവൈസർ ടോമി ജോസിന്റേയും, നഴ്സ് പ്രാക്ടീഷണർ ജിനുവിന്റേയും പുത്രനാണ്. ഇരട്ട സഹോദരൻ ജോസയ.





# എലയ്ൻ സജി, ഫോമ കലാതിലക പട്ടം ചൂടി

**കാൻകുൻ:** ഫോമ യൂത്ത് ഫെസ്റ്റിവലിൽ കാലിഫോർണിയയിൽ നിന്നുള്ള എലയ്ൻ സജി കലാതിലകപ്പട്ടം ചൂടി.പങ്കെടുത്ത എട്ടിനങ്ങളിലും സമ്മാനങ്ങൾ കരസ്ഥമാക്കിയാണ് എലയ്ൻ ഈ നേട്ടം കരസ്ഥമാക്കിയത്. ഭരതനാട്യം, മോഹിനിയാട്ടം, സിനിമാറ്റിക് ഡാൻസ്, ലളിതഗാനം (മലയാളം), ലളിതഗാനം (ഇംഗ്ലീഷ് ), ഇന്ത്യൻ ക്ലാസിക്കൽസംഗീതം, ഫാൻസിഡ്രസ്, ക്രിയേറ്റീവ് പെർഫോമൻസ്. എന്നിവയിലാണ് മാറ്റുരച്ചത്.

സബ്സീനിയർ വിഭഗത്തിണ് ഈ പത്താംക്ലാസ് വിദ്യാർഥിനി മാറ്റുരച്ചത്. കൂടാതെ, മിസ് ഫോമാ റണ്ണർ അപ്പുമായിരുന്നു എലയ്ൻ സജി. സജി കപ്പാട്ടിലിന്റേയും, ഡോ. രശ്മി സജിയുടേയും പുത്രിയാണ് എലയ്ൻ. സഹോദരൻ കോളജ് വിദ്യാർഥി.



Watch TV Channels | Breaking News

LIVE Shows | 'VOD' Video on Demand | Photos



ഇനി എല്ലാം വിരൽ തുമ്പിൽ




Download App

FREE!

MediaAppUSA

Available on AppStore | Playstore

ANDROID APP ON Google play

Download on the App Store

More info: 1-917-900-2123

eMail: info@medialogistics.us

Scan the QR Code for instant download



# ശ്ലോക നമ്പ്യാർ ഫോമ റൈസിംഗ് സ്റ്റാർ

**കാൻകൂൻ:** ഫോമ യൂത്ത് ഫെസ്റ്റിവലിൽ സബ് ജൂണിയർ വിഭാഗത്തിൽ ശ്ലോക നമ്പ്യാർ റൈസിംഗ് സ്റ്റാർ പട്ടമണിഞ്ഞു. അഞ്ചിനങ്ങളിൽ നാലിലും ശ്ലോക നമ്പ്യാർ ഒന്നാം സ്ഥാനം നേടി.

സീനിയർ, സബ് സീനിയർ, ജൂണിയർ, സബ് ജൂണിയർ എന്നിങ്ങനെ പ്രായമനുസരിച്ച് നാലു വിഭാഗങ്ങളിലായിരുന്നു മത്സരമെന്ന് കൾച്ചറൽ കമ്മിറ്റി ചെയർ ജോൺസൺ കണ്ണൂക്കാടൻ പറഞ്ഞു. അനു സ്കറിയ കോ ചെയർ, സണ്ണി കല്ലൂപ്പാറ നാഷണൽ കമ്മിറ്റി അംഗം, അച്ചൻകുഞ്ഞ് മാത്യു, ഡോ. ജിൽസി ജിൻസ് തുടങ്ങിയവരാണ് അംഗങ്ങൾ.

## കലാ മത്സര വിജയികൾ

**ഭരതനാട്യം**

സബ് ജൂനിയർ: സ്ലോക നമ്പ്യാർ ഒന്നാം സ്ഥാനം
ജൂനിയർ: റിയാന്ന ഡാനിഷ് ഒന്നാം സ്ഥാനം
സബ് സീനിയർ: അലീന മെറിൻ ഒന്നാം സ്ഥാനം
സബ് സീനിയർ: എലൈൻ സജി രണ്ടാം സ്ഥാനം
സബ് സീനിയർ: കൃഷ പിള്ള മൂന്നാം സ്ഥാനം
സബ് സീനിയർ: ലക്ഷ്മി നായർ മൂന്നാം സ്ഥാനം
സബ് സീനിയർ: ആഞ്ജലീന എബ്രഹാം മൂന്നാം സ്ഥാനം

**മോഹിനിയാട്ടം**

സബ് സീനിയർ: അലീന മെറിൻ ഒന്നാം സ്ഥാനം
സബ് സീനിയർ: എലൈൻ സജി രണ്ടാം സ്ഥാനം
സബ് സീനിയർ: റോസ് മരിയ മൂന്നാം സ്ഥാനം

**സിനിമാറ്റിക് ഡാൻസ്**

ജൂനിയർ : ശ്ലോക നമ്പ്യാർ ർ ഒന്നാം സ്ഥാനം
സബ് ജൂനിയർ: ആൻ പാലക്കലോടി
ജൂനിയർ: റിയാന്ന ഡാനിഷ് ഒന്നാം സ്ഥാനം
ജൂനിയർ: ജെയ്ഡൻ ജോസ് രണ്ടാം സമ്മാനം
ജൂനിയർ: അർച്ചന ഉണ്ണി മൂന്നാം സ്ഥാനം
സബ് സീനിയർ: എലൈൻ സജി ഒന്നാം സ്ഥാനം
സബ് സീനിയർ: ആഞ്ജലീന എബ്രഹാം രണ്ടാം സ്ഥാനം
സബ്സീനിയർ: അലീന മെറിൻ മൂന്നാം സ്ഥാനം

**നാടോടിനൃത്തം**

ജൂനിയർ: സ്ലോക നമ്പ്യാർ ഒന്നാം സ്ഥാനം
ജൂനിയർ: റിയാന്ന ഡാനിഷ് ഒന്നാം സ്ഥാനം
ജൂനിയർ: ജെയ്ഡൻ ജോസ് രണ്ടാം സ്ഥാനം

**ലൈറ്റ് മ്യൂസിക് മലയാളം**

ആപ് ജൂനിയർ: ശ്ലോക നമ്പ്യാർ ഒന്നാം സ്ഥാനം
സബ് ജൂനിയർ: 12 ലാവ്യ പിള്ള രണ്ടാം സ്ഥാനം
ജൂനിയർ: റിയാന്ന ഡാനിഷ് ഒന്നാം സ്ഥാനം
ജൂനിയർ: ടെസ്സ ചുങ്കത്ത് രണ്ടാം സ്ഥാനം

സബ് സീനിയർ: ആര്യമൻ ഇളയടം ഒന്നാം സ്ഥാനം
സബ് സീനിയർ: എലൈൻ സജി രണ്ടാം സ്ഥാനം
സബ് സീനിയർ: കൃഷ പിള്ള മൂന്നാം സ്ഥാനം
സബ് സീനിയർ: അലീന മെറിൻ മൂന്നാം സ്ഥാനം
സീനിയർ: അനുശ്രീ ഉണ്ണി ഒന്നാം സ്ഥാനം

**ലൈറ്റ് മ്യൂസിക് ഇംഗ്ലീഷ്**

റിയാന്ന ഡാനിഷ് ഒന്നാം സ്ഥാനം
സ്ലോക നമ്പ്യാർ രണ്ടാം സ്ഥാനം
ടെസ്സ ചുങ്കത്ത് രണ്ടാം സ്ഥാനം
ജൂനിയർ: സരിക നായർ മൂന്നാം സ്ഥാനം
ആര്യമൻ ഇളയടം ഒന്നാം സ്ഥാനം
എലൈൻ സജി രണ്ടാം സ്ഥാനം
കൃഷ പിള്ള മൂന്നാം സ്ഥാനം
ആഞ്ജലീന എബ്രഹാം മൂന്നാം സ്ഥാനം
അനുശ്രീ ഉണ്ണി ഒന്നാം സ്ഥാനം

**ക്ലാസിക്കൽ ഗാനം (ഇന്ത്യൻ)**

റിയാന്ന ഡാനിഷ് ഒന്നാം സ്ഥാനം
എലൈൻ സജി രണ്ടാം സ്ഥാനം
ആര്യമൻ ഇളയടം രണ്ടാം സ്ഥാനം
അനുശ്രീ ഉണ്ണി ഒന്നാം സ്ഥാനം

**ഇൻസ്ട്രുമെന്റൽ മ്യൂസിക്**

സരിക നായർ ഒന്നാം സ്ഥാനം
ജൂനിയർ: ഷഹ്സാദ് സിദ്ദിഖ് രണ്ടാം സ്ഥാനം
കൃഷ പിള്ള ഒന്നാം സ്ഥാനം

**ഫാൻസി ഡ്രസ്**

ജയ്ഡൻ ജോസ് ഒന്നാം സ്ഥാനം
എലൈൻ സജി ഒന്നാം സ്ഥാനം

**ക്രിയേറ്റീവ് പ്രകടനം** (മിമിക്രി അല്ലെങ്കിൽ മോണോ ആക്റ്റ് അല്ലെങ്കിൽ സ്റ്റാൻഡ് അപ്പ് )

റിയാന്ന ഡാനിഷ് ഒന്നാം സ്ഥാനം
സരിക നായർ രണ്ടാം സ്ഥാനം
ജെയ്ഡൻ ജോസ് മൂന്നാം സ്ഥാനം
എലൈൻ സജി ഒന്നാം സ്ഥാനം
ഡാനിഷ് തോമസ് ഒന്നാം സ്ഥാനം

**പ്രസംഗം- ഇംഗ്ലീഷ്**

റിയാന്ന ഡാനിഷ് ഒന്നാം സ്ഥാനം
സ്ലോക നമ്പ്യാർ രണ്ടാം സ്ഥാനം
കൃഷ പിള്ള ഒന്നാം സ്ഥാനം
ജെയ്ഡൻ ജോസ് രണ്ടാം സ്ഥാനം
സബ് സീനിയർ: ആരോൺ മാത്യു സാമുവൽ രണ്ടാം സ്ഥാനം
സബ് സീനിയർ: ശ്രേയസ് ശ്രീധർ മൂന്നാം സ്ഥാനം
സീനിയർ: സിദ്ധാർത്ഥ് ശ്രീധർ ഒന്നാം സ്ഥാനം

**പ്രസംഗം - മലയാളം**

റിയാന്ന ഡാനിഷ് ഒന്നാം സ്ഥാനം
അലീന മെറിൻ ഒന്നാം സ്ഥാനം






# റിയാന ഡാനിഷ് ഫോമ റൈസിംഗ് സ്റ്റാർ

**കാൻകുൻ:** മത്സരിച്ച ഒമ്പത് ഇനങ്ങളിലും ഒന്നാം സ്ഥാനം നേടിയാണ് ജൂനിയർ വിഭാഗത്തിൽ കലാതിലകത്തിനു തുല്യമായ റൈസിംഗ് സ്റ്റാർ ബഹുമതി റിയാന ഡാനിഷ് നേടിയത്. ഭരതനാട്യം, സിനിമാറ്റിക് ഡാൻസ്, ഫോക് ഡാൻസ്, ലളിതഗാനം, (മലയാളം), ലളിതഗാനം (ഇംഗ്ലീഷ്) ഇന്ത്യൻ ക്ലാസിക്കൽ, ക്രിയേറ്റീവ് പെർഫോമൻസ്, പ്രസംഗം - (ഇംഗ്ലീഷ്), പ്രസംഗം (മലയാളം) എന്നിങ്ങനെയാണ് റിയാന മത്സരിച്ച ഇനങ്ങൾ.

ഫോമയുടെ ചിക്കാഗോ കൺവൻഷനിലും ഇപ്പോൾ 11 വയസുള്ള ഈ ബഹുമുഖ പ്രതിഭ കലാതിലകപ്പട്ടം അണിഞ്ഞിരുന്നു. മികച്ച ഗായികയ്ക്കുള്ള അവാർഡ് കൺവൻഷന്റെ രണ്ടാം ദിനത്തിൽ ഗായകൻ എം.ജി ശ്രീകുമാറിൽ നിന്ന് ഏറ്റുവാങ്ങി .

മലയാളിമന്നൻ ആയി തെരഞ്ഞെടുക്കപ്പെട്ട കോട്ടയം അയർക്കുന്നം സ്വദേശി ഡാനിഷ് തോമസിന്റെ പുത്രിയാണ് റിയാന. കാലിഫോർണിയയിൽ ആമസോണിൽ ഐ.ടി രംഗത്ത് പ്രവർത്തിക്കുമ്പോഴും കലാരംഗത്ത് ഡാനിഷ് സജീവമാണ്. മൈക്രോസോഫ്റ്റിൽ ഐ.ടി വിദഗ്ധ ഷെറിൻ ആണ് ഭാര്യ.

ഒരു പെട്ടി നിറയെ സമ്മാനങ്ങളുമായി റിയാന മടങ്ങുന്നു എന്നതായിരുന്നു കഴിഞ്ഞ തവണ റിയാനയുടെ വിജയത്തെ ഇ-മലയാളി വിശേഷിപ്പിച്ചത്. ഇത്തവണ കുറച്ചുകൂടി വലിയ പെട്ടി വേണ്ടിവന്നു ട്രോഫികൾ കൊണ്ടുപോകാൻ. കൂടെ പിതാവിന്റെ വക ഒന്നുകൂടി. ആറാം ക്ലാസ് വിദ്യാർഥിനിയാണ് ഈ കൊച്ചു മിടുക്കി.

കാലിഫോർണിയയിലെ ബേ ഏരിയയിൽ ജനിച്ചു



വളർന്ന റിയാന. നാലു വയസ്സ് മുതൽ ഇന്ത്യൻ ശാസ്ത്രീയ സംഗീതവും നൃത്തവും അഭ്യസിക്കുന്നു. വിവിധ ടാലന്റ് മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ആറു വർഷമായി തുടർച്ചയായി MANCA STAR ആണ്.

യുഎസ്എയിലുടനീളമുള്ള പരിപാടികൾക്കായി ഒന്നിലധികം സംഗീത പ്രകടനങ്ങൾ ഇതിനോടകം റിയാന നടത്തിയിട്ടുണ്ട്. അടുത്തിടെ റിയാന ആലപിച്ച ഗാനങ്ങളിലൊന്ന് ജനപ്രിയമാവുകയും ഒന്നിലധികം മലയാളം സിനിമാതാരങ്ങൾ അവരുടെ ഫേസ്ബുക്ക് പേജിൽ അത് ഷെയർ ചെയ്യുകയുമുണ്ടായി. ഓഫ് ഇന്ത്യൻ ഡാൻസ്, സാൻ ഹൊസെയിൽ നിന്ന് ഭരതനാട്യവും സണ്ണിവെയ്ലിലെ ശ്രുതിലയം സ്കൂൾ ഓഫ് മ്യൂസിക്കിൽ നിന്ന് കർണാടക സംഗീതവും പഠിക്കുന്നു.







# ഡാനിഷ് തോമസ്, ഫോമ മലയാളി മന്നൻ; അനു സ്കറിയ റണ്ണർ അപ്പ്

**കാൻകുൻ:** റിയാന ഡാനിഷ് ഒമ്പതിനങ്ങളിൽ ഒന്നാം സ്ഥാനവും, റൈസിംഗ് സ്റ്റാർ പട്ടവും, മികച്ച ഗായികയ്ക്കുള്ള സമ്മാനവും നേടിയപ്പോൾ റിയാനയുടെ പിതാവ് ഡാനിഷ് തോമസ്, മലയാളി മന്നൻ പട്ടമണിഞ്ഞു. വിവിധ മത്സരങ്ങളിലെ ക്രിയേറ്റീവ് പെർഫോമൻസ് അടിസ്ഥാനമാക്കിയാണ് മന്നനെ തിരഞ്ഞെടുത്തത്.

കാലിഫോർണിയയിൽ ആമസോണിൽ ഐ.ടി രംഗത്ത് സോഫ്റ്റ് വെയർ ഡെവലെപ്പറായി പ്രവർത്തിക്കുമ്പോഴും കലാരംഗത്ത് ഡാനിഷ് സജീവമാണ്. മൈക്രോസോഫ്റ്റിൽ ഐ.ടി വിദഗ്ധ ഷെറിൻ ആണ് ഭാര്യ. കോട്ടയം അയർക്കുന്നം സ്വദേശിയാണ് ഡാനിഷ്.

മലയാളിമന്നൻ മത്സരത്തിൽ രണ്ടാം സ്ഥാനം ഫിലഡൽഫിയയിൽ നിന്നുള്ള അനു സ്കറിയയ്ക്കും, മൂന്നാം സ്ഥാനം അറ്റ്ലാന്റയിൽ നിന്നുള്ള റോബിൻ തോമസിനുമാണ്.

ഈ മത്സരത്തിനു ചുക്കാൻ പിടിച്ചത് ജയിംസ് കല്ലറക്കാണിയിൽ, ജോസഫ് ഔസോ, ജിതേഷ് ചുങ്കത്ത്, സാജൻ സ്കറിയ (ടെക്) എന്നിവരാണ്.

ഡാനിഷ് കഴിഞ്ഞ 12 വർഷമായി ബേ ഏരിയയിലാണ്. MANCA പ്രോഗ്രാമുകളിലും മറ്റ് പ്രോഗ്രാമുകളിലും വിവിധ കലാപരിപാടികൾ അവതരിപ്പിക്കാറുണ്ട്.

ഗായകനെന്നതിനുപുറമെ മിമിക്രി, ഡാൻസ്, നാടകം എന്നിവയിലും പങ്കെടുക്കാറുണ്ട്. കുട്ടിക്കാലം മുതൽ പാടിത്തുടങ്ങിയ അദ്ദേഹം മിമിക്രി, മോണോ ആക്ട് എന്നിവയിലും കഴിവു തെളിയിച്ചു. എംജി യൂണിവേഴ്സിറ്റിയിൽ മിമിക്രിയിൽ ജേതാവായ അദ്ദേഹം, കോളേജ് പഠനകാലത്ത് കൈരളി ടിവിയിൽ അവതാരകനായിരുന്നു. അമേരിക്കയിലും അദ്ദേഹം മലയാളി എഫ്എമ്മിൽ റേഡിയോ ജോക്കി ആയിരുന്നു.

ടാലന്റ് റൗണ്ട്, ഫിലിംസ്റ്റാർ റൗണ്ട്, ജഡ്ജസ് റൗണ്ട് എന്നീ മൂന്ന് സെഗ്മന്റുകളിലായാണ് മത്സരം നടന്നത്. വ്യക്തിത്വം, വൈഭവം, ആമുഖ വിവരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ടാലന്റ് റൗണ്ടിൽ മാർക്കിട്ടത്. ഫിലിംസ്റ്റാർ റൗണ്ടിൽ വേഷവിധാനവും സ്റ്റൈലും പെർഫോമൻസും വിലയിരുത്തപ്പെട്ടു. ജഡ്ജസ് റൗണ്ടിൽ പെർഫോമൻസിനാണു മുൻതൂക്കം നൽകിയത്.

നടൻ സുരാജ് വെഞ്ഞാറമ്മൂട്, ഗായകൻ അബിത് അൻവർ, ഫ്ളവേഴ്സ് ടി.വി ഷോ ഡയറക്ടർ പ്രതാപ് നായർ, ഡാൻസർ നീരവ് ബവ്ലേച്ച, എന്നിവർ അടങ്ങുന്ന ജഡ്ജിങ്ങ് കമ്മറ്റിയാണ് വിജയികളെ നിശ്ചയിച്ചത്.

ഒന്നാം സ്ഥാനക്കാരന് 500 ഡോളറും രണ്ടാം സ്ഥാനക്കാരന് 300 ഡോളറും മൂന്നാം സ്ഥാനക്കാരന് 200 ഡോളറും സമ്മാനമായി നൽകി.




• IGI Certified Diamonds • Buyback Guarantee
• Free Lifetime Maintenance • Best Prices, Guaranteed

Wear the timeless elegance with captivating designs on perfectly cut diamonds...
Mine Diamonds presents pristine party wear for prestigious women.

SHOP VIRTUAL
CALL: +1(908) 848-3308

SHOP ONLINE AT
www.malabargoldanddiamonds.com

MALABAR
GOLD & DIAMONDS

NEW JERSEY: **1348 OAK TREE ROAD, ISELIN 08830, TEL: 732 283 0916**
CHICAGO: **2652 W DEVON AVENUE, IL 60659, TEL: 773 465 5755**

OVER 260 BRANCHES ACROSS USA, SINGAPORE, MALAYSIA, UAE, OMAN, QATAR, BAHRAIN, KUWAIT, KSA & INDIA

*Watch*

**TV CHANNELS**

**BREAKING NEWS**

**LIVE SHOWS**

**VOD VIDEO ON DEMAND**

**PHOTOS**

Scan the QR Code for instant download

**ഇനി എല്ലാം വിരൽ തുമ്പിൽ**




MediaAppUSA

**Available in App Store or Google Store for FREE!**

ANDROID APP ON Google play

Download on the App Store